Q4:33
.32E5

32E5
MENON(
of
MUL
037473
RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

30 APR. 7

O. 61

# പൌരസ്ത്യദീപം

[TRANSLATION OF]

# THE LIGHT OF ASIA

പരിഭാഷകൻ

നാലപ്പാട്ട് നാരായണമേനോൻ.

(ഒന്നാം പതിപ്പ്)

പകൎപ്പവകാശം പരിഭാഷകന്നുതന്നെ.

കുന്നംകുളം.

"അക്ഷരരത്നപ്രകാശിക" പ്രെസ്സ്

1090.

"ഏകംസത് വിപ്രാ ബഹുധാ വദന്തി"

37473.
Q433

UNIVERSITY LIBRARY
FEB 1927
MADRAS

# Dedicated

TO

**M. R. RY., VALLATHOL NARAYANA MENON AVL.,**

as a token of

**ESTEEM AND ADMIRATION**

**BY**

HIS LOVING AND GRATEFUL DESCIPLE

*The Translator.*

UNIVERSITY LIB...

# FOREWORD

Of the many messages vouchsafed to humanity none is holier than the message of Goutama Siddhartha, the Blessed Budha whom a third of mankind worship as their guide and saviour. The Brahmana Pandit and tha Christian Padre have often distorted the gentle teachings of the Tathagato, beyond recognition and it was Sir Edwin Arnold's proud privelege to have revealed the beauties of Buddhism to the western world. My friend Mr. Nalapat Narayana Menon has attempted to do the same for the land of his birth and I speed this beautiful translation on its way with a word of well deserved praise for the young and rising poet, hoping it will do for the Malayalees what its marvellous original, has done for the English speaking races.

*Manieri S. Ramier*

## അനുക്രമണിക.


| | ഭാഗം. |
|---|---|
| ഒന്നാംസൎഗ്ഗം | ൧. |
| രണ്ടാംസൎഗ്ഗം | ൨൰. |
| മൂന്നാംസൎഗ്ഗം | ൩൰. |
| നാലാംസൎഗ്ഗം | ൱൪. |
| അഞ്ചാംസൎഗ്ഗം | ൧൧൪. |
| ആറാംസൎഗ്ഗം | ൧൩൩. |
| ഏഴാംസൎഗ്ഗം | ൧൱൧. |
| എട്ടാംസൎഗ്ഗം | ൨൦൪. |



A Buḍḍha-Rupa.

# പൌരസ്ത്യദീപം

പരമേശ്വരപുണ്യപൂരമേ! പരചിന്മാത്രമനോജ്ഞരൂപിണി!
പരമാപ്പദപത്മഭാവനാപരനിപ്പാവമതോൎമ്മവേണമേ.

## ഒന്നാം സൎഗ്ഗം.

---

ലോകത്തിൻ രക്ഷിതാവാകും ബുദ്ധദേവ—നിളാതലെ
സിദ്ധാൎത്ഥരാജതനയനെന്നാഖ്യാതൻ—ഗുണോത്തമൻ,
ഭൂവിലും വിണ്ണുകളിലും നരകങ്ങളിലും ശരി
അദ്വിതീയൻ, വിശ്വപൂജ്യൻ, മഹാജ്ഞാനി, ദയാനിധി
നിൎവ്വാണധൎമ്മഗുരു—വിതദ്ദേഹത്തിൻെറ വേദമാം.

മൎത്ത്യൎക്കു വേണ്ടിയീ മട്ടദ്ദേഹം വന്നു പിറന്നുതേ.

സൎവ്വോപരി വിളങ്ങുന്ന ദിവ്യലോകത്തിനിപ്പുറം
നാലു ദിക്ക് പാലർ വാഴന്നിതീ ലോകം കാത്തുപോരുവോർ;
അവൎക്ക കീഴിലായുണ്ടിങ്ങടുത്തെ,ങ്കിലുമുന്നതം,
മരിച്ചുപോയ പുണ്യാത്മാക്കൾക്കെഴും ലോകമണ്ഡലൃ;
അവരങ്ങു വസിയ്ക്കും മുപ്പതിനായിരമാണ്ടുകൾ,

പിന്നീടു ഭൂതലത്തിങ്കൽ വന്നു വീണ്ടും പിറന്നിടും;
ഈവിധം തത്ര മേൽഭാഗത്തുള്ളാദ്ദിവ്യസ്ഥലങ്ങളിൽ
വാണിടും ബുദ്ധദേവങ്കൽ, നമ്മൾക്കഭ്യുദയത്തിനായ്,
അവതാരാഗ്ര്യചിഹ്നങ്ങളഞ്ചും വന്നു തെളിഞ്ഞതായ്
കണ്ടറിഞ്ഞിട്ടിതിൻവണ്ണം ദേവന്മാരുരിയാടിനാർ:
"ലോകാനുഗ്രഹകാര്യത്തിന്നിറങ്ങും ബുദ്ധനിന്നിയും."
"അതുള്ളതാണു! ലോകാനുഗ്രഹാർത്ഥം പോകയായി ഞാൻ.
ഇതാണൊടുവിലത്തെപ്പോക്കിനിജ്ജന്മമൃതിഭ്രമം
എനിയ്ക്കില്ലെന്റെ ധർമ്മത്തെപ്പഠിയ്ക്കുന്നാളുകൾക്കുമേ.
ഞാൻ ചെന്നവതരിച്ചീടും 'ശാക്യ'വർഗ്ഗത്തിൽ നിശ്ചയം;
എങ്ങുണ്ടാളുകൾ സദ്വൃത്തർ നീതിമാനായ ഭൂപനും
അങ്ങാം, 'ഹിമാലയ'ത്തിന്റെ തെക്കേസ്സാനുസ്ഥലങ്ങളിൽ."

ആ രാത്രി, 'ശുദ്ധോദന'ഭൂപാലൻതൻ ധർമ്മപത്നിയാൾ
'മായ'യെന്നു പുകഴ്ന്നുള്ളോൾ ഭർത്താവോടൊത്തുറങ്ങവേ,
അത്യത്ഭുതകരാ സ്വപ്നമൊന്നു കണ്ടാളിതിൻ വിധം;
കാമധുക്ക്ഷീരനീകാശകോമളത്തൂവെള്ളപ്പൊടും,
ആറു കൊമ്പോടു, മൊത്തുള്ളൊരാനതന്നുടെ രൂപമായ്,
പനിനീർപ്പൂവിണങ്ങുന്നൊരണിമുത്തിൻ നിറത്തൊടും,
ആറു രശ്മികൾ ചിന്നീടുമൊരു നക്ഷത്രമൃൽപ്രഭം,
ആകാശത്തിങ്കൽനിന്നമ്പുപോലൂക്കൊണ്ടു, ജ്ജ്വലിച്ചുമേ,
വന്നു ദക്ഷിണഭാഗത്തിലൂടേ ഗർഭത്തിലാണ്ടതായ്
സ്വപ്നം കണ്ടിട്ടങ്ങുണർന്നൊരവൾക്കുൾക്കാമ്പിൽ നിർഭരം
മററമ്മമാർക്കു കിട്ടാത്ത ദിവ്യാനന്ദം വളർന്നുതേ.

പൂൎവ്വം മുമ്പിലനുവീതലം പാൎത്തിയിലേറെയും
ഒരു ദിവ്യാഭ വിലസിക്കണ്ടു മംഗളമഞ്ജുളം;
കൂററൻ കുന്നിളകീ; താനേ താണടങ്ങി കടൽത്തിര;
പകൽനേരം വിടൎന്നീടും പല പുഷ്പങ്ങളുള്ളവ
നട്ടുച്ചസമയത്തെന്ന പോലെയപ്പോൾ വിരിഞ്ഞുതേ;
വെയിൽ വങ്കാട്ടിരുളിനെത്തങ്കത്തകിടു പോലെയായ്
തിളങ്ങിക്കും വിധം റാണിക്കുന്നുണ്ടായ മഹാസുഖം
നരകക്കുഴികൾക്കേററമടിയിൽപ്പോലുമെത്തിതേ.
അവിടെക്കൂടിയും കേൾപ്പാനുണ്ടു സംസാരമിങ്ങിനെ:
"അല്ലയോ കൂട്ടരേ! മേലാൽ ജനിപ്പാനുള്ള നിങ്ങളും,
മരിച്ചീടാനിരിക്കുന്ന നിങ്ങളും, കേട്ടതില്ലയോ?
ബുദ്ധൻ വന്നു; എഴുന്നേല്ക്കു, കേൾക്ക, മോഹിച്ചുകൊള്ളുക!"
എന്നായെണ്ണുകിലെത്താതെ കിടക്കും നരകങ്ങളിൽ
എങ്ങും പുരുസമാധാനം പരന്നിതൊരുപോലവെ;
പാരിന്നു നെഞ്ചിടിപ്പുണ്ടായ്; മുമ്പില്ലാപ്പുരുമോടിയിൽ
കാററു വീശുകയായെങ്ങും, കരക്കും കടൽതന്നിലും.
പിന്നെ നേരം പുലൎന്നിട്ടാ സ്വപ്നവാൎത്തകൾ കേൾക്കവെ,
"സ്വപ്നം നന്നെ"ന്നുതാൻ ചൊല്ലീ വൃദ്ധദൈവജ്ഞരേവരും:
"അൎക്കൻ കൎക്കടകത്തിൽത്താനാകയാൽത്തമ്പുരാട്ടിയിൽ
അത്ഭുതജ്ഞാനിയായ്, ദിവ്യനായ്, ജഗൽക്ഷേമകാരിയായ്,
അജ്ഞാനം നീക്കി ലോകത്തെ രക്ഷിക്കുന്നവനായിയോ,
രാജ്യം ഭരിപ്പാനിച്ഛിക്കിൽപ്പാർ കാപ്പാൻ ശക്തനായിയോ,
പേർ കേട്ടൊരുണ്ണിയുണ്ടാകു", മെന്നാരാ സ്വപ്നവേദികൾ.

ആമട്ടു വന്നവതരിച്ചീടിനാൻ ബുദ്ധദേവനും.

ഒരു നാളുച്ചനേരത്തു, പത്തു മാസം തികഞ്ഞവൾ
‘മായാരാജ്ഞി’ നൃപാരാമംതന്നിൽക്കൊടിമരോപമം
നീണ്ടു ചൊവ്വിനുയൎന്നേററം കണ്ടാലന്തസ്സെഴുന്നതായ്,
സ്നിഗ്ദ്ധപത്രങ്ങളും നല്ല മണം തൂകുന്ന പൂക്കളും
മുററും നിറഞ്ഞു മുകളിൽക്കിരീടച്ചാൎത്തെഴുംവിധം,
ശോഭിപ്പൊരു പിലാശിന്റെ ചുവട്ടിലരുളീടവെ,
അചേതനങ്ങളുമറിഞ്ഞീടും ശുഭമുഹൂൎത്തമായ്:
അറിഞ്ഞുംകൊണ്ടുതാനപ്പൊളാ വൃക്ഷം തന്റെ കൊമ്പുകൾ
ചുററും താഴ്ത്തിച്ചമച്ചാനാ രാജ്ഞിക്കൊരു ലതഗൃഹം;
അതിങ്കലലർമഞ്ചത്തിനതുനേരത്തു മേദിനി
അക്ഷണത്തിൽ വിരിഞ്ഞീടുമസംഖ്യം പൂക്കൾ നല്കിനാൾ;
കുളിക്കേണ്ടതിനന്നേരമടുത്തുള്ളൊരു പാറയും
കൊടുത്തു നൽപ്പളുങ്കൊത്ത തെളിനീർ പുഴപോലവെ.
അവ്വണ്ണമവൾ നോവെന്ന്യെ പെററാളാബ് ഭാഗ്യലക്ഷണം
മുപ്പത്തിരണ്ടുമൊത്തേറെസ്സൌഭാഗ്യം പൂണ്ട പുത്രനെ.
ആ മഹത്തായ വൃത്താന്തം രാജധാനിയിലെത്തവെ,
ചിത്രപ്പല്ലക്കുമായോമൽക്കൊച്ചുരാജകുമാരനെ
കൊണ്ടുപോരാൻ പുറപ്പെട്ടു കൊട്ടാരത്തിലെയാളുകൾ:
പല്ലക്കിൻ തണ്ടെടുപ്പാനന്നെത്തി ദിക്പാലർ നാൽവരും;
മഹാമേരുവിൽനിന്നൊന്നിച്ചിറങ്ങി ദിവ്യരാമവർ,
മൎത്ത്യകൎമ്മങ്ങളെച്ചെമ്പുതകിടിങ്കൽക്കുറിപ്പവർ.
പൂൎവ്വദിക്പതി, തൻകൂടെ ശ്വേതവസ്ത്രങ്ങളേന്തിയും
മുത്തണിക്ഷുദ്രചൎമ്മങ്ങൾ പൂണ്ടുമുള്ളൊരു സേനയും;
നീലപ്പടക്കുതിരമേൽക്കേറിക്കുംഭാണ്ഡസേനകൾ

ഇന്ദ്രനീലപ്പരിചയും കൊണ്ടു തൻകൂടെയുള്ളവൻ,
തെക്കെദ്ദിക്കിന്നധിപതി; പിന്നെത്തുരക്തവൎണ്ണമായ്
മിന്നുമശ്വങ്ങളിൽക്കേറിപ്പൗഴപ്പരിച പൂണ്ടുമെ
നാഗന്മാർ പിന്തുടൎന്നുള്ള പടിഞ്ഞാറെദ്ദിഗീശ്വരൻ;
മഞ്ഞപ്പടക്കുതിരമേൽത്തങ്കക്കോപ്പിൽക്കളിച്ചവർ
തങ്കപ്പൊന്നിൻ പരിചയെക്കൈക്കൊള്ളും യക്ഷസൈനികർ
നാലു പാടും ചുഴന്നുള്ള വടക്കെദ്ദിക്കിനീശനും;
അദൃശ്യപരിവാരാഢ്യരീ ദിക്പതികൾ നാൽവരും,
തണ്ടെടുപ്പോർ ധരിക്കുന്ന വസ്ത്രം മേലെയുടുത്തുമെ,
എന്തിനുംപോന്ന ദേവന്മാർ പള്ളിത്തണ്ടന്നെടുത്തുതേ.
അന്നിഷ്ടംപോലെ ദേവന്മാർ, മനുഷ്യരറിയാക്കിലും,
അവരൊന്നിച്ചു പെരുമാറീടിനാരൊരുപോലവെ:
ഭൂമിതൻ ഭാഗ്യമോൎത്തിട്ടും ബുദ്ധൻ വന്നതറിഞ്ഞുമെ
അന്നു വിണ്ണിലുമാഹ്ലാദം തിങ്ങിയല്ലോ നിരന്തരം.

എന്നാൽ ശുദ്ധോദനൻ രാജാവറിഞ്ഞില്ലിവയൊന്നുമെ;
ദുൎന്നിമിത്തങ്ങൾ കണ്ടിട്ടു ദുഃഖിക്കും മന്നനെത്തദാ
ദൈവജ്ഞരാശ്വസിപ്പിച്ചു ലക്ഷണം ചൊല്ലിയിങ്ങിനെ:
"ആയിരത്താണ്ടു കൂടുമ്പൊളൊരിക്കൽക്കണ്ടിടുംവിധം
ലോകമൊട്ടുക്കു കീഴാക്കിബ്ഭരിക്കും ചക്രവൎത്തിയായ്
ഒരു രാജകുമാരൻതാൻ പിറക്കുമെവിടെക്കു, ഹോ!
ദിവ്യശക്തികളേഴുണ്ടാം—'ചക്രരത്നം' മഹായുധം;
മഹാരത്നം; നഭസ്സിങ്കൽക്കൂടിയും നടയുള്ളതായ്
പട്ടപ്പടക്കുതിരയായിരിക്കുന്ന'ശ്വരത്ന'വും.

അവിടെയ്ക്കെഴുന്നള്ളീടാൻ വേണ്ടിത്തന്നെ ജനിച്ചതായ്,
മഞ്ഞണിഞ്ഞുവെളുപ്പാൎന്ന നിസ്തുലം 'ഹസ്തിരത്ന'വും;
വിദഗ്ദ്ധൻ മന്ത്രി; യുദ്ധത്തിൽത്തോല്ക്കാത്ത പടനായകൻ;
സുപ്രഭാതത്തിനെക്കാളും സൌഭാഗ്യശ്രീ തികഞ്ഞതായ്,
'സ്ത്രീരത്ന',മെല്ലാംകൊണ്ടും വെച്ചോമനിയ്ക്കേണ്ട പത്നിയാൾ
ഏവമേഴെണ്ണ—മെന്നായിക്കേട്ടു മന്നവനപ്പൊഴേ
ദിവ നാമുണ്ണിയോടൊപ്പം ദൈവാനുഗ്രഹലബ്ധിയും
കൈവരുന്നൊരു സന്തോഷാൽത്തന്പുരത്തിങ്കലെങ്ങുമെ
മഹോത്സവം നടത്തേണമെന്നു കല്പന നൽകിനാൻ.
അതിനാൽപ്പാതയായുള്ള പാതയെല്ലാമടിച്ചുടൻ
സുഗന്ധിപ്പനിനീർ വീശിത്തളിച്ചു തെരുവൊക്കെയും,
വൃക്ഷങ്ങളിൽക്കൊടിക്കൂറ തൂക്കിനാർ മണിദീപവും;
അലങ്കരിച്ചു വന്നെത്തിപ്പുരുഷാരങ്ങളങ്ങിനെ.
അത്ഭുതപ്പെട്ടു നിന്നോരോ കാഴ്ച കണ്ടു രസിയ്ക്കയായ്.
വാളേറുകാർ, പലേ മട്ടു മെയ്യഭ്യാസങ്ങൾ കാട്ടുവോർ,
ഇന്ദ്രജാലക്കളിക്കാർ, കൺകെട്ടുകൊണ്ടു പകിട്ടുവോർ,
ഉഴിഞ്ഞാൽതന്നിലാടുന്നോർ, ഞാണിലേറി നടപ്പവർ,
അലുക്കുകളണിഞ്ഞുള്ളൊരുള്ളുടുപ്പോടുമെപ്പൊഴും
ആട്ടത്തിലിളകും കാലിൽ മഞ്ജുവാം ശിഞ്ജിതത്തിനാൽ
മെല്ലെച്ചിരിച്ചിടും മട്ടു കലരും കാൽച്ചിലമ്പൊടും,
തേവിടിശ്ശികളാട്ടക്കാർ, മാനാൾക്കരടിയീവിധം
മൃഗങ്ങൾതൻ തോൽ പുതച്ചു പല വേഷങ്ങൾ കെട്ടിയോർ,
വ്യാഘ്രങ്ങളെക്കളിപ്പിപ്പോർ, മല്ലയുദ്ധം നടത്തുവോർ,
പക്ഷിയങ്കങ്ങൾ ചെയ്യിപ്പോ,രസ്സലായ് ചെണ്ട കൊട്ടുവോർ,

ന്തന്തി മീട്ടുന്ന വേണ്വ, ന്നിക്കളിക്കാരേത്തു ജാതിയും
ജനങ്ങൾക്കു രസത്തിന്നായ്ക്കളിച്ചു കല്പനപ്പടി.
പിന്നെയോ ദൂരദേശത്തിൽനിന്നങ്ങിനെ വണിഗ ജനം
ബുദ്ധാവതാരം കേട്ടിട്ടു കാഴ്ചയുംകൊണ്ടു ചെൽകയായ്,
വിലയേറിയ വസ്തുക്കൾ പൊന്നിൻ കിണ്ണത്തിൽ വെച്ചു, ഹോ!
വൈഡൂൎയ്യ, മമ്പറാട്ടിന്റെ രോമംകൊണ്ടുള്ള സാൽവകൾ,
പന്തിരണ്ടു മടക്കാക്കിയിട്ടാലും മുഗ്ദ്ധസാർമുഖം
മൂടാത്ത നേൎത്ത പുഴനൂൽപ്പട്ടുവസ്ത്രങ്ങൾ, ചന്ദനം,
പുഷ്യരാഗം, മരതക, മിടംതൂന്നുണ്ണിമുത്തുകൾ
തുന്നിപ്പിടിപ്പിച്ച പല കൌപീനാംശുക, മിങ്ങിനെ
കീഴ്രാജ്യങ്ങളിൽനിന്നോരോ തിരുമുൽക്കാഴ്ച വന്നുതേ;
അതിനാൽ പൌരർ 'സൎവ്വാൎത്ഥസിദ്ധി'യെന്നാക്കുമാരനെ
പേർ വിളിച്ചിതു, 'സിദ്ധാൎത്ഥ'നെന്നും ചൊല്ലും ചുരുക്കമായ്.

ആവിധം വന്നുചേരുന്ന പാരദേശികരിൽത്തദാ
'അസിത' ഭിഖ്യനായോരു യോഗിവൃദ്ധനുമെത്തിനാൻ.
ലോകകാൎയ്യങ്ങളിൽത്തീരെച്ചെവിചെല്ലാത്തൊരമ്മഹാൻ
സമാധിനിഷ്ഠനായിത്തന്നരയാലിൻ ചുവട്ടിലായ്
ഇരിയ്ക്കുമളവിൽക്കേട്ടിതല്ലോ, ബുദ്ധൻ ജനിയ്ക്കവെ
ദേവന്മാർ പാട്ടു പാടുന്ന ദിവ്യശബ്ദം മനോഹരം.
വാൎദ്ധക്യത്താൽത്തപസ്സാലുമത്ഭുതജ്ഞാനയുക്തനായ്,
യോഗീന്ദ്രനാകുമവനെച്ചെന്നു വന്ദിച്ചു മന്നവൻ.
'മായാരാജ്ഞി'യുമദ്ദേഹത്തിന്റെ തൃച്ചരണങ്ങളിൽ
തങ്കൊച്ചുകുട്ടിയെക്കൊണ്ടു കിടത്തീ ഭക്തിപൂൎവ്വകം.
അതുകണ്ടാ വയോവൃദ്ധൻ നോക്കി രാജകുമാരനെ,

"അയ്യോ! നീ രാജ്ഞി, ചെയ്യൊല്ലിതെ"ന്നു പെട്ടന്നുറക്കനെ
പറഞ്ഞുകൊണ്ടു തൻ ചുക്കിച്ചുളിയുന്ന മുഖത്തിനാൽ
എട്ടു വട്ടം നിലം തൊട്ടാക്കിടപ്പിൽത്താനിതോതിനാൻ:—
"ഉണ്ണീ! ഞാനിത, വന്ദിപ്പു നിന്നെ! നീതന്നെയീശ്വരൻ!
ഞാൻ കാണുന്നു ജപാവർണ്ണതേജസ്സും, പദരേഖയും,
മൃദുസ്വസ്തികബന്ധാഖ്യവക്രരേഖയു, മങ്ങിനെ
മുഖ്യമായുള്ള മുപ്പത്തിരണ്ടെണ്ണം ഭാഗ്യചിഹ്നവും,
എൺപതെണ്ണമതിൽത്താഴെയുള്ളതും; ബുദ്ധനങ്ങുതാൻ;
അങ്ങു ധർമ്മം പ്രസംഗിക്കു,മതു കേട്ടു പഠിക്കയാൽ
ജീവികൾക്കൊക്കെയും രക്ഷ കിട്ടു;മായതു കേൾക്കുവാൻ
ഞാനിങ്ങിരുന്നിടാ പക്ഷെ, ചാവാൻ മുമ്പാഗ്രഹിക്കയാൽ
മുമ്പേ മരിക്കും ഞാ;നെന്നാൽക്കണ്ടുവല്ലോ ഭവാനെയും.
ഹേ, രാജാവേ! ധരിച്ചാലു,മീ മർത്ത്യനിരയാം മരം
അസംഖ്യവർഷം കൂടുമ്പൊളൊരിക്കൽപ്പൂത്തുകാണ്മതായ്,
എങ്കിലും പൂത്തുവിരിയുന്നേരം ലോകത്തിനൊക്കെയും
ജ്ഞാനത്തിൻ തൂമണം തൂകി, പ്രേമപ്പൂന്തേനൊഴുക്കിയും,
പാടേ നിറച്ചിടും മട്ടിലുള്ള പൂവാണിതെന്നു നീ.
ഈ രാജവംശമൂലത്തിൽ മുളച്ചു ദിവ്യസാരസം!
ഹാ! പുണ്യവംശമേ!—പക്ഷേ പുണ്യമെല്ലാം തികഞ്ഞതായ്
ചൊൽകവയ്യീക്കിടാവാലെ നിൻ മനസ്സു പിളർന്നുപോം.
എന്നാലു,മോമൽ നീ രാജ്ഞി! യിദ്ദിവ്യപ്രസവത്തിനാൽ
ദേവന്മാർക്കും മനുഷ്യർക്കും ഭൂരിവാത്സല്യപാത്രമായ്,
നീ മേലിലല്ലൽക്കു തൊടാൻ പാടില്ലാപ്പുണ്യശാലിനി;
എന്നാൽ ദുഃഖൈകഫലമായുള്ളൊന്നീ ലോകജീവിതം;

അതിനാലേഴുദിവസം ചെല്ലുന്നതിനകത്തു നീ
വേദനപ്പെട്ടിടാതേതാൻ വേദനയ്ക്കപ്പുറത്തിലാം.
എന്നാനാ നിയമിശ്രേഷ്ഠൻ—നതുപോലൊത്തു കാര്യവും.

ഏഴാമത്തെദ്ദിനം രാത്രിയാ 'മായാരാജ്ഞി' കേവലം
പുഞ്ചിരിക്കൊണ്ടുറങ്ങീട്ടു പിന്നുണർന്നീലൊരിക്കലും.
ആ 'ത്രായസ്ത്രിംശ'സ്വർഗ്ഗമണഞ്ഞാൾ സുഖമോടവൾ;
അവിടത്തെ വണങ്ങുന്നിതങ്ങു സംഖ്യവിട്ടം സുരർ,
ചെയ്വു മാതാവിനായ് വേണ്ടുമുപചാരങ്ങളും സദാ.
എന്നാലുണ്ണിയ്ക്കു ശുശ്രൂഷ ചെയ്യുവാനേൾപ്പടുത്തിനാൻ
'മഹാപ്രജാപതി'യാഖ്യാനംപൂണ്ട രാജകുമാരിയെ.
ശ്രേഷ്ഠമാമവൾതൻ കൊങ്കപ്പാൽ കുടിച്ചു വളർന്നുതേ,
ലോകത്തെയാശ്ചര്യപ്പെടുത്തിടും ചുണ്ടുകൊണ്ടാക്കുമാരകൻ.

വയസ്സെട്ടു കഴിഞ്ഞപ്പോൾ ശുദ്ധാന്തിയൊടു മന്നവൻ
ഒരു രാജകുമാരന്നു വേണ്ടുന്നോരറിവൊക്കയും
തൽകുമാരകനുണ്ടാക്കാനാലോചന തുടങ്ങിനാൻ.
ഒരു ബുദ്ധൻെറയാശ്ചര്യകർമ്മം, മാഹാത്മ്യഗൌരവം,
കഷ്ടപ്പാടി, വയെപ്പററി, ത്തെററാൻ വിഷമമുള്ളതായ്,
ലക്ഷണം ചൊന്നതൊന്നുംതാനവർകൊണ്ടില്ലപ്പൊഴും നൃപൻ:
അതിനാൽ തന്നമാത്യന്മാർ നിറഞ്ഞുള്ള സഭാന്തരെ,
"ഒരു രാജകുമാരന്നു വേണ്ടുന്നൊരറിവൊക്കയും
തൻ കുമാരകനുണ്ടാക്കാൻ നന്നായറിവിൽ മുന്തിയോൻ
ആരാണെന്നു മഹാന്മാരേ, നിങ്ങൾ ചിന്തിച്ചു ചൊല്ലുവിൻ":
എന്നു രാജാവു ചോദിച്ചുകേട്ടോരോരുത്തനും ക്ഷണാൽ

പറഞ്ഞിതൊപ്പം, "രാജാവേ! സംശയിക്കേണ്ടതില്ലിതിൽ;
വിശ്വാമിത്രൻ മഹാപ്രാജ്ഞനോൎത്തിൽക്കണ്ണുതെളിഞ്ഞവൻ,
പഠിപ്പുമവിടെയ്ക്കേറ്റം കലാവിദ്യാവഗാഹവും,"
എന്നാരെപ്പേരുമാമട്ടിൽ വിശ്വാമിത്രൻ നൃപാജ്ഞയാൽ
വന്നെത്തീ; സന്മുഹൂൎത്തത്തിലൊരുനാൾ നൃപനന്ദനൻ,
ചെങ്കാളതൻ നിറംചേൎന്ന ചന്ദനച്ചട്ടയിട്ടതായ്,
വക്കത്തു ചുററും രത്നങ്ങൾ പതിച്ചഴകെഴുന്നതായ്,
രത്നപ്പൊടി തേച്ചേറെ മിനുസപ്പെട്ടിരിപ്പതായ്,
തനിക്കുള്ളാക്കല്പലക,യെഴുതാനുള്ള കോലി,വ
കയ്ക്കൊണ്ടു വന്നു തന്മുമ്പിൽ മുഖവും താഴ്ത്തി നില്ക്കവെ,
"ഉണ്ണി, യീമന്ത്രമെഴുതിക്കൊൾക"യെന്നായ് പതുക്കവെ,
മുന്നും ജന്മം ലഭിച്ചോൎക്കു മാത്രമേ കേട്ടിടാവതായ്
'ഗായത്രി'യെന്നു പേരാളും മന്ത്രം ചൊല്ലിക്കൊടുത്തുതേ.
"ആചാൎയ്യരേ, ഞാനെഴുതി"യെന്നു രാജകുമാരകൻ
ഔത്സുക്കം പൂണ്ടുരച്ചുംകൊണ്ടുടൻ കല്പലകയ്ക്കുമേൽ
ആ ദിവ്യമന്ത്രമെഴുതിക്കാട്ടി; 'നാഗരി', 'ദാക്ഷിണം',
'മംഗലം', 'പരുഷം', 'നീയം', 'യവം', 'തീൎത്ഥീയ', 'മൃക'വും,
'മദ്ധ്യാചാര', മതേമട്ടു 'മനം', 'ശിഖ്യനി', 'ദാരദം',
ചിത്രാക്ഷരംതാ,നാഗ്യഭാഷ, കടലിൽഗ്ഗുഹയിങ്കലും
പാൎക്കുന്നോരുപയോഗിക്കുന്നതു,മൂഴിക്കു കീഴിലായ്
സൎപ്പാരാധനചെയ്യുന്നോ,രഗ്ന്യുപാസക,രങ്ങിനെ
ആദിത്യബിംബമാരാധിച്ചീടുന്നോർ, കുന്നിൽ വാഴുവോർ,
മാഗന്മാരും, പ്രയോഗിക്കുന്നതുമായുള്ള സംജ്ഞകൾ;
എന്നില്ല സൎവ്വഭാഷക്കാൎക്കുള്ളതുതലിപിവ്രജം

വഴിയ്ക്കു വഴിയായോരോന്നിലും ലേഖനികൊണ്ടവൻ
എഴുതിക്കാട്ടിയാചാര്യൻ ചൊന്ന മന്ത്ര;മനന്തരം
അതാതു ഭാഷയ്ക്കൊപ്പിച്ചു വായിയ്ക്കച്ചൊല്ലി മാമുനി,
അതു പോരും, ‘നമുക്കെണ്ണം പഠിയ്ക്കാൻ നോക്കിടാമിനി”.

“ഞാൻ ചൊല്ലിത്തന്നിടും പോലായെണ്ണിക്കൊൾക ശരിയ്ക്കു നീ
ലക്ഷം വരയ്ക്കൊ;ന്നു, രണ്ടു, മൂന്നു, നാലു, ക്രമത്തിലായ്
പത്തിലോളം, പതുപ്പത്തായ് പിന്നെ, യാമട്ടു പിന്നെയും
നൂറുമായിരവും പീത,”മെന്നു കേട്ടിട്ടു ബാലകൻ
ഒന്നും പത്തും നൂറുമെണ്ണി; യാവിധം നിന്നിടാതവെ
ലക്ഷത്തുക വരെയ്ക്കെണ്ണിയെന്നിട്ടും മന്ദമങ്ങിനെ
ചൊല്ലിക്കൊണ്ടേപോയി, പിന്നെ‘ക്കോടി’യാ, യതിനപ്പുറം
‘നഹുതം’, ‘നിന്നഹുതവും’, ‘ഖംബം’, ‘വിഷ്കംബ’ മങ്ങിനെ
‘അവവാ’, ‘ട്ടത’വും, പിന്നെയാ‘ക്കുമുദ’, ‘ഗ്ഗണ്ഡികോ’, ‘ൽപ്പലം’,
‘പുണ്ഡരീക’;മതിൽപ്പിന്നെ‘പ്പദ്മം’സംഖ്യയെത്തിയാൽ
പൊടിച്ച ‘ഹസ്തഗിരി’യിൽക്കാണും തരികളൊക്കയും
എണ്ണിത്തീർക്കാ;മതിൻ മീതെയുള്ളെണ്ണം ‘കാഠ’മെന്നതാം,
അതിനാൽ രാത്രിയിൽക്കാണും നക്ഷത്രങ്ങളെയെണ്ണിടാം;
സമുദ്രത്തിലെഴും വെള്ളത്തുള്ളിയോ ‘കോടികാഠ’മാം;
ഗോളങ്ങളെക്കണക്കാക്കും സംഖ്യ ‘യിംഗ’സമാഖ്യമാം;
ഗംഗാനദിയിലുള്ളോരു പൂഴിത്തരികളൊക്കയും
കൂടിയാൽ ‘സർവ്വനിക്ഷേപ’; ‘മന്തഃകല്പ’ത്തിലെത്തിയാൽ
പത്തു കോടി സ്വർണ്ണദികൾതൻ മൺതരികളെണ്ണിടാം.
അതിലും മീതെയായെന്തു സംഖ്യയാണെന്നു നോക്കുകിൽ
‘അസംഖ്യ’മെന്നതാകുന്നി, തതുകൊണ്ടു കണക്കിടാം,

എല്ലാലോകത്തിലും കൂടി നിത്യവും മഴ പെയ്യുകിൽ
പതിനായിരമാണ്ടാലെ വീണ നീർത്തുള്ളിയൊക്കെയും;
അതിന്നപ്പുറമാകുന്നു 'മഹാകല്പങ്ങൾ', ദേവകൾ
അതുകൊണ്ടു കണക്കാക്കും തങ്ങൾതൻ ഭൂതഭാവികൾ."

അതുനേരം പറഞ്ഞാനാത്താപസൻ, "നന്നു നന്നി,നി
ഉത്തമോത്തമനായുള്ള രാജപുത്ര, നിനക്കു ഞാൻ
ചൊല്ലിത്തരേണമോ നീളമളക്കേണ്ടും കണക്കുകൾ?"
വിനയംപൂണ്ടു ചൊന്നാനാക്കുട്ടിയപ്പൊഴുതെ, "ൻ ഗുരോ!
ഞാൻ പറഞ്ഞീടുവൻ, കേൾപ്പാൻ തിരുവുള്ളം വരേണമേ.
'പരമാണു'ക്കൾ പത്തെണ്ണം കൂടിയാൽ 'പരസൂക്ഷ്മ'മായ്;
അതു പത്തെണ്ണമൊന്നിച്ചു ചേർന്നാകിൽ 'ത്രസരേണു'വായ്;
ത്രസരേണുകളേഴെണ്ണമായാൽ നാം സൂര്യരശ്മിയിൽ
പറന്നുംകൊണ്ടു കാണുന്ന കരടിൻ നീളമായിതേ;
അതേഴെണ്ണം കൂടിയെന്നാൽ ചുണ്ടെലിയ്ക്കുള്ള മീശയിൽ
അററത്തെ മുനയോളംതാ;നതു പത്തൊത്തുകൂടിയാൽ
'ലിഖ്യ'മാം; പത്തു ലിഖ്യങ്ങളൊന്നിച്ചാൽ 'യൂക';മങ്ങിനെ
യൂകം പത്തായതു യവത്തിന്നരിയ്ക്കുള്ള നീളമാം;
ആ നീളമേഴു കൂടുമ്പോൾ വേട്ടാളന്നരയോളമായ്;
ഏവം മുത്താറി, കടുകു, യവത്തിൻ മണി,യങ്ങിനെ
അതു പത്തെണ്ണമൊന്നിച്ചാൽ വിരലിൻ വീതിയായിതേ;
വിരൽ പന്ത്രണ്ടു കൂടുമ്പോൾ ചാണ,ങ്ങിനെ മുളം, തഥാ
വാര, വില്ലിൻ നീള,മേവം കുന്തത്തിൻ നീള;മാവിധം
കുന്തവിംശതി കൂടുമ്പോളൊരു 'വീല്പ്പ'ന്നു ചൊല്ലിടാം—

ഒരിഷ്ഷ്ൽ വിട്ടുകൂട്ടവലിഞ്ഞേകൻ നടക്കുകിൽ
എത്ര ദൂരം നടന്നീടു,മതു വീപ്പെന്നു ചൊല്ലിടാം—
വീപ്പ നാല്പതു കൂടീടിൽ'ഗ്ഗൌ', 'ഗൌ' നാലൊത്തുകൂടിയാൽ
ഒരു യോജനയെന്നോതു;മവിടെയ്ക്കു രസിക്കുകിൽ,
സൂൎയ്യരശ്മികളിൽക്കാണും കരടെത്ര കിടപ്പിതോ
ഒരു യോജന ദൂരത്തിലെന്നും ഞാൻ വിവരിച്ചിടാം."
എന്നും പറഞ്ഞാ പ്രതിഭാവിലാസാൽക്കൊച്ചുതമ്പുരാൻ
ശരിയായിട്ടണുക്കൂട്ടത്തിന്നെഴും സംഖ്യ ചൊല്ലിനാൻ.
എന്നാലതാബ്ബാലകൻെറ മുമ്പിൽ വീണുപണിഞ്ഞുതാൻ
കേട്ടു 'വിശ്വാമിത്ര'നേവം പിന്നെച്ചൊന്നാനുറക്കനെ:
"അഹോ! ഞാനങ്ങയെയിതാ, വന്ദിപ്പു ഭക്തിപൂൎവ്വകം;
അറിഞ്ഞിട്ടുണ്ടു താനെല്ലാം ഗ്രന്ഥസാഹായ്യമെന്നിയേ,
വിശേഷാലുണ്ടു നല്ലോരു വിനയപ്രതിപത്തിയും,
എന്നു കാണിക്കുവാനല്ലോ ശിഷ്യനായ്ത്തീൎന്നു മേ ഭവാൻ."

ഈവിധം ബുദ്ധദേവൻ തൻ ഗുരുക്കന്മാരൊടൊക്കയും
വളരെബ് ഭക്തിയോടൊത്തേ പെരുമാറീ നിരന്തരം,
അങ്ങോട്ടറിവവൎക്കോതിക്കൊടുക്ക പതിവാകിലും.
രജോഗുണം തികഞ്ഞുള്ളോനെങ്കിലും രമ്യശീലവാൻ;
വണക്കം, വിനയം, നല്ലുള്ളലിവും, കൂട്ടമെങ്കിലും
പെരുത്തു ധീരു;നന്നുള്ള സവാരിക്കാർ യുവാക്കളിൽ
ആരുമമ്മട്ടു കൂസാതെ മൃഗയോല്ലാസലോലനായ്
വിമുദ്ധമാം മാൻനിരയെപ്പിടിപ്പാനുന്നിയില്ല,ഹോ!
രാജാങ്കണത്തിൽക്കളിയായടരാട്ടമ്പൊളാം,വിധം

നിഷ്കൎഷയിൽത്തേർ തെളിച്ചു നീളെച്ചുററീല മററാരാൾ;
എന്നാലും കുട്ടി, തനതാം കളി പാതിയിൽ നിൎത്തിയും,
വിട്ടയച്ചീടുമാറുണ്ടു ഹരിണത്തെപ്പലപ്പൊഴും;
അശ്വങ്ങൾ പാഞ്ഞുപാഞ്ഞേററെക്കിതച്ചു വലയുമ്പൊഴും,
"തങ്ങൾക്കു കിട്ടിയില്ലല്ലോ കഷ്ട"മെന്നുള്ള സങ്കടം
തൻകൂട്ടരാം രാജപുത്രന്മാൎക്കുണ്ടെന്നു വരുമ്പൊഴും,
അല്ലെങ്കിൽഗ്ഗാഢമായെന്തോ മനോരാജ്യം വരുമ്പൊഴും,
കിട്ടില്ലായെന്ന നിലയാം മാനിൻ പിൻചെന്നിടാതവൻ
പലപ്പോഴും മെല്ലെനില്ക്കും; ദയാശീലമിതിൻവിധം
വയസ്സു കൂടിടുന്തോറുമവിടെയ്ക്കേറിവന്നുതേ:
ഉരത്തു കൂടിയും നല്ല തണൽചേൎക്കുന്ന വന്മരം
മിനുത്ത രണ്ടിലയിൽനിന്നുണ്ടായിത്തീൎന്നിടുംവിധം.
എന്നാലോ സങ്കടം കണ്ണുനീർ വേദനയിതൊക്കെയും
രാജാക്കന്മാൎക്കു തട്ടീട്ടില്ലാത്തതായ് തട്ടിടാത്തതായ്
വല്ലാത്ത ചിലതിൻ പേരായിട്ടല്ലാതൊരുമട്ടിലും
അക്കൊച്ചുബാലകൻ വേറിട്ടറിഞ്ഞിട്ടില്ലതേവരെ.
ആമട്ടിരിക്കെ, വാസന്തമാസാരംഭത്തിലേകദാ,
പള്ളിപ്പൂങ്കാവുതൻ മേലെയാകാശത്തിങ്കലൂടവെ,
പറന്നുപൊയ്ക്കൊണ്ടിരുന്നു കാട്ടുഹംസങ്ങൾ കൂട്ടമായ്,
വടക്കു മഞ്ഞുമലമേലുള്ള കൂടുകൾ പൂകുവാൻ;
സ്നേഹചിഹ്നങ്ങളാൽത്തമ്മിൽ വഴിക്കെങ്ങും വിളിച്ചുമെ,
മിന്നും പക്ഷികൾ പോകുന്നു സ്നേഹസംരക്ഷിതങ്ങളായ്.
അന്നേരം രാജപുത്രന്റെ ചാൎച്ചക്കാരൻ കുമാരകൻ
ദേവദത്തൻ, തനിക്കുള്ളവിൽ കുലച്ചിട്ടൊരമ്പിനെ

ഉന്നം നോക്കി പ്രയോഗിച്ചു മുമ്പിൽപ്പോകുന്ന പക്ഷിയിൽ;
ആപ്പക്ഷിതാൻ പറക്കുമ്പോ,ളായത്തിന്നായ് വിടൎത്തതായ്,
ആക്കും സ്വാതന്ത്ര്യമുള്ളോരു നീലച്ചാകാശവീഥിയിൽ
പരന്ന ചിറകിൽച്ചെന്നു ക്രൂരമ്പതു തറയ്ക്കയാൽ,
അഴക്കററു ലസിയ്ക്കുന്നാപ്പക്ഷങ്ങളിലതാതിടം,
പുരണ്ടു മിന്നും ചെഞ്ചോര പൂണ്ടുകൊണ്ടതു വീണുപോയ്.
അതു കണ്ടിട്ടു സിദ്ധാൎത്ഥനലിവാൎന്നാപ്പതത്രിയെ
ചെന്നെടുത്താ,ബ്ബുദ്ധദേവനിരിയ്ക്കാറുള്ളമാതിരി,
ചമ്രംപടിഞ്ഞിരുന്നിട്ടു മടിതന്നിൽക്കിടത്തിനാൻ;
മെല്ലെത്തൊട്ടുതലോടീട്ടാക്കാട്ടുപക്ഷിയ്ക്കെഴും ഭയം
കുറച്ചുംകൊണ്ടു, തലയിൽച്ചിന്നും തൂവൽ മിനുക്കിയും,
വല്ലാതെ നെഞ്ചിടിപ്പുണ്ടായിരുന്നതിനെ മാററിയും,
ഒരേയൊരു മണിക്കൂറിൻ മുമ്പേ ചുരുളഴിഞ്ഞതായ്
മിനുത്ത വാഴതൻ കൂമ്പിനൊപ്പം മാൎദ്ദവമുള്ളതായ്,
ഇളതാ,യുള്ളൊരുള്ളംകൈകൊണ്ടു ചേൎത്താൎദ്രചിത്തനായ്
ലാളിച്ചുകൊണ്ടായതിനു സമാധാനം വരുത്തിനാൻ.
എന്നിട്ടിടംകരംകൊണ്ടാപ്പതഗത്തെപ്പിടിച്ചുതാൻ
വലത്തെക്കൈത്തലംകൊണ്ടാ ക്രൂരശല്യത്തെ മെല്ലവെ
പറിച്ചെടുത്താ മുറിയിലുണങ്ങാൻ തേൻ പുരട്ടിനാൻ,
കുളുൎത്തുള്ളോരു തളിരും പതിച്ചാനായതിന്നുമേൽ.
എന്നാലിതൊക്കെച്ചെയ്താലും നോവെന്നാലിന്നതെന്നതേ
അറിഞ്ഞുകൂടാത്തവനാണല്ലോ നമ്മുടെ ബാലകൻ;
അതിനാലാശ്ശരത്തിൻെറ മുന താൻ തൻെറ കയ്യുമേൽ
കടത്തീ കണ്ണടച്ചുംകൊണ്ടതു കൊള്ളുന്ന വേദന

എന്തുമട്ടെന്നറിഞ്ഞീടാ;നെന്നിട്ടു,ൽഗതബാഷ്പനായ്,
ആപ്പക്ഷിയെക്കരളലിഞ്ഞോമനിച്ചിതു പിന്നെയും.

അന്നേരമൊരുവൻ വന്നു ചൊന്നാ,“നെൻ കൊച്ചുതമ്പുരൻ
ശരിയ്ക്കമ്പെയ്തു കൊന്നിട്ടു പനിനീർച്ചെടികൾക്കകം
വീണ ഹംസത്തെയെൻ പക്കൽ സദയം തന്നയയ്ക്കുവാൻ,
അവിടുന്നെന്നോടരുളിച്ചെയ്തു ചോദിപ്പതിന്നിഹ;
തന്നയയ്ക്കുന്നിതോ” എന്നു കേട്ടു സിദ്ധാർത്ഥനോതിനാൻ:—
“ഇല്ല, ഞാനാപ്പക്ഷി ചത്തുപോയിരുന്നാലതേകണം
അതിനെക്കൊന്നൊരാൾക്കെന്നുള്ളതു പക്ഷേ ശരിപ്പെടാം;
എന്നാൽജ്ജീവിച്ചിരിപ്പുണ്ടാ ഹംസം, മൽജ്ഞാതിയാമവൻ
വെള്ളച്ചിറകിതിൽച്ചിന്നും ദിവ്യവേഗത്തെ മാത്രമേ
കൊന്നുള്ളൂ” എന്നു കേട്ടപ്പോൾ ചൊല്ലിനാൻ ദേവദത്തനും:
“ചത്താലും ജീവനുണ്ടെന്നുതാനിരിയ്ക്കുകിലും ശരി,
അക്കാട്ടുവസ്തുവതിനെ വീഴിച്ചാളുടെതന്നെയാം.
ആകാശത്തായിരുന്നപ്പോളതാരുടെയുമല്ലതാൻ
വീണപ്പോളെന്റെയാ,യെന്റെം സമ്പാദ്യമതു നൽക മേ.”
അതുനേരത്തിലവിടുന്നാ ഹംസത്തിൻ കഴുത്തിനെ
മിനുത്ത തൻകവിളോടു മെല്ലവേ ചേർത്തണച്ചുടൻ
ഗൌരവംപൂണ്ടരുളിനാൻ, “പറഞ്ഞേയ്ക്കു! തരില്ല ഞാൻ.
എന്റെയാണീ വിഹഗ,മീമട്ടെന്റേതാകുമിന്നിമേൽ
അനുകമ്പാവകാശത്താൽ സ്നേഹത്തിൻ ശക്തിയാലുമെ
അസംഖ്യവസ്തു, വതിൽവെച്ചിതാണൊന്നാമതായതും.
ഞാനിപ്പോളറിയുന്നുണ്ടു, നൾച്ചേർന്നിളകുമൊന്നിനാൽ

ഞാൻ പഠിപ്പിയ്ക്കുമിവിടെ മനുഷ്യർക്കനുകമ്പയെ;
മർത്ത്യന്നു മാത്രമല്ലെല്ലാജ്ജീവിയ്ക്കുമൊരുപോലവെ,
ദുസ്സന്താപപ്രവാഹത്തെത്തടുത്തേല്ലാതെയാക്കി ഞാൻ,
മൌനിയാമൊരു മദ്ധ്യസ്ഥനായ് നില്ക്കുമുലകിന്നു ഞാൻ
അതല്ല, രാജപുത്രന്നു വാദമുണ്ടിതിലെങ്കിലോ,
ഉള്ള കാൎയ്യം പറഞ്ഞോട്ടെയറിവുള്ളവരോടവൻ;
അവർ കല്പിച്ചിടുംവണ്ണമപ്പോൾ ഞങ്ങൾക്ക ചെയ്തിടാം.
ആ മട്ടുതന്നെയക്കാൎയ്യമാസ്ഥാനത്തിങ്കലെത്തിതേ,
നിറഞ്ഞ സഭയിൽ ഗ്ഗാഢമാലോചന നടക്കയായ്;
ചിലരൊന്നു വിചാരിയ്ക്കും മററുപേർ മററുമട്ടിലും.
ആമട്ടുനില്ക്കെ, മുമ്പാരുമറിയാത്തൊരുവൻ യതി
എഴുന്നേററോതിനാൻ, "പാരിൽ പ്രാധാന്യം പ്രാണനെങ്കിലൊ
ആരാണതു നശിപ്പിയ്ക്കാൻ നോക്കിയോ,നവനുള്ളതിൽ
ഏററ രക്ഷിച്ചവന്നാകുമവകാശമവന്റെമേൽ.
നശിപ്പിയ്ക്കുന്നു കൊല്ലുന്നോർ, നിലനിർത്തുന്നു രക്ഷകൻ;
അതിനാലതിനെപ്പാലിച്ചോൎക്ക നൽകുക പക്ഷിയെ."
കൊള്ളാമീവിധിയെന്നായിത്തോന്നി സൎവ്വജനത്തിനും.
പക്ഷെ രാജാവു സമ്മാനം കൊടുപ്പാനായി നോക്കവെ,
സന്യാസി പോയിരിയ്ക്കുന്നു പടമുള്ളോരു പാമ്പിനെ
അരിച്ചുപോവതായിട്ടു കണ്ടാനേതോ ഒരാളതിൽ.
ഈശ്വരന്മാരിതിൻമട്ടു സഞ്ചരിയ്ക്കും പലപ്പൊഴും!
ആവിധം ബുദ്ധദേവൻ തൻ ദയ കാട്ടാൻ തുടങ്ങിനാൻ.

എന്നാൽ ദുഃഖത്തിനെപ്പററിയാപ്പക്ഷിയ്ക്കുന്നു കണ്ടതേ
അവനൊന്നറിവുള്ളൂ, തെല്ലിടയാലാശ്ശുകാന്തവും

മുറി മാറിസ്സുഖം തന്റെ കൂട്ടരോടൊത്തുകൂടിനാൻ;
പിന്നെ മറ്റൊരുനാൾ ഭൂപൻ കുമാരനൊടു ചൊല്ലിനാൻ:
“വന്നാലുമുണ്ണീ! നമ്മൾക്കീ വസന്തത്തിന്റെ ഭംഗിയെ
ചെന്നു കാണുക; വേണ്ടോളം ഫലങ്ങൾ തരുമൂഴിയെ
കൃഷിക്കാര, തവൎക്കാത്മസമ്പത്തുകളെ നൽകുവാൻ,
എമ്മട്ടാരാധനം ചെയ്തുപോരുന്നുണ്ടെന്നു നോക്കിടാം.
എൻപട്ടടയ്ക്കു തീ വെച്ചാൽ നിന്റേതാം നാടിതൊക്കയും
തൻജീവജാലങ്ങളെയെമ്മട്ടുണ്ടു പോററുന്നുവെന്നതും,
ഇതേതുമട്ടിലോ രാജഭണ്ഡാരത്തെ നിരന്തരം
നിറച്ചുവെയ്ക്കുന്നു ശരിയ്ക്കെന്നതും, വന്നു കാൺക നീ.
ഇളംതളിർകളും നല്ല തെളിവേറുന്ന പൂക്കളും,
പച്ചപ്പുല്ലുകളും കന്നുപൂട്ടലിൻ തെളിയൊച്ചയും,
ഇവയെക്കൊണ്ടൃതുവിതു സുമനോഹരമെത്രയും;”
എന്നുരച്ചവരെല്ലാരും സവാരിയ്ക്കായിറങ്ങിനാർ.
കിണറും തോട്ടവും വേണ്ടതുള്ള നാട്ടുപുറങ്ങളിൽ
ചുററിസ്സുകൌതുകം കണ്ടാനസ്സൽപ്പശിമയുള്ളതായ്,
ചുകന്ന ചേടിമണ്ണാകും നിലത്തങ്ങിനെ കാളകൾ
കരയുന്നതകം പൂട്ടിക്കെട്ടിച്ചുമൽ ഞെരുങ്ങവെ
കരി വെച്ചുവലിച്ചീടുന്നതു; മാക്കരിനീങ്ങവെ
അതിങ്കൽനിന്നിട്ടിളകിപ്പൊന്തി നീണ്ടു തടിച്ചതായ്
മിനുത്ത മണ്ണിൻ തിരകൾ പിന്നോക്കം മറിയുന്നതും;
ചാലു താഴുന്നതിന്നായി, ച്ചാടുന്ന കൊഴുവിന്നുമേൽ
പൂട്ടുന്നോർ കാലു രണ്ടും നല്ലോരപ്പോടുന്നിനില്പതും;
പനന്തോട്ടത്തിൽ വെള്ളത്തിന്നല ചിന്നുന്ന ശബ്ദവും;

അത്തങ്ങൊഴകിടും ദിക്കിൽത്തെളിവേന്തിയ മേദിനി
നീളവേ തൈലവും നല്ല മൂച്ചുകൂടിയ തുമ്പുമായ്
വളൎന്നുനില്ക്കും സംഭാരപ്പുൽകളാൽ മോടിചേൎപ്പതും;
മറെറാരേടം വിതയ്ക്കാനായ് കൃഷിക്കാർ വന്നുചേൎന്നതും;
കൂട്ടുകൂട്ടം കിളികൾതൻ കളഗാനങ്ങളാൽ വനം
ചിരിച്ചുംകൊണ്ടെഴുംമട്ടും; കുററിക്കാടുകളാകവെ
ഓന്തീച്ച വണ്ടും നാനാമട്ടിഴജന്തുക്കളും സുഖം
വസന്തമാകയാലേറെത്തെളിഞ്ഞു കളിയാടവെ,
അതുകൊണ്ടിളകിച്ചാരുമൎമ്മരംപൂണ്ടിരിപ്പതും;
മാന്തോപ്പുകളിൽ മിന്നുന്ന മഞ്ഞക്കിളി കളിപ്പതും;
ചെമ്പോട്ടി പച്ചനിറമാം തന്റെ ചൂളപ്പുരസ്സകം
ഒലിചിന്നുംപടി തനിച്ചിരുന്നു തൊഴിൽ ചെയ്വതും;
ചെമ്പൻതേനീച്ചകളെയാരാഞ്ഞുനോക്കിപ്പിടിച്ചുടൻ
ഈച്ചയെത്തിന്നിടും പക്ഷി കൊത്തിത്തിന്നുകഴിപ്പതും;
ചിത്രരേഖാങ്കിതവപുസ്സണ്ണാനോടിനടപ്പതും;
തത്ത തൻതല പൊന്തിച്ചു നോക്കിത്തീൻ കൊത്തിടുന്നതും;
മഞ്ഞച്ചുടസ്സാക്കിളി മുൾച്ചെടിയിന്മേൽച്ചിലപ്പതും;
പലപലോപരി ചിത്രാങ്കപ്പൊന്മതാൻ പററിനില്പതും;
പോത്തിൻ കൂട്ടങ്ങളിൽക്കൊററി മെല്ലെമെല്ലെ നടപ്പതും;
തങ്കത്തുവൎണ്ണമിയലുമാകാശത്തു പരുന്തുകൾ
ചിറകേതും ചലിയ്ക്കാതെ വട്ടംചുററിപ്പറപ്പതും;
മയിലങ്ങിങ്ങു ചിത്രാഢ്യക്ഷേത്രത്തിങ്കൽപ്പറപ്പതും;
ഓരോ കിണററിലും നീലപ്രാവിനം കുറുകുന്നതും;
ദൂരത്തിലേതോ ഗ്രാമത്തില്ക്കല്യാണോത്സവവേളയിൽ

ചെണ്ടകൊട്ടുന്നതായിട്ടു—മേവം രാജകുമാരകൻ
സൌഖ്യം സുഭിക്ഷതയുമേ ചൊൽവതാക്കണ്ടു സർവ്വവും
സന്തോഷംതേടിനാൻ; പക്ഷേ താൻ ചുഴിഞ്ഞത്ര നോക്കവേ
കണ്ടാൻ ജീവിതമാകുന്ന പനിനീർപ്പൂവിതിന്നുമേൽ
വളർന്നുവന്നുകൂടുന്നതായി മുള്ളുകളങ്ങിനെ:
കറുത്തിരുണ്ടുള്ള കൃഷിക്കാരൻ കൂലിക്കു മാത്രമായ്
വിയർത്തുമുങ്ങിയുംകൊണ്ടു ജീവൻ കൂട്ടിലിരിക്കുവാൻ
ബുദ്ധിമുട്ടുന്നതും; തീപ്പോലുള്ള വെയിലത്തുവെച്ചവൻ
പട്ടിന്നു നേരാം ചണ്ണക്കു തച്ചും വെച്ചുതിരുമ്മിയും
വൻകണ്ണേഴും കാളകളെ വല്ലാതോടിച്ചിടുന്നതും;
ഓന്തെറുമ്പുകളെത്തിന്നു ജീവിക്കുന്നതു;മാവിധം
ഓന്തിനെപ്പാമ്പു,മവയെപ്പരുന്തും തിന്നിടുന്നതും;
പൊന്മ റാഞ്ചിയ മത്സ്യത്തെക്കഴു തട്ടിപ്പറിപ്പതും;
കുരുകിൽപ്പക്ഷി തേടുന്ന ബുൽബ്ബുലങ്ങള,തേവിധം
മിന്നും തേനീച്ചനിരയെപ്പിടിപ്പാനുന്നിടുന്നതും.
ഈമട്ടൊന്നിനെ മറ്റൊന്നു കൊന്നിടും, വെറെയൊന്നിനാൽ
അതു ചാവു,മിതാണെല്ലാദ്ദിക്കിലും കാണ്മതൊപ്പമെ.
അതിനാൽ ഭംഗിയേറുന്നീത്തിരശ്ശീലക്കകത്ത,ഹോ!
നടക്കുന്നുണ്ടു വലുതാം കള്ളപ്പോരൊന്നു ഘോരമായ്;
വെറുംപുഴുക്കൾ തൊട്ടിട്ടു മനുഷ്യൻ വരെയൊപ്പമേ
തമ്മിൽത്തമ്മിൽക്കൊൽകതന്നെ പണി ജന്തുക്കളേതിനും,
മനുഷ്യൻ കൊന്നിടും പിന്നെത്തൻ ചങ്ങാതിയെയും സ്വയം.
വിശന്നു കണ്ണുപൂട്ടുന്നോ,നവൻതൻ പൂട്ടുകന്നുകൾ,
അവയ്ക്കു വൻനുകം പേറി വടുകെട്ടിന താടകൾ,

ജീവിച്ചിരിപ്പതിന്നുള്ള സംരംഭ,മതുകാരണം
എല്ലാജ്ജീവികളും തമ്മിലുള്ള മത്സര,മെന്നിവ
കണ്ടുനിന്നങ്ങു സിദ്ധാർത്ഥൻ ദീർഗ്ഘനിശ്വാസമിട്ടുപോയ്.
"ഇതാണോ ഭാഗ്യസമ്പൂർണ്ണഭൂമിയെന്നെന്നെയിന്നിവർ
കാണിക്കുവാൻ കൊണ്ടുവന്നതീ? കൃഷീവലജീവിതം
തോന്നും മധുരമാ,യെന്നാലെത്രയേറെപ്പുളിപ്പതാം.
എത്ര കഷ്ടം കാളകൾക്കും കാണും തൊഴിൽ, ഭയങ്കരം
കുററിക്കാട്ടിലുമേ ശക്താശക്തന്മാർതമ്മിൽ മത്സരം.
ആകാശത്തിലുമെന്തെല്ലാം കള്ളസ്സൂത്രം, ജലത്തിലും
വ്യത്യാസമില്ല,ഹോ!—നിങ്ങൾ നീങ്ങിനില്ക്കുവിനൊന്നിനി
ഞാനിങ്ങു നിങ്ങൾ കാട്ടിത്തന്നതിനെപ്പററിയിപ്പൊഴേ
നിർബ്ബാധമായ് വിചാരിച്ചുനോക്കട്ടേ" എന്നുരച്ചവൻ,
ബുദ്ധദേവൻ മഹാത്മാവ,ങ്ങൊരു ഞാവൽക്കു കീഴിലായ്,
അവിടത്തെദ്ദിവ്യബിംബമിന്നും കാണുന്ന മാതിരി,
ചമ്രംപടിഞ്ഞിരുന്നിട്ടു, ജീവിതവ്യാധിദാരുണം
എങ്ങുനിന്നു പുറപ്പെട്ടി,തെന്തിതിന്നൊരൗഷധം,
എന്നിതൊന്നാമതായിട്ടു മനനം ചെയ്തുകൊൾകയായ്;
അത്ര വമ്പിച്ചൊരലിവും ജീവിസ്നേഹമഹത്ത്വവും
വേദനയ്ക്കു സമാധാനം വരുത്താനത്ര വാഞ്ഛയും
വളരെത്തിങ്ങിനിറയും വസുധേശകുമാരകൻ
ആനന്ദപൂരിതാത്മാവാംമാറു, ജീവേന്ദ്രിയങ്ങളാൽ
ആത്മാവിന്മേൽപ്പിടിക്കുന്ന കറ തേച്ചുകളഞ്ഞുടൻ,
ധർമ്മമാർഗ്ഗത്തിലാദ്യത്തെപ്പടിയാം ധ്യാനമാണ്ടുതേ.

അന്നേരമഞ്ചു ദിവ്യന്മാർ മേൽഭാഗത്തിങ്കലൂടവെ
പറന്നിരുന്നിത, വരാ വൃക്ഷത്തിൻ മോളിലെത്തവെ
സ്വതന്ത്രമായ്‌ച്ചരിയ്ക്കുന്ന ദിവ്യച്ചിറകുലഞ്ഞുപോയ്.
"എന്തുഗ്രയാം ശക്തിയാണു കീഴ് വലിപ്പതു നമ്മളെ",
എന്നുചോദിച്ചു; ദിവ്യന്മാക്കറിയാം ദിവ്യശക്തികൾ
ഏതുമട്ടുള്ളതും, പുണ്യാത്മാക്കൾതൻ സന്നിധാനവും.
അതിനാലവർ കീഴ്പ്പോട്ടു നോക്കിക്കണ്ടിതു ബുദ്ധനെ,
പനിനീർപ്പൂനിറംപൂണ്ട പരിധിച്ചാർത്തൊടങ്ങിനെ
ലോകസംരക്ഷയെപ്പററിച്ചിന്തയുംപൂണ്ടിരിപ്പതായ്.
അന്നേരമാ വനാന്തത്തിൽനിന്നുണ്ടായൊരു ഭാഷിതം,
"ഋഷിമാരേ! ധരിച്ചാലുമിക്കാണും ദിവ്യനാണിനി
ലോകാനുഗ്രഹകാര്യത്തെ നിറവേററാനിരിപ്പവൻ.
ഇറങ്ങി നിങ്ങൾ വന്ദിപ്പി"നെന്നു കേട്ടവർ ദേവകൾ,
അവിടെച്ചെന്നു ചിറകം ചുരുക്കിക്കൊണ്ടു, ഭംഗിയിൽ
സ്തുതിച്ചുപാടിനാർ പാട്ടൊന്നെ; ന്നിട്ടിശ്ശുഭവാർത്തയെ
ദേവന്മാക്കറികത്തെത്തിച്ചീടാൻ യാത്രതുടന്നുതേ.

പിന്നീടൊരാൾ, മഹാരാജാവരുളിച്ചെയ്കയച്ചവൻ,
തിരഞ്ഞുംകൊണ്ടു വന്നെത്തിക്കണ്ടാൻ നൃപകുമാരനെ,
നട്ടുച്ചയും കഴിഞ്ഞിട്ടു, മാദിത്യൻ ചരമാദ്രിയിൽ
ചെല്ലാനടുത്തിട്ടു, മതേമട്ടിൽ ധ്യാനിച്ചിരിപ്പതായ്.
നീണ്ടിത്തുടങ്ങിയങ്ങുള്ള നിഴലാം നിഴലൊക്കയും;
എന്നാലുമാ ഞാവലിന്നുള്ളതുമാത്രമൊരേവിധം
നിന്നു; തന്തിരുമേനിയ്ക്കു മേൽഭാഗത്ത, ക്കരശ്മികൾ
ചെരിഞ്ഞുവന്നിട്ടാദ്ദിവ്യശിരസ്സിൽത്തട്ടിടാപ്പടി.

ആക്കാഴ്ച കണ്ടുനില്ക്കുമ്പോൾ കേട്ടാനാ രാജകിങ്കരൻ
ഞാവൽപ്പൂക്കൾക്കിടയിൽനിന്നീവണ്ണമൊരു ഭാഷിതം:

"അതേവിധം തന്നെയനങ്ങിടാതെ-
യിരുന്നുകൊള്ളട്ടെ നൃപാലപുത്രൻ;
മാറീടുകില്ലെൻ നിഴലായവന്റെ
മനസ്സിൽനിന്നീ നിഴൽ നീങ്ങുവോളം."

## രണ്ടാം സൎഗ്ഗം.

---

പ്രായം നമ്മുടെ ദേവന്നു പതിനെട്ടായ നാൾ നൃപൻ
കല്പിച്ചാൻ മൂന്നു വമ്പിച്ച രാജധാനികൾ തീൎക്കുവാൻ;
ചതുരംചെത്തി നന്നാക്കിയുള്ള നല്ല തുലാങ്ങളും
ദേവതാരത്തിനാലുള്ളിൽത്തട്ടുമായ്, ചൂടണപ്പതായ്,
വൎഷകാലത്തിലെയ്ക്കൊന്നും; വേനൽക്കു കുളിർചേൎപ്പതായ്,
ചിത്രവൎണ്ണമെഴും വെണ്ണക്കല്ലുകൊണ്ടേ പടുത്തതായ്,
മറ്റൊന്നും; മത്തുപോലൊന്നു, ചൂളവെച്ചുള്ളൊരിഷ്ടിക
പടുത്തുണ്ടാക്കി, നീലച്ചുള്ളോടും മേഞ്ഞു, സുഖപ്രദം
ചമ്പകം പൂത്തുകാണുന്ന വസന്തൎത്തുവിലെയ്ക്കുമായ്;
'ശുഭം', 'സുരമ്യം', 'രമ്യം', മൂന്നേവം പേർചേൎന്ന മേടകൾ
നിൎമ്മിച്ചിതധികാരസ്ഥ;രവ മൂന്നിന്നു ചുറ്റിലും
കൌതുകപ്രദമായ് പൂത്ത പൂങ്കാവുകൾ വിളങ്ങിതെ;

വളഞ്ഞൊലിച്ചു പൂഞ്ചോലക്കൂട്ടം, കസ്തൂരിതൻ മണം
വീശും വള്ളിക്കുടിലുകൾ നീളെ നില്പായ, താതിടം
അസംഖ്യം ശോഭനാരാമമണ്ഡപങ്ങൾ മനോജ്ഞമായ്
പച്ചപ്പുല്ലു നിറഞ്ഞുള്ള മൈതാനങ്ങളുമാന്നുതാൻ;
അവയ്ക്കിടയിലിഷ്ടത്തിനൊത്തു സിദ്ധാർത്ഥനങ്ങിനെ
മണിക്കൂറിനുമോരോരോ പുത്തൻ പുത്തൻ രസങ്ങളായ്
ആഹ്ലാദിച്ചാൻ; സുഖാപൂർണ്ണമായ്ത്തോന്നീ പല വേളയും:
യൌവനത്തള്ളലിൽ വിലവായ്ക്കുന്നൊന്നല്ലി ജീവിതം?
എന്നാൽ തൻധ്യാനനിഴൽകൾ വരുമാറുണ്ടു പിന്നെയും;
തടാകത്തിൽ വിളങ്ങുന്ന വെള്ളിജ്യോതിർനിറം ജലം
മേഘങ്ങൾ പാഞ്ഞുപോകുമ്പൊളൊന്നു മങ്ങുന്ന മാതിരി.

തൻമകനുള്ളൊരാമട്ടു കണ്ടറിഞ്ഞു മഹീപതി
മന്ത്രിമാരെ വിളിച്ചേവമരുളിച്ചെയ്തിതേകദാ:—
"കാത്തുനോക്കുള്ള ഭവാന്മാരാ വൃദ്ധർഷിയരുൾചെയ്തതും,
എന്റെ ദൈവജ്ഞരെല്ലാരും മുൻകൂട്ടിച്ചൊല്ലിവെച്ചതും,
എനിയ്ക്കെൻ ജീവരക്തത്തെക്കാളും പ്രിയമെഴുന്നവൻ,
എന്നുണ്ണി, യവനിപ്പാരിനെല്ലാമീശ്വരനായ്വരും;
സ്വശത്രുക്കളെത്താൻകാൽച്ചവിട്ടിൽത്താഴ്ത്തിയിട്ടവൻ
രാജാധിരാജനായ്ത്തീരുമെന്നി—ത്തോർമ്മയിലുണ്ടുമെ;—
അല്ലെങ്കിലാത്മസന്ന്യാസം വ്രതങ്ങളിതി ദുഃഖദം
നികൃഷ്ടവഴിയിൽക്കൂടെപ്പോയ്പ്പോകുമവനെന്നതും.
ആവശ്യമുള്ളതെല്ലാം വിട്ടെറിഞ്ഞിട്ടെന്തു നന്മയോ
സമ്പാദിപ്പാനിരിയ്ക്കുന്നു, ശരിയായാർക്കറിഞ്ഞിടാം.
എന്നാലിപ്പോഴമിയ്യെന്റെ കൊട്ടാരങ്ങളിൽ വാഴ്കിലും

അവന്റെ കണ്ണു പോകുന്നിതാ വഴിയ്ക്കെന്നു നിശ്ചയം.
നിങ്ങളെല്ലാം മഹാത്മാക്കളുപദേശിപ്പിനെന്തു ഞാൻ
ചെയ്യേണ്ടു മാനമേറുന്ന വഴിയ്ക്കു തിരിയാനവൻ,
അതേമാൎഗ്ഗത്തിലൂടെത്താനെന്നും പൊയ്ക്കൊണ്ടിടേണ്ടവൻ;
രാജ്യഭാരം നടത്താനുണ്ടിഷ്ടമെന്നാൽ ബ് ഭരിയ്ക്കുവാൻ
പാരൊട്ടുക്ക കൊടുത്തുള്ളാബ് ഭാഗ്യ ചിഹ്നങ്ങളൊക്കയും
സത്യങ്ങളായ് ഭവിയ്ക്കാനുമെന്തു ചെയ്യേണ്ടു ചൊല്ലുവിൻ."

അവരിൽ പ്രായമെറുന്നൊരാളുത്തരമുണൎത്തിനാൻ,
"ഹേ, മഹാരാജ! നിസ്സാരമാമിദ്ദുശ്ശീലമൊക്കയും
രാഗാനുഷക്തിയാൽ വീങ്ങു; മതിനാലവിടുന്നുടൻ
അവനുള്ളോരലസമാം മനസ്സിൻ നാലുഭാഗവും
മോഹനം സ്ത്രീവിലാസങ്ങളാകുന്ന വല കെട്ടണം.
ഈ ശ്രേഷ്ഠശീലനാം ബാലനെന്തറിഞ്ഞിതിതേവരെ
വിണ്ണും മറന്നുപോം മട്ടിലുള്ള കണ്ണിൻ വിലാസവും,
അമൃതാം ചുണ്ടു, മാൎന്നുള്ള സൌന്ദൎയ്യമഹിമാവിനെ.
തിരഞ്ഞെടുത്തു നല്കീടുകാരോമൽപ്പത്നിമാരെയും,
അവിടേയ്ക്കു കളിപ്പാനായ്, നല്ല സുന്ദരിമാരെയും.
വിച്ഛളച്ചങ്ങലയ്ക്കുള്ളിൽ നിത്താനങ്ങു കുഴങ്ങവെ,
ആച്ഛിന്ന കുന്തലാൽ മെല്ലെക്കെട്ടീടുമൊരു പെണ്‍കൊടി,

അതു കേട്ടിട്ടഖിലരും കാൎയ്യമെന്നു നിനച്ചതെ,
എന്നാൽ നൃപൻ ചൊല്ലി:—"നമ്മളവന്നായ് പത്നിമാൎകളെ
തിരഞ്ഞെടുക്കയാണെന്നാലവനിഷ്ടപ്പെടാതെയാം.

പ്രേമത്തിൻ നോട്ടമന്യന്മാർ കരുതീടുന്ന മാതിരി
അല്ലാതെയാം പലപ്പോഴും; നാമായവനു ചുററിലും
സുന്ദരാംഗികളാകുന്നൊരാരാമത്തെ നിരത്തിടാം,
അതിലിഷ്ടപ്പെട്ടും പുഷ്പമറുക്കാമെന്നിവണ്ണമായ്;
എങ്കിലും താൻ മുമ്പറിഞ്ഞിട്ടില്ലാത്ത തരമാസ്സുഖം,
പുഞ്ചിരികൊണ്ടു സന്തുഷ്ട്യാ വേണ്ടെന്നും വെയ്ക്കുമായവൻ."
അന്നേരമതിൽ വേറിട്ടൊരാൾ ചൊന്നാ, "നെന്നിരിയ്ക്കിലും,
ഏതു ബാണത്തിനാൽച്ചാകാനാകുന്നു വിധിയെങ്കിലോ,
ആ ബാണം പാഞ്ഞുചെൽവോളം നടപ്പൂ വരസിംഹവും.
തൻ താഴെയാം മഹാത്മാക്കൾക്കെന്ന പോലവിടേയ്ക്കുമെ
ഒരു സുന്ദരിയുണ്ടാകും തൻമനസ്സു മയക്കുവാൻ,
തനിയ്ക്കും സ്വപ്നമായ്ത്തോന്നാനുണ്ടാകുമൊരു നന്മുഖം;
ഒരു പൂമേനി കാണുമ്പോൾ തോന്നും സൌന്ദര്യപൂർണ്ണമായ്;
അതിന്നു മുൻവശത്തിപ്പാരുണത്ത്വും സുപ്രഭാതവും
അവന്നു മന്ദപ്രഭമാം;മിതു ചെയ്ക, നൃപാലക!
ഉത്സവം നിശ്ചയിയ്ക്കുക,തിനൊന്നൊഴിയാതെതാൻ
ഈ നാട്ടിലെക്കന്യകമാർ വന്നൊത്തഴകു, യൌവനം,
'ശാക്യന്മാരിൽ നടപ്പുള്ള നാനാകളികളെ,ന്നിതിൽ
എല്ലാററിലുമിണക്കത്തു കാട്ടട്ടേ; കൊച്ചുതമ്പുരാൻ
ജയിച്ചവർക്ക് സമ്മാനം കൊടുപ്പാനുമുറയ്ക്കുക.
എന്നാൽത്തന്നുടെ മുൻഭാഗത്തിങ്കലൂടെ യഥാക്രമം
വിജയം കിട്ടിയിട്ടുള്ള മനോജ്ഞാംഗികൾ പോകവെ,
തൻകോമളക്കവിളിൽ നില്ക്കുന്നൊരുന്മേഷഹാരിയെ
ഒന്നുരണ്ടെങ്കിലും പേർകൾ മാററിക്കളയുമെങ്കിലോ,

അത്ര സൂക്ഷിച്ചറിഞ്ഞീടാൻ ചിലർ നില്ക്കട്ടെ, യാവിധം
പ്രേമത്തിൻ തനതാം കണ്ണാൽ പ്രേമത്തിൻ വിഷയത്തിനെ
തിരഞ്ഞെടുക്കാം നമ്മൾക്കും, വിധം തന്തിരുമേനിയെ
ഉപായത്തിലുകൊണ്ടുചെന്നു ചാടിയ്ക്കാം ഭാഗ്യവീഥിയിൽ."
ഈക്കാൎയ്യം കേട്ടവൎക്കൊക്കെശ്ശരിയാണെന്നു തോന്നിതേ.
ആമട്ടൊരു ദിനം കൊട്ടിയറിയിച്ചിതു നീളെയും:
സൌന്ദൎയ്യവും യൌവനവുമുള്ള കന്യകളൊക്കയും
കൊട്ടാരത്തിൽ നടത്തീടുന്നുത്സവത്തിന്നു ചെല്ലണം.
സൌന്ദൎയ്യവതിമാൎക്കേകും സമ്മാനം കൊച്ചുതമ്പുരാൻ;
എന്തെങ്കിലും വിലപ്പെട്ടുള്ളൊന്നെല്ലാൎക്കും ലഭിച്ചിടും,
മേലേക്കിട കിടച്ചോൎക്കു കിട്ടും സമ്മാനമുത്തമം.
ഈ രാജശാസനം കേട്ടിട്ടൊപ്പം 'കപിലവസ്തു'വിൽ
മേവും കന്യകമാരെല്ലാം കൊട്ടാരത്തിൻ പടിയ്ക്കലായ്:
അപ്പോൾത്തന്നേ കുളിച്ചിട്ടു കരിങ്കാർകുഴൽ ഭംഗിയിൽ
പുത്തനായ് ചീകി മിനുസപ്പെടുത്തിക്കെട്ടിയേവരും,
കണ്ണിൽസ്സുറുമയിട്ടോൎ, മൽഗ്ഗന്ധദ്രവ്യങ്ങൾ പൂശിയും,
വിലപ്പെട്ടവയായ് മിന്നും പട്ടുവസ്ത്രങ്ങൾ ചാൎത്തിയും,
ഇളംകൈകാലടികളിൽത്തേച്ചും ചെഞ്ചായമപ്പൊഴേ,
ചെന്നെത്തി, തിലകപ്പൊട്ടു കുത്തിമിന്നിച്ചുമങ്ങിനെ.
ചാരുകന്യകമാർ ചേൎന്നൊത്തന്നൊരുത്സവമായിതേ,
അവർ സിംഹാസനത്തിൻെറ മുൻവശത്തൂടെ മെല്ലവെ
കറുത്തു നീണ്ടെഴും കണ്ണു കീഴ്പ്പതിച്ചു നടന്നു, ഹാ!
ആ രാജസന്നിധാനത്തിലുണ്ടാം പേടിയിലും തുലോം
അവൎക്കു നെഞ്ചിടിപ്പേകീ രാജപുത്രൻെറ ദൎശനം;

അവിടുന്നത്രയും ഭാവഭേദമില്ലാതെ മേവിനാൻ,
സൌമ്യനാണെങ്കിലുമവൎക്കത്രയും മീതെയായുമെ.
ഓരോ കന്യകയും ചെന്നു നേരെ നോക്കാൻ ഭയത്തൊടും
കണ്ണു കീഴെ പതിച്ചാത്മസമ്മാനം സ്വീകരിക്കയായ്.
ജനങ്ങളേറെ ലാവണ്യവതിയാകുമൊരുത്തിയെ
മററുള്ളവരിൽവെച്ചെല്ലാം രാജപ്രീതിക്കു പാത്രമായ്
വാഴ്ത്തിയാലവളോ, പേടിച്ചൊരു മാനിന്റെ മാതിരി,
തൃക്കയ്യിൽനിന്നു കിട്ടാനായ് നില്ക്കും, കിട്ടിയ മാത്രയിൽ
പാഞ്ഞു കൂട്ടത്തിലുൾപ്പുക്കും, തദനുഗ്രഹസാധ്വസാൽ;
അത്രക്കു ദിവ്യനായ്ത്തോന്നു, മത്രക്കുന്നതമട്ടിലും,
ഋഷിപോലവിടുത്തെത്തൻ നിലവിട്ടത്ര മീതെയും.
അതിന്മട്ടാപ്പുരിയിലെപ്പൂക്കളാമുജ്ജ്വലാംഗികൾ
എല്ലാരുമൊററയ്ക്കൊററയ്ക്കായ് ക്രമാൽച്ചെന്നിതു കന്യമാർ.
ഈസ്സുന്ദരിപ്പെൺകൊടിമാരെല്ലാവരുടെ കൂട്ടവും
അവസാനിച്ചനിലയായ്, സമ്മാനങ്ങൾ കൊടുക്കലും.
അന്നേരം വന്നിതു 'യശോധര'യെന്ന കുമാരിയാൾ.
മിന്നിത്തിളങ്ങുമാക്കന്യ ചെൽകവേ, പാശ്വവാസികൾ
ഒന്നു ഞെട്ടിയതായ്ക്കണ്ടു കൊച്ചുരാജകുമാരനെ.
സ്വൎഗ്ഗസ്ത്രീവടിവ,ന്തസ്സിൽപ്പാൎവ്വതിക്കൊത്ത യാനവും,
ഇണക്കൂടിയ പെണ്മാനിൻ കണ്ണുപോലുള്ള കണ്ണുകൾ,
മനസ്സിനെ മയക്കുന്നൊരവാച്യമുഖഭംഗിയും,
തികഞ്ഞുകാണുമാത്തയ്യൽ മാത്രം കൈകെട്ടിയങ്ങിനെ,
ആക്കുമാരന്റെ നോട്ടത്തിൻ നേൎക്കുതാനനിമേഷമായ്
തന്നുയൎന്ന കഴുത്തേതും ചായ്ക്കാതേകണ്ടു നോക്കിനാൾ.

"സമ്മാനമൊന്നെനിക്കുണ്ടോ?" എന്നു ചോദിച്ചുകൊണ്ടവൾ
ഒരു പുഞ്ചിരിയിട്ടാ;ളന്നേരമോതീ നൃപാത്മജൻ:
"കഴിഞ്ഞുപോയിതെല്ലാ,മെങ്കിലുമിദ്ധന്യപട്ടണം
അഭിമാനിച്ചുപോരുന്ന സൌന്ദൎയ്യവതിയായ നീ
അതിന്നു പകരം വാങ്ങിക്കുകിതെ,ൻ പ്രിയസോദരി".
എന്നും പറഞ്ഞു സിദ്ധാൎത്ഥൻ പച്ചക്കല്ലണിമാലയെ
കഴുത്തിൽനിന്നഴിച്ചിട്ടു, പട്ടൊത്തേറെ മിനുത്തതായ്
കറുത്തതാം നിതംബത്തിൻ ചുററുമിട്ടുകൊളുത്തിനാൻ;
രണ്ടുപേരുടെയും നോട്ടമപ്പോൾത്തമ്മിലിടഞ്ഞുതേ,
ആ നോട്ടം മൂലമുണ്ടായീ രണ്ടാൾക്കുമനുരാഗവും.

പിന്നീടു കാലമേറെച്ചെന്നാത്മജ്ഞാനം തികഞ്ഞമേൽ,
തന്നുള്ളെന്താവിധം 'ശാക്യ'കന്യതന്നൊററ നോക്കിനാൽ
കാമച്ചൂടേല്ക്കുവാനെന്നു ചിലർ ചോദിച്ച കാരണം,
അരുളിച്ചെയ്കയുണ്ടായി ബുദ്ധദേവനിതിൻവിധം:—
"ഞങ്ങൾക്കും മററു സൎവ്വൎക്കുമെന്നു തോന്നിയ മാതിരി,
മുമ്പു കണ്ടറിവില്ലാത്തോരായിരുന്നീല ഞങ്ങളും.
പെരുത്തേറെത്തലമുറതൻ മുമ്പേ, കാട്ടിലേക്കടാ
'കാളിന്ദി'യുടെ തീരത്തിൽ, 'നന്ദദേവി'യെഴുന്നേടം,
കാട്ടാളകന്യമാരൊത്തു കളിച്ചോരു കിരാതജൻ
ദേവതാരങ്ങൾതൻ ചോട്ടിൽ, സ്സന്ധ്യയ്ക്കു മുയൽ കൂട്ടമായ്
വട്ടംപാഞ്ഞുകളിക്കുംപോ,ലവരോടിക്കളിക്കവെ,
അതിൽജ്ജയിപ്പതാരെന്നു നോക്കിയുംകൊണ്ടിരുന്നതേ.
അവൻ താരകനേർപ്പൂക്കൾ ചൂടിച്ചാനൊരു കന്യയെ;

ചിത്രപ്പുള്ളികളാർന്നുള്ള വണ്ടാരക്കോഴിതന്നുടെ
നീണ്ട തൂവൽകളാൽ, ക്കാട്ടുകോഴിയ്ക്കുള്ളവയാലുമേ,
ചാർത്തിച്ചു മറെറാരുവളെ; പ്പിന്നെ വേറിട്ടൊരുത്തിയെ
ദേവതാരത്തരുവിനാ;ലവനിമ്മട്ടിരിയ്ക്കവെ,
ഒട്ടക്കമെങ്കിലും തന്റെ കണ്ണിന്നാദ്യത്തിൽ വന്നതായ്
തോന്നീടുമാറു വന്നെത്തിയൊരു പെൺതയ്യലാൾക്കവൻ,
ഇണങ്ങീട്ടുള്ളതായൊരു മാങ്കിടാവിനൊടൊപ്പമെ,
തന്മനസ്സിങ്കലേന്തീടും പ്രേമത്തെക്കൂടെ നൽകിനാൻ.
പിന്നീടക്കാട്ടിൽ വളരെക്കാലം മേളിച്ചുപാർത്തവർ,
തമ്മിൽപ്പിരിഞ്ഞിടാതേതാൻ മരിച്ചാരാ വനാന്തരെ.
നോക്കു! മഴകൾ കിട്ടാതെ വളരെക്കാലമൂഴിയിൽ
ഒളിഞ്ഞിരിയ്ക്കും വിത്തില്ലേ പിന്നെപ്പൊട്ടിത്തഴപ്പതേ;
ആമട്ടു പുണ്യപാപങ്ങൾ സുഖദുഃഖങ്ങളാവിധം
രാഗദ്വേഷങ്ങളവ്വണ്ണം കൃതകർമ്മങ്ങളൊക്കയും,
വീണ്ടും മിന്നുന്നിലകളോ കറുത്തുള്ളവയോ ചിരാൽ
പൂണ്ടു തട്ടിത്തഴച്ചസ്സൽസ്വാദുള്ള വകയായിയോ,
പുളിപ്പുള്ളവയായിട്ടോ, ഫലിയ്ക്കാതെയിരുന്നിടാം.
ആമട്ടാ വേടപുത്രൻഞാ, നവൾതന്നെ 'യശോധര';
ഈ ജന്മമൃതിയാം ചക്രമോരോന്നു തിരിയുമ്പൊഴും
വരുന്നതൊക്കയും ഞങ്ങൾ രണ്ടാൾക്കും സമമായിടും.

എന്നാൽ സമ്മാനമേകുമ്പൊളാ മന്നവകുമാരനെ
സൂക്ഷിച്ചുനോക്കി നിന്നുള്ളോരങ്ങുണ്ടായവ സർവ്വും
കാൺകയും കേൾക്കയും ചെയ്തിതവരാ, യത്തു കേൾക്കവാൻ

തിട്ക്കപ്പെട്ടിരിക്കുന്ന തമ്പുരാനോടന്നത്തിനാർ;
മഹാനാം 'സുപ്രബുദ്ധ'ൻെറ മകളായ 'യശോധര'
ചെല്ലും വരെയ്ക്കു 'സിദ്ധാൎത്ഥ'നെമ്മട്ടശ്രദ്ധപൂണ്ടുതാൻ
ഇരുന്നിതെന്നു,മവളെശ്ശരിയായ് കണ്ട മാത്രയിൽ
എത്ര മാറിപ്പോയിതെന്നു, മെമ്മട്ടവർ പരസ്പരം
നോക്കിനിന്നാരെന്നു,മാ നൽപ്പൂണ്ടം നൽകിയ മട്ടുമെ,'
പറയുംപോലെ നോട്ടത്താലെന്തുണ്ടായ് തമ്മിലെന്നതും,
എല്ലാം കേൾപ്പിച്ചു;

ചൊന്നാൻ സസ്മിതമാ വത്സലൻ നൃപൻ:
"നോക്കു! വശീകരിപ്പാനുള്ളൊന്നു കണ്ടുപിടിച്ചു നാം;
അതിനെക്കൊണ്ടു ഗഗനാലാ നമ്മുടെ പരുന്തിനെ
വരുത്താൻ വേണ്ടതെന്തെന്നു ചിന്തിക്കിൻ നിങ്ങൾ ചെന്നിനി.
ദൂതന്മാർ പോട്ടെയുണ്ണിക്കായാക്കന്യയെ വരിക്കുവാൻ."
എന്നാൽ പ്രഭുകുഡുംബത്തിൽനിന്നു സൌന്ദൎയ്യയുക്തയായ്,
കാമ്യയാം കന്യയെക്കിട്ടാൻ ചെന്നാവശ്യപ്പെടുന്നവൻ,
വിവാഹപ്രാൎത്ഥനത്തിൽത്തന്നെതിരാമേതൊരാളിലും
മേലെയാം വിരുതുണ്ടാപ്പോർച്ചടങ്ങുകളിലൊക്കവെ
എന്നു കാട്ടണമെന്നാണു ശാക്യവൎഗ്ഗത്തിൽ നിശ്ചയം;
അതിന്നു ഭേദമില്ലേതു രാജാവാണെന്നിരിക്കിലും.
അതിനാലവൾതൻ താതൻ ചൊല്ലീ, "നൃപനൊടോതുവിൻ,
അടുത്തുമകലത്തുംനിന്നവനീശകുമാരകർ
അപ്പെൺകിടാവിനെച്ചോദിക്കുന്നുണ്ടു,വരിലൊക്കയും
മീതെയാ,യവിടെയ്ക്കുള്ള പെരികെസ്സൌമ്യനാം മകൻ

വിൽകുലയ്ക്കുകയും, വാൾവീശുകയും; കൂസലെന്നിയെ
അശ്വത്തെയോടിയ്ക്കുകയും ചെയ്യുമെന്നാ,ലസംശയം
അവിടന്നാകുമെല്ലാരിൽവെച്ചും നല്ലാളു, മേററവും
ഞങ്ങൾക്കിഷ്ടപ്പെടുന്നാളു; മെന്നാലെമ്മട്ടതൊത്തിടും?
അകത്തുനിന്നിറങ്ങാത്തദ്ദേഹത്താലതിനൊക്കുമോ?"
രാജാവിനതു കേട്ടപ്പോളുള്ളിൽസ്സങ്കടമായിതേ;
പാഴാക്കൂടന്നു യാചിച്ചുപോയി രാജകുമാരകൻ
ആ 'യശോധര'യാമോമലാളെ വേളികഴിയ്ക്കുവാൻ—
എവിടെക്കിട്ടുമിങ്ങെല്ലാം വില്ലുക്കും ബഹുമുമ്പനായ്
'ദേവദത്തൻ', തീപ്പറന്നിപ്പടക്കുതിരയാകിലും
ചൊന്നപോലെ നടത്തീടു'മജ്ജുനൻ', വാളെടുത്തതിൽ
തൻതാഴെയാണാരുമെന്ന 'നന്ദ'നെന്നിവർ നില്ക്കവെ.
എന്നാൽ മെല്ലെച്ചിരിച്ചോതി രാജപുത്രൻ, "ഇതൊക്കയും
ഞാൻ പഠിച്ചുള്ളതാണല്ലോ; പരസ്യംചെയ്തുകൊള്ളുക,
അവിടത്തെ മകൻ തന്നെയേല്ക്കും നേരിടുമാരൊടും,
അതാതാൾക്കിഷ്ടമേറുന്ന വിദ്യയെന്തതിലേതിലും.
ഈവക പ്രതിബന്ധങ്ങൾകൊണ്ടെന്നാരോമലാളെ ഞാൻ
കളഞ്ഞുവെന്നായ് വരികില്ലെ, ന്നാണെന്റെ മനോഗതം."
അറിയിച്ചിതു നാടെല്ലാം, "സിദ്ധാത്ഥൻ നൃപനന്ദനൻ
പൌരുഷംകാട്ടിടും മട്ടിലുള്ള വിദ്യകളേതിലും,
തന്നോടു നേരിടാമെന്നു നിനയ്ക്കുന്നേതൊരാളെയും
ക്ഷണിച്ചീടുന്നിതേഴാം നാളതിനായ് വന്നുകൊള്ളുവാൻ;
ജയിയ്ക്കുന്നാൾക്കു സമ്മാനം 'യശോധര'യുമായ്വരും."

അതുപോലഥ ശാക്യന്മാർ പ്രഭുക്കന്മാരശേഷവും,

പട്ടണം നാട്ടുപുറവുമാമെന്നോരാളുകളൊക്കെയും,
ഏഴാം ദിനത്തിൽ വന്നെത്തി മൈതാനത്തിങ്കലങ്ങിനെ.
അലങ്കരിച്ചുമിന്നുന്ന പല്ലക്കിൻ നികരത്തൊടും,
പൊൻപൊതിഞ്ഞുള്ളതാം കൊമ്പും പൂവണിഞ്ഞുള്ള കോപ്പുമായ്
മിന്നും കാളകളോടും, തൻ ബന്ധുക്കളൊടു കൂടിയും,
വിവാഹോചിതമാം വേഷം പൂണ്ടു കന്യകയും തദാ
വാഹനം കേറിയവിടെയ്ക്കെത്തീ നാഗസ്വരത്തൊടും.
രാജാന്വയത്തിലുൾപ്പെട്ട 'ദേവദത്ത'നു,മാവിധം
പ്രഭുത്വമാണ്ടിടും 'നന്ദ',ന'ർജ്ജുനൻ' , രണ്ടുപേരുമെ,
അന്നങ്ങെഴും യുവാക്കന്മാരൊക്കെയും മീതെനില്ക്കുവോർ,
അവളെക്കിട്ടുവാനായിട്ടാവശ്യപ്പെട്ടു നിന്നുതേ
പിന്നീടാപ്പുരുഷാരത്തെക്കണ്ടിട്ടുള്ളത്ഭുതത്തിനാൽ
ഘോഷാരവം മുഴക്കുന്നതായി,'കാന്തക'നാമമായ്,
വെളുത്തതാം, തന്നശ്വത്തിലേറി വന്നു നൃപാത്മജൻ:
രാജത്വത്തിങ്കൽനിന്നേറെത്താഴും നിലയിലായിയും,
രാജാക്കന്മാരനുഭവിക്കുന്നതല്ലാത്ത മാതിരി
ഊണും താമസവും കൊണ്ടു കഴിയുന്നവരാകിലും
സുഖവും ദുഃഖവും പക്ഷെയാമട്ടുള്ളവരായിയും,
കാണുമാജ്ജനസംഘത്തെ നോക്കീ സിദ്ധാർത്ഥനത്ഭുതാൽ.
എന്നാലാരോമലാളാകും 'യശോധര'യെയങ്ങവൻ
കണ്ടപ്പോൾ പുഞ്ചിരിക്കൊണ്ടു, പട്ടണിക്കടിഞ്ഞാണിനെ
ചുരുക്കി, 'കാന്തക'ത്തിന്റെ പെരുംമുതുകിൽനിന്നുടൻ
ചാടിത്താഴത്തിറങ്ങീട്ടു ചൊന്നാനുച്ചത്തിലിങ്ങിനെ:—
"എല്ലാംകൊണ്ടും മീതെനില്ക്കുന്നവനല്ലാതൊരിക്കലും

ഈ മത്സരണം കിട്ടാനിന്നർഹനല്ലീ; മനോജ്ഞയെ
ഞാനാവശ്യപ്പെട്ടതല്ലമേറിപ്പോയെന്നിരിയ്ക്കിലോ,
തെളിയിയ്ക്കട്ടെ വന്നിട്ടതിപ്പോഴെന്നെതിരാളിമാർ.”
ഏവം കേട്ടളവിൽബ്ബാണപ്രയോഗംകൊണ്ടു നോക്കുവാൻ
വിളിച്ചു ‘നന്ദ’ നെ; നിട്ടു പിച്ചളച്ചെണ്ടയൊന്നവൻ
കൊണ്ടുറപ്പിച്ചുവെച്ചാനൊന്നര യോജന ദൂരവെ.
അത്ര ദൂരത്തുതാൻ വെച്ചി‘തർജ്ജുനൻ’; ‘ദേവദത്ത’ നോ
രണ്ടു യോജന ദൂരത്തും; ‘സിദ്ധാർത്ഥൻ’ നൃപനന്ദനൻ
അപ്പോൾത്താൻ ലക്ഷ്യമാം ചെണ്ട കണ്ടാൽക്കവിടിതന്നെയായ്
തോന്നുമാറങ്ങു നിന്നേടം വിട്ടു രണ്ടര യോജന
ദൂരത്തു കൊണ്ടുപോയ്വെപ്പാനായിട്ടത്തരവേകിനാൻ.
എന്നിട്ടമ്പു വലിച്ചെയ്തിതവർ; ‘നന്ദ’ ന്റെയാശ്ശരം
തുളച്ചു തൻ ചെണ്ട; തന്റെ ‘തർജ്ജുന’ന്നുള്ള ബാണവും;
‘ദേവദത്തൻ’ തനിയ്ക്കുള്ളോരമ്പുന്നംനോക്കിയെയ്തുവെ,
അതവന്നുള്ള ലക്ഷ്യത്തെത്തുളച്ചു രണ്ടു ഭാഗവും.
അതു കണ്ടു ജനക്കൂട്ടം വിസ്മയാന്വിതമാർത്തുപോയ്.
അപ്പോൾപ്പേടിച്ചു, കൺ രണ്ടുമോമലാളാം ‘യശോധര’
തന്നാത്മനാഥനാം രാജകുമാരന്റെ പരാജയം
വന്നുകാണരുതെന്നായ്, പ്പൊൻചേലകൊണ്ടിട്ടു മൂടിനാൾ.
എന്നാലവൻ ചായമിട്ടങ്ങുറപ്പിൽക്കെട്ടുമുള്ളതായ്,
നല്ലതാം പാത്തിയും വെള്ളിക്കമ്പിയാം ഞാണുമുള്ളതായ്,
ഒന്നാന്തരം കരുത്തുള്ള കൈകൊണ്ടല്ലാതൊരിയ്ക്കലും
ഒരു ചാണും വളയ്ക്കാൻ വയ്യാത്തതായ്,ന്നതേവരെ
മററുള്ളോരുപയോഗിച്ചാ വില്ലെടുത്തൊച്ചനോക്കിനാൻ.

മെല്ലെച്ചിരിച്ചെയ്യാച്ചുറപ്പെട്ട കമ്പി പിടിച്ചവൻ,
തല രണ്ടും കൂട്ടിമുട്ടുംമാറിട്ടഥ വലിയ്ക്കവെ,
കനത്തിലുള്ളതിൻ പള്ള പൊട്ടിപ്പോയീ പൊടുന്നനെ.
അതുനേരത്തവൻ, “വേണ്ടില്ലിതു നന്നു കളിയ്ക്കുവാൻ,
ഈക്കാൎയ്യത്തിന്നുപററില്ലി; ങ്ങിനിയാരുടെ പക്കലും
‘ശാക’പ്രഭുക്കന്മാൎക്കല്ലുമുപയോഗിച്ചിടാവതായ്
ഇതിലും നല്ല വില്ലില്ലേ?” എന്നു താനരുൾചെയ്യവെ,
ഒരാൾ പറഞ്ഞാ, “നാ‘സ്സിംഹഹനു’ തന്നുടെ കാൎമ്മുകം
ഇരിപ്പുണ്ടമ്പലത്തിങ്ക,ലെന്നുതൊട്ടെന്നൊരുത്തനും
അറിഞ്ഞുകൂടാ,യതാൎക്കും ഞാണിടാനേ കഴിഞ്ഞിടാ,
ഞാണിട്ടാലും വലിച്ചെയ്യാൻ വയ്യൊരുത്തനു,”മെന്നവൻ
ചൊൽകവേ, “കൊണ്ടുവന്നാലുമെനിയ്ക്കാപ്പുരുഷായുധം,”
എന്നാനരക്കെസ്സിഡോത്ഥ; നതു കേട്ടങ്ങെഴുന്നവർ
എടുത്തു കൊണ്ടുവന്നാരാച്ചാപമേറെപ്പുരാതനം.
കറുത്തുള്ളൊരുരുക്കാലെ ഭംഗിയിൽപ്പണിചെയ്യതായ്,
കാട്ടുപോത്തിൻ കൊമ്പിനൊത്ത ചിനച്ചങ്ങളിലെങ്ങുമെ
ത്തങ്കരേഖ പതിച്ചുള്ളാ വില്ലെടുത്തൊന്നുരണ്ടവൻ
കാൽമുട്ടിന്മേൽ വെച്ചുറപ്പു പരീക്ഷിച്ചുരിയാടിനാൻ,
“ഇതുകൊണ്ടെന്തുനോക്കീടുകെ”ന്നാ വില്ലാളിമാരൊടായ്.
അവൎക്കാ രണ്ടു തലയുമൊരു കയ്യിടയെങ്കിലും
ഉലച്ചുനോക്കാൻ സാധിച്ചില്ലപ്പൊഴക്കൊച്ചുതമ്പുരാൻ,
അല്പം കുനിഞ്ഞുനിന്നുംകൊണ്ടതു നന്നായ്വളച്ചുടൻ,
അതിൻ കൊഴായയിൽച്ചേൎത്തു ഞാണിൻ കോടികൾ രണ്ടുമേ.
എന്നിട്ടാ ഞാണു കൈകൊണ്ടു പിടിച്ചൊന്നാഞ്ഞുലയ്ക്കവെ,

കഴുകിൻ ചിറകാകാശത്തുണ്ടാക്കുമൊലിപോലവെ,
അതിൽനിന്നുളവായ് വ്യക്തമായുള്ളോരൊച്ച മെച്ചമായ്.
"എന്തു ശബ്ദമിതെ"ന്നങ്ങു ചെല്ലാൻ വയ്യാതതാതിടം
സ്വഗൃഹങ്ങളിൽ വാഴുന്നോരന്നന്വേഷിച്ചുനോക്കവെ,
"അതു സാക്ഷാൽ 'സിംഹഹനു'വിൻെറ വില്ലിൻെറ ശബ്ദമാം;
ആ വിൽ കുലച്ചു രാജാവിൻ മകനെയ്യുകയാണതാ!"
എന്നോതിനാർ കേട്ടജനം; മന്നേരത്തൊരു സായകം
പാറുന്നതായെടുത്തിട്ടു തൊട്ടത്തെയ്തീടിനാനവൻ.
അതാകാശം പിളർന്നെത്തിയാദൂരത്തുള്ള ചെണ്ടയെ
തുളച്ചുകേറിയുംകൊണ്ട,ങ്ങൂക്കു നില്ക്കാതെ പാഞ്ഞുപോയ്,
മൈതാനമതു പിന്നിട്ടിട്ടാർക്കും കാണാത്തിടത്തിലായ്.

പിന്നീടു വാൾപ്പയററിന്നു വിളിച്ചാൻ 'ദേവദത്ത'നും.
അവനാറംഗുലം വണ്ണമുള്ളതായ കരിമ്പന
മുറിച്ചിട്ടാ,നർജ്ജുനൻതാനേഴെ,മ്പതഥ 'നന്ദ'നും.
എന്നാൽ 'സിദ്ധാർത്ഥ'നാമട്ടൊരിരട്ടപ്പനയൊപ്പമേ
വാളാലൊരൊററ വീശൽക്കു മുറിച്ചാൻ രണ്ടു കഷ്ണമായ്
എന്നാലുമാത്തീക്ഷ്ണഖഡ്ഗം മെല്ലെയായ്ച്ചെന്നു കൊൾകയാൽ
മുറിഞ്ഞിട്ടും മരത്തിൻെറ തടി വീഴാതെ നിന്നതേ.
അതു കാൺകെ, "ഞണങ്ങിപ്പോയ് വാളിൻ വാസ്ത്തല"യെന്നുടൻ
ആർത്തു 'നന്ദൻ'; കന്യയാളുമാ മരങ്ങളതേവിധം
നേരെ നില്ക്കുന്നതായ്ക്കണ്ടു ഭീതിപൂണ്ടിതു വീണ്ടുമെ.
ഒടുക്കമംബരത്തിങ്കൽ നിന്നു നോക്കുന്ന ദേവകൾ
മെല്ലെയൂതിയ കാറെറാന്നു തെക്കുനിന്നങ്ങടിയ്ക്കവെ,

പച്ചക്കിരീടമാണ്ടുള്ളപോലെഴും തല രണ്ടുമെ
ങ്കീരുപോലററു ശബ്ദിച്ചുംകൊണ്ടാ മണലിൽ വീണുപോയ്.

അതും കഴിഞ്ഞതിൽപ്പിന്നെക്കൊണ്ടുവന്നീടിനാരവർ
പുണ്ണവാച്ചൈത്രയോ മുന്തും ജാതിയായ ഹയങ്ങളെ.
അവമേലേറിയുംകൊണ്ടു മൈതാനം മൂന്നു ചുററിനാർ.
എന്നാൽ 'ക്കാന്തക'മെന്നുള്ളാ വെള്ളക്കുതിരയില്ലയോ
അതു മററെത്ര വേഗത്തിലോട്ടും കുതിരയേയുമെ
വളരെപ്പിന്നിലാക്കിക്കൊണ്ട,തിൻ വായ്നുര ഭൂമിയിൽ
വീഴുന്ന മുമ്പിരുപതു കുന്തപ്പാടു കടന്നുപോയ്.
എന്നാലോതീടിനാൻ 'നേന്ദ', "നീ 'ക്കാന്തക'മൊടൊപ്പമായ്
നല്ല വാജികളുണ്ടെങ്കിൽ ഞങ്ങളും ജയമാണ്ടിടും:
സവാരി ശീലമാക്കാത്തൊരശ്വത്തിനെ വരുത്തുവിൻ,
നന്നായതിനെയോടിപ്പതാരെന്നാളുകൾ നോക്കണം."
എന്നു കേട്ടിട്ടു കുതിരക്കാരു പോയിട്ടു തൽക്ഷണം
രാവിൻ കറുപ്പും, കൊടുതാം കണ്ണും, വലിയ മൂക്കുമായ്,
പിറിപ്പുരത്തിയിട്ടുള്ള കുഞ്ചിരോമങ്ങളുള്ളതായ്,
ജീനി കാണാതെയും ലാടൻ തറയ്ക്കാതെയുമുള്ളതായ്,
ആരുമന്നേവരെക്കേറാത്തു,ള്ളാൺകുതിരയൊന്നിനെ
മൂന്നു ചങ്ങലയാൽക്കെട്ടിയവിടെക്കൊണ്ടുവന്നുതേ.
മുമ്മൂന്നു വട്ടമാ'ശ്ശാക്യ' യുവാക്കന്മാരിലേവരും
അതിൻെറ നൽക്കരുത്തുള്ള മുതുകിൽച്ചാടിയേറിനാർ.
എന്നാൽ ശുണ്ഠിപിടിച്ചുള്ളാക്കുററൻ കുതിര ഘോരമായ്
പിൻകാലെറിഞ്ഞിട്ടവരെ മണ്ണുകപ്പിച്ചുവിട്ടുതേ.

"അൎജ്ജുനൻ" മാത്രമങ്ങല്ലം നേരമുന്നിയിരുന്നതേ.
ചങ്ങലക്കെട്ടു വിടുവിച്ചതിനെച്ചാട്ടവാറിനാൽ
കറുത്ത വാരിഭാഗത്തിട്ടടിച്ചും, കടിഞ്ഞാണിനെ
വെട്ടിച്ചുകൊണ്ടും, വേണ്ടോളമൊക്കം പരിചയത്തിനാൽ,
ഇണങ്ങാതുള്ളതിൻ താടിയെല്ലാകെ മുറുകും വിധം
പിടിച്ചുകൊണ്ടു, മാക്കാട്ടജന്തുപ്രായമായതിനെ
ഇടഞ്ഞും വാശിയുൾക്കൊണ്ടും ഭയപ്പെട്ടും ചടക്കകൾ
എന്തെന്നില്ലാതെ കാണിയ്ക്കെ, പ്പാതിപ്പാകം വരുംവിധം
ആ മൈതാനമൊരേ വട്ടം വട്ടംചുററിച്ചിതായവൻ.
എന്നാലായതു പെട്ടന്നു പല്ലിളിച്ചു തിരിഞ്ഞുടൻ
കാൽ മുറുകന്ന "അൎജ്ജുന"നെത്താഴത്താത്തള്ളിയിട്ടു, തം!
കൊല്ലാനന്നുകയായ, പ്പൊഴസ്സാ ഭ്രാന്തേററ ജന്തുവെ
ചങ്ങലസ്സിടുവാൻനോടിയെത്തിനാരശ്വരക്ഷികൾ.
അതു കണ്ടങ്ങു നില്ക്കുന്നോരൊക്കെയൊപ്പം പറഞ്ഞുപോയ്,
"സിലാത്ഥ"നാച്ചെകുത്താനായ്ക്കളിസ്സാൻ പോയിടേണ്ടിനി.
അതിൻ ചോരത്തിളപ്പിന്നു നിലയില്ല, ഗനിപോലവെ
തൊട്ടാൽപ്പൊള്ളുന്നതാജ്ജന്തു"വെന്നു കേട്ടും നൃപാത്മജൻ,
"വിട്ടേയ്ക്കുകാച്ചങ്ങലക, ളതിൻ ഉച്ചങ്ങൾ മാത്രമെ
എനിയ്ക്കു വേണ്ടു"വെന്നോതിയവ മെല്ലെപ്പിടിച്ചുമെ
ന്നൊച്ചെകിട്ടിൽ മന്ത്രിച്ചു, തൻ വലംകൈപ്പടത്തിനെ
ആജ്ജന്തുവിൻെറ കണ്ണിന്മേൽ വെച്ചുകൊണ്ടു പതുക്കവെ
ഇടഞ്ഞു നില്ക്കുന്നതിനുള്ളാ മുഖത്തും കഴുത്തിലും
കിതപ്പാൽ പൊന്തിയും താന്നുമുള്ള പാശ്വങ്ങൾ രണ്ടിലും
തലോടിയും, കാണികളത്ഭുതപ്പെട്ടിടും വിധം,

അല്ലിനൊത്തു കറുത്തുള്ളാ ഹൎയ്യത്തെപ്പാട്ടിലാക്കിനാൻ.
അതസ്സൽദ്ദേവനെയറിഞ്ഞിട്ടു വന്ദിച്ച മാതിരി
അതിൻെറ പേടിയാവുന്ന തല താഴ്ന്നൊരു പാവമായ്,
'സിദ്ധാൎത്ഥ'നാപ്പുറത്തേറുമ്പോളിളക്കീലതേതുമെ.
അവിടുന്നഥ കാൽമുട്ടു തടവിച്ചു പതുക്കവെ
കടിഞ്ഞാൺ തൊട്ട മാത്രസ്ക്കത്തെ,ല്ലാരും നൊക്കിനില്ക്കവെ,
വേണ്ടപോലെ നടന്നാനന്നേരത്താളുകളോതിനാർ:
"തിരക്കമതി, 'സിദ്ധാൎത്ഥൻ' തന്നെയൊന്നാമനേതിലും."

എല്ലാ വിവാഹാൎത്ഥികളും ചൊന്നാ, "രൊന്നാമനാണവൻ!"
അപ്പോളാക്കന്യതൻ താതൻ 'സുപ്രബുദ്ധൻ' പറഞ്ഞുതെ,
"ഞങ്ങൾക്കും മോഹമിതുതാനായിരുന്നു, ജയാഢ്യനായ്
കാണുവാനിടവന്നല്ലോ പ്രിയപ്പെട്ടുള്ളൊരങ്ങയെ.
എന്നാലുമാപ്പിച്ചകപ്പൂമണ്ഡപത്തിലിരുന്നു നി
മനോരാജ്യം വിചാരിക്കുന്നിടയ്ക്കിങ്ങുള്ളവൎക്ക്, ഹോ!
നായാട്ടുയുദ്ധമഭ്യാസമിവകൊണ്ടു ലഭിച്ചതിൽ
വീരം മുന്നും പൌരുഷത്തെ നിന്നെയെന്തിന്ദ്രജാലമോ
പഠിപ്പിച്ചത, തെന്താണെന്നാലും രമ്യാകൃതേ! ഭവാൻ
വാങ്ങിക്കു താൻ നേടിയൊരീ സമ്പത്തു രാജകുമാരക!"
എന്നുരച്ചാപ്പിതാവാജ്ഞചെയ്കയാൽ, കോമളാംഗിയാൾ
കൂട്ടത്തിൽത്താനിരുന്നേടത്തിങ്കൽനിന്നെഴുന്നേറ്റുടൻ,
തെച്ചിപ്പൂവുകളാൽത്തീൎത്തൊരുണ്ടമാലയെടുത്തുമെ,
കറുപ്പും തങ്കനിറവുമാണ്ട മൂടുപടത്തിനാൽ
മന്ദം മുഖം മറച്ചുംകൊണ്ട്, ഭിമാനപുരസ്സരം,

യുവാക്കന്മാരിരിയ്ക്കുന്ന ദിക്കിലൂടെക്കടന്നവൾ,
ദിവ്യസൌന്ദൎയ്യവായ്പാൎന്ന 'സിദ്ധാൎത്ഥൻ'താനുമപ്പൊഴേ
അല്ലിനൊത്തു കറുത്തുള്ളൊ വാജിമേൽനിന്നിറങ്ങിയും,
പാവമായൊരതിൻ കൂററൻ കഴുത്തിൽക്കയ്യുവെച്ചുമേ,
നില്ക്കുന്ന ദിക്കിലെത്തിച്ചേൎന്ന,ഥരാജകുമാരനെ
വണക്കംപൂണ്ടു വന്ദിച്ചൂൾപ്രേമാനന്ദപ്പുളപ്പിനാൽ
ദിവ്യപ്രകാശമാളുന്ന മുഖത്തിൻ മൂടൽ നീക്കിനാൾ.
പിമ്പാ മണംപെറും മാല കഴുത്തിലണിയിച്ചു,വൾ
തന്മാറിൽ വെച്ചാൾ സൌഭാഗ്യം തികഞ്ഞ നിജമൌലിയെ.
എന്നിട്ടു നല്ല തെളിവും പ്രൌഢിയും പൂണ്ട കണ്ണുമായ്
ഭൎത്താവിന്റെ പാദങ്ങൾ പണിഞ്ഞുംകൊണ്ടിതോതിനാൾ:
"അങ്ങയ്ക്കധീനയാമെന്നെ നോക്കു, പ്രിയനൃപാത്മജ!"
പിന്നെക്കയ്യോടു കൈ കോൎത്തുപിടിച്ചിട്ടിരുപേരുമെ
ഒരേ ഒരു മനസ്സായു,മോമലാളവൾ പിന്നെയും
മുഖം മറച്ചു,മവ്വണ്ണം പോയിടുന്നതു കാൺകവെ
അങ്ങെഴുന്ന ജനക്കൂട്ടമെല്ലാം സന്തുഷ്ടി തേടിനാർ.

പിന്നീടു കാലമേറെച്ചെന്നാത്മജന്മനം തികഞ്ഞമേൽ
കറുപ്പും തങ്കനിറവുമാണ്ട മൂടുപടത്തൊടും
അവളെന്തത്ര ശപ്പാൻ വരുവാനെന്നുമൊക്കയും
ചോദിയ്ക്കുച്ചെൽകയുണ്ടായി ശ്രീ'ബുദ്ധൻ' വിശ്വവന്ദിതൻ:
"ഏതാണ്ടൊരോൎമ്മയുണ്ടെന്നു വന്നാലും, മററുമന്നു ഞാൻ
അറിഞ്ഞിരുന്നില്ല, ജന്മമൃതിയാം ചക്രമങ്ങിനെ
തിരിഞ്ഞിടുമ്പോൾ പണ്ടുള്ള സമ്പ്രദായങ്ങൾ, ചിന്തകൾ,

കഴിഞ്ഞ ജന്മങ്ങളിവ വീണ്ടും വന്നേയിരുന്നിടും.
ഞാനിപ്പോളോൎമ്മിക്കുന്നുണ്ടു പെരുത്താണ്ടിന്നു മുന്നമേ
'ഹിമാലയാ'ത്തിലിടത്തുന്നുള്ള നാനാ വനത്തിൽ ഞാൻ
നരിയായെൻെറ മട്ടിൽത്താൻ മേലൊക്കെ വരിയുള്ളതായ്
വിശന്നു ചുററിടും കൂട്ടത്തോടുമൊത്തു നടന്നതായ്.
ഈ 'ബുദ്ധാ'നായ ഞാനന്നു ദൎഭപ്പുല്ലുകൾതന്നകം
പളുങ്ങിയുംകൊണ്ടു,വിടെ മേഞ്ഞുനില്ക്കുന്ന മാനുകൾ
പകൽപോക്കുന്നതിന്നുള്ളെൻ മടതൻ നാലിടത്തിലും
ചാവാനായ് മെല്ലെമെല്ലെപ്പുൽ തിന്നടുക്കുന്നതിൻ തരം
പാൎത്തിരുന്നേനൊട്ടടഞ്ഞ പച്ചയായുള്ള കൺകളാൽ;
അല്ലെങ്കിലൊരു നക്ഷത്രവെളിച്ചം പൂണ്ട രാവിൽ ഞാൻ
വെറി മൂത്തിരയും തേടി വല്ല മാനോ മനുഷ്യനോ
പോയുള്ള വഴി കണ്ടെത്താൻ നാററിനോക്കിയതാതിടം,
നിഷ്ഠുരാശയനായ് നീളെച്ചുററിനേ;നതുമോൎപ്പു ഞാൻ.
അന്നെൻ ചങ്ങാതിമാരായി മരം തിങ്ങുന്ന കാട്ടിലും
കുററിക്കാട്ടിലുമൊന്നിച്ചുകൂടാറുള്ളാ മൃഗങ്ങളിൽ
കാട്ടിൽവെച്ചഴകാൽ മീതെയായിട്ടുണ്ടൊരു പെൺപുലി;
വല്ലാതെ മത്സരിപ്പിച്ചിതതാണങ്ങളെ ഞങ്ങളെ.
കറുത്ത വരിയും തങ്കപ്പുള്ളിയും പൂണ്ടു മോഹനം
അതിൻ തോൽ വേളികാലത്തു 'യശോധര' ധരിച്ചതായ്
കണ്ടാ മുഖപടം പോലേതാനിരുന്നിതു കാഴ്ചയിൽ
അതിനെച്ചൊല്ലിയക്കാട്ടിൽ നഖദന്തായുധങ്ങളാൽ
വല്ലാത്ത യുദ്ധമൊന്നുണ്ടാ; യതു തീൎന്നീടുവോളവും
മുള്ളുള്ളൊരു മുരുക്കിൻെറ ചുവട്ടിൽച്ചെന്നുനിന്നവൾ

സൂക്ഷിച്ചുനോക്കിനാൾ, ചന്തംപൂണ്ടാജ്ജന്തുവെ നേടുവാൻ
തമ്മിൽപ്പെരിയ പോരാടിച്ചോരയാണ്ടുള്ള ഞങ്ങളെ.
എന്നിട്ടവളൊടുക്കത്തിലെന്നാലാഹവഭഗ്നരായ്
ഉടൽചിന്നിക്കിടന്നീടുമരണ്യപ്പെരുമാക്കളെ
വെവ്വേറെ നാററിനോക്കിക്കൊണ്ടുപേക്ഷിച്ചു, നാടുകലായ്
വന്നുൾപ്രേമം വെളിസ്സാക്കി, മുരളും വായ ചേർത്തവൾ
കിതപ്പാൽ പൊന്തിയും താന്നുമുള്ളെൻ പാൎശ്വങ്ങൾ നക്കിനാൾ.
പിന്നീടെന്നോടു ചേൎന്നൊത്തുൾപ്രണയത്തോടു കൂടവെ
നപ്പന്തസ്സിൽ നടന്നുംകൊണ്ടരണ്യസ്ഥലി പൂകിനാൾ.
ജന്മമൃത്യുമയം ചക്രം പൊന്തും താഴും തിരിച്ചലിൽ.

അതിനാലാവിധം കിട്ടി രാജപുത്രന്നു കന്യയെ,
സവ്സമ്മതമായ് തട്ടിപ്പറിച്ച മുതൽപോലവെ.
അവ്വണ്ണം സുമുഹൂൎത്തത്തിൽ മേട'മാകുന്ന തിങ്ങളിൽ
ശാക്യ'ൎത്തൻ മുൻനടപ്പിന്നു ചേരും വേളി നടക്കയായ്.
തങ്കത്തിനാലെ നിൎമ്മിച്ചു വിവാഹോചിതമണ്ഡപം,
അതിൽത്തുത്തുവിരിച്ചിട്ടിതെങ്ങും പരവതാനികൾ,
മംഗല്യമാലയും തൂക്കി, കഴിച്ചു കാപ്പുകെട്ടലും,
സപാട്ടെള്ളാരപ്പം പൊട്ടിച്ചു, ചിന്നീ വെള്ളരിയത്തവും,
പാൽ ചുക്കുക്കൊച്ചി രണ്ടു വസ്സ്ലോൽക്കൊടികളായതിൽ
ഇട്ടുനോക്കീ, യത്തുകളങ്ങന്യോന്യമിടചേരവെ
ലക്ഷണംകൊണ്ടറിഞ്ഞു തൽപ്രേമമാജീവനാന്തമായ്,
മുവ്വേഴരു വലംവെച്ചാരിരുപേരും ഹുതാശനെ,
ദാനം സൽബ്രാഹ്മണൎക്കേകി, മററുള്ളോക്കൊത്ത ധൎമ്മവും,

അമ്പലങ്ങളിലൊട്ടേറെക്കഴിച്ചു വഴിപാടുകൾ,
നടത്തി മന്ത്രജപവും,മാ വധൂവരർതങ്ങടെ
ഉടുവസ്ത്രങ്ങളെക്കൂട്ടിക്കെട്ടലും നിൎവ്വഹിച്ചുതെ.
അപ്പോളാ വൃദ്ധനാം താതൻ ചൊല്ലീ, "പൂജ്യനൃപാത്മജ!
ഇന്നോളവും ഞങ്ങളുടെയായിരുന്നീക്കുമാരിയാൾ
ഇനിയങ്ങേക്കുതാനുള്ളോളായീ, തൻ ജീവനങ്ങയിൽ
ഇരിക്കുന്നവളോടങ്ങു നന്മയിൽപ്പെരുമാറുക."
എന്നിട്ടു നാഗസ്വരസംഗീതങ്ങളൊടു കൂടവെ,
ആ 'യശോധര'യാമോമലാളെ രാജസുതാന്തികെ
ജനങ്ങൾ കൊണ്ടുചെന്നാക്കി, പ്രേമവും പൂൎണ്ണമായിതെ.

എന്നാൽ പ്രേമത്തിനെത്തന്നെ കാത്തിരുന്നീല ഭൂപതി;
പ്രേമാൎദ്രനാം നന്ദനനെബ്ബന്ധാവസ്ഥയിൽ വെക്കുവാൻ
അന്തസ്സുള്ളോരണിഗൃഹം തീൎപ്പാൻ കല്പന നൽകിനാൻ.
അവ്വണ്ണമാൾക്കാരുവ്വീശപുത്രന്നായ് നിസ്തുലാത്ഭുതം
ഉണ്ടാക്കി 'വിശ്രമവന'മെന്നുള്ളൊരു കളിസ്ഥലം
പരപ്പാൎന്നു കിടക്കുന്ന നൃപമൈതാനഭൂമിയിൽ
നടുക്കായുണ്ടു നൽപ്പച്ചനിറമാം കൊച്ചുപൎവ്വതം.
അതിന്നടി കുളിപ്പിച്ചുംകൊണ്ടൊഴുകുന്നു 'രോഹിണി'.
'ഹിമവാ'ൻെറ പരന്നുള്ളോരടിവാരത്തിൽനിന്ന'ത്തും
മൃദുലസ്വനമോടൊത്തു തന്നാലാവുന്ന കാൎയ്യവും
കൊണ്ടുപോകുന്നിതാ'ഗ്ഗംഗാ'തരംഗങ്ങൾക്കു നൽകുവാൻ.
തെക്കുഭാഗത്തിടംതിങ്ങിപ്പയനും പുളിവൃക്ഷവും
മഞ്ഞി വാനിൻ നിറംപൂണ്ട ഗന്ധിപുഷ്പം നിറഞ്ഞതായ്

അപ്പുറത്തെജ്ജനാഘോഷം തടുത്തുംകൊണ്ടു നില്പൂ, തെം
പട്ടണത്തിങ്കൽനിന്നുള്ളൊരിരമ്പം കാററിലൂടെയായ്
അങ്ങു ചെല്ലുകയാണെങ്കിൽത്തന്നേ, തേനീച്ച കൂട്ടമായ്
കാണാത്ത ദിക്കിലെങ്ങാനും ലതാകുഞ്ജാന്തരങ്ങളിൽ
മൂളും ശബ്ദത്തിനെക്കാളുമൊട്ടും കഠിനമായ് വരാ.
വടക്കോട്ടു കിടക്കുന്നു നെടുപ്പംപൂണ്ടു കൂററനായ്
നിഷ്കളങ്കം പതനമായ് മതിൽപോലെ 'ഹിമാലയം'
വെളുത്തു ഭംഗിയിൽ പംക്തിപംക്തിയായിട്ടു മേൽക്കുമേൽ
നീലമാം വാനിൽ മുട്ടിച്ചു ചേൎത്തടക്കിയ മാതിരി—
അപാര,മപദാക്രാന്ത,മത്ഭുതപ്രദമെത്രയും.
അതിൻെറ ഭൂരിവിസ്താരമുടയോത്തുംഗഭൂമികൾ,
പൊന്നും കൊടിമുടിക്കൂട്ടു, മുയൎന്ന ശിഖരോൽക്കരം,
മുകൾപ്പരപ്പിനൊടടുത്തുള്ള കാനനപംക്തികൾ,
ഇടയ്ക്കോരോ സമനിരപ്പാൎന്നുകിടക്കുന്ന ദിക്കുകൾ,
പച്ചച്ച കടകശ്രേണി, പാരം കട്ടപിടിച്ചതായ്
പുറത്തേയ്ക്കുന്തിനില്ക്കുന്ന മഞ്ഞിൻ കൂടങ്ങൾ നീണ്ടവ,
പൊട്ടിപ്പൊളിഞ്ഞുകാണുന്ന കൂററൻ ഗുഹകളങ്ങിനെ,
അനേകം വിണ്ട ചെരുവി, പ്രപഞ്ചങ്ങൾ നിറഞ്ഞതായ്,
ഉയരും ചിന്തയെപ്പൊക്കിക്കൊണ്ടുപോയ്ക്കൊണ്ടുപോയ് സ്വയം
സ്വൎഗ്ഗത്തിൽത്താൻ കടന്നെത്തിത്തത്ര ദേവഗണങ്ങളായ്
സംസാരിക്കുന്നതുണ്ടെന്നു തോന്നിച്ചീടുന്നിതാഗ്ഗിരി
ആവോളവും നിറഞ്ഞുള്ളാ മഞ്ഞിന്നുള്ളിൽപ്പരപ്പൊടും
കറുത്തിരുട്ടടഞ്ഞുള്ള ദുൎഗ്ഗകാന്താരപംക്തികൾ,
തള്ളിച്ചാട്ടം നിൎജ്ജരങ്ങളാകും നൂലുകളാൽപ്പരം

വരിയപ്പെട്ട കാർകൊണ്ടൽകൊണ്ടു മൂടികിടപ്പുതെ;
അവസ്സു താഴേ സിന്ദൂരമരവും ദേവതാരവും
കൂട്ടമായിട്ടിടംതിങ്ങി, പ്പുള്ളിപ്പുലികൾതൻ സ്വനം,
വണ്ടാരൻകോഴി കൂകുന്ന ശബ്ദം, പാറപ്പുറങ്ങളിൽ
കാട്ടാടുകൾ നടക്കുമ്പൊളുണ്ടാം 'കടകടാ'രവം,
വട്ടംപറക്കും കഴുകിൻ കൂട്ടത്തിൻ ക്രൂരനിസ്വനം,
ഇവകൊണ്ടു സദാപ്പോഴും മുഴങ്ങിക്കൊണ്ടു നില്പതെ.
ഒരമ്പതാനമൊന്നു മിന്നുന്നിതാ വനങ്ങൾക്കു കീഴിലായ്,
മേലേ മഹിമവായ്ച്ചുള്ളാ ശ്രീപീഠത്തിന്നു കാക്കലായ്
പ്രാൎത്ഥനയ്ക്കു വിരിച്ചോരു രത്നകമ്പിളി പോലവെ.
അതിന്നു മുമ്പിലാപ്പൊങ്ങിനില്ക്കും കുന്നിന്നു മേളിലായ്
പണിചെയ്തിതു വേലക്കാർ മണിമാളിക ഭംഗിയിൽ;
കുന്നിന്നു രണ്ടുവശവും ഗോപുരം; നാലുഭാഗവും
നടപ്പുരകളും, നല്ല വൻതൂണുകളെഴുന്നവ.
അതിൻ തുലാങ്ങളിൽക്കൊത്തിയുണ്ടാക്കിയഴകാംവിധം
'രാധ'യെ, 'കൃഷ്ണ'നെ, ഗ്ഗോപസ്ത്രീകളേയും, മതേവിധം
'ഹനുമാൻ,' 'സീത,' 'പാഞ്ചാലി' മുതലായവരേയുമെ,
നടക്കു പൂമുഖത്തുണ്ടു പിന്നെത്തൂക്കൈത്തലങ്ങളിൽ
ചക്രവും തോട്ടിയും പൂണ്ടും, ജ്ഞാനസമ്പൽപ്രദായിയായ്,
തുമ്പിക്കയ്യോരുഭാഗത്തു ചുരുട്ടിക്കൊണ്ടുവെച്ചുമേ,
പ്രസന്നനായിരിയ്ക്കുന്നു 'വിഘ്നനായക'നീശ്വരൻ.
പൂന്തോപ്പിലൂടെയും പിന്നെത്തിരുമുററത്തിലൂടെയും
വളഞ്ഞു നീണ്ടു പോകുന്ന വഴി പിന്നിട്ടു ചെല്ലുകിൽ,
ഇളംചോപ്പാം വരകളാൽ വൎണ്ണവൈചിത്ര്യമാണ്ടതായ്,

തൂവെള്ളയായിട്ടും വെണ്ണക്കല്ലാലെ മിനുസപ്പടി
പണിചെയ്തോരുള്ളിലത്തെഗ്ഗോപുരദ്വാരമാർന്നിടാം.
നീലക്കല്ലാം മെതിയവും, ചന്ദ്രകാന്തശിലാമയം
ഉമ്മറപ്പടിയും, ചിത്രക്കള്ളി കൊത്തി മനോജ്ഞമായ്
മിന്നുന്ന ചന്ദനംകൊണ്ടു പണിചെയ്തുള്ള വാതിലും,
കാണുമാവഴിയേ ചെന്നിട്ടുന്നതം കോണി കേറിയാൽ
താമരപ്പൂക്കളും നീലപുഷ്പങ്ങളുമണിഞ്ഞതായ്,
പളുങ്കൊളി കടുംചോപ്പു പൊൻനിറം നീലവർണ്ണവും
പൂണ്ടുള്ള തെളിനീരിങ്കൽ മിന്നും മത്സ്യങ്ങളുള്ളതായ്
ശീതമായ് നൃത്തമാടുന്ന നൽകൃത്രിമജലാശയം
ധാരാളമുള്ളതും, ചിത്രവാർണ്ണീഷിട്ടുള്ള തട്ടുകൾ
സ്തംഭശ്രേണികളും ചേർന്നുള്ളതുമായ്, ജാലപൂർണ്ണമായ്,
വിളങ്ങിടും ചിത്രശാലകളിലൂടെസ്സഹർഷമായ്
കടന്നുചെന്നിടാം നല്ല തട്ടയർന്ന തളങ്ങളിൽ,
വെളിച്ചമൊന്നു മങ്ങുന്ന പൂമച്ചുനിരതന്നിലും.
വലിപ്പമേറും കണ്ണുള്ളൊരിളമാനുകൾ കൂട്ടമായ്
വെയിൽതട്ടുന്നൊരാരാമമണിമണ്ഡപപങ്ക്തിയിൽ
വിരിഞ്ഞ ചോപ്പുപനിനീർപ്പൂക്കൾ തിന്നുന്നു മന്ദമായ്.
മഴവില്ലിൻ നിറം പൂണ്ട ചിറകുള്ള പതത്രികൾ
തത്തിപ്പാറിപ്പറക്കുന്നു പനന്തോപ്പുകൾതന്നകം.
പച്ചപ്പും ചാമ്പലിൻ വർണ്ണം പൂണ്ടുമുള്ള പിറാവുകൾ
സുഖമായ് കൂടുകെട്ടുന്നു പൊൻപൂച്ചാം വളരിന്നു മേൽ.
പാൽവെള്ളഞാറകളുമായ് കൊച്ചുമാടപ്പിറാവുകൾ
നോക്കിനില്ക്കും, വിളങ്ങും കല്പടവിൻ മീതെ മൈലുകൾ

വിരുത്തിക്കാട്ടിടുന്നു തൽച്ചിറകിന്നുള്ള ഭംഗികൾ;
മുന്തിരിങ്ങാക്കുഴത്തുള്ള നൽപ്പൈങ്കിളികൾ കാറ്റുള്ളിൽ
ഊഞ്ഞാലാടുന്നു; മിന്നുന്ന മഞ്ഞക്കിളികളങ്ങിനെ
മൂളിച്ചയിൽപ്പറക്കുന്നുണ്ടോരോരോ വൃക്ഷൾ തോറുമേ;
പേടികൂടുന്ന വകയാം ഗൌളിയും ഭയമെന്നിയെ
വൈലോറുകൊണ്ടു നില്ക്കുന്നു ജനവാതിലുകൾക്കു മേൽ;
അണ്ണാനോടിച്ചെന്നു വാങ്ങിത്തിന്നുന്നു കയ്യിൽനിന്നുതാൻ;
ഇപ്രകാരം വഴക്കേതുമെന്ന്യേ വാഴുന്നു സൎവ്വരും.
മഞ്ഞക്കണ്ണക്കുരങ്ങന്മാർ കാക്കയോടു ചിലപ്പതും
കസ്തൂരിമാനുകൾ കളിപ്പതുമായുള്ളിടത്തിലായ്
ചന്ദ്രകാന്തിച്ചെടികൾതൻ ചുവട്ടിൽസ്സുഖമാം വിധം,
ആൾ ചെന്നാലകലും കൃഷ്ണസൎപ്പം ഗൃഹശുഭപ്രദം
ചുറ്റും ചുരുണ്ടുണ്ടു കിടന്നുറങ്ങി വെയിൽകൊൾവുതെ.
പ്രേമമന്ദിരമാകുന്നൊരീമട്ടാം മണിമേടയിൽ
തിങ്ങിപ്പാൎപ്പുണ്ടു സൌഭാഗ്യം താവും പരിജനവ്രജം.
അതിനാൽക്കൺകുളിൎക്കുന്ന നൽക്കാഴ്ചകളൊടൊപ്പമേ
അങ്ങെല്ലാദിക്കിലും കാണാമഴകേറുന്ന വക്ത്രവും;
കണ്ണുകളെസ്സുഖിപ്പിക്കും വാക്കു കേൾക്കാം സദാപ്പൊഴും;
കാണാമെവിടെയും തന്റെ പാകം നോക്കും ജനത്തെയും;
ഓരോരുത്തരുമുൾത്തോഷം വരുത്താൻ തോഷമാണ്ടവർ;
സന്തോഷിപ്പതിനെക്കൊണ്ടു സന്തോഷിപ്പവരേവരും;
ചൊന്നപോലെ നടക്കുന്നതങ്ങാക്കഭിമാനമാം.
ആമട്ടു നേരംപോക്കായിപ്പോയിടുന്നിതു ജീവിതം:
ഇരുതിരത്തുമെപ്പോഴും പുഷ്പവൃക്ഷൾ നിറഞ്ഞതായ്,

മന്ദമായൊഴുകുന്നോരു പുഴയെന്നതു പോലവെ.
മനം മയക്കും മട്ടുള്ളാദ്ദിവ്യരാജഗൃഹാന്തരെ
ചേരുന്ന റാണിയായിത്താൻ ജയിക്കുന്നു 'യശോധര'.

എന്നാലാ വിലവേററ നൂറിലേറെത്തളങ്ങളും
കടന്നകത്തു ചെന്നാകിൽക്കാണാമേറെ നിഗൂഢമായ്
പെരുമാറുന്നതാം പള്ളിയറയേറെ മികച്ചതായ്.
അവിടെബ്ബുദ്ധിസാമൎത്ഥ്യംകൊണ്ടു നിൎമ്മിച്ചിടാവതായ്
മനസ്സുഖദമാം മഞ്ജുവസ്തുവൊട്ടുക്കു കണ്ടിടാം.
അതിന്നു മുമ്പിലായുണ്ടു ചുററും മറവിയന്നതായ്,
മിനുത്തു മിന്നിടും വെണ്ണക്കല്ലുകൊണ്ടു പടുത്തതായ്,
ഉള്ളിൽപ്പാൽവെള്ളയാം വൎണ്ണക്കല്ലു തുൎത്തുവിരിച്ചതായ്,
ആകാശമായ തട്ടുള്ള നടുമുററം മനോഹരം.
കുളമൊന്നുണ്ടതിൽ, ചുഴെ വക്കിനും പടവിങ്കലും
എല്ലാപ്പുള്ളക്കുമേ വൎണ്ണവൈചിത്ര്യമിയലുന്നതായ്
മിന്നും രത്നങ്ങളുഴകിൽപ്പതിക്കപ്പെട്ടിരിപ്പതായ്.
വേനൽക്കാലത്തിലവിടെക്കാലുവെക്കുന്നവൎക്കു, ഹോ!
മഞ്ഞിന്നുമേൽ നടക്കുന്ന മട്ടിൽക്കുളുൎമ്മ തോന്നിടും.
ബാലാദിത്യൻ കതിൎകളാൽ പൊന്നുപൂശുന്നിതാ സ്ഥലം.
ആപ്പൂമുഖം ഭിത്തിമാടമിവയാൽ മറവേൽക്കയാൽ
ചൂടുപോയ്, നിഴലായ്, മങ്ങി, വെള്ളിപോലെ വിളങ്ങുമേ,
കാണാം സൂൎയ്യാംശുജാലത്തെ; ത്തത്ര വന്നപ്പൊഴേ പകൽ
നിന്നുപോവുകയാൽസ്സന്ധ്യ നിശ്ശബ്ദമന്ദരക്തയായ്
അണഞ്ഞാ മണിമച്ചിന്നു മുന്നിലൊന്നിച്ചതിൻ വിധം.

ആ വാതിലിൻ മറുവശത്താണല്ലോ പള്ളിമച്ചകം,
അഴകാൎന്നോരാകുളപ്പിപ്പൊന്നി,തു ലോകോത്തരാത്ഭുതം!
മണംപെറുന്നെണ്ണവീഴ്ത്തും ദീപങ്ങളുടെ ദീപ്തികൾ,
മുത്തുചിപ്പികളാൽത്തീൎത്ത ചായപ്പുള്ളികളിട്ടതായ്
ചില്ലുവെച്ചതുമായുള്ള ജനാലകളിലൂടവെ
സൌമ്യമായിപ്പുറപ്പെട്ടു ചെന്നു തട്ടുന്നു നീളവെ,
പട്ടുമൃമെത്തകളിലും, തങ്കത്തുകിൽവിരിപ്പിലും,
മറ്റും സൌന്ദൎയ്യമുള്ളോൎക്കു മാത്രമുള്ളിൽക്കടക്കുവാൻ
നീങ്ങുന്നതായി വാതിൽക്കൽത്തൂങ്ങുന്ന മറയില്ലയോ
പരം പ്രകാശമാളുന്നോരതിൻ കീഴ് ഞെറിമേലുമേ.
അങ്ങൊരാളുമറിഞ്ഞില്ല രാത്രിയോ പകൽനേരമോ;
എപ്പൊഴും സുപ്രഭാതത്തെക്കാളും ശോഭനമാകിലും,
സായങ്കാലത്തിനെപ്പോലെയത്ര കോമളരൂപമായ്,
വ്യാപിക്കുന്നാ വെളിച്ചത്താൽ വിളങ്ങീടുന്നിതസ്ഥലം.
പ്രഭാതക്കാററിനെക്കാളുമാഹ്ലാദകരമാകിലും,
പാതിരാവിങ്കലുള്ളൊന്നു പോലെ കുളുർമയുള്ളതായ്
വീശിയുംകൊണ്ടിരിക്കുന്നു സുഖമേറുന്ന കാററുകൾ.
വ്യത്യാസമെന്നിയേ കേൾക്കാം വീണവായന രാപ്പകൽ.
രാവും പകലുമവ്വണ്ണം സ്വാദുഭക്ഷണസാധനം,
നിരത്തിവെച്ചതായ് ക്കാണാം മഞ്ഞതണിഞ്ഞപഴങ്ങളും,
ഹിമാദ്രിമേൽനിന്നെടുത്ത മഞ്ഞിനാലക്ഷണത്തിലേ
തണുപ്പേററിയ സർബ്ബത്തും, സ്വാദേറും പലഹാരവും,
മരത്തിൽനിന്നെടുക്കുന്ന മധുരക്ഷീരമുത്തമം
ആനക്കൊമ്പാലെ നിൎമ്മിച്ച തൽപ്പാത്രത്തിൽ നിറച്ചതും.

രാവും പകലുമണ്ടങ്ങു നില്പും ശുശ്രൂഷചെയ്യുവാൻ
തിരഞ്ഞെടുത്തതായിട്ടുള്ളൊരുകൂട്ടം നതാംഗിമാർ—
ആട്ടമാടും പെൺകിടാങ്ങൾ, പാനപാത്രം വഹിയ്ക്കുവോർ,
കുഴിതാളങ്ങൾ കൊട്ടുന്നോ,രെന്നിസ്സുന്ദരിമാർകളായ്
അനുരാഗം വളർത്തുന്നോരായ മേചകചില്ലിമാർ:
അവർതാൻ നിന്നു വീശീടും ധന്യനാം രാജപുത്രനെ,
ഉറക്കംകൊണ്ടു മിഴികൾ തന്നെത്താനടയും വരെ.
പിന്നെപ്പൃച്ഛാത്തിനിടയിൽച്ചിന്നുന്ന സദിർ കോമളം,
ശൃംഗാരരസമോലുന്ന ഗാനങ്ങളുടെ സൌഷ്ഠവം,
അംഗഹാരങ്ങളും നല്ല കാൽച്ചിലമ്പിൻ കിലുക്കവും
വെള്ളിക്കമ്പി വലിച്ചുള്ള വീണ മീട്ടും നിനാദവും
ചേർന്നൊത്തുള്ളം മയക്കുന്നതാകുമാട്ട,മിവററിനാൽ
ഇടയ്ക്കു പള്ളിയുണരുന്നേരമാനന്ദമേകിടും.
ആമട്ടു മൃഗകസ്തൂരി, ചമ്പകത്തിൻെറ സത്തുകൾ,
സുഗന്ധദ്രവ്യമോരോന്നു പുകയ്ക്കും ശ്യാമധൂമവും,
പ്രാണൻ മയക്കിയുംകൊണ്ടദ്ദേഹത്തിനെയുറക്കിടും,
ആരോമലായുള്ള 'യശോധര'യ്ക്കരികിൽ വീണ്ടുമേ.
'സിദ്ധാത്ഥ', നീ നിലയ്ക്കു;ല്ലാം മറന്നു കഴിയുന്നതേ.

അതിനും പുറമേ പിന്നെക്കല്പിച്ചു നൃപനീവിധം,
വാൎദ്ധക്യം മരണം രോഗം ദുഃഖം വേദനയെന്നിതിൽ
ഒന്നിനെപ്പററിയുംതന്നെയാ മതിൽക്കെട്ടിനുള്ളിലായ്
ഏതിടത്തുമൊരാൾപോലും മിണ്ടിപ്പോകരുതേതുമേ.
ആമട്ടാരാനുമൊന്നുള്ളംകക്കമാ രാജധാനിയിൽ

ശ്യാമക്കൺകാഴ്ച കുറവാ,യാട്ടത്തിൽക്കാൽ കുഴഞ്ഞു:മറ്റു,
വയ്യാതെ, വീഴ്കയായെന്നു കാങ്കിലാത്തയ്യലാളിന്ന,
തെററുചെയ്യാഞ്ഞിലും കുററക്കാരത്തിയുടെ മാതിരി,
ആ വൈകുണ്ഠത്തിൽനിന്നപ്പോൾത്തന്നേ നാടുകടത്തിടും;
അല്ലാഞ്ഞിൽ മാഴ്കിപ്പോമല്ലോ തദ്ദുഃഖം കാങ്കയാലവൻ.
രോഗം, വേദനയും, കണ്ണുനീരും, ഭയവും, മാവിധം
തനിയ്ക്കുള്ളോർ മരിച്ചിട്ടു കരയുന്ന കരച്ചിലും,
പട്ടടത്തിയ്യു കത്തുമ്പൊളുളവാമുഗ്രധൂമവും,
പലതും ചേൎന്നു വല്ലാത്ത പ്രപഞ്ചം നാലുഭാഗവും
കിടപ്പുള്ളതിനെപ്പററിയാരൊന്നു പറയുന്നുവോ
അതു നോക്കീട്ടു ശിക്ഷിപ്പാനൊരുങ്ങിക്കൊണ്ടിരിപ്പുതേ
സുന്ദരാപാംഗിമാരേറെ, മേൽവിചാരിപ്പുകാൎയ്യമായ്.
അങ്ങു രാജദ്രോഹമത്രേ പാടും പെൺതയ്യലാളിനാ
ദാസിയാട്ടത്തിനുള്ളോൾക്കോ ചുരുണ്ട കരിക്കുന്തലിൽ
വെള്ളിക്കമ്പി കണക്കെഞ്ഞൊന്നിഴയൊന്നു നരയ്ക്കുകിൽ.
പിന്നെപ്പലച്ഛയാകുമ്പോൾ പനിനീർച്ചെടികൾക്കുമേൽ
നില്ക്കും വാടിയ പുഷ്പങ്ങളൊക്കെ നോക്കിയറുത്തിടും;
പഴുത്തിലകളും കാണാതാകുക; മേതുവിധത്തിലും
ചീത്തക്കാഴ്ചകൾ യാതൊന്നും കണ്ടുപോകാനയച്ചിടാ.
എന്തെന്നാകിലിതിൻ മട്ടിലരുളിച്ചെയ്തു തമ്പുരാൻ,
"കാൎയ്യമില്ലാതെകണ്ടോരോ വിചാരം ചേൎത്തിടുന്നതാൎക്കു
മനോരാജ്യത്തിൽ മുക്കുന്നൊരാസ്സംഗതികളൊന്നുമേ
കാണാതെതന്നേ താരുണ്യദശ പിന്നിട്ടുപോവുകിൽ,
മൎത്ത്യൎക്കു മാററാൻ കഴിയാത്തൊന്നീട്ടു ദ്യോഗവൻനിഴൽ

പക്ഷേ പതുക്കവേ മാഞ്ഞുപോകെ,യെന്നുടെ നന്ദനൻ,
രാജ്യഭാരത്തിലിഷ്ടപ്പെട്ടിടുകിൽ, സവ്രാജ്യവും
തൻകീഴൊതുക്കി രക്ഷിച്ചുകൊണ്ടു രാജാധിരാജനായ്
തൻെറ കാലത്തു ലോകത്തിനൊത്തോരണിയൽതന്നെയായ്
അത്യൂച്ചമാം പദവിയിൽക്കേറിക്കാണാസ്സരുംമമ.

എന്നായ് സുഖങ്ങളുഴികളായി പ്രേമമധീശനായ്
മനോജ്ഞമായുള്ള കാരാഗൃഹത്തിൻ ചുററിലും നൃപൻ
കണ്ണെത്തിടാത്ത ദൂരത്തുകൂടിക്കെട്ടിച്ചു വന്മതിൽ.
അതിങ്കൽ നൂറു കൈ ചേൻപിടിയ്ക്കാതിളകാത്തതായ്,
തുറന്നാലൊച്ചയരയോജന ദൂരത്തു കേൾപ്പതായ്,
കട്ടിപ്പിച്ചുളയാം വാതിൽവെച്ചു തീപ്പിച്ചു വൻപടി;
ആപ്പടിയ്ക്കുള്ളിൽ വേറൊന്നു,മായതിന്നുള്ളിലൊന്നുമേ.
അതിനാലാക്കളിസ്സൌധം വിട്ടു പോകണമെങ്കിലോ
അമ്മൂന്നു പടിയിൽക്കൂടി വേണമാക്കും കടക്കുവാൻ.

വിലങ്ങുവെച്ചും തഴുതിട്ടുചേർത്തു-
മടച്ച കൂററൻ പടിവാതിൽ മൂന്നിൽ
ഓരോന്നിലും കാവലിനാക്കിയോരോ
വിശ്വസ്തനാം ഭൃത്യനെ മേദിനീശൻ.
എന്നിട്ടു കല്പിച്ചു, "ിതിങ്കലൂടെ വി-
ട്ടയച്ചുപോകാസ്സു മനുഷ്യരാരെയും;
അതെൻെറ പുത്രൻ യുവരാജനെന്നതാ-
നിരിയ്ക്കിലും നിങ്ങളതിന്നു വദ്ധ്യരാം."

# മൂന്നാം സർഗ്ഗം

---

സർവ്വഭാഗ്യസുഖം തിങ്ങി, പ്രേമത്തെക്കൈവളർപ്പതായ്,
അലട്ടില്ലാത്തൊരാ, സ്സൌധരത്നത്തിൽ‘ബുദ്ധദേവ’നും,
ദാരിദ്ര്യം വ്യാധി നോവല്ലൽ വാർദ്ധക്യം ചാക്കിതൊക്കയും,
ഉറങ്ങുന്നോർ കിനാവിങ്കൽ മങ്ങും വാരാകരങ്ങളിൽ
ചുററി ക്ഷീണിച്ചുഷസ്തീരം പൂകെയാദുഃഖയാത്രയിൽ
എത്തിച്ചിടും വിചിത്രങ്ങളാം ചരക്കുകളില്ലയോ,
അവ പോലല്ലാതെ വേറിട്ടറിയാതേ കഴിഞ്ഞുതെ.
ആമട്ടിടയ്ക്കിടയ്ക്കെല്ലാം തൻെറ സൌമ്യശിരസ്സിനെ
‘യശോധരാ’കുചാഗ്രത്തിൽച്ചേർത്തു മന്ദമമർത്തുമേ
കിടന്നുംകൊണ്ടവൾ നലംപെടുമാത്മകരങ്ങളാൽ
വീശും കാറേററടഞ്ഞീടും കൺപോളയൊട്ടുറങ്ങവെ
ഞെട്ടിത്തെറിച്ചെഴുന്നേററു, “ലോകം! ഹാ, മമലോകമേ!
ഞാൻ കേൾപ്പിത!റിയുന്നുണ്ടു! ഞാനിതാ വന്നുചേർന്നുപോയ്!”
എന്നുറക്കെപ്പറഞ്ഞീടു;മപ്പോൾ വല്ലാതെ പേടിയായ്
മിഴിച്ചാകൊണ്ടു ചോദിച്ചു, “മെന്തെൻ ഭർത്താവിനെ”ന്നവൾ.
ആവകസ്സമയത്തെല്ലാമദ്ദേഹത്തിൻെറ ദൃഷ്ടിയിൽ
കാണുന്ന കനിവത്രയ്ക്കു പേടിയാവുന്നതായിടും,
ഒരു ദേവന്നെഴും മട്ടാമപ്പോൾത്തന്മുഖഭാവവും,
കരയും കാന്തയെപ്പിന്നെസ്സമാധാനപ്പെടുത്തുവാൻ

പുഞ്ചിരിക്കൊണ്ടിട്ടും ചൊല്ലും വീണവായിപ്പതിന്നവൻ.
കരിസ്കലാ വീണ വേണ്ടും ശ്രുതികൂട്ടിത്തുറാസ്സിലായ്
വെച്ചാൻ, കാററിന്നു തോന്നുംമട്ടതുമീട്ടാൻ തരത്തിലായ്;
കാററു വന്നോല്ലൂയാ വെള്ളിക്കമ്പി ശബ്ദിച്ചിതങ്ങിനെ.
അതേ കേട്ടുള്ള തൻ ചുററും കിടക്കുന്നവരെ,ങ്കിലും
സിദ്ധാർത്ഥരാജപുത്രന്നു മാത്രം കേൾക്കായ്, മരുത്തുകൾ
തങ്ങൊകിട്ടിന്നു വേണ്ടിത്താൻ വീണവായിപ്പതിങ്ങിനെ:—

"സ്വാസ്ഥ്യത്തിനായിക്കേണീടുന്നതായ് സ്വാസ്ഥ്യത്തെക്കാ-
ണാത്തതായ് ചുററും കാററിൻ വാക്കുകളത്രേ ഞങ്ങൾ;
ഹാ! കാററിനൊക്കും നശ്യജ്ജീവിത,മൊരു തേങ്ങ-
ലൊ,രു മാലൊ,രു വൻവീർപ്പൊ,രു മല്ലൊ,രു യുദ്ധം.

"അങ്ങറിയുന്നീലെങ്ങുന്നെങ്ങോട്ടു ഞങ്ങളെന്നായ്,
ജീവിതമെങ്ങുനിന്നുണ്ടായെ,ങ്ങു പോവതെന്നോ;
ഞങ്ങൾ നിങ്ങളെപ്പോലെ ശൂന്യജനിഴലുക-
ളെന്തു ഞങ്ങൾക്കു സുഖം മാറിക്കൊണ്ടെഴും മാലാൽ?

"എന്തു തേ മാറാത്താനന്ദത്തിങ്കൽത്തവ സുഖം?
എന്നല്ലാ, പ്രേമം നില്ക്കിലിങ്ങുണ്ടായേനേ സുഖം;
പക്ഷേ ജീവിതപ്പോക്കു കാററിൻ പോക്കൊക്കും; മുററു-
മസ്ഥിരകമ്പിസ്സുണ്ടാമൊച്ചകളുദ്വിഗ്നങ്ങൾ.

"ഹേ, മായാസുത! ഞങ്ങളൂഴി ചുററീട്ടും മൂല-
മീ വീണയിന്മേൽക്കേഴ്വൂ; മോദിപ്പതില്ല ഞങ്ങൾ;
ഞങ്ങളത്രയുമേറെ മാൽ കാണ്മൂ പലേ ദിക്കി-
ല, ത്ര നീർ ചാടും കണ്ണു, മുരുമ്മും കരങ്ങളും.

"എങ്കിലും പുച്ഛിയ്ക്കുന്നു കേഴ്മ്പോ,ളൂറിഞ്ഞീടി-
ല, വരിപ്പുററി നില്ക്കും ജീവിതം വെറും സ്വപ്നം;
അത്ര നന്നബ്ദത്തോടു നില്ക്കുവാൻ കല്പിയ്ക്കുന്ന-
തൊ, ഴുകും പുഴയെക്കൈകൊണ്ടു നിർത്തീടുന്നതും.

"എന്നാൽ നീ രക്ഷയ്ക്കുള്ളാള, ടുത്തു നിൻെറ നേരം!
മാലാണ്ട ലോകം കാത്തുനില്പൂ. തന്നഴൽക്കുള്ളിൽ;
അന്ധമാം ലോകം വീഴ്വൂ തൻ നോവാം ഗതിയ്ക്കകം;
മായാപുത്രനേ! ഉണർന്നേല്ക്കു, റങ്ങായ്ക വീണ്ടും.

"അലഞ്ഞീടുന്ന കാററിൻ വാക്കുകൾ ഞങ്ങളു,ങ്ങും
ഹേ, രാജസൂനോ! സ്വാസ്ഥ്യം കാണുവാനലയുന്നോൻ;
സ്നേഹത്തെ സ്നേഹാർദ്രരിൽ സ്നേഹാർത്ഥം വിട്ടു, ദുഃഖം
നീങ്ങാൻ മാലിന്നായ് നാടു കൈവിട്ടു, മോക്ഷം നേട്ടു.

"ഏവം കേഴുന്നു വെള്ളിക്കമ്പിമേലൂടെപ്പോകെ-

ഞങ്ങ,ളിന്നിയും ലോകം കാണാത്ത ഭവാനോടായ്;
ഏവം ചൊല്ലുന്നു ഞങ്ങൾ പോകുമ്പോൾ, ബ് ഭവാൻ കളി-
ക്കുന്നീച്ചെലെഴും നിഴൽക്കൂട്ടത്തെപ്പുൽകീച്ചുതാൻ."

അതിൽപ്പിന്നെസ്സന്ധ്യയാമ്പൊളൊരിസ്ഥലരചാത്മജൻ,
സുന്ദരാംഗികളാകുന്ന പരിവാരങ്ങൾ ചൂഴമായ്,
കൈ പിടിച്ചോമലാളായ 'യശോധര' യൊടൊപ്പമേ
ഇരുന്നു കേട്ടു നേരമ്പോക്കിന്നായിട്ടൊരു പെൺകൊടി—
കണ്ണുപീയൂഷമാം തൻ നല്ലൊച്ച നില്ലേയിടയ്ക്കിടെ
കേൾക്കുന്നവർക്ക് സംഗീതരസഭേദം വരും വിധം—
അനുരാഗത്തെയും, നല്ലൊരപൂർവ്വതുരഗത്തെയും,
വിളുത്ത നിറമാണ്ടുള്ള ജനങ്ങൾ നിവസിപ്പതായ്
അന്തിക്കു സൂര്യൻ ചെന്നാഴിക്കകത്തു മുഴുകുന്നതായ്
ആശ്ചര്യകരമായ ദൂരത്തുള്ള രാജ്യങ്ങളേയുമെ,
കുറിച്ചു പറയുന്നോരു പഴമപ്പെട്ടതാം കഥ.
അവിടുന്നതു കേട്ടപ്പോൾ നെടുവീർപ്പിട്ടുകൊണ്ടുതാൻ
പറഞ്ഞു, "ചിത്രായിന്നെന്നെയിച്ചിത്രകഥ ചൊൽകയാൽ
ഓർമ്മിപ്പിച്ചു കാററു വീണയിന്മേൽപ്പാടിയ പാട്ടിനെ.
സമ്മാനമായവൾക്കേകു നിൻെറ ഹാരം 'യശോധരേ'!
എന്നാലോ ചൊല്ലുകെൻ മുത്തുരത്നമേ! പരമാർത്ഥമായ്
ഇത്രയേററ വലിപ്പത്തിലൊരു ലോകം കിടപ്പിതോ?
ആ മഹാസൂര്യനുമുരുണ്ടാഴിയിൽച്ചെന്നു വീഴ്‌വതായ്
കാണുന്ന ലോകമുണ്ടെന്നോ? തത്ര വാഴും ജനത്തിനും

നമ്മെപ്പോലെത്തന്നെയുണ്ടോ മനസ്സവധിവിട്ടതായ്,
അജ്ഞേയമായ്, സുഖംകൂടാതേയു?--മുണ്ടായിവന്നിടാം;
അറിഞ്ഞാലവരേ നോക്ക സഹായിക്കായിയും വരാം.
ഞാനാശ്ചര്യപ്പെടാറുണ്ടു പലപ്പോഴും, ദിനാധിപൻ
കിഴക്കുനിന്നു വഴിയിൽപ്പൊൻപൂശിക്കൊണ്ടു പോകവേ,
ആരായിരിക്കാമൊന്നാമതായിട്ടിസ്സൂര്യരശ്മിയെ
കണ്ടു വന്ദിച്ചിട്ടുന്നാരായുദയാദ്രിയിലുള്ളവർ,
എന്നിങ്ങിനെ; യതേമട്ടു സൌന്ദര്യാൽ വിലസും പ്രിയേ,
നിന്നാലിംഗനമേററങ്ങു ഞാൻ നിൻ കുളുർകുചാന്തരെ
കിടന്നിടുമ്പൊഴും ചിത്തം നൊന്തുകൊണ്ടേ കൊതിച്ചിടും,
സൂര്യൻ താഴോട്ടു ചായുമ്പോളതിനോടൊത്തുപോക്കുദാ
അന്തിച്ചോപ്പേന്തിയ പടിഞ്ഞാറുള്ളസ്തമയാദ്രിമേൽ
ചെന്നങ്ങു പാർപ്പുള്ളവരെക്കാണുവാനാശിച്ചപ്പൊഴും.
സ്നേഹിക്കേണ്ടോർ നമുക്കുണ്ടു പലര—ല്ലാതെയെങ്ങിനെ?
നിന്നോമനച്ചുണ്ടുകൊണ്ടു ചുംബിച്ചാൽപ്പോയിടാത്തതായ്
ഇപ്പോളെനിക്കിതാ, വന്നിതൊട്ടക്കമൊരു വേദന.
മായാലോകത്തിനെപ്പററിയറിവുള്ളോരു പെൺകൊടി!
'ചിത്രേ!' പറഞ്ഞീടുക നിൻ കഥതന്നിൽക്കഥിച്ചതായ്
ആ വേഗമേറുമശ്വത്തെയവരേതൊരു ദിക്കിലോ
കെട്ടിത്തീറുന്നതെന്നെന്നോടെ, നിക്കാ'വാജി'തന്റെമേൽ
എൻ കൊട്ടാരമിതൊന്നേററിവെച്ചോടിച്ചൊരുനാൾ പരം
പരന്നതാമിബ്ഭൂലോകമൊക്കെയും ചുററിനോക്കുവാൻ;
എന്നല്ലെ, നിക്കുള്ളതിലും വലുതാം മന്നിടങ്ങളിൽ
ചേരും ചീഞ്ഞ ശവങ്ങൾക്കൊട്ടുക്ക മുഖ്യാവകാശിയായ്

ആക്കാണും കഴുകിൻ കുഞ്ഞിന്നൊപ്പം ചിറകെനിയ്ക്കുമേ
ഉണ്ടായെന്നാലെത്രയേറെസ്സന്തോഷത്തോടുകൂടി ഞാൻ
'ഹിമാലയ'ത്തിനുള്ളൊത്തമോളിലേയ്ക്കു പറന്നിടും;
പാടലശ്രീ പുലൎന്നങ്ങുള്ളാ മഞ്ഞണിനിലങ്ങളിൽ
ഇറങ്ങി നാലുപാടും ഞാനെത്ര സൂക്ഷിച്ചുനോക്കിടും!
എന്തേ ഞാനതു കാണാഞ്ഞൂ,വെന്തതാരാഞ്ഞുമില്ല ഞാൻ
ഈപ്പിച്ചളപ്പടിയ്ക്കങ്ങേപ്പുറത്തെന്തുണ്ടു ചൊൽക മേ."

അന്നേരമതു കേട്ടിട്ടങ്ങൊരുത്തിയുരിയാടിനാൾ,
"ഒന്നാമതായ് പട്ടണംതാൻ, സുന്ദരാംഗനൃപാത്മജ!
പിന്നെത്തോപ്പുകൾ, തോട്ടങ്ങ,ളമ്പലങ്ങളുമേവിധം
പാടങ്ങൾ, പിന്നെ വെള്ളച്ചാൽ, മൈതാനം, കാടു മേല്ക്കുമേൽ
ഇവയൊന്നു പരപ്പേറും ഭൂപ്രദേശങ്ങൾ വേറെയും.
അപ്പുറത്താബ്ബിംബസാരരാജാവിനുടെ രാജ്യമായ്.
അതും കടന്നുചെന്നാകില്ക്കിടക്കുന്നു പരപ്പിലായ്
കോടാനകോടിയാൾക്കൂട്ടം പാൎത്തിടും ലോകമങ്ങിനെ."
ഈ മട്ടു കേട്ടു സിദ്ധാൎത്ഥൻ ചൊന്നാൻ, "വേണ്ടില്ല നിങ്ങൾപോയ്
'ചന്ന'നോടു പറഞ്ഞാലുമെൻെറ തേർ പൂട്ടിനിൎത്തുവാൻ-
നാളെപ്പോകുന്നു ഞാനുച്ചയ്ക്കതെല്ലാം ചെന്നുനോക്കുവാൻ."

രാജപുത്രൻെറയീ വാക്കു കേട്ടപ്പൊളവരീ വിധം
രാജാവിനോടുണൎത്തിച്ചാർ, "തമ്പുരാനേ, തവാത്മജൻ
ഉച്ചയാകുമ്പോഴേയ്ക്കും തേർ പൂട്ടാൻ കല്പിച്ചിരിപ്പതേ,
മനുഷ്യലോകം കാണ്മാനായ് പുറത്തെയ്ക്കെഴുന്നള്ളുവാൻ."

ശ്രുദ്ധിസ്സുമരചൻ ചൊല്ലി, "യുവ്വോ! കാണേണ്ട കാലമായ്
എന്നാലാളുകൾ വേഗത്തിൽച്ചെന്നു പട്ടണമെങ്ങുമേ
വിളിച്ചോതട്ടെ,യെല്ലാടമലങ്കാരങ്ങൾ ചാത്തുവാൻ.
ചീത്തയാം കാഴ്ച യാതൊന്നും കണ്ടുപോകരുതെൻ മകൻ.
കണ്ണു കാണാത്തവൻ, കാലു മുടന്തൻ, രോഗമാണ്ടവൻ,
പ്രായമേറെക്കടന്നുള്ളോൻ, കുഷ്ഠരോഗം പിടിച്ചവൻ,
ബലം കുറഞ്ഞോനെ,ന്നാരും പുറത്തേയ്ക്കു കടക്കൊലാ."
ഇപ്രകാരത്തിലായുള്ള രാജശാസന കേൾക്കയാൽ
തെരുവൊക്കെക്കല്ലടിച്ചുനീക്കി നീളെക്കളക്കനെ
പിച്ചത്തോലുകളിൽക്കൂടി വെള്ളം പാററിത്തളിച്ചുതേ;
തറവാട്ടമ്മമാരെല്ലാം വീട്ടിന്നുമ്മറമൊക്കയും
കുങ്കുമംകൊണ്ടണിഞ്ഞെങ്ങും പുത്തൻ പൂമാല തൂക്കിനാർ;
വാതില്ക്കലൊക്കെത്തുളസിത്തൂപ്പണിഞ്ഞിതു ഭംഗിയിൽ;
ചുമരിന്മേൽ വരയ്ക്കപ്പെട്ടുള്ള ചിത്രങ്ങളൊക്കയും
വേണ്ടുവോളം ചായമിട്ടു തെളിയിപ്പിച്ചിതസ്സലായ്;
വൃക്ഷങ്ങളിലിടംതിങ്ങും കൊടിക്കൂറകൾ തൂക്കിനാർ;
ബിംബങ്ങളൊക്കെ മെഴ്ക്കോപ്പു ചാത്തിക്കൊണ്ടു വിളങ്ങിതേ;
നന്നാലു വഴി കൂടുന്നേടങ്ങളിൽ 'സ്കന്ദദേവ'നും
മററു വമ്പിച്ച ദൈവങ്ങളൊക്കയും പണ്ണപൂണ്ണമായ്
കാണും കോവിൽകളിൽശ്ശോഭിച്ചിതു; പട്ടണമിങ്ങിനെ
ഏതോ മായാലോകമാളും തലസ്ഥാനം കണക്കയായ്.
പിന്നീടു രാജഭൃത്യന്മാർ ചെണ്ട ചേങ്ങലയെന്നിവ
കൊട്ടിയുംകൊണ്ടിതുച്ചത്തിൽ വിളിച്ചോതി നടക്കയായ്:—
"പൌരന്മാരൊക്കയും കേട്ടുകൊള്ളുകിൻ രാജശാസനം:

ചിന്തയാം കാഴ്ച യാതൊന്നും കണ്ടുപോകരുതിന്നിഹ;
കണ്ണു കാണാത്തവൻ, കാലു മുടന്തൻ, രോഗമാണ്ടവൻ,
പ്രായമേറെക്കടന്നുള്ളോൻ, കുഷ്ഠരോഗം പിടിച്ചവൻ,
ബലം കുറഞ്ഞോ,രിന്നാരും പുറത്തേയ്ക്കു കടക്കൊലാ;
ഇന്നാരും രാത്രിയാവോളം ശവദാഹം കഴിയ്ക്കയോ,
ശവത്തെ വെളിയിൽക്കൊണ്ടുപോകയോ, ചെയ്യപോക്കൊലാ:
ഏവം കല്പിച്ചിരിയ്ക്കുന്നു ശുദ്ധോദനമഹീശ്വരൻ.”

ആമട്ടെല്ലാടവും നല്ല ചന്തംപൂണ്ടു ലസിയ്ക്കയായ്.
വീടൊക്കെ വൃത്തിപ്പെട്ടെങ്ങും കാണായ് ‘കപിലവസ്തു’വിൽ;
രാജനന്ദനനന്നേരം, ഭംഗിയിൽപ്പണിചെയ്തതായ്
ചായമിട്ട നുകം വെച്ചു ചുളിഞ്ഞ പുരുപൂഞ്ഞയും,
മഞ്ഞൊക്കും വെള്ളനിറവും, തൂങ്ങിയാടുന്ന താടയും,
പൂണ്ടുള്ള രണ്ടെരുത്തുകളൊത്തുചേർന്നു വലിപ്പതായ്
ചിത്രപ്പണികളുള്ളോരു തേരിലാണ്ടെഴുന്നള്ളിനാൻ.
നാട്ടുകാർ തങ്ങളുടെയൊരിളംകൂർ തിരുമേനിയെ
ചെന്നാദരിയ്ക്കുമക്കാഴ്ച കാണ്മാനുണ്ടതികൌതുകം.
‘സിദ്ധാർത്ഥ’നോ രാജഭക്തിയുള്ളോരാ,യുൾക്കൊഴുപ്പോടും
ചേർന്നൊത്തുള്ളാ പ്രജകളെയേവം മിന്നുമടുപ്പമായ്,
ജീവിതം പരമാനന്ദമെന്നപോലുൾത്തെളിഞ്ഞുമേ,
കണ്ടപ്പോളതിരില്ലാത്ത സന്തോഷംപൂണ്ടു ചൊല്ലിനാൻ:—
“ലോകം മനോഹരംതന്നെ, യതിനെന്നിൽപ്പരം പ്രിയം!
രാജത്വമില്ലാത്തവരായിക്കാണും നരരേവരും
ദയയുള്ളവ,രുള്ളിന്നു കനമില്ലാതിരിപ്പവർ;

ആമട്ടിൽത്താൻ പലതരം ജോലിനോക്കിവരുന്നവർ
ഈ മൽ സഹോദരികളും പെരുതോമനന്മാർകൾതാൻ.
ഞാനെന്തിവരെയിമ്മട്ടിലാക്കുവാനൊന്നു ചെയ്തതേ?
സ്നേഹിപ്പു ഞാനെന്നതെമ്മട്ടിക്കിടാങ്ങളറിഞ്ഞതും?
നമ്മൾക്കു മേൽപ്പൂ വിതറീടിന നൽച്ചന്തമുള്ളവൻ
ആ 'ശാക്യ' ബാലകൻതന്നെ നിങ്ങളിങ്ങോട്ടെടുക്കണേ,
എന്റെ കൂടെസ്സവാരിക്കു പോന്നുകൊള്ളട്ടെയായവൻ.
ഹാ! മഹാസുഖമാണീമട്ടുള്ള നാടുകൾ വാഴുവാൻ!
എന്നെപ്പുറത്തു കാണാറായതിനാളുകളീ വിധം
സന്തോഷിക്കുകിലെത്രയ്ക്കു സന്തോഷം സാരമററതാം!
ഈക്കൊച്ചു വീടുകൾക്കുള്ളിലീ നമ്മളുടെ പട്ടണം
സന്തോഷപൂർണ്ണമാക്കീടാൻ വേണ്ടതുണ്ടെന്നിരിക്കുകിൽ
എന്തെല്ലാമുണ്ടൊരാവശ്യമുള്ളതല്ലാതെനിക്കുഹോ!
കോട്ടവാതിൽക്കപ്പുറത്തെക്കോടിക്കൂ തേരു, 'ചന്ന' നീ
ഞാനസംസ്തുതമീ നല്ല ലോകം കാണട്ടെയിന്നിയും."

അതിൻ വിധത്തിലവരാക്കോട്ടവാതിൽ കടന്നതേ,
ഹർഷിച്ചു തേരരുൾ ചുഴന്നൊരുകൂട്ടം ജനത്തൊടും
അതിൽ, ക്കാളകൾതൻ മുമ്പിൽപ്പാഞ്ഞു വൃത്തുകിനാർ ചിലർ!"
ചിലർ പട്ടെതിർ ചണ്ണക്കു തച്ചോടിച്ചിതവററിനെ;
മററുചേരപ്പമരിയുമവക്കായ്ക്കൊണ്ടുചെന്നതേ;
"ജയിക്കട്ടേ! ജയിക്കട്ടേ! ശ്രേഷ്ഠരാജകുമാരകൻ!"
ഏവമേവരുമൊന്നിച്ചു വിളിച്ചാർക്കുന്നിതങ്ങിനെ.
അപ്രകാരം വഴിയ്ക്കെല്ലാം സന്തോഷംപൂണ്ട കൂട്ടരു–

നല്ല കാഴ്ചകളും മാത്രമായിത്തന്നെ കഴിഞ്ഞുതേ—
ആമട്ടിലായിരുന്നീടാനല്ലോ കല്പിച്ച തമ്പുരാൻ.
എന്നാലങ്ങിനെ പോകുമ്പോൾ, നിരത്തിന്നു നടുക്കിലായ്,
ആ വയസ്സുവയസ്സായിട്ടുള്ള ചുക്കിച്ചുളിച്ചലും
വെയിൽ കൊണ്ടിട്ടു വല്ലാത്ത കരുവാളിപ്പുമുള്ളതായ്
നാൽക്കാലിതൻ തൊലിയ്ക്കൊപ്പം മെയ്യിൽപ്പററിയ തോലിനാൽ
മാംസമില്ലാത്തതുമെല്ലു മൂടി മാപാപിയാമൊരാൾ,
കണ്ടാലറപ്പു തോന്നിയ്ക്കുമവലക്ഷണനമാണ്ടവൻ,
കീറത്തുണികളും മേലിലിട്ടു, താനത്രനേരവും
നിലംപൊത്തിയിരുന്നുള്ള ചെററക്കുടിലിൽനിന്ന, ഹോ!
വിറച്ചു വീഴാൻ പോയിക്കൊണ്ടിഴഞ്ഞെത്തീ പതുക്കവേ.
അവൻെറ മുതുകൊ,ട്ടേറെദ്ദിവസച്ചുമടങ്ങിനെ
ചുമന്നു വെരികെട്ടുന്നും; കുണ്ടിൽപ്പോയുള്ള കണ്ണുകൾ,
വളരെക്കാലമായുള്ള കണ്ണുനീർക്കറ നില്ക്കയാൽ
ചുകന്നും, നീളവേ പീള തിങ്ങിയും, കാഴ്ച മങ്ങിയും;
പല്ലു പോയാത്താടിയെല്ലു, പക്ഷവാതാർത്തി മൂലവും,
അത്രയേറെജ്ജനത്തെസ്സന്തോഷിച്ചുംകൊണ്ടു കാണുകയാൽ,
പരിഭ്രമിയ്ക്കയാലും, പേത്താടിക്കൊണ്ടുമിരുന്നുതേ.
അവൻ വെറും തോലു മാത്രമായിരുന്നൊരു കയ്യിനാൽ,
വിറച്ചു വീഴവാൻ പോകും തന്നുടൽക്കൊരു താങ്ങിനായ്,
പിടിച്ചിട്ടുണ്ടു വല്ലാതെ തേഞ്ഞുള്ള വടിയൊന്നിനെ.
മററെക്കൈകൊണ്ടമക്കുന്നിതരക്കെട്ടി,തിൽനിന്ന, ഹോ!
ഞെരുങ്ങി വേദനപ്പെട്ടു പൊന്തുന്നു വൻകിതപ്പുകൾ.
“പിച്ച നൽകേണമേ നിങ്ങൾ പുണ്യമുള്ള ജനങ്ങളേ!

നാളെയല്ലെങ്കിൽ മററന്നാളെയ്ക്കു ഞാൻ ചത്തുപോകുമേ",
എന്നു കേണപ്പൊഴശ്ശ്രൂറെക്കുഴങ്ങി കരകൊണ്ടവൻ.
എന്നാലുമങ്ങു കൈ നീട്ടി മിഴിച്ചുംകൊണ്ടു നിന്നതേ,
"പിച്ച"യെന്നാർത്തമായ് വിപ്പുമുട്ടുന്നിടയിലോതിയും.
അന്നേരം ചുററുമുള്ളാൾക്കാരാക്കരുത്താററ കാൽകളെ
വലിച്ചു വീണ്ടുമവനെ രാജമാർഗ്ഗത്തിൽനിന്നുടൻ,
"കൊച്ചുരാജാവു! കണ്ടില്ലേ? പോ നിർമടയിലെ"ന്നുമായ്
മാററിനാർ; തത്ര സിദ്ധാർത്ഥനുറക്കെയുരിയാടിനാൻ:—
"നിന്നോട്ടെ!യങ്ങു നിന്നോട്ടെ! ചന്ന! ചൊൽകെന്തിതിങ്ങിനെ?
മനുഷ്യനെന്നു തോന്നുന്നു, തോന്നുന്നുണ്ടത്രമാത്രമേ!
അത്രയ്ക്കു കൂന്നു,മത്രയ്ക്കു കഷ്ടത്തിൽപ്പെട്ടു, മാവിധം
പേടിയാവുന്ന മട്ടായു, മത്ര സങ്കടമേന്തിയും
കാണ്മിതി; ത്തരമുണ്ടായിത്തീരുമോ മർത്ത്യരെ?ന്തിവൻ,
"നാളെയല്ലെങ്കിൽ മററന്നാളെയ്ക്കു ഞാൻ ചത്തുപോയിടും",
എന്നു ചൊന്നതിനുള്ളർത്ഥ? മിത്രയ്ക്കെല്ലു കളന്നുവാൻ
ഇവനു ഭക്ഷണം കിട്ടുന്നില്ലയോ തെല്ലുപോലുമേ?
എന്താപത്തു പിണഞ്ഞു ഇപ്പാവത്തിന്നേവമാകുവാൻ?"
ഏവം കേട്ടപ്പൊഴാസ്സൂതൻതാനുണർത്തിച്ചിതിങ്ങിനെ:—
"കേട്ടാലുമെൻ കൊച്ചുപൊന്നുതമ്പുരാ,നിങ്ങു കണ്ടതോ
വെറും വയസ്സനൊരുവനെന്നല്ലാതൊന്നുമല്ലതാൻ.
പത്തെൺപതോളം കൊല്ലം മുമ്പിവനും മുതുകെത്രയും
നേരെയായ് നിന്നിരുന്നു; തൻ കണ്ണുകൾക്കു വെളിച്ചവും,
ദേഹത്തിനുല്ലാഘതയും, വേണ്ടതുണ്ടായിരുന്നതേ.
കള്ളക്കൊല്ലങ്ങൾ കേറിത്തൻ ചോര വാററിക്കുടിച്ചുപോയ്;

അവൻെറ ശക്തികൾ കവൎന്നെടുത്തു; ബുദ്ധി ബോധവും
ഉപായത്തിൽക്കെട്ടടങ്ങി; തിപ്പോൾത്തജ്ജീവദീപമോ
എണ്ണയില്ലാതായി മഷിപിടിച്ചു നിറമററതായ്;
തീരെക്കെട്ടവസാനിയ്ക്കാൻ പോകുന്ന തിരിതന്നുടെ
അന്ത്യത്തീപ്പൊരിയൊന്നുള്ളിൽ നിൽപുണ്ടെങ്ങാനുമത്രതാൻ.
വാൎദ്ധക്യമേവമാണെന്തിന്നിവിടന്നോൎപ്പതാക്കഥ?”
അതു കേട്ടിട്ടു ചോദിച്ചു മഹീശ്വരകുമാരകൻ,
“മററുള്ളവൎക്കെല്ലാമിതൊരുനാൾ വന്നുപോകുമോ?
അതോ, ചൊൽകി, തുമട്ടന്യനാവതേററം ചുരുക്കമോ?”
അപ്പോൾ ‘ചന്ന’നുണൎത്തിച്ചാൻ, “ഉത്തമോത്തമ! സൎവരും
ആമട്ടിൽത്തന്നെയായ്ത്തീരുമത്ര കാലമിരിയ്ക്കുകിൽ.”
അന്നേരമരുളിച്ചെയ്തു കൊച്ചുഭൂപതി പിന്നെയും:
“എന്നാൽ ഞാനത്രയും കാലം ജീവിച്ചാലിതുമാതിരി
ഞാനുമായ്ത്തീരുമെന്നുണ്ടോ? വൎഷം പത്തെൺപതാം വരെ
‘യശോധര’യിരുന്നാകിലുണ്ടാം വാൎദ്ധക്യമേവമോ,
‘ജാലിനി’, യാ ‘കൊച്ചുഹസ്ത’, ‘ഗംഗ’, ‘ഗൌതമി’, യേവരും?
“മഹാപ്രഭോ! തീൎച്ചയായുമതേ!” എന്നഥ സാരഥി
പറഞ്ഞു കേട്ടവാറേവമരുളീ രാജനന്ദനൻ:
“തേർ തിരിച്ചു തെളിച്ചെൻെറ ഗേഹമെത്തിയ്ക്കുകാശു നീ,
കാണുമെന്നു നിനയ്ക്കാത്ത കാൎയ്യവും കണ്ടുപോയി ഞാൻ.”

അതിനെപ്പററിയോരോരോ മനോരാജ്യം നിനച്ചവൻ
വിചാരശീലൻ ‘സിദ്ധാൎത്ഥ’ൻ തഞ്ചാരു പുരി പൂകിനാൻ,
കണ്ടാലും ചെല്ലുനയിലും ദുഃഖിയായ്ത്തോന്നിടും വിധം.

രാവിങ്കലമൃതേത്തിന്നാക കൊണ്ടുവെച്ച പഴങ്ങളോ
വെള്ളറൊട്ടികളോ സ്വാദുനോക്കിക്കൊണ്ടതുമില്ലവൻ.
കൊട്ടാരത്തിലെഴുന്നാട്ടക്കാരത്തികളിൽ മന്ത്രിയോർ
രസിപ്പിയ്ക്കാൻ തുലോം പാടുപെട്ടിട്ടും, താഴ്ന്ന തന്മുഖം
ഒന്നു പൊന്തിച്ചു നോക്കീല, മിണ്ടിയില്ലൊരു വസ്തുവും.
എന്നാലവന്റെ കാൽക്കൽക്കമ്പിട്ടു തേങ്ങിക്കരഞ്ഞുമേ
"എൻ ഭൎത്താവെന്നിലും കൂടെസ്സുഖം കാണുന്നതില്ലയോ?"
എന്നാ'യശോധര'യഴൽപ്പെട്ടു ചോദിച്ചവാറവൻ
ഒന്നുമാത്രം വ്യസനമുണ്ടായ്വരും വാക്കു ചൊല്ലിനാൻ.
"ഹാ മൽ പ്രേയസി! നീ ചൊല്ലും സൌഖ്യത്തെപ്പററിയോൎത്തുതാൻ
പ്രാണങ്ങൾ നോവുന്നിതെനിയ്ക്കു,തു പൊയ്പ്പോകയില്ലയോ?
അതു പൊയ്പ്പോം, നമുക്കെത്തും പ്രായാധിക്യം യശോധരേ!
പ്രേമം നശിച്ചു, സൌഭാഗ്യം പോയി, ശ്ശക്തിയുമററു നാം
വയസ്സായിക്കളുന്നുപോകുമൊരു കാലത്തു നിൎണ്ണയം.
എന്നല്ലാ പ്രണയത്തേയുമാവിധം ജീവിതത്തെയും
നാമത്ര ചേൎത്തുള്ളധരപുടത്താൽപ്പൂട്ടിവെയ്ക്കയാൽ
ശ്വാസങ്ങൾ രാപ്പകൽ നമുക്കൊന്നെന്ന നിലയാകിലും
തിക്കിക്കൊണ്ടിടയിൽക്കേറിക്കാലം നിൻ സൌഭഗത്തെയും
മദീയകാമത്തിനെയും തഞ്ചത്തിൽക്കട്ടു കൊണ്ടുപോം:
കറുത്ത നിറമാം രാവാകുന്നിൻ കൊടുമുടിയ്ക്കു മേൽ
ഒന്നു മങ്ങിവിളയ്പ്പേറിയാലും തീരെക്കെടാത്തതായ്
കാണപ്പെടുന്ന പനിനീർപ്പൂവൊളിക്കിരണങ്ങളെ
ഹരിച്ചിടുന്നതിൻവണ്ണം: ഞാനെല്ലാം കണ്ടറിഞ്ഞുപോയ്;
എന്മനസ്സാകെ ഭയംകൊണ്ടു തമസ്സേല്ക്കുന്നു മററുമേ.

വാർദ്ധക്യത്തെ മനുഷ്യർക്കു വരുത്തും കാലമില്ലയോ,
പ്രേമത്തിനുള്ള മാധുര്യമെമ്മട്ടാക്കാലപാതകി
നശിപ്പിയ്ക്കാതിരുന്നീടുമതു കണ്ടുപിടിയ്ക്കുവാൻ
ചുഴിഞ്ഞു നോക്കീടുകയാണെൻെറ മാനസമൊക്കവെ."
ആമട്ടാരാവുറങ്ങാതെയിരുന്നു സ്വാസ്ഥ്യമററവൻ.

എന്നാലാ രാത്രി മുഴവൻ 'ശുദ്ധോദന'മഹീപതി
അസ്വാസ്ഥ്യമേകും സ്വപ്നങ്ങൾ കണ്ടുംകൊണ്ടു കിടന്നുതേ:
പേടി തോന്നിപ്പതാമൊന്നാമത്തെ സ്വപ്നമിതാണതിൽ:
വലുതായ്, പൊൻകതിരവനൊന്നു ചേർന്നുജ്ജ്വലിപ്പതായ്,
ഐന്ദ്രമായുള്ളൊരു കൊടിക്കൂറ കണ്ടാനനുത്തമം.
എന്നാലതിൻ ദിവ്യഞെറിക്കൂട്ടത്തെയതിശക്തിയിൽ
വീശും കാററൊന്നുടൻ ചീന്തിപ്പറിച്ചിളയിൽ വീഴ്ത്തിനാൻ.
അപ്പോൾ നിഴൽപ്രായമൊരു കൂട്ടമാളുകൾ വന്നഹോ!
ആ പ്പീത്തയാക്കിയിട്ടുള്ള പട്ടിൻ തുണ്ടങ്ങളൊക്കയും
പെറുക്കിഗ്ഗോപുരം വിട്ടു കിഴക്കോട്ടങ്ങു കൊണ്ടുപോയ്.
രണ്ടാമതരചൻ കണ്ടു പത്തു വൻകൊമ്പനാനകൾ,
വെള്ളിക്കൊമ്പുകളും ഭൂമി തുള്ളും നടയുമുള്ളവ,
തെക്കേ നിരത്തുവഴിയിലൂടെയൂക്കിൽ നടപ്പതായ്.
എല്ലാററിനും മുമ്പിലെഴും ദന്തിതന്മേലിരിപ്പതോ
രാജനന്ദനനാകുന്നു; പിമ്പേ പോകുന്നു മററവ.
മൂന്നാമതായ് നൃപൻ കണ്ടുപേടിച്ചാ സ്വപ്നമിങ്ങിനെ:
ഒരു തേർ കണ്ടു തൻമുന്നിൽ, കണ്ണഞ്ചിന്നുന്ന ശോഭയാൽ
പാരം വിളങ്ങുമതിനെ വലിപ്പു നാലു വാജികൾ,

നാസാരന്ധ്രങ്ങളിൽക്കൂടെ വെള്ളപ്പുക വിടുന്നവ,
പല്ലിറുമ്മും വായിൽനിന്നു ചെന്തീപ്പുക വമിപ്പവ;
ആത്തേരിലുണ്ടിരിയ്ക്കുന്നൂ 'സിദ്ധാൎത്ഥൻ' നൃപനന്ദനൻ.
നാലാമതായ്ക്കണ്ടു, ബഹുവേഗത്തിൽത്തിരിയുന്നതായ്
ഉരുക്കപ്പൊന്നാം കുടവു, മണിരത്നം പതിയ്ക്കയാൽ
വിലസീടുന്നാഴികളും, ചേൎന്നതാം ചക്രമൊന്നവൻ.
അതിന്നാഴികൾ കൂട്ടിക്കെട്ടുന്നതായുരുളും വിധൌ
തിയ്യുപോലുള്ളതായ്, പ്പാട്ടു കേൾപ്പതായുള്ള പട്ടമേൽ
ആശ്ചൎയ്യപ്രദമായോരോന്നൊക്കെയുണ്ടെഴുതീട്ടുമെ.
അഞ്ചാമത്തെ സ്വപ്നമൊരു പോത്തനാം ചെണ്ടയാണ്, തോ
കുന്നിന്നും പട്ടണത്തിന്നും നടുക്കായ് വെച്ചിരിപ്പതെ.
ഇരിമ്പുവടികൊണ്ടായതുണ്ടു രാജകുമാരകൻ
വെച്ചു കൊട്ടുന്നിതാ, ശ്ശബ്ദമിടിയ്ക്കൊപ്പം നഭസ്സിലും
ദൂരദിക്കുകളിൽപ്പോലും മുഴങ്ങുന്നുണ്ടു ചാറുമെ.
രാജാവു കണ്ട ദുസ്സ്വപ്നമാറാമത്തേതിവണ്ണമാം:
മേല്പോട്ടുയൎന്നുയൎന്നിട്ടു പട്ടണത്തെക്കടന്നുപോയ്
മുകൾബ്ഭാഗത്തു മേഘങ്ങളണിഞ്ഞു വിലസുന്നതായ്
മണിമാളിക കണ്ടാനൊന്ന, തിൻ മീതെ നൃപാത്മജൻ
നില്ക്കുന്നുണ്ട, ഴകേറുന്ന മിന്നും രത്നഗണങ്ങളെ
മുററുമങ്ങോട്ടുമിങ്ങോട്ടും ചിന്നിക്കൊണ്ടിരു കൈകളാൽ,
പുഷ്യരാഗാദി രത്നങ്ങൾ മഴ പെയ്യുന്ന മാതിരി.
വീഴുമ്പോൾ നാലു ഭാഗത്തുമവ വാരിയെടുക്കുവാൻ
കിണഞ്ഞുണ്ടു തിരക്കുന്നു വന്നീ ലോകരശേഷവും.
എന്നാലേഴാമതാം സ്വപ്നമൊരു രോദനശബ്ദമാം;

കരഞ്ഞും പല്ലിറുമ്മീട്ടുമാറു പേർ കൈപ്പടങ്ങളാൽ
വായ പൊത്തി നടക്കുന്നിതാശ്വാസം കണ്ടിടാതെതാൻ.

ഏഴു സ്വപ്നങ്ങളുറക്കത്തിലേഴേവം കണ്ടു തമ്പുരാൻ;
എന്തതിൻ സാരമെന്നുള്ളതങ്ങെഴുന്നറിവുള്ളവർ,
എത്രമേലറിവുള്ളോരും, പറഞ്ഞീലതുകാരണം
ക്ഷുണ്ണിതമനരചൻ ചൊന്നാൻ, "നാശമെന്റെ കുലത്തിനെ
ബാധിയ്ക്കുവാൻ തുടങ്ങുന്നുണ്ടീ; മൽ സ്വപ്നങ്ങൾമാർഗ്ഗമായ്,
മഹത്വമുള്ള ദേവന്മാർ സൂചിപ്പിച്ചുള്ള സംഗതി
യുന്നതെന്നറിവാനെന്നെസ്സഹായിപ്പതിന്നേതുമെ,
നിങ്ങൾക്കു യുക്തി തോന്നുന്നതില്ലല്ലീ എന്തൊരത്ഭുതം!"
അതിനാൽപ്പൌരരെല്ലാരും, പട്ടണത്തിങ്കലെങ്ങുമെ,
ഏഴാപത്സൂചകസ്വപ്നം തമ്പുരാൻ കണ്ടതിൻ പൊരുൾ
ചൊല്ലാനാരാലുമാകാഞ്ഞതോർത്തു മാഴ്കി നടക്കയായ്.
അന്നേരം കോട്ടവാതിൽക്കൽ വന്നാനജ്ഞാതനാമൊരാൾ,
സന്ന്യാസിയുടെ വേഷത്തിൽ മാനിന്തോലാമുടുപ്പുമായ്
ഒരുവൃദ്ധ,നയാളേവമുച്ചത്തിലുരിയാടിനാൻ:—
എന്നെക്കൊണ്ടാക്കുവിൻ നിങ്ങളുഴീശനുടെ സന്നിധൌ
അദ്ദേഹം നിദ്രയിൽക്കണ്ട കിനാവിൻ സാരമോതുവൻ."
ആമട്ടു പാതിരയ്ക്കാക്കണ്ടത്ഭുതസ്വപ്നമേഴുമെ
കേൾപ്പിച്ച നേരത്തവനും വണങ്ങിക്കൊണ്ടു ചൊല്ലിനാൻ:—
"മഹാരാജ! പുകഴ്ത്തുന്നേൻ ധന്യമാമീക്കുലത്തെ ഞാൻ;
ഇങ്ങുനിന്നൊരു തേജസ്സു പൊന്തുമല്ലോ വിശിഷ്ടമായ്,
മാർത്താണ്ഡദീപ്തിയെക്കാളുമേററം വ്യാപിച്ചിടുന്നതായ്.

ഹാ! ഭീമമാക്കിനാവേഴമോൎത്തുകൊൾകേഴ ഭാഗ്യമായ്.
അതിലാദ്യം, പരന്നിന്ദ്രധ്വജചിഹ്നം ലസിപ്പതായ്
വിശിഷ്ടമായ് ബ്ഭവാൻ കണ്ടോരാക്കൊടിക്കുറയില്ലയോ,
താഴെ വീഴ്ത്തിയതായ്, പ്പിന്പു ചില പേർ കൊണ്ടുപോയതായ്;
അതിങ്ങു മുമ്പുള്ള മതങ്ങൾക്കു നാശത്തെയും, ബുദ്ധം
സൂചിപ്പിക്കുന്നു, പുതുതായൊന്നിന്റെയുദയത്തെയും;
മനുഷ്യൎക്കുള്ളതിലൊരു ലേശവും കുറവെന്നിയെ,
ദിനങ്ങൾ പോയിപ്പോയിട്ടു കല്പങ്ങൾ കഴിയുമ്പൊഴേ,
വരുന്നിതല്ലോ മാററങ്ങളൊട്ടുവിൽ ദ്ദേവകൾക്കുമെ.
പാക്കിളക്കം പിടിപ്പിച്ച പത്തു വങ്കൊമ്പനാനകൾ
വിശിഷ്ടമായ വിജ്ഞാനദശകത്തെക്കുറിക്കുയാം.
അതിൻ കരുത്താൽ നിജസാമ്രാജ്യം വിട്ടു നൃപാത്മജൻ
സത്യധൎമ്മം നടത്തിപ്പാരൊട്ടുക്കിട്ടു കുലുക്കിടും.
ശ്വാസത്തിലൂടെത്തീജ്വാല ചിന്നിക്കുന്നവയായ് പരം
തേർ വലിപ്പവയാക്കുണ്ട നാലു വാജികളില്ലയോ,
അവ നാലപ്രധൃഷ്യങ്ങളാകും ശ്രേഷ്ഠഗുണങ്ങളാം.
തൎശ്ശങ്കകൾതന്നുള്ളിൽനിന്നങ്ങയുടെ പുത്രനെ
അവ രക്ഷിച്ചുകൊണ്ടാക്കുമാനന്ദകരദീപ്തിയിൽ.
ഉരുക്കു പൊന്നുകൊണ്ടുള്ള കുടത്താൽ ച്ചുററിടുന്നതായ്
കണ്ട ചക്രം കോട്ടമററ മഹാശ്ചൎയം ധൎമ്മചക്രമാം;
അതെല്ലാലോകവും കാണ്കെയവൻ വെച്ചുതിരിച്ചിടും,
രാജപുത്രനൊത്തുക്കേറും ചെണ്ട കൊട്ടിയതില്ലയോ
നാട്ടിലെല്ലാമതിൻ ശബ്ദം മുഴങ്ങിത്തിങ്ങിടും വരെ,
അതുച്ചാ ധൎമ്മവചനപ്രസംഗമവിടുന്നിനി.

നടക്കുമെന്നു സൂചിപ്പിക്കുന്നു നിശ്ചയമായുമെം
കാട്ടുന്നു വിണ്ണന്നയുമാ മേട ബുദ്ധമതോദയം;
ആസ്കന്ദള്ളഭരത്താങ്ങളങ്ങുനിന്നു പൊഴിഞ്ഞവ,
മനുഷ്യർക്കുമതേ മറ്റു ദേവകൾക്കും പ്രിയങ്ങളായ്
കാമ്യങ്ങളാമസംഖ്യേയപുണ്യ ധർമ്മധനങ്ങളാം,
ഇതാണാമാളികയുടെ സാരം: പിന്നീടൊരാറുപേർ
കരഞ്ഞുകൊണ്ടും വായ് പൊത്തിക്കൊണ്ടും കാണായിവന്നവർ
വിളങ്ങും സത്യധർമ്മത്തെക്കൊണ്ടും നിന്നുണ്ണിതന്നുടെ
അഖണ്ഡ്യവാഗ്ഘോഷംകൊണ്ടും തങ്ങൾതൻ മൌഢ്യമൊക്കവേ
ബോധപ്പെട്ടാനിടവരും ആരു പണ്ഡിതമുഖ്യരാം
ആഹ്ലാദം പൂണ്ടരുളുക, ഭൂതധാത്രീപതേ! ഭവാൻ.
എൻതമ്പുരാനാമിക്കൊച്ചുഭൂപൻതൻ ഭാഗ്യവൈഭവം
രാജ്യങ്ങൾ കിട്ടുന്നതിലുമെത്രയോ മീതെനില്പതാം;
അവിടുന്നു ധരിച്ചീടുമാക്കീറക്കാവിമുണ്ടുകൾ
നൽപ്പൊൻപട്ടുകളെക്കാളുമെത്രയോ വിലയുള്ളതാം—
ത്വത്സ്വപ്നങ്ങൾക്കെഴും സാരമിത്രതാ; നേഴ നാൾക്കകം
വന്നു ചേർന്നിടുമിച്ചൊന്ന കാര്യമെല്ലാമസംശയം."
ഏവം ചൊല്ലി വിശിഷ്ടാത്മാവദ്ദേഹം വിനയാന്വിതം
നമസ്കരിച്ചാൻ സാഷ്ടാംഗംഭൂമിമേൽ വീണു മൂന്നുരു,
എണീറ്റിട്ടിറങ്ങിപ്പോകയുമുണ്ടായാൻ; രാജാവവനു നല്കുവാൻ
മഹാർഘസമ്മാനവുമായയച്ചോർ വന്നണഞ്ഞിനാർ,
"ചന്ദ്രക്കാവിലിലദ്ദേഹം കടക്കും വരെ ഞങ്ങളും
പിന്നാലെ ചെന്നിതേ, നാലില്ലാ സ്ഥലത്തിലൊരുത്തനും;
നരച്ച കൂമനൊന്നാ ശ്രീകോവിലിന്നുള്ളിൽനിന്നുടൻ

പക്ഷങ്ങൾ വീശിയുംകൊണ്ടു പറന്നാ,നത്യാശ്ചര്യമെ.”
ദേവന്മാർ ചിലകാലത്തിലാമട്ടിൽസ്സഞ്ചരിച്ചിടും.

അന്നേരമത്ഭുതപ്പെട്ട മന്നൻ കല്പിച്ചു, ദുഃഖിതൻ,
സിദ്ധാൎത്ഥകേളീസത്മത്തിലുള്ള നൎത്തകിമാരുടെ
നടുക്കവന്റെ ചിത്തത്തെ രോധിപ്പതിനു തക്കതായ്
പുത്തൻ രസങ്ങളോരോന്നു ചാറും ചേൎത്തെപ്പെടുത്തുവാൻ.
പിന്നെപ്പിച്ചളവാതിൽക്കലൊക്കയും പൃഥിവീപതി
ഈരണ്ടു പേർ ഭടന്മാരെച്ചൊല്ലീ കാവല്ക്കു നിൎത്തുവാൻ.

എന്തായാലും ദൈവയോഗവഴിയാരുണ്ടടക്കുവാൻ!

ഒരിക്കൽക്കൂടിയിളകീ കുമാരനുള്ളു വീണ്ടുമെ,
തൻ കോട്ടവാതിൽക്കു പുറത്തെഴുമാപ്പാരു കാണുവാൻ—
സ്വന്തം ഗതികളാകുന്ന തിരമാലകളങ്ങിനെ
കാലമാകും വരൾമണൽത്തട്ടിലാശു പരന്ന, ഛോ!
ശോച്യാവസ്ഥയിലായ് വററി നശിച്ചീലെന്നിരിക്കുകിൽ
അത്രയും തുഷ്ടികരമായുള്ളൊരാ മൎത്ത്യജീവിതം.
‘ശുദ്ധോദന’ക്ഷിതിപനോടൎത്ഥിച്ചു പിന്നെയീവിധം:—
“സ്വതേയുള്ള വിധത്തിൽത്താനീ നമ്മളുടെ പട്ടണം
എനിക്കു കാണുവാനങ്ങു സമ്മതം തന്നിടേണമേ!
വാത്സല്യപൂൎവ്വമായ് ശ്രദ്ധിച്ചവിടന്നേവരോടുമേ
മുമ്പിൽക്കൂട്ടിച്ചൊല്ലിവെച്ചിതന്നു, സാധാരണങ്ങളായ്
ചിത്തക്കാഴ്ചകളുണ്ടാകുന്നവ മാറ്റീട്ടു സൎവ്വരും

സന്തുഷ്ടമുഖരാകേണമെന്നസ്സന്തുഷ്ടനാകുവാൻ,
മനോഹരങ്ങളാകേണം നടക്കാവുകളെന്നുമെ.
നിത്യപ്പൊറുതിയാമട്ടല്ലെന്നെന്നിട്ടുമറിഞ്ഞു ഞാൻ.
എന്നച്ഛനവിടെയ്ക്കും ഞാനീ രാജ്യത്തിനുമെത്രയും
പ്രിയപ്പെട്ടവനാണെങ്കിൽ, സ്സന്തോഷത്തോടു കൂടി ഞാൻ
കാണേണ്ടതല്ലയോ നാട്ടുകാരെയും, തെരുവീഥിയും,
പതിവായാളുകൾക്കുള്ള മിതമാം സമ്പ്രദായവും,
ഇളവില്ലാത്തിഥികളിലായവക്കുള്ള ജോലിയും,
രാജാക്കളല്ലാത്തവർതൻ ജീവിതത്തിൻ സ്വഭാവവും.
സുഖപൂർണ്ണങ്ങളായുള്ളൊരെന്നാരാമങ്ങളില്ലയോ
അവ വിട്ടപ്പുറത്താരുമറിയാതൊന്നു പോകുവാൻ
മമപ്രിയപിതാവേ; നൽകനുജ്ഞ സദയം ഭവാൻ.
ആസ്സുഖങ്ങളിലേയ്ക്കിന്നുള്ളതിലും തൃപ്തിപൂണ്ടു ഞാൻ
തിരിച്ചെത്തും, മതല്ലത്ര സമാധാനം വരാസ്സിലോ,
അധികം ജ്ഞാനിയായെത്തും; മതിനാൽഭൃത്യരൊത്തു ഞാൻ
തെരുവീഥികളിൽക്കൂടിപ്പൊയ്ക്കൊള്ളട്ടേ യഥേഷ്ടമായ്,
അടുത്ത ദിവസംതന്നെ, യങ്ങുന്നനുവദിയ്ക്കണേ!"
ഇതു കേട്ടു നിജാമാത്യമദ്ധ്യേ മന്നവനോതിനാൻ,
"ഈ രണ്ടാമത്തതാം യാത്രയാദ്യത്തേതിൻെറ കേടുകൾ
തീർത്തേയ്ക്കാം പക്ഷെ; രാജാളിപ്പക്ഷി കൂട്ടിലിരിയ്ക്കവെ
എല്ലാ പുതിയ കാഴ്ചയ്ക്കു നേരെയും വെമ്പുമെങ്കിലും,
സ്വാതന്ത്ര്യം കിട്ടിയാൽപ്പിന്നെ, യെത്ര ശാന്തതപൂണ്ടതാം
അതിൻെറ നോട്ടു; മതിനാൽക്കണ്ടോട്ടേ സർവ്വമെൻ മകൻ,
തൻ മനോഗതി വന്നിങ്ങു ചൊൽവാനവരോടോതുക."

ആമട്ടുതന്നെ പിററന്നാളുച്ചയ്ക്കു നൃപനന്ദനൻ
രാജാവിൻ മുദ്ര കാണിച്ചുത്തുറക്കപ്പെട്ട ഗോപുരം
പിന്നിട്ടു, 'ചെന്ന'നോടൊത്തു പുറത്തെയ്ക്കെഴുന്നള്ളിനാൻ.
എന്നാൽ വണിഗ്വേഷധരൻ നരേന്ദ്രാത്മജനെന്നതും,
ഛദ്മസ്ഥമട്ടുടുപ്പിട്ട മററാൾ തത്സൂതനെന്നതും,
അറിഞ്ഞതേയില്ല പെരുംകോട്ടവാതിൽ തുറന്നവർ.
ചരിച്ചു സാധാരണമാം വഴിയേ കാൽനടയ്ക്കവർ,
'ശാക്യ'പൌരപ്പരിഷയോടൊക്കയും ചേർന്നിണങ്ങിയും
പട്ടണത്തിങ്കലെസ്സൌഖ്യദുഃഖക്കാഴ്ചകൾ കണ്ടുമേ—
ഉച്ചയ്ക്കുള്ളൊരിരമ്പത്താൽജ്ജീവനുള്ളവപോലെയായ്
ചിത്രങ്ങളെഴുതപ്പെട്ടുള്ളവയാം തെരുവീഥികൾ,
സുഗന്ധവർഗ്ഗം ധാന്യങ്ങളെന്നിവയ്ക്കു നടുക്കിലായ്
ചമ്പ്രംപടിഞ്ഞിരുന്നിട്ടു കച്ചോടം വിററിടുന്നവർ,
മടിയിൽപ്പണവുംകൊണ്ടു സാമാനം വാങ്ങുമാളുകൾ,
ഓരോന്നിൻ വിലയെപ്പററിപ്പേശകുന്ന തിരക്കുകൾ,
വഴി മാറുന്നതിന്നുള്ള കൂക്കൽ, വൻകല്ലുവണ്ടികൾ,
മന്ദം നടന്നുപോകുന്ന കരുത്തേറിയ കാളകൾ,
അവ ഭേസി'ക്കെറെകെറെ'ശ്ശബ്ദിയ്ക്കും ചുമടങ്ങിനെ,
പല്ലക്കുകളെടുത്തിട്ടു പാടിക്കൊണ്ടു ഗമിപ്പവർ,
പരന്ന തോളൊക്കുമമാലന്മാർ വൈലാൽ വിയർത്തവർ,
കിണററിൽനിന്നു കോരുന്ന വെള്ളം മണ്ണുകലങ്ങളിൽ
നിറച്ചൊട്ടും തുളുമ്പാതെയേററിപ്പോയിടുമമ്മമാർ,
അവർക്കൊക്കയുമൊക്കത്തു കറുത്ത മിഴി രണ്ടുമേ
മിഴിച്ചുതാൻ വിലങ്ങത്തിൽക്കിടക്കും കൊച്ചുകുട്ടികൾ,

ഈച്ചയാക്കുന്ന മധുരഭക്ഷ്യക്കടകളങ്ങിനെ,
പരുത്തിക്കുരു നീക്കാനായ് വെച്ചെക്കീടുന്ന വില്ലുമായ്
നെയ്യും തറികൾതൻ പക്കൽപ്പുണ്ണിനോക്കുന്ന നെയ്ത്തുകാർ
ധാന്യം പൊടിയ്ക്കുന്ന തിരിക്കല്ലുകളെ, ച്ചില്ലു കിട്ടുവാൻ
തമ്മിൽക്കുരച്ചിടും ശ്വാക്കൾ, ക്കൂടം കൊടിലിവററിനാൽ
ഇരിമ്പുചട്ടയുണ്ടാക്കും പടു കഞ്ചുകകാരകൻ,
ആലപ്പുരസ്സുകമൊരു കസ്സോട്ടുമൊരു കുന്തവും
തിയ്യിലൊന്നിച്ചുതാനിട്ടു പഴുപ്പിയ്ക്കുന്ന കൊല്ലനും,
ഗുരുവിൻ ചുററുമായ് 'ശാക്യ'ബാലർ മന്ത്രങ്ങൾ ചൊല്ലുകയും
ന്യൂനാധികേശ്വരന്മാരെയൊക്കെപ്പററിപ്പഠിയ്ക്കുയും
ചെയ്യും പാതിയിരുണ്ടുള്ള കുണ്ടിലെപ്പാഠശാലയും,
പച്ചമഞ്ഞയിലും ചോപ്പുമായ കൌപീനപങ്ക്തിയെ
തോരാനായ് വെയിലുള്ളേടം ചായപ്പണികൾ ചെയ്യുവോർ
ഓരോ ചായത്തൊട്ടികളിൽനിന്നെടുത്തു വിരിപ്പതും,
പട്ടാളം വാൾപരിചകളിളക്കിക്കൊണ്ടു പോവതും,
ഉഷ്ട്രനേതാക്കൾ തൽപ്പൃഷ്ഠമേലാടിക്കൊണ്ടിരിപ്പതും,
ഗർവ്വിഷ്ഠം ബ്രാഹ്മണൻ, യുദ്ധച്ചോടിപ്പേറുന്ന ബാഹുജൻ,
പ്രയത്നം ചെയ്തു ജീവിയ്ക്കും പാവപ്പെട്ടുള്ള ശൂദ്രനും,
വ്യാളഗ്രാഹികൾ വായ്പിട്ടു ചൊല്ലി നാഗോരഗങ്ങളെ
പ്രാണൻ പെടും ഭൂഷകളായരയിൽച്ചുററിടുന്നതോ,
മണി ചേന്ന ചുരങ്ങത്തൊണ്ടെടുത്തൂതിവിളിച്ചുടൻ
പത്തിവായ്ക്കുന്നന്തകനെച്ചോടിച്ചാടിച്ചിടുന്നതോ,
നോക്കിക്കാണ്മാനൊരേടത്തിലാൾക്കൂട്ടം കൂടിനില്പതും,
അപ്പുറം പുതുതായ് വേട്ട കന്യയെബ്ഭർത്തൃമന്ദിരെ

കൂട്ടിക്കൊണ്ടുവരാനേറെക്കുഴൽക്കാർ കൊട്ടുകാരിവർ
പട്ടിൻ വിതാനവും ഭംഗ്യാ കോപ്പണിഞ്ഞ ഹയങ്ങളും
ചോന്നൊത്തുകൊണ്ടൊരു വരിയായിട്ടു നടകൊൾവതും,
മറ്റൊരേടത്താരുമറിഞ്ഞീടാതൊരു കുഡുംബിനി
ഭോജ്യങ്ങളും മാലകളും കയ്ക്കൊണ്ടു വഴിപാടിനായ്
കച്ചോടം ചെയ്തിട്ടും കാന്തൻ സുഖമായ് വന്നുചേരുവാൻ,
അല്ലെങ്കിലിനിയത്തെത്തങ്കുട്ടിയാൺകുട്ടിയാകുവാൻ,
പ്രാൎത്ഥിയ്ക്കുന്നതിനായ്ഗ്ഗേഹത്തിങ്കൽനിന്നു ഗമിപ്പതും,
അടുത്ത ദിക്കിലായ്പ്പാത്രപ്പണിക്കാർ മെയ്യിരുണ്ടവർ
വിളക്കും ലോട്ടയും തീപ്പാൻ മുഴങ്ങും പിച്ചളയ്ക്കു മേൽ
അടിച്ചുകൊണ്ടിരുന്നീടും പണിപ്പന്തൽസ്ഥലങ്ങളും.
അങ്ങുനിന്നമ്പലത്തിന്റെ മതിലും ഗോപുരത്തിനും
അടുക്കലൂടേ പോയിട്ടാ പ്രാകാരത്തിന്നു കീഴിലായ്
തൊട്ടുടുത്തുകിടന്നീടുമാററിൻ പാലത്തിലെത്തിനാർ.

ഇവയെല്ലാമവർ കടന്നപ്പോഴേ വഴിവക്കിലായ്
ആരോ മാലാണ്ടു കേഴുന്നുണ്ടൊ, "ന്നെ ബീപ്പിച്ചിടേണമേ!
അപ്പോകുമെജമാനന്മാരൊന്നെന്നെത്താങ്ങിടേണമേ,
അല്ലെങ്കിലെൻ വീടണയും മുമ്പു ഞാൻ ചത്തുപോയിടും."
ഏവം നിലവിളിയ്ക്കുന്നു പാവം രോഗാൎത്തനാമൊരാൾ.
എന്തോ കഠിനമാം പ്ലേഗു പിടിപെട്ടാപ്പുമാനുടെ
വിറയ്ക്കുമുടലെമ്പാടും പുള്ളികുത്തിയ മാതിരി
തവിട്ടു നിറമാന്നേറെച്ചുട്ടു നീറും കുരുക്കളാൽ
നിറയപ്പെട്ടു പൊടിയിൽക്കിടന്നിട്ടങ്ങുഴയ്ക്കയാം.

നെററിതന്മേൽപ്പുള്ളകൊത്ത വേപ്പുതുള്ളികഠം ചിന്നിയും,
വൻനോവിൻ കോച്ചുവലിയാൽ വായൊരേടം ചെരിഞ്ഞുമേ,
ഉള്ളിലെസ്സങ്കടത്തള്ളൽകൊണ്ടു നീന്തുന്ന പോലെയായ്
സംഭ്രമത്താലിളകിട്ടും കണ്ണുമായ്, വീപ്പുമുട്ടിയും,
എണീപ്പാൻ പുൽക്കൊടി പിടിച്ചേതാനും പൊങ്ങിയെങ്കിലും
ശേഷിയില്ലാഞ്ഞുടൽ വിറച്ചാത്തമായ് മുറയിട്ടഹോ!
"അയ്യോ! എന്തൊരു നോവൊ!ന്നു താങ്ങുവിൻ നല്ല പേർകളേ
നിങ്ങളെ"ന്നീവിധം വീണ്ടും മൈ കുഴഞ്ഞങ്ങു വീണുപോയ്.
'സിദ്ധാത്ഥ'നുടനേ പാഞ്ഞുചെന്നാ നിർഭാഗ്യമൂത്തിയെ
കോമളക്കൈകളാൽപ്പൊന്തിച്ചാത്തമായ ശിരസ്സിനെ
മടിചേത്താർദ്രമായ് നോക്കിത്തൻ മൃദുസ്സ്വനത്തിനാൽ
ആശ്വാസം തേടുമാപ്പാവത്തോടു ചോദിച്ചിതിങ്ങിനെ,
"എന്താകുന്നു ഭവാനുള്ള സുഖക്കേടു, സഹോദര?
എന്തുകൊണ്ടെഴുനേല്പാൻ വയ്യെ?ന്താപത്തു പിണഞ്ഞുപോയ്,
എന്തുകൊണ്ടാണിവൻ, 'ചെന്ന', ഞരങ്ങുന്നു കിതപ്പുതേ
പണിപ്പെട്ടുണ്ടു നോക്കുന്നു സംസാരിക്കുന്നതിന്നിവൻ,
വിലപിക്കുകയും ചെയ്യും വളരെദ്ദയനീയമായ്?"
അതു കേട്ടോതിനാൻ, സൂതൻ, "മഹാനാം രാജനന്ദന!
പകച്ചവ്യാധിയേതാണ്ടു പിടിപെട്ടവനാണിവൻ.
ഇവൻെറ മൂലധാതുക്കളൊക്കയും തകരാറിലായ്.
ആരോഗ്യകരമായ് നല്ല പുഴപോലൊഴുകുന്നതായ്
ഒരിക്കലീ മനുഷ്യൻെറ രക്തക്കുഴലുകഠക്കകം
ഉണ്ടായിരുന്നതാം രക്തം തീക്കടൽക്കോളു പോലവെ
തുള്ളിച്ചാടുന്നിതിന്നേരം, തിളച്ചുമറിയുന്നുതേ.

മുൻ തെററാതെ മിടിച്ചുംകൊണ്ടിരുന്നീടിന ഹൃത്തടം,
ശീലമില്ലാത്തവൻ കൊട്ടും ചെണ്ടയ്ക്കൊക്കുന്ന മട്ടിലായ്,
വേഗത്തിലും മെല്ലെയുമായടിച്ചീടുന്നു സാമ്പ്രതം.
കെട്ടഴിഞ്ഞുള്ള ഞാണിൻ മട്ടഴഞ്ഞൂ മാംസപേശികൾ;
തുടയും കണ്ണമരയുമിവന്നു ബലഹീനമായ്
യൌവനത്തിലെയാഹ്ലാദസുഭഗത്വങ്ങൾ പാഞ്ഞുപോയ്.
രോഗോപദ്രവമിന്നേരമേററിടും രോഗിയാണിവൻ.
നോക്കൂ പിടഞ്ഞു തുള്ളുന്നതിവൻ, തൻ സങ്കടത്തിനെ
പിടിച്ചു നിർത്തുവാനാണോ എന്നു തോന്നുന്ന മാതിരി.
ചോരച്ച കണ്ണുരുട്ടുന്നു, പല്ലിറുമ്മുന്നു തീവ്രമായ്.
ധൂമം വമിപ്പതായുള്ള മട്ടിൽ ശ്വാസം വലിപ്പതേ.
ഇപ്പോളതാ! മരിച്ചേയ്ക്കുമിവനി,ല്ലിവനിൽദ്ദൃഢം
ആ രോഗത്തിന്നുള്ള ജോലി കഴിഞ്ഞിട്ടേ മൃതിപ്പെട്ടു.
ജീവന്നു മുന്നേ ചത്തിടും ദേഹത്തെക്കൊല്ലുമഗ്ഗദം.
പിമ്പിവന്റെ ഞരമ്പൊക്കെപ്പൊട്ടിപ്പോയാത്തസങ്കടം
എല്ലിന്നു വേദനാജ്ഞാനം തീരെ നീങ്ങിയതിന്നു മേൽ
ഇവനെ പ്ലേഗു കൈവിട്ടു മറെറങ്ങാൻ ചെന്നുചേർന്നിടും.
അയ്യോ! പിടിയ്ക്കു നന്നല്ലപ്രകാരമവനെ, പ്രഭോ!
ആസ്സുഖക്കേടു വന്നോർക്കുമങ്ങയ്ക്കു,മങ്ങയ്ക്കു കൂടിയും."
എന്നാലും പിന്നെയും കൊച്ചുതമ്പുരാനാ മനുഷ്യനെ
ആശ്വസിപ്പിച്ചുകൊണ്ടിപ്രകാരമൊന്നരുൾചെയ്തുതേ:
"ഈ മട്ടു വേറെയാളുണ്ടോ, മറേററെപ്പേരിവണ്ണമായ്?
അല്ലെങ്കിലിതിവന്നിപ്പോളുള്ള മട്ടെന്നെ മാത്രമേ
പിടിക്കൂ? ചൊല്ലുകെ!"ന്നായ്ക്കേട്ടുരച്ചൂ സൂതനുത്തരം:

“മഹാപ്രഭോ! പലേ മട്ടിലിതേല്ക്കും സർവ്വരേയുമേ.
നോവും വ്രണം ഛർദ്ദി വീക്കം കുഷ്ഠവും പക്ഷവാതവും
വല്ലാത്ത പനി മൂത്രംപോക്കസൃൿസ്രാവവുമിങ്ങിനെ
ബാധിക്കുമോരോന്നായേത്തു ദേഹത്തിനെയുമെങ്ങുമേ.
“ആരും കാണാതെയോ ബാധിക്കുന്നതാ രോഗസഞ്ചയം?”
എന്നാൻ തദാ രാജസുതൻ; ചൊന്നാൻ ‘ചന്ന’നുമുത്തരം:
“ഉപായി സർപ്പമെവ്വണ്ണമാരും കാണാതെ കൊത്തുമോ,
കാട്ടുമാർഗ്ഗത്തിന്നടുക്കലെക്കരണ്ടപ്പൊന്തതന്നകം
മൂളിക്കിടക്കും തേങ്ങോലവരിയൻ നരഘാതുകൻ
എവ്വണ്ണം ചാട്ടമോ ലാക്കി, ലവ്വണ്ണമതണഞ്ഞിടും;
അല്ലെങ്കിൽ ദൈവയോഗത്താലെത്തും ചില ജനങ്ങളെ
കൊന്നും, മററു ചിലർക്കൊട്ടും ബാധചേർക്കാതെകണ്ടുമേ,
പായും മിന്നൽക്കൊടിയ്ക്കൊപ്പമതു ബാധിപ്പു ലോകരെ.”

“എന്നാലെല്ലാവരും പേടിച്ചാണു ജീവിപ്പതല്ലയോ?”
“അമ്മട്ടുതന്നെ ജീവിപ്പു ലോകം, രാജകുമാരക!”

അപ്പോൾ ഞാൻ സുഖമായിട്ടീ രാത്രി മുററുമുറങ്ങിടും,
‘നാളെയാമട്ടെഴുന്നേല്ക്കു’മെന്നീ വിധമൊരുത്തനും,
ചൊൽക വയ്യല്ലയോ?” — “വയ്യ! ചൊല്ലാറില്ലാരുമാവിധം.”

“അപ്പോളാരും കണ്ടിടാതെ തങ്ങൾക്കിഷ്ടപ്പെടും പടി
വന്നേററുകൊണ്ടിരുന്നീടും പല ദുഃഖങ്ങളില്ലയോ,
അതുകൾകൊണ്ടൊടുവിൽ ക്ഷീണദേഹവും ദീനചിത്തവും

ആ മട്ടു വാൎദ്ധക്യവുമാം, മിതാണു ഫലമല്ലയോ?"

"അതേ, മനുഷ്യരത്രയ്ക്കു ദീൎഗ്ഘകാലമിരിയ്ക്കുകിൽ."
"എന്നാലവൎക്കു ദുഃഖങ്ങൾ സഹിപ്പാനരുതെങ്കിലോ,
അല്ലെങ്കിൽക്കഴിയില്ലെന്നു രാജിയാവുകയാകിലോ,
അതുമല്ലെങ്കിലിവനെപ്പോലെ ദുഃഖം സഹിയ്ക്കുവെ
ഞരങ്ങുവാനൊഴിഞ്ഞൊന്നും ചെയ്യുവാനരുതാതെയായ്,
എന്നിട്ടുമാവിധം ജീവിച്ചിരിയ്ക്കെ, യഥവാൎദ്ധകം
കൂടിക്കൂടിവരുന്നുണ്ടെന്നാകിലോ, പിന്നെയെങ്ങിനെ?
എന്തൊന്നൊരവിലുണ്ടാവും?" — "മരിയ്ക്കും, രാജനന്ദന!"

"മരിയ്ക്കുമോ?"

"മരിച്ചീടുമതുതാനൊടുവേവനും,
എന്തു മട്ടാകിലും കൊള്ളാമെന്നേരത്താകിലും ശരി.
ചിലരേറെ വയസ്സന്മാരാകുന്നു, മിക്കപേരുമേ
ദീനം പിടിച്ചു വല്ലാതെ സഹിച്ചീടുന്നു സങ്കടം.
എന്നാലാരും മരിയ്ക്കേണം — അതാ! നോക്കീടുകാവഴി
ചത്തുപോയവനെക്കൊണ്ടുവന്നീടുന്നതിനെബ്ഭവാൻ!"

അതു നേരത്തു 'സിദ്ധാൎത്ഥൻ' തല പൊന്തിച്ചു നോക്കവെ
കണ്ടാനരറക്കെക്കരയുന്നൊരുകൂട്ടം ജനങ്ങളെ,
പുഴവക്കിന്നു നേരിട്ടു പുരുവേഗം നടപ്പതായ്.
മൺപാത്രമൊന്നിൽക്കനലിട്ടാട്ടി മുൻ പോവതുണ്ടൊരാൾ.

പിന്നിലായ്ദ്ദുഃഖചിഹ്നംപൂണ്ടുടപ്പുകളിടാതെയും
"ഹാ! രാമ, രാമ, കേൾ! രാമനാമം ചൊൽവിനിണങ്ങളേ!"
എന്നുറക്കെക്കേണുകൊണ്ടു ചാച്ചക്കാർ വിരഹാർത്തിതർ;
പിന്നെയുള്ളോക്കെ മുളയാൽ മെടഞ്ഞ ശവമഞ്ചവും;
അതിൽശ്ശവം കിടക്കുന്നു, മുമ്പോട്ടാക്കിയ കാലുമായ്,
വെറുങ്ങലിച്ചു വികൃതവക്ത്രമായ് മാംസശൂന്യമായ്
ആരക്തപീതപാംസുക്കൾകൊണ്ടു പുള്ളികൾ പററിയും.
നന്നാലു വഴി കൂടുന്ന ദിക്കിൽച്ചെന്നാലതൊന്നുടൻ
തിരിച്ചു തല മുമ്പോട്ടാക്കിട്ടിങ്ങിനെയായവർ
ഉറക്കെ "രാമ, രാമേ!"തി ചൊല്ലിക്കൊണ്ടു നദീതടെ
ചേക്ക കൂട്ടിയെഴുന്നേടത്തേയ്ക്കായിക്കൊണ്ടുചെന്നുതേ.
അതിന്മേലാ പ്രേതദേഹം കിടത്തി —ഏതൊരുത്തനോ
ആ മഞ്ചത്തിലുറങ്ങുന്നു ദീർഘനിദ്രയവന്നുതാൻ;
ഏതു കാററത്തുമേ മെയ്യിലൊററത്തുണിയുമെന്നിയേ
കിടക്കുന്നവനായാലും തണുപ്പാലുണരില്ലവൻ—
എന്നിട്ടവരതിന്മേൽത്തീ പിടിപ്പിപ്പാൻ തുടങ്ങിനാർ.
നാലു മൂലയിലും ചെന്തീ കൊളുത്തി, യതു മെല്ലവെ
പടന്നു, നീണ്ടിടും നാളം നാക്കു നീട്ടുന്ന മാതിരി
പൊന്തിപ്പരന്നു, മെല്ലാടം പാളിക്കത്തിപ്പിടിച്ചുമേ,
ആശ്ശവത്തിൻെറ മാംസത്തെക്കണ്ടെത്തിയതിനെത്തുലോം
ചീററിയും വറളും തോലിൻ ചടച്ചടിതമേന്തിയും
സന്ധിബന്ധങ്ങൾ വേറാക്കിക്കൊണ്ടും ഭക്ഷിച്ചുകൊൾകയായ്.
കട്ടക്കം ചീർത്ത പുകതൻ വർണ്ണമൊക്കെക്കുറഞ്ഞുപോയ്,
ചോപ്പും നരച്ച നിറവുമാന്ന വെണ്ണീറമന്നുതേ.

അതിങ്കൽച്ചാരവസ്ത്രത്തിന്നിടയ്ക്കു ധവളാസ്ഥികൾ
കാരോന്നങ്ങിങ്ങുമായുണ്ടു —മനുഷ്യനുള്ളതൊക്കെയായ്.

അപ്പോൾച്ചോദിച്ചരുളിനാനവനീന്ദ്രകുമാരകൻ,
"ജീവിച്ചിരിപ്പവർക്കെല്ലാം കലാശമിതുതന്നെയോ?"

'ചന്ന'ൻ പറഞ്ഞു, "നെല്ലാർക്കും കലാശമിതുതന്നെയാം;
പാരം വിശപ്പോടുംകൂടിക്കറുക്കീടുന്ന കാക്കകൾ
തിന്നുവാനിതിലില്ലൊന്നുമെന്നുപേക്ഷിച്ചുപോം വിധം,
അത്ര നിസ്സാരമായിട്ടുള്ളൊന്നാരുടയ ബാക്കിയോ
ആ മനുഷ്യൻ, പട്ടടയ്ക്കുമുകളിൽത്താൻ കിടപ്പവൻ,
ഭക്ഷിക്കുന്നു, കുടിക്കുന്നു, സ്നേഹിക്കുന്നു, ചിരിപ്പതേ,
ജീവിച്ചിരിപ്പു, നന്നെന്നു കൊണ്ടാടിന്നു ജീവിതം.
ആ മട്ടിരിക്കെ വന്നെത്തു—മിന്നതെന്നാരു കണ്ടവൻ?
കാട്ടുകാററടിയോ, പോകും വഴിക്കലൊരു വീഴ്ചയോ,
വെള്ളത്തിനുടെ കേടൊന്നോ, പാമ്പിന്റെയൊരു കൊത്തലോ,
ക്രോധാൽച്ചാട്ടുന്ന ശസ്ത്രത്തിന്നരച്ചാൺമുന നീളമോ,
ഒരുഗ്രക്കുളിരോ, മത്സ്യത്തിന്മേലുള്ളൊരു ശല്യമോ,
ഒരോടു വീഴ്കയോ— ജീവകാലം തീർന്നു, മൃതൻ നരൻ.
അവന്നു ഭക്ഷണം വേണ്ട, സുഖമില്ലില്ല ദുഃഖവും.
അവനെന്നും ചുണ്ടുകളിൽച്ചുംബിച്ചാലൊന്നുമില്ലതാൻ.
തീപ്പൊള്ളിയാലുമില്ലൊന്നും; തന്റെ മാംസം പൊരിക്കിലും;
ചന്ദനം ഗന്ധവസ്തുക്കളിവയാരാർപ്പുകക്കിലും
അവന്നാഗ്ഗന്ധമില്ലൊട്ടും രുചി തൻ വായിൽനിന്നുപോയ്;

ചെവിക്കു കേൾവിയില്ലാതായ്; കണ്ണിൻ കാഴ്ച നശിച്ചുപോയ്;
അവൻ സ്നേഹിച്ചിരുന്നോർകൾ കരയുന്നുണ്ടനാഥരായ്,
പോകേണമല്ലോ ജീവന്നു ദീപമാകിയ ദേഹവും;
അല്ലെങ്കിലോ പുഴുക്കൾക്കതൊരു ഭീഷണസദ്യയാം.
ഇതാണു ദേഹമുള്ളോർക്കു സാമാന്യവിധികല്പിതം.
മേലേക്കിടയിലുള്ളോർക്കും താന്നവർക്കുമതേവിധം
സത്തുക്കൾക്കുമസത്തുക്കും മരിക്കാതെ കഴിഞ്ഞിടാ.
വീണ്ടും ജന്മമെടുത്തീടും പുത്തനായെന്നു കേൾപ്പുതേ.
വല്ലേടത്തും വല്ല മട്ടും — ആർ കണ്ടു? — പിന്നെയും വരും
ദുഃഖവും, വേർപിരിയലും, തീ കൊളുത്തിയും ചേക്കയും;—
ഏവം ചുറ്റിത്തിരിഞ്ഞീടുകതേ മർത്ത്യനെഴും പണി."

എന്നാൽ 'സിദ്ധാർത്ഥ'നാഹന്ത! ദിവ്യാശ്രുവൊടു കൂടവെ
വിളങ്ങീടുന്ന മിഴിയാലാകാശത്തേക്കു നോക്കിനാൻ;
ദിവ്യാനുകമ്പോജ്ജ്വലമാം കൺകൊണ്ടൂഴിയിലെക്കുമെ;
നഭസ്സിൽനിന്നു ഭൂവിങ്കലെക്കും ഭൂവിങ്കൽനിന്നുടൻ
നഭസ്സിലെക്കുമമ്മാറു നടത്തി നയനങ്ങളെ!
തന്നാത്മാവു തനിയേതാൻ പറന്നു നടക്കവെ
ഇതുമായതുമൊന്നായ്ച്ചേർത്തിണക്കുന്ന കിനാവിനെ
പണ്ടെപ്പൊഴോ കണ്ടതിനെയാരായുന്നതു പോലവെ.
കഴിഞ്ഞതതു, പൊയ്പ്പോയതെ,ങ്കിലും തിരയേണ്ടതായ്
തോന്നീ കാണുന്നതായിട്ടുമറിഞ്ഞീടുന്നതായുമേ.
അവാച്യോജ്ജ്വലമാം സ്നേഹവികാരവിഭവത്തിനാൽ,
തീരാത്തതായതിരുവിട്ടുള്ളൊരാഗ്രഹശക്തിയാൽ,

ഉയൎന്നു വക്ത്രം മിന്നിക്കൊണ്ടുച്ചം ചൊന്നാനവൻ തദാ:
"അഹോ! ദുഃഖം സഹിക്കുന്ന ലോകമേ! മൃത്യു സങ്കടം,
ഇവ രണ്ടിനൊടും കൂടെച്ചേൎത്തു കെട്ടുന്ന ജീവിതം,
ഇതാം പൊതുവലക്കുള്ളിൽപ്പെട്ടു, ഞാനങ്ങറിഞ്ഞതും
അറിയാത്തതുമാ,യെന്നെപ്പോലെഴും ജീവിസംഘമേ!
ഞാൻ കാണുന്നുണ്ടു ഞാൻ നന്നായറിയുന്നുണ്ടു ഭൂമിയിൽ
ചേരും വേദനതൻ വായ്പും സുഖത്തിൻ നിഷ്ഫലത്വവും
ഏററവും നല്ലവസ്തുക്കളുടെ നിസ്സാരഭാവവും
ഏററവും ചീത്തവസ്തുക്കൾ കൊണ്ടുള്ളുൽക്കടദുഃഖവും.
സുഖം ലയിപ്പൂ ദുഃഖത്തിൽ, യൌവനം വാൎദ്ധകത്തിലും
പ്രേമം വേർപാടി,ലായുസ്സു ഗൎഹ്യമാം മൃത്യുവിങ്കലും,
മൃത്യുവോ നമ്മളറിയാതുള്ള ജന്മാന്തരത്തിലും.
അവ വീണ്ടും ജന്മചക്രം ചുഴപ്പിക്കുന്നു മൎത്ത്യരെ,
മിത്ഥ്യാസുഖങ്ങളും മിത്ഥ്യമല്ലാത്തൊരസുഖങ്ങളും
ചേരുന്നതാം തിരിപ്പിങ്കൽത്തിരിഞ്ഞീടുന്നതിന്നുതാൻ.
എന്നേയുമീ മിരട്ടിട്ടു മയക്കി,യതുകാരണം
ജീവിച്ചിരിക്കുവതു നന്നെന്നന്ധാളിച്ചുപോയി ഞാൻ.
ജീവിതം, വെയിലേററിട്ടു തിളങ്ങീടുന്നതായ്സദാ
ശാന്തമായൊഴുകിപ്പോകും പുഴയാണെന്നുമോൎത്തു ഞാൻ.
എന്നാലോ വേലിയേററത്തിൽശ്ശുദ്ധമേപൊള്ളയാ,യതിൽ
ഉണ്ടായിടുന്ന നീൎപ്പോള പൂവനത്തിങ്കലൂടെയും
മെല്ലെ മെല്ലെപ്പുൽ നിറഞ്ഞ മൈതാനത്തിങ്കലൂടെയും
കൂത്താടിക്കൊണ്ടു പോകുന്നതത്രക്കുമതിവേഗമായ്
അതിൻെറ ശുദ്ധാംബു കലങ്ങിയൊരുപ്പുകടൽക്കകം

കൊണ്ടുചെന്നിട്ടൊഴിച്ചിടുന്നതിനായിട്ടു മാത്രമാം.
എൻ കൺ മൂടിയിരുന്നോരാത്തുണി കീറിപ്പറിഞ്ഞുപോയ്.
തങ്ങൾതന്നീശ്വരന്മാരോടവർ കേൾക്കില്ലയെങ്കിലും,
അല്ലെങ്കിൽക്കേട്ടതായിട്ടു ഭാവിയ്ക്കാറില്ലയെങ്കിലും,
ആവലാതികൾ ചൊല്ലുന്നീജ്ജനത്തെപ്പോലൊരാളു ഞാൻ
എന്തൊന്നായാലുമുണ്ടായി വരേണമൊരു പിന്തുണ,
അവർക്കെനിയ്ക്കുമെല്ലാർക്കും തുണയുണ്ടായിരിയ്ക്കണം!
പക്ഷേ ദേവകളുൾക്കൂട്ടർതന്നേ പാവങ്ങളാകയാൽ
അവർക്കുതന്നെയേതാണ്ടു തുണ വേണ്ടുന്നതായ് വരാം,
അതാവാം കരയുന്നോരെ ക്കാക്കുവാൻ കഴിയാത്തതും.
എനിയ്ക്കു രക്ഷിച്ചീടാവുന്നേതൊരാളെയുമിങ്ങു ഞാൻ
കരയാൻ സമ്മതിയ്ക്കില്ല, പിന്നെയാ ബ്രഹ്മനെങ്ങിനെ
ലോകത്തെ നിർമ്മിച്ചതിനെദ്ദുഃഖിപ്പിയ്ക്കാനിരുന്നിടും.
സർവ്വശക്തിയിരുന്നിട്ടുമരി, നിലയിൽ വെയ്ക്കയാം
എങ്കിൽ നല്ലവനല്ലേതും! സർവ്വശക്തി, പെടായ്ക്കിലോ
അവൻ ദൈവവുമല്ലല്ലോ?— പോരും! മാം 'ചന്ന!'യിന്നി നീ
ഗൃഹത്തിലെത്തിയ്ക്കുക; ഞാൻ കണ്ടു കാണേണ്ടതൊക്കെയും."

ഇതൊക്കെയും കേട്ടഥ ഗോപുരത്തിൽ
ക്കാവൽക്കു കല്പിച്ചു നിറുത്തി ഭൂപൻ,
മുമ്മൂന്നു പേർ ഭൃത്യരെ, യാ വഴിയ്ക്കു
രാവാകിലാട്ടേ പകലാകിലാട്ടേ,
കിനാവതിൽക്കണ്ട ദിനം തികച്ചും
കഴിഞ്ഞിടും മുമ്പു മനുഷ്യരാരെയും

ശുഭം

അങ്ങോട്ടുമിങ്ങോട്ടുമിനിക്കടത്തി—
വിടായ്കിനെന്നുത്തരവോടു കൂടവെ.

# നാലാം സൎഗ്ഗം.

എന്നാലാദ്ദിനമെണ്ണിത്തീൎന്നപ്പൊഴങ്ങു,മൊരിക്കലും
വരാതെപോയിടാത്തസ്സൽദ്ദേവവേൎപാടു വന്നുതേ.
അതു കാരണമാൎത്തങ്കപ്പൊന്നുമേടയിലെങ്ങുമെ
കരച്ചിലായി, രാജാവെന്തെന്നില്ലാസ്സങ്കടത്തിലായ്,
നാടൊക്കെദ്ദുഃഖമായ്ത്തീൎന്നിതെ; ന്നാല്പമതുകാരണം
മുക്തിയായ് ജ്ജീവികൾക്കെല്ലാ,മാരുമേതൊന്നു കേൾക്കുകിൽ
മുക്തനായ്ത്തീരുമാദ്ധൎമ്മശാസ്ത്രം കിട്ടീ ജഗത്തിനും.

മാങ്ങ മൂത്തു പഴുക്കുന്നതായിക്കങ്കേളി,മൊട്ടുകൾ
ഇളംകുളിൎത്തെന്നലിനു മനോഹരത ചേൎപ്പതായ്
രാമന്റെ തിരുനാളാൎന്ന കാലമായ്; വയൽ നീളെയും
പട്ടണങ്ങളിലൊട്ടുക്കും പുതുശോഭ വളൎപ്പതായ്
ശുദ്ധമാം ചൈത്രമാസത്തിൽപ്പൂൎണ്ണചന്ദ്രൻ ലസിക്കവെ
മൈതാനങ്ങൾ വിളങ്ങിച്ചുംകൊണ്ടിന്ത്യയിലെ യാമിനി

മന്ദം കഴിഞ്ഞുപോകുന്നിതാ; മട്ടിലൊരു ശൎവ്വരി
ആ ‘വിശ്രമവന’ത്തിങ്കൽ വന്നുചേൎന്നിതു മന്ദമായ്,
പുഷ്പങ്ങളാൽ മണം പൂണ്ടും സാന്ദ്രതാരങ്ങൾ ചാൎത്തിയും
പൊങ്ങിപ്പരന്നു ‘ഹിമവാൻ’തൻ മഞ്ഞാം മേൽപ്പുറങ്ങളെ
വിട്ടിറങ്ങിക്കിഴപ്പോട്ടു നെടുതാകിയ വീൎപ്പോടും
വരുന്ന കാടണിക്കാററിനാലേ കുളുൎമ്മ തേടിയും.
കിഴക്കേപ്പൎവ്വതത്തിന്നു മേൽ വിളങ്ങുന്നു വെണ്മതി,
താരമിന്നികൾ മിന്നുന്നൊരാകാശത്തിൽക്കരേറിയും
‘രോഹിണി’യ്ക്കേന്തുമോളങ്ങൾ, കൊച്ചുപൎവ്വതപംക്തികൾ,
കുന്നിൻ ചെരുവു,റക്കത്തിൽപ്പെട്ട നാട്ടുപുറങ്ങളും,
നല്ലവണ്ണം വിളങ്ങിച്ചുമട്ടത്താക്കളെ! മേടയിൽ
മുകൾംബ ഭാഗങ്ങളിൽപ്പാടേ വെള്ളിപൂശിയുമങ്ങിനെ.
ആക്കേളീസദനത്തിങ്കലെങ്ങുമില്ലൊരനക്കവും
കാവലിൻ ചിഹ്നവും— പക്ഷേ പുറത്തെഗ്ഗോപുരങ്ങളിൽ
പാറാവുകാർ ‘മുദ്ര’യെന്നും തമ്മി‘ലംഗന’യെന്നുമേ
കുറിവാക്കുമതിന്നുള്ളോരെതിർവാക്കുമുറക്കനെ
ചൊല്ലിടുന്നുണ്ടു; പാറാവുചെണ്ട കൊട്ടീട്ടു ചുററുമേ
നടക്കുന്നുണ്ടത്രതന്നെ; നിശ്ശബ്ദമവനീതലം;
എന്നാലിരയ്ക്കു തെണ്ടുന്ന കുറുക്കനുടെയോരിയും
മണ്ണട്ടകളനദ്ധ്യായമില്ലാതാരാമഭൂമിയിൽ
ചിലയ്ക്കുന്നൊച്ചയും കേൾക്കായ് വരുന്നുണ്ടത്രമാത്രമേ.

ആ മേടയ്ക്കകമേ രത്നനിരയാൽച്ചെറുകള്ളിയായ്
നിൎമ്മിച്ച ജനലിൽക്കൂടി, ശ്ശുക്തിനിൎമ്മിതഭിത്തികൾ

ചിത്രരേഖാങ്കിതം വെണ്ണക്കൽ പതിച്ച നിലങ്ങളും
വിളങ്ങിച്ചുംകൊണ്ടു ചെല്ലും കുളിരമ്പിളിരശ്മികൾ
അത്യന്തപൂൎവ്വസൌന്ദൎയ്യവായ്പോടൊററത്തരത്തിലായ്
കാണപ്പെട്ടും പെൺകൊടിമാർതൻ മെയ്യിൽത്തട്ടി മന്ദമായ്,
ആ മച്ച സാക്ഷാൽ സ്വൎഗ്ഗത്തിൽദ്ദേവസ്ത്രീകൾ കിടപ്പതായ്
ഏതോ മനോജ്ഞമാകും മച്ചൊന്നെന്നാസ്ഥതോന്നിട്ടും വിധം.
'സിദ്ധാൎത്ഥ'നാം രാജസുതൻതൻെറയാക്കളിമേടയിൽ
ചന്തത്തിനാലും വിശ്വാസത്താലുമേ മുന്തിനില്പവർ
തിരഞ്ഞെടുത്ത പെൺതയ്യൽമാരെല്ലാവരുമുണ്ടതിൽ.
ഓരോരുത്തിയുമാഗ്ഗാഢനിദ്രപൂണ്ടു കിടക്കവെ
അത്യന്തം കൂടീ സൌന്ദൎയ്യ;മാരെക്കാണുകിലും ശരി
"എല്ലാൎക്കും മീതെയിവളാണെ"ന്നു നിങ്ങൾ പറഞ്ഞുപോം.
എന്നാലവൾക്കടുത്തുണ്ടാമായവൾക്കരികത്തുമേ
പിന്നെയും പിന്നെയും നല്ല നല്ല സുന്ദരഗാത്രിമാർ
ആ മട്ടങ്ങു മുദാ കാണാം പല സുന്ദരിമാർകളെ:
വമ്പിച്ച പൊമ്പണിക്കാരൻതൻെറ വേലപ്പുരസ്സകം
ഓരോ രത്നമടുത്തുള്ള മററൊന്നിൽക്കണ്ണു പോം വരെ,
അതിൽ നിറപ്പൊലിമയാലതിൻ മേൽത്തന്നെ നിൎഭരം
നോക്കിനിന്നുംകൊണ്ടു, രത്നമൊന്നു വിട്ടൊന്നിവണ്ണമായ്
വഴിക്കു വഴിയേ കണ്ടുകണ്ടു പോകുന്ന മാതിരി.

കിടക്കുന്നു പെരുതകൃത്രിമസൌന്ദൎയ്യമാണ്ടവർ,
തങ്കത്തിൻെറ നിറം തങ്കും തങ്ങൾതൻ മൃദുമേനിയെ
പാതി മൂടിയും,മാ മട്ടു പാതിതാൻ വെളിവാക്കിയും.

അവർതൻ മിനുസപ്പെട്ട മിന്നും വാർകുഴൽ പിന്നിലായ്
പണ്ടമോ പൂക്കളോ ചേൎത്തു കോതിക്കെട്ടിയിരിയ്ക്കയാം;
അല്ലെങ്കിലതഴിഞ്ഞുംകൊണ്ടിരുൾത്തിരകൾ പോലവെ
ഭംഗിയേറിയ കണ്ഠത്തിലൂടേ വീണുകിടക്കയാം.
ആഹ്ലാദകരകൃത്യങ്ങൾ ദേഹായാസമണയ്ക്കയാൽ
സുഖസ്വപ്നങ്ങളും കണ്ടുകൊണ്ടുറങ്ങുന്നിതായവർ:
സുഖമായിക്കളിച്ചിട്ടും പാട്ടു പാടീട്ടുമങ്ങിനെ
പകലൊക്കെക്കഴിച്ചിട്ടു രാവിൽച്ചിറകുകൾക്കകം
തലയും തിരുകിക്കൊണ്ടു, വീണ്ടുമേ പുലർവേളതാൻ
കളിയ്ക്കുവാനും പാടാനുമായ് വിളിയ്ക്കും വരെയ്ക്കുമെ,
കിടക്കമഴകേറുന്ന തങ്കപ്പക്ഷികളില്ലയോ
അവയെക്കാളുമധികം ക്ലമമേതാനുമെന്നിയെ.
വെള്ളിച്ചങ്ങലയാൽത്തട്ടിന്മീതേ തൂക്കിയിരിപ്പതായ്
മണമുള്ളെണ്ണയാൽക്കത്തും നൽത്തൂവെള്ളിവിളക്കുകൾ
ചേർപ്പു നിലാവൊത്തു മൃദുവെളിച്ചം നിറഭേദവും
കാണുന്നുണ്ടാ വെളിച്ചത്തിൽപ്പൂർണ്ണമാമംഗസൌഷ്ഠവം;
ശാന്തമായ് വീർപ്പയയ്ക്കുമ്പോൾ പൊങ്ങിത്താഴും മുലത്തടം;
മിനുത്തതായ് മടങ്ങീട്ടോ തൂങ്ങിയിട്ടോ കിടപ്പതായ്
ചായമോലും കരതലം; കറുത്തഴകെഴും മുഖം;
വളഞ്ഞ വാരണിച്ചില്ലി; തമ്മിൽ നീങ്ങിയ ചുണ്ടുകൾ;
ഏതോ കച്ചവടക്കാരനൊരു മാല ചമയ്ക്കുവാൻ
നോക്കിത്തിരഞ്ഞെടുത്തുള്ള മുത്തു പോലുള്ള പല്ലുകൾ;
കോമളക്കവിളിൽച്ചേർന്നു വീണ പക്ഷ്മങ്ങളുള്ളതായ്
മിന്നും പട്ടൊത്ത കൺപോളകൊണ്ടടഞ്ഞുള്ള കണ്ണുകൾ;

വട്ടമൊത്തുള്ളരക്കെട്ടു; തളയും നൂപുരങ്ങളും
അണിഞ്ഞിരിക്കുന്നവയാ,യുറക്കത്തിൽ നൃപാത്മജൻ
പ്രശംസിച്ചിയലുന്നേതോ പുതുനൃത്തപ്രവൎത്തനം,
ഏതോ മഹാത്ഭുതകരം മോതിരം കാണ്മല,ങ്ങിനെ
ഗന്ധൎവ്വപ്രേമസമ്മാനം കിട്ടലീ, നൽക്കിനാവുകൾ
ഇടയ്ക്കു നിൽക്കയാൽ വല്ല തയ്യലാളുമനങ്ങവെ
മണി കൊട്ടുന്ന നാദംപോലുള്ള ഗീതത്തെ മെല്ലവെ
പൊഴിക്കുന്നവയായുള്ള കോമളക്കൊച്ചുകാൽകളും.
കൈകാൽ നീട്ടി മലൎന്നിങ്ങു കിടക്കുന്നുണ്ടൊരംഗന,
കവിളിൽത്തൊട്ടുകൊണ്ടുണ്ടു തന്റെ വീണയുമന്തികെ;
അതിന്മേൽച്ചെറുതായുള്ള കരാംഗുലികളപ്പൊഴും
കൂടിപ്പിണഞ്ഞിരിക്കുന്നു കമ്പികൾക്കിടയിൽ സ്വയം,
ആ വിളങ്ങുന്ന തൃക്കണ്ണിന്നുറക്കത്തെക്കൊടുത്തതായ്
തന്റെ കണ്ണുമടപ്പിച്ചതായ തന്ത്രീകഗീതിയിൽ
അവസാനം പെടും രാഗാലാപത്തിങ്കൽക്കണക്കിനെ.
വേറിട്ടൊരംഗന കിടന്നുറങ്ങീടുന്നു സൌഖ്യമായ്,
തൻ കൈകളാലൊരു കലമാനിനെപ്പൂണ്ടുകൊണ്ടു താൻ,
ആയതിന്റെ കറുപ്പോലും ചാഞ്ഞ കൊമ്പുകളുള്ളതായ്
ഇളതാകും തലയവൾതൻ പോൎമുലനടുക്കിലായ്
ചേൎന്നൊളിഞ്ഞു കിടക്കുന്നു മെല്ലെ വെച്ചോമനിക്കയാൽ;
രണ്ടു പേരുമുറങ്ങിപ്പോയീടുന്ന വരെയാ മൃഗം
തിന്നിരുന്നു തുടുത്തുള്ള പനിനീൎക്കുസുമങ്ങളെ;
അതു പാതി ചവച്ചിട്ടുള്ളൊരു പൂവിനെയപ്പൊഴും
പിടിച്ചിട്ടുണ്ടയഞ്ഞീടും കരതാരിങ്കലായവൾ,

കാണ്മതുണ്ടോ മൃഗത്തിന്റെ ചുണ്ടുകൾക്കിടയിങ്കലും
ചുരുണ്ടുകൊണ്ടൊരു പനിനീർപ്പൂവിതളിരിപ്പതായ്.
ഇങ്ങുണ്ടു തെച്ചിമൊട്ടാലെ മാല കെട്ടിയിരുന്നവർ
തമ്മിൽച്ചേർന്നൊത്തുറങ്ങുന്നിതുൾക്കൊഴപ്പൊണ്ട രണ്ടുപേർ;
ആ മാലകോർക്കയിൽക്കൂടി സ്സോദരീനിർവിശേഷമായ്
ഉണ്ടായിരുന്ന സൌഹാർദ്ദം, തന്നതംഗവുമംഗവും
മനവും മനവും കൂട്ടിയിണക്കിക്കൊണ്ടു തങ്ങളിൽ,
വരിയായ്ത്താരകളണിഞ്ഞുള്ള ചങ്ങലയൊന്നിനാൽ
ബന്ധിക്കപ്പെട്ട പൂവിന്മേൽത്തല വെച്ചിട്ടൊരുത്തിയും
അവൾക്കുമേൽ മററവളുമാശ്ലിണഞ്ഞു കിടന്നുതാൻ.
മററൊരുത്തിയുറങ്ങുംമുമ്പൊരു മാല ചമയ്ക്കുവാൻ
കോർത്തിരുന്നു മണികളെ—പ്പവിഴം ചന്ദ്രകാന്തവും
അക്കിക്കല്ലുകൾ വൈഡൂര്യം ഗോമേദകവുമീവക;
മിന്നും നിറപ്പകിട്ടുള്ള വളയെന്ന കണക്കിനെ
അതു തന്മണിബന്ധത്തിൽ വിളങ്ങുന്നുണ്ടു ചാരുമേ;
പൊൻകൊണ്ടു പൊതിയപ്പെട്ടു ദൈവങ്ങളുടെ രൂപവും
വേദാക്ഷരങ്ങളും നന്നായ്ത്താൻ കൊത്തപ്പെട്ടിരിപ്പതായ്
മാല കൂട്ടുന്നതിന്നുള്ള പച്ച വൈഡൂര്യമാം മണി
കയ്യിൽപ്പിടിച്ചിരിക്കുന്നിതവൾ കോർക്കാതെയപ്പൊഴും.
തോട്ടത്തിലുള്ള പൂഞ്ചോലയൊഴുകും മർമ്മരസ്വനം
കേട്ടുറങ്ങിക്കിടക്കുന്നിതെങ്ങും, പരവതാനികൾ
ഏറെക്കൂട്ടി വിരിച്ചിട്ടുള്ളതിന്മേലവരങ്ങിനെ;
കൂടിനില്ക്കുന്നിതൾക്കൂട്ടം വിടർന്നു ദിനകാന്തിയെ
മോഹിപ്പെടുത്തുവാൻ വേണ്ടി പ്രഭാതം കാത്തിരിപ്പതായ്

വിരിയാനായെഴുന്നോരോരോ പനീനീർപ്പൂവു പോലവെ.
എന്നാലങ്ങാ മറസ്സിലക്കീഴ് ഞെരിഞ്ഞു ചുവട്ടിലായ്
കിടപ്പിതാരോമൽകളിൽ മൂന്നും 'ഗൌതമി' 'ഗംഗ'യും
ആ നിശ്ശബ്ദപ്രേമസൌധത്തിങ്കൽ പ്രാധാന്യമേറിയോർ:

നീലച്ച നൽച്ചകപ്പാൻറു തങ്കക്കസവുരേഖകൾ
വക്കിലൊക്കെപ്പിടിപ്പിച്ചാ മറത്തുങ്ങിക്കിടപ്പതേ,
ചന്ദനംകൊണ്ടു നിർമ്മിച്ച വാതിലിങ്കൽ വിലങ്ങനെ.
അങ്ങുനിന്നിട്ടു മൂന്നോളമൊതുക്ക കയറീടുകിൽ
ഉള്ളത്രയും ചിന്നിമിന്നും പള്ളിമച്ചകമായിതേ.
അങ്ങേറെ മിനുസപ്പെട്ട വെള്ളപ്പട്ടു വിരിച്ചതായ്
തറയൊന്നുണ്ടതിൻ മേലാപ്പള്ളിക്കട്ടിൽ കിടപ്പതേ:
അവിടെക്കാലു വെയ്ക്കുമ്പോൾ വേപ്പിൻ പൂവുകൾ കൂട്ടമായ്
കിടന്നീടുന്നതിൻ മീതെച്ചവിട്ടും മട്ടു തോന്നിടും.
ലങ്കയിൽച്ചെന്നടിയ്ക്കുന്ന സമുദ്രത്തിങ്കൽനിന്നുതാൻ
മുത്തുചിപ്പികൾതൻ പുററിൽനിന്നൊത്ത ചത്തുരത്തിലായ്
ചെത്തിയെത്തിച്ച പലകക്കൂട്ടത്താലാണു ഭിത്തികൾ.
മുകൾഭാഗത്തിലെത്തട്ടോ വെണ്ണക്കല്ലു വിരിച്ചതായ്
തിയ്യിൻ വർണ്ണത്തിലിളനീലത്തിൽ പലനിറത്തിലും
മിന്നും രത്നങ്ങളാൽബ്ഭംഗ്യാ നിർമ്മിച്ച വിഹഗങ്ങളും
താമരപ്പൂവുകളുമാം ചിത്രപ്പണികളുള്ളതാം.
ആമട്ടു ചിത്രപ്പണിയുണ്ടാക്കംഭത്തട്ടുചുററിലും
ചുവട്ടിൽ നാലു വശവും, പലമാതിരി കൊത്തുകൾ
ചേർന്ന ജാലങ്ങൾ വെച്ചുള്ള ചട്ടക്കൂട്ടുകൾമേലുമെ.

ആജ്ജനാലകളിൽക്കൂടിക്കുളുർകാററും നിലാവുമായ്
കൂടിക്കലൎന്നു ചെല്ലുന്നു മല്ലികാദികൾതൻ മണം.
എന്നാലുമതിനാൽച്ചാരുരൂപൻ ശാക്യേന്ദ്രസൂനുവും
രാജസ്സാൎന്നഴകാൽ മിന്നുമാ'യശോധര'താനുമെ
ഉണ്ടാകകൊണ്ടുള്ളരില്ലും വിശേഷിച്ചൊരു ഭംഗിയോ
ഉൾകക്കും കോമളതയോ കാണായ്വന്നീലതിന്നകം.
അവിടത്തെയടുത്തായിക്കിടന്നോടത്തുനിന്നവൾ
പാതിപ്പാടെഴുന്നേററാപ്പൂഞ്ചേല തന്നരയോളവും
കിഴിഞ്ഞുവീണും, തൻ നെററി കൈത്തലം രണ്ടിനാലെയും
താങ്ങിക്കൊണ്ടാ മനോജ്ഞാംഗിയായ രാജകുമാരിയാൾ,
മാറിടം പൊന്തിയും താണും, ധാരയായശ്രു തൂകിയും,
'സിദ്ധാൎത്ഥ'നുടെ കയ്യിന്മേൽച്ചുംബനം ചെയ്തു മൂന്നുരു;
അതോടു കൂടിയീവണ്ണം കരഞ്ഞുംകൊണ്ടു ചൊല്ലിനാൾ,
"ഉണൎന്നരുളുകെൻ നാഥ! ഭവാനൊന്നുരിയാടി മെ
ആശ്വാസം നൽകുകെ"ന്നായിക്കേട്ടു ചോദിച്ചു കാന്തനും:
"എന്താകുന്നു സുഖക്കേടു നിനക്കെൻ ജീവനായികേ?"
എന്നാൽ മറുവടിച്ചൊല്ലിൻ മുമ്പു പെൺകൊടി പിന്നെയും
തേങ്ങിക്കരഞ്ഞാ,ളെന്നിട്ടീ മട്ടായൊട്ടുവിലോതിനാൾ:—
"ഹാ, കഷ്ടം! ഞാനുറങ്ങാനായ്ക്കിടന്നു നല്ല സൌഖ്യമായ്.
എൻ വയററിൽ നിനക്കുള്ളീക്കുട്ടിയില്ലേ, നൃപാത്മജ!
അതിന്നു രാത്രിയാകുന്ന സമയത്തൊന്നിളക്കിനാൻ.
പ്രാണപ്രണയതോഷങ്ങൾതന്നീരണ്ടു മിടിപ്പുകൾ
എൻ നെഞ്ചിൽ വായ്ക്കയും ചെയ്തു, സുഖസംഗീതതുല്യമായ്.
ആ നാദം കേട്ടുകൊണ്ടേ ഞാനുറങ്ങിപ്പോയിതെങ്കിലും,

ഹാ! കണ്ടേൻ നിദ്രയിൽപ്പേടിയുണ്ടാക്കും മൂന്നു കാഴ്ചകൾ.
അവയെപ്പററിയോൎത്തിട്ടു മിടിപ്പൂ നെഞ്ചിതിപ്പൊഴും.
വളഞ്ഞു നീണ്ട വങ്കൊമ്പാൎന്നെ,ല്ലാമേച്ചിൽപ്പുറത്തിനും
ഏജമാനത്വമിയലുമൊരു വെള്ളെരുതങ്ങിനെ
അന്തസ്സോടേ വരുന്നുണ്ടു തെരുവീഥിയിലൂടവെ.
അതിന്നുമേൽ മുൻവശത്തുണ്ടൊരു രത്ന,മതങ്ങുതാൻ
ചേൎന്നു മിന്നിടുവാൻ വീണ നക്ഷത്രംപോലെ ഭാസ്വരം,
അതല്ലയെങ്കിൽപ്പാതാളം പകൽപോലെ വിളങ്ങുവാൻ
സൎപ്പേന്ദ്രനേന്തിടും കാന്തമാണിക്യക്കല്ലു പോലവെ.
അതിങ്ങു ഗോപുരത്തിങ്കലെസ്സായ്ത്തെരുവിലൂടവെ
മന്ദം വരികയായ്, നിൎത്താനെളുതായീലൊരുത്തനും.
"നിങ്ങൾ കാളയെ നിൎത്താഞ്ഞാൽ നഗരശ്രീ നശിച്ചുപോം,"
ഇന്ദ്രക്ഷേത്രത്തിൽനിന്നേവം കേട്ടു,മാൎഗ്ഗില്ല നിൎത്തുവാൻ.
ഞാനാൎത്തുകേണുകൊണ്ടപ്പോൾ തൽക്കഴുത്തെൻെറ കൈകളാൽ
കെട്ടിപ്പിടിച്ചുകൊണ്ടേറെ പ്രയത്നം ചെയ്തുനോക്കിനേൻ;
ഗോപുരത്തെയടപ്പിച്ചി;തെന്നിട്ടും വൃഷഭേശ്വരൻ
മുക്രയിട്ടു പതുക്കെത്തൻ തലയൂരിയെടുത്തുടൻ
എൻ പിടുത്തത്തെ വിടുവിച്ചക്ഷണത്തിൽക്കരുത്തൊടും
തടവൊക്കെത്തെറിപ്പിച്ചു കാവൽക്കാരാം ജനങ്ങളെ
കാൽച്ചവിട്ടിൽച്ചതച്ചിട്ടുകൊണ്ടുതാൻ പോയ്ക്കളഞ്ഞുതെ.
പിന്നെയുള്ളത്ഭുതസ്വപ്നമിതാ,ണത്യുജ്ജ്വലാഭരായ്
പ്രകാശിക്കുന്ന കണ്ണുള്ളോരായ് മഹാമേരുവിന്നുമേൽ
വാഴും ദിക്പാലകൎക്കൊപ്പമഴകും പൂണ്ട നാലുപേർ
അസംഖ്യം ദിവ്യപരിവാരങ്ങളൊത്തെഴുന്നള്ളിനാർ,

പാൻ വീട്ടിറങ്ങി ഭൂതമിപ്പട്ടണത്തിങ്കലൂടവെ.
തങ്കത്തിനൊക്കുന്ന നിറം തങ്കുമൈന്ദ്രപതാകയെ
ആടിവീഴുന്നതായ്ക്കണ്ടേൻ ഗോപുരത്തിങ്കലങ്ങു ഞാൻ.
അപ്പോളത്ഭുതാ! അത്ര കൊടിക്കൂറയൊന്നു മഹത്തരം:
അതിൻ ഞെറികളെല്ലാമെ, പത്മരാഗഗണങ്ങളെ
വെള്ളിക്കമ്പികളിൽത്തിക്കിക്കോർത്തു തുന്നിയിരിക്കയാൽ
കിലുക്കത്തോടുകൂടിത്തീ ചിന്നിത്താനിളകുന്നതെ.
അത്ര തൈരൗഘകാന്തികൾ കാണിക്കുന്നുണ്ടതിന്നകം
സഞ്ജീവിക്കുമാഹ്ലാദമുണ്ടാക്കും കാര്യമാണ്ടതായ്
പുത്തനാകും മൊഴികളും സാരവദ്വാക്യപങ്ക്തിയും.
പിന്നെക്കിഴക്കുനിന്നിട്ടു പുലർച്ചക്കാററു മന്ദമായ്
വന്നടിച്ചൊക്കെയാ രത്നാലംകൃതച്ചുരുൾ നീർത്തിനാൻ,
എല്ലാം മനുഷ്യനും നോക്കി വായിക്കാവുന്നവണ്ണമായ്.
അപ്പോളത്ഭുതപുഷ്പങ്ങളെങ്ങുനിന്നിട്ടുരുത്തതോ
നമ്മൾതൻ പൂമലർക്കാവിലെങ്ങും കാണാത്ത മാതിരി
നിറപ്പാറുള്ളതായ് വന്നു വീണു പൂമഴപോലവെ.

അന്നേരമരുളിച്ചെയ്തു രാജപുത്ര, “നിതൊക്കെയും
’എൻ ചാരുതാമരപ്പൂവേ! കാണുവാൻ നല്ലതല്ലയോ?”

“അതേ, ’നന്നിവ, ഭർത്താവേ; പക്ഷേ പേടിച്ചൊരൊച്ചയിൽ
‘നേരമായ്, നേരമായെ’ന്നു വിളിച്ചോതുന്നതുച്ചമായ്
കട്ടിൽക്കേട്ടു; പിന്നീടു മൂന്നാമത്തേതു വന്നുതേ.
ഹാ, പ്രിയപ്പെട്ട ഭർത്താവേ! ഈ നമ്മുടെ കിടക്കമേൽ

കാൺകയായ്, തല വെച്ചൊന്നു താഴാതുള്ള തലോടന്നയും
വെറും പുതപ്പു—മല്ലാതെയില്ലങ്ങയുടെയൊന്നുമെ
ആരെനിയ്ക്കുള്ളോരാത്മാവെ,ൻ ജീവനും, മമ നാഥനും,
എൻ പ്രപഞ്ചവുമാരാണൊ‌ാബ് ഭവാനെക്കണ്ടിടാതെയായ്.
അതുനേരമുറക്കത്തിൽ ഞാനെഴുന്നേററു നോക്കവെ,
തവ വെൺമുത്തരപ്പട്ടയെൻ മാറിനുടെ താഴെയായ്
ഇങ്ങു ബന്ധിച്ചതു കടിയ്ക്കുന്ന പാമ്പായി മാറിതെ.
കാപ്പൂരിപ്പോയ,ഴിഞ്ഞൊക്കെ വീണു പൊൻവളയും മമ,
എന്റെ കൂന്തലിലെ മുല്ലപ്പൂച്ചാർത്തുണങ്ങിക്കരിഞ്ഞുപോയ്,
ഭൂമിയിൽത്താണുപോയ് നമ്മൾ കിടന്നിടുന്ന കട്ടിലും.
കീറിക്കളഞ്ഞിതെന്തോ വന്നാത്തുടുത്ത മറത്തുകിൽ.
ആ വെള്ളക്കാളതൻ മുക്ര ദൂരെനിന്നഥ കേട്ടു ഞാൻ,
ഞാൻ കണ്ടേൻ ഭംഗിയിൽത്തീർത്ത കൊടിക്കൂറ ചലിപ്പതും;
വീണ്ടുമച്ചത്തിലുണ്ടായീ 'നേരമായെ'ന്ന ഭാഷിതം.
ഇപ്പോഴുമെന്നുയിർ പിടയ്ക്കുന്ന മട്ടുള്ളോരാരവം
ഉയൎന്നതോട്ടുകൂടിത്താനുണൎന്നേൻ, ഹാ! നൃപാത്മജ!
എന്തൎത്ഥമീ വക സ്വപ്നത്തിന്നുണ്ടാ,മിവളൊന്നുകിൽ
ചാകയായെന്ന,തല്ലെങ്കിൽച്ചരകുന്നതിലുമെത്രയും
മഹാദുഃഖമങ്ങുന്നിയ്യെന്നെയിട്ടേച്ചുപോകയോ
വല്ലോരുമങ്ങയെക്കൊണ്ടുപോകയോ ചെയ്യുതെന്നിയെ."

കേഴും തൻ പത്നിതൻ നേരെ'സ്സിദ്ധാൎത്ഥൻ' ചെയ്തു വീക്ഷണം
അസ്തസൂൎയ്യാന്തിമോദ്ദീപ്തിപോലെ ശോഭിച്ച സൌമ്യമായ്.
അവൻ ചൊന്നാ,"ളെന്നുമൊരേ മട്ടിൽ പ്രേമത്തി,ലോമലേ!

ആശ്വാസസ്ഥിതിയുണ്ടെങ്കി,ലാശ്വസിപ്പിയ്ക്കു നിന്നെ നീ!
എന്തെന്നാൽത്തീർച്ചയായ് വന്നുചേരും വസ്തുക്കൾതങ്ങടെ
നിഴൽപ്പാടായിരിയ്ക്കാം നിൻ സ്വപ്നമൊക്കയുമെങ്കിലും,
പക്ഷേ നിവൃത്തിയ്ക്കു വഴി വല്ലതും കണ്ടറിഞ്ഞിടാൻ
ലോകമെല്ലാമടുത്തെത്തി നില്ക്കുന്നുണ്ടെന്നിരിയ്ക്കിലും,
എന്നില്ലെന്തൊന്നുതാനിന്നിബ് ഭവതിയ്ക്കുമെനിയ്ക്കുമെ
വന്നുകൂടുന്നതായാലുമൊന്നുറപ്പിച്ചുകൊൾക നീ,
'യശോധര'യെ ഞാൻ സ്നേഹിച്ചേൻ, ഞാൻ സ്നേഹിയ്ക്കുമെപ്പൊഴും
നിയ്യറിഞ്ഞുള്ളതല്ലോ ഞാനെമ്മട്ടീപ്പല മാസമായ്
എന്നാലീക്ഷിതമായുള്ള ദുഃഖപൂർണ്ണജഗത്തിനെ
രക്ഷപ്പെടുത്തുവാൻ മാർഗ്ഗം ചിന്തിയ്ക്കുന്നുണ്ടതത്ര്യയും.
കാലം വരുമ്പോൾ വന്നീടും വരാനുള്ളതു നിശ്ചയം.
എന്നാലെൻ ജീവനജ്ഞാതമായ ജീവഗണത്തിനായ്
വേദനപ്പെട്ടു വളരെബ്ബുദ്ധിമുട്ടും സ്ഥിതിയ്ക്കുമെ
അന്യദുഃഖങ്ങളെപ്പററി ഞാൻ ദുഃഖിയ്ക്കും സ്ഥിതിയ്ക്കുമെ
എൻ ജീവിതത്തിൽപ്പങ്കേല്ക്കുന്നോരായ,തിനെയേററവും
സുഖപ്പെടുത്തുന്നവരുമാമിയ്യുള്ളാളുകൾക്കുമേൽ
വന്നു ചുററിപ്പററിനില്ക്കുമെന്നും നീതന്നെയോർക്കുക.
നീയോ പരം പ്രിയപ്പെട്ടോ,ളെനിയ്ക്കേററമടുത്തവൾ,
സുശീലകളിൽ മുന്തുന്നോൾ, പ്രിയേ! പെരികെ നല്ലവൾ.
ഹാ! എൻെറ കൊച്ചുപൈതൽക്കുള്ളമ്മേ! നിന്നുടലല്ലയോ
ഇച്ചാരു ഭാഗ്യത്തിനു ചേർന്നിണങ്ങീ മമ മെയ്യുമായ്.
ദൂരം പറന്നുപോം പ്രാവുതന്നീണപ്പൈങ്കിടാങ്ങൾമേൽ
വാത്സല്യസംപൂരിതമായിരിയ്ക്കുംപോലെ മർത്ത്യരിൽ

അനുകമ്പയോടെല്ലാടം, കരസ്ഥം കടൽതന്നിലും,
ചുററും വ്യാപിച്ചണഞ്ഞുംകൊണ്ടു,നാത്മാവെപ്പോളേററയായ്
ചെയ്തിടുന്നിതു സഞ്ചാരമപ്പോളൊക്കെയൊരേവിധം
എൻ കൂട്ടക്കാരിൽവെച്ചീ ഞാൻ കണ്ടറിഞ്ഞതിലൊക്കയും
മികച്ചതാം മനോജ്ഞത്വ,മവൎക്കെല്ലാക്കുമുള്ളതിൽ
മുന്തും മനോഗ്ഗുണം, സൌകുമാൎയ്യമേറുന്ന പേർകളിൽ
മേലെയാം സുകുമാരത്വ,മെന്നോടെല്ലാരിൽവെച്ചുമെ
വാഴ്ത്തുന്നടുപ്പ,മെന്നെല്ലാമുള്ള നിൻെറയടുക്കലായ്
പറന്നു വരുമാറുണ്ടു സന്തോഷാസക്തിപൂൎവ്വകം.
അതിനാലെന്തുതാനിന്നി വന്നുകൂടിടുമെങ്കിലും
നിനച്ചുകൊള്ളുകാ മുക്രയിട്ട മുഖ്യവൃഷത്തെയും,
സ്വപ്നത്തിൽക്കണ്ടതായേറെ രത്നങ്ങൾ വിലസുന്നതായ്
ഞെറി വേർപെടുമാറായിപ്പൊറുന്ന കൊടിയാടയും.
ഇതൊന്നുറച്ചിരുന്നാലും നിന്നെ നന്മയിലെപ്പൊഴും
സ്നേഹിച്ചുപോന്നു ഞാൻ, സ്നേഹിക്കുകയും ചെയ്യുമെപ്പൊഴും.
പിന്നെ ഞാനെന്തു സൎവ്വസ്വം വേണ്ടിയാരാഞ്ഞിടുന്നുവോ
അതൊന്നാമതു നിന്നെച്ചൊല്ലീട്ടുതാൻ ചെയ്തിതെന്നുമേ.
ആശ്വസിക്കുക, സന്താപമണഞ്ഞിടുന്നതാകിലും,
നമ്മൾക്കെഴുന്ന ദുഃഖത്താലിജ്ജഗത്തിന്നു കൈവരാം
മോക്ഷത്തിനുള്ളോരു വഴിയെന്നാലോചിച്ചുതന്നെ നീ.
ഇയ്യോരാലിംഗനത്തോടുകൂടവേ സ്വീകരിക്കു നീ,
വിശ്വാസമേന്തും പ്രേമത്തിന്നെന്തെല്ലാം നന്ദിവാക്കുകൾ
ആലോചിക്കാവതാണാശീൎവ്വാദമെന്തൊക്കെ നല്കുവാൻ
കഴിഞ്ഞീടു,മതെല്ലാമെ—പ്രേമസമ്പത്തിതൻ ബലം

വെറും നിസ്സാരമായുള്ളൊന്നാകയാലല്പമാകിലും.
വീണ്ടും ചുണ്ടുകളിൽച്ചുംബിച്ചീ വാക്കവയിലൂടവെ
നകന്റെടുക്കകെന്നുള്ളിൽനിന്നു നിന്നുള്ളിലെത്തു നീ,
'ഞാനെല്ലാജ്ജീവികളിലുമത്ര സ്നേഹാർദ്രനാകയാൽ
ഞാൻ നിന്നെയെല്ലാവരിലുമേറെ സ്നേഹിപ്പിതെ'ന്നതും.
മററാരുമറിയാത്തുള്ളൊന്നറിയാറായ്വരട്ടെ തെ.
കിടന്നുകൊൾകിനിക്കാന്തേ! ഞാനുറങ്ങാതെ കാത്തിടും."

പിന്നീടവൾ കരഞ്ഞുംകൊണ്ടുറങ്ങിപ്പോയിതെങ്കിലും
ഉറങ്ങിക്കൊണ്ടുതാൻ തേങ്ങി, "നേരം! നേരമണഞ്ഞുപോയ്,"
എന്നാക്കിനാവു പിന്നീടും വരുന്നുണ്ടെന്ന മാതിരി.
തിരിഞ്ഞു തൃക്കൺപാർത്താനാ'സ്സിദ്ധാർത്ഥ'നതു കേൾക്കവെ.
അതാ! ചന്ദ്രൻ വിളങ്ങുന്നു കർക്കടത്തിന്നടുക്കലായ്.
ജ്യോത്സ്യർ മുൻ ലക്ഷണം ചൊന്നപോലെ, രജതതാരകൾ
കാണ്മായ്ച്ചേർന്നൊത്തു നില്ക്കുന്നത, "തുതാനാ നിശീഥിനി!
തിരഞ്ഞെടുക്കകൈശ്വര്യമാർഗ്ഗമോ പുണ്യമാർഗ്ഗമോ;
ഭവാനിങ്ങൊന്നുകിൽസ്സമ്രാട്ടായി വാഴ്ക,ല്ലയെങ്കിലോ
ലോകം രക്ഷപ്പെടാൻ വേണ്ടിക്കിരീടം തള്ളിയേകനായ്
വീടുമില്ലാതലഞ്ഞിടുകെ"ന്നു ചൊല്ലും പ്രകാരമെ.
കാററിലൂടെദ്ദേവകൾ മുൻ പാടിയോരുപദേശവും
അല്ലിലെച്ചെറുശബ്ദത്തിൽക്കേൾക്കയും ചെയ്തിതായവൻ.
അപ്പോൾ മിന്നുന്ന നക്ഷത്രം നോക്കും നമ്മുടെ ദേവനെ
കാത്തങ്ങു ചുററും നിൽപുണ്ടായിരുന്നു, തീർച്ച, ദേവകൾ.

പിന്നെയദ്ദേഹമരുളിച്ചെയ്തു, "ഞാൻ പോകയായ്ദൃഢം

സമയം വന്നുപോ,യേവമുറങ്ങീടുന്നൊരോമലേ!
നമ്മെ വേറുപിരിച്ചാലുമെന്തു രക്ഷിയ്ക്കുമൂഴിയെ
അതിങ്കൽച്ചെല്ലുവാനെന്നെ വിളിപ്പൂ നിഞ്ഞൊടിത്തളിർ.
ആക്കണ്ടിടുന്ന നിശ്ശബ്ദവാനിങ്കൽത്തെളിവാണ്ടതായ്
ഉദിച്ചുകാണ്മൂ ഞാനെന്റെ ജീവിതോദ്ദേശവാചകം.
ഞാനതിന്നേ ജനിച്ചോനീ, രാവും പകലുമൊക്കയും
എന്നെക്കേവലമങ്ങോട്ടു കൊണ്ടുപോയിക്കഴിഞ്ഞുതേ.
ഇനിയാവശ്യമില്ലെനിയ്ക്കേറ്റതായ് വരുന്ന കിരീടവും.
ഉറയ്ക്കൂരിയൊരെൻ കൈവാൾ തിളങ്ങുന്നതു കാണുവാൻ
കാത്തുനില്ക്കുന്ന രാജ്യങ്ങളെല്ലാം കൈവെടിയുന്നു ഞാൻ.
ചെന്നിടത്തൊക്കെ വിജയം നേടിക്കൊണ്ടെന്റെ തേരുരുൾ
കേട്ടാലൊന്നാരുമഞ്ചുന്നതായെൻ പേർ പാരിൽ നീളെയും
ചരിത്രങ്ങളിലാം മട്ടു ചോരയും പൂണ്ടുരുണ്ടിടാ.
ഞാൻ കാൽനടയ്ക്കേന്തഴലും സഹിച്ചനഘമൂഴിയിൽ
ചുററും ഞാ,നതിലെശ്ശുദ്ധമണ്ണിൽത്തന്നെ കിടന്നിടും;
പാപ്പാർക്കും ശുദ്ധശൂന്യങ്ങളായുള്ള വിപിനങ്ങളിൽ;
ആർത്തിലും വെച്ചു നിസ്സാരന്മാരാമെന്നുടെ കൂട്ടുകാർ;
നീചന്മാർ ചുററുവതിലും മുന്നും വസ്ത്രമുടുത്തിടാ;
ധൎമ്മീശ്വരൻപൊടെന്തേകമതേ ഭക്ഷിയ്ക്കുയുള്ളു ഞാൻ;
ഇരുട്ടാണ്ടു കിടക്കുന്ന ഗുഹയോ കാട്ടുപൊന്തയോ
തരുമാഡംബരത്തെക്കാളൊന്നുമാവശ്യമില്ലമെ.
ഞാൻ ചെയ്യുമേവ;മെന്തെന്നാൽ ജീവാത്മാക്കളശേഷവും
ജീവജാലങ്ങളും മാൽ താങ്ങാഞ്ഞു കേഴ്വതു കേൾപ്പൂ ഞാൻ.
ഈ ലോകത്തിന്റെ രോഗത്തെക്കണ്ടെന്നാത്മാവു മുററുമെ

കാരുണ്യപൂൎണ്ണമാകുന്നിതാ; മഹാവ്യാധി മാററുവാൻ
മഹാപ്രയത്നം വമ്പിച്ച വൈരാഗ്യമിവ രണ്ടിനാൽ
സാധിയ്ക്കുമെന്നിരുന്നാൽ ഞാനതു ഭേദപ്പെടുത്തിടും.
ഉയൎന്ന പേരും താന്തോരുമായ ദേവഗണങ്ങളിൽ
ആക്രന്ദതിന്നേഴും ശക്തിയത്രയ്ക്കുള്ളലിവെങ്കിലും.
ആർ കണ്ടിതവരെ—ച്ചോദിയ്ക്കട്ടെഞാ,നാരു കണ്ടവൻ?
തങ്ങളെപ്പൂജചെയ്വോൎക്കു സാഹായ്യം ചെയ്കതെന്തവർ?
പ്രാൎത്ഥിയ്ക്കയും, തോത്രു വെച്ചു ധാന്യതൈലങ്ങൾ നൽകയും,
മന്ത്രം ജപിയ്ക്കയും, വമ്പുള്ളമ്പലങ്ങൾ ചമയ്ക്കയും,
പാവപ്പെട്ടാൎത്തു കേഴുന്ന മൃഗങ്ങളെ മഖാൎത്ഥമായ്
കൊല ചെയ്യുകയും, വിപ്രന്മാൎക്കായൂട്ടു കഴിയ്ക്കയും,
എന്നല്ല ദിവസന്തോറും മുഖസ്തുതികളായിയും
പേടിച്ചു ചൊൽവതായിട്ടും, വൃഥാ പോം പുകപോലവെ,
പ്രാൎത്ഥനാവൃന്ദമെവയിൽനിന്നു പൊന്തിവരുന്നുവോ
ആ ദുഃഖങ്ങളിൽനിന്നെത്രയ്ക്കുനഷ്ടനായുള്ളൊരാളെയും
രക്ഷിയ്ക്കാത്തവരാം വിഷ്ണുശിവസൂൎയ്യരെ മാനുഷർ
വിളിച്ചീടുകയും ചെയ്യാൻ ദേവന്മാർ ചെയ്കതെന്തുവാൻ?
മത്സോദരരിലാൎക്കാനുമിപ്പറഞ്ഞവ ചെയ്കയാൽ
ജീവിതക്ലേശവും, പ്രേമവിയോഗകടുനൊമ്പലും,
തീപ്പോലലാം പനിയും, ശീതജ്വരവും, മെല്ലെ മെല്ലവെ
മനസ്സു കെട്ടു വാൎദ്ധക്യദശയിൽത്താനുപോകലും,
അജ്ഞാതഘോരമൃതിയു,മതിനപ്പുറമെന്തതും,
എപ്പോഴും തിരിയും ജന്മചക്രത്തിൽപ്പെട്ടു വീണ്ടുമെ
പുത്തൻ ദുഃഖങ്ങളുണ്ടാക്കും പുതുതാം ജനനങ്ങളും,

പുത്തൻ വാസനയാൽ വീണ്ടും പഴേ കള്ളപ്പിരട്ടിലായ്
ചെന്നുചേൎന്നവസാനിയ്ക്കും പുതുജന്മാന്തരങ്ങളും,
ഈ വകയ്ക്കുള്ളിൽനിന്നെങ്ങാൻ രക്ഷകിട്ടിയിരിപ്പിതോ?
മൃദുലാശയമാരായ മത്സഹോദരിമാർകളിൽ
വ്രതത്തിൻ ഫലമോ മന്ത്രസാദ്ധ്യമോ കണ്ടതാരുവാൻ?
അതല്ലെങ്കിൽ വെളുത്തുള്ള കട്ടത്തയിരുമാവിധം
നന്നാക്കിയുള്ള തുളസിപ്പൂവുമപ്പിസ്കുമൂലമായ്
കടുതാമീററുന്നോവൊന്നു കുറഞ്ഞിട്ടാരു കണ്ടവൾ?
അത്രയല്ലീശ്വരന്മാരിൽച്ചിലർ നല്ലവരായ് വരാം,
ചിലർ ദുഷ്ടരു; മെന്നാലെപ്പേരും കൎമ്മാസമൎത്ഥർതാൻ.
അവരിൽദ്ദയയുള്ളോരിപ്പാത്തോരുമിരു കൂട്ടരും
പരിവൎത്തനചക്രത്തിൽബ്ബദ്ധന്മാർ മൎത്ത്യർ പോലവെ,
അതീതഭാവിജന്മങ്ങളറിഞ്ഞുംകൊണ്ടുതാൻ ദൃഢം.
തീൎച്ചയായ് നമ്മൾതൻ വേദമെന്തു ചൊല്ലിത്തരുന്നുവോ
അതിതാണെന്നു തോന്നുന്നുണ്ടോ,രിയ്ക്കലെവിടത്തിലോ
എങ്ങുനിന്നോ പുറപ്പെട്ട ജീവൻ ജന്മാന്തരങ്ങളെ
വീണ്ടും വീണ്ടുമണഞ്ഞുംകൊണ്ടോരോ പടികൾ മേല്ക്കുമേൽ
ചവിട്ടിക്കേറിയണുവും, കൊതുകും, ചെറുകീടവും,
ഇഴയും ജന്തു, മീൻ, പക്ഷി, രോമങ്ങൾ നിറയും മൃഗം,
മൎത്ത്യൻ, പിശാച,തിൻ വണ്ണം ദേവ,നീശ്വര,നിങ്ങിനെ
ഓരോന്നായിപ്പിറന്നിട്ടു പിന്നെത്താൻ പോന്ന ദിക്കിലേ
ച്ചുററിച്ചെല്ലുന്നു, വീണ്ടും മണ്ണാസ്തീരുമണുവായുമെ.
അതിനാലൊരു സംബന്ധമുണ്ടെല്ലാജ്ജീവിതമ്മിലും.
അപ്പോൾ മനുഷ്യനെയവനുള്ള ശാപത്തിൽനിന്നൊരാൾ

രക്ഷിച്ചുവെങ്കിൽ, വിസ്തീൎണ്ണമായ ലോകത്തിനൊക്കയും
യാതൊന്നിനുള്ള നിഴലോ ചലനം വിട്ടതാം ഭയം,
ഹിംസയേതിന്റെ കൊള്ളാവുന്നതല്ലാത്ത വിനോദമോ,
ആ ഭയങ്കരമൌഢ്യത്തിൻ ക്ഷയത്തിൽപ്പങ്കുകൊണ്ടിടാം.
അതേ, ഒരാൾക്കു രക്ഷിപ്പാൻ സാധിച്ചാലെത്ര മെച്ചമായ്.
അതിന്നു വഴിയില്ലാതെ വരില്ലുണ്ടായിരിക്കണം!
നിവൃത്തിയുണ്ടായിടണം: വഷക്കാറേററു മാനുഷർ
ചത്തുവന്നു, ജ്വലൽസൂൎയ്യാംശുവിൽനിന്നെരിതീപ്പൊരി
എടുത്തു സൂക്ഷിച്ചതറിയിയ്ക്കാതേ ശീതളങ്ങളായ്
കാണും തീക്കൽകളാലാരോ തീപ്പിടിപ്പിച്ച നാൾ വരെ;
അവർ ചെന്നായ്ക്കളെപ്പോലെ മാംസവും തിന്നുവന്നതെ,
മനുഷ്യന്നുപജീവിപ്പാനുതകുന്നൊരു നെന്മണി
ഒരാൾ കുഴിച്ചിട്ടു മുളപ്പിച്ചുണ്ടാക്കിയ നാൾ വരെ;
ചിലച്ചും വല്ലിളിച്ചിട്ടും കഴിഞ്ഞോരവരാവിധം
സംസാരിയ്ക്കുന്നതിൻ വിദ്യ ചിലർ കണ്ടെത്തുവോളവും,
പിന്നെ രൂപപ്പെടുത്തീനൽ ക്ഷാന്തർ സാക്ഷരമാസ്വരം.
ആമട്ടേറെത്തിരഞ്ഞിട്ടും വളരെബ്ബുദ്ധിമുട്ടിയും
സ്വാൎത്ഥത്തെ മോദേന വെടിഞ്ഞിട്ടുമല്ലാതെപാരിതിൽ
മത്സോദരൎക്കു കൈവന്നിട്ടുണ്ടോ നല്ലതു വല്ലതും?
മഹാപദവിയാണ്ടോനായ്; ഭാഗ്യവാനായ്; ധനാഢ്യനായ്;
ആരോഗ്യത്താൽസ്സുഖത്താലും തുലോമനുഗൃഹീതനായ്;
രാജാവാവാൻ ജനിച്ചുള്ളോരാളായ്; രാജ്യം ഭരിക്കുവാൻ
ഇച്ഛിച്ചീടുകിലോ രാജരാജനായ്ത്തീരുവോനുമായ്;
ജീവിതപ്പകലൊട്ടുക്കും കഴിച്ചന്ദിതക്കുമം

അതിൻ പ്രഭാതമാകുന്ന പുതുക്കത്തിലെഴും രസം,
രുചിയേറുന്നതാം പ്രേമസുഖാനുഭവസന്ധ്യയിൽ
മടുക്കാതാഗ്രഹം വീണ്ടും, സങ്കടം തോന്നിടും വിധം
ചുക്കിച്ചുളിഞ്ഞും ക്ഷീണിച്ചൃഷിപോലായിടാതെതാൻ
ഇങ്ങു ദോഷാന്വിതം മേന്മ സൌഭാഗ മിവയിൽ പ്രായം,
മന്നിൽവെച്ചു മനോജ്ഞത്വം തികഞ്ഞിട്ടുള്ളതൊക്കയും
സ്വൈരം തിരഞ്ഞെടുത്തീടാൻ സ്വാതന്ത്ര്യ,മിവയേന്തിയും,
നോവെന്നതറിയാതേയു,മിന്നതൊന്നില്ലയെന്നതേ
ഇല്ലാതെകണ്ടു,മെൻറേതല്ലാത്ത ദുഃഖങ്ങൾ മൂലവും
ഞാൻ മർത്ത്യനാകകൊണ്ടും മാലുൾക്കൊണ്ടിടുന്നതെന്നിയെ
ദുഃഖിക്കാതെയുമെൻമട്ടു വാണീടുമൊരു പൂരുഷൻ—
ഉപേക്ഷിക്കുവതിന്നത്യധികം കയ്യിലുള്ളവൻ—
അതൊക്കെ വിട്ടു— മർത്ത്യന്മാരോടെഴും സ്നേഹമൊന്നിനായ്
അർപ്പിച്ചു— മോക്ഷമാർഗ്ഗൈകരഹസ്യം നരകങ്ങളിൽ
ഒളിച്ചിരിക്കുയോ, വിണ്ണിലാരും കാണാതിരിക്കുയോ,
അറിയിക്കാതാർക്കടുത്തും ചുററിപ്പററി നടക്കയോ,
ചെയ്കയാണെന്നിരിക്കിൽ, കൈക്കൾ ചേർത്തുകൊണ്ടതിനെബ്ബലാൽ
സത്യമാർഗ്ഗത്തെയന്വേഷിപ്പതിനാത്മാവിനേയുമേ
ഉഴിഞ്ഞിടുകയാണെങ്കി, ലേതു കാലത്തിലെങ്കിലും
ഒടുക്ക, മേറെദ്ദൂരത്തി, ലൊരിടം വെച്ചു, തീർച്ചയായ്
ചുഴിഞ്ഞുനോക്കീടുമവൻതൻ കണ്ണിന്മുമ്പിൽനിന്നഹോ!
പൊന്തിക്കപ്പെടുമാ മൂടുപടം; ദുഃഖസഹങ്ങളായ്
കാണും തങ്കാൽകളിൻ മുന്നിൽത്തുറക്കപ്പെടുമാ വഴി;
പ്രപഞ്ചമെന്തിനായ്ത്തള്ളി, നേടുമായതവൻ ദൃഢം.

മൃത്യുഞ്ജയന്റെ നിലയിൽക്കാണുമായാളെ മൃത്യുവും.
അതു ചെയ്യുമുപേക്ഷിപ്പാനൊരു രാജ്യമെഴുന്ന ഞാൻ;
എന്തെന്നാലെന്റെ രാജ്യത്തെ സ്നേഹിച്ചുംകൊണ്ടിരിപ്പു ഞാൻ
എന്റെ നെഞ്ചു മിടിയ്ക്കുന്നുണ്ടല്ലോ, മാലാണ്ട നെഞ്ചുകൾ
ഇന്നെന്റെയാകുന്നിവയും, മേലാലാവാനിരിപ്പതും,
ഞാനിപ്പോൾച്ചെയ്തിടുന്നാത്മാർപ്പണത്താൽ മോക്ഷമേല്പതായ്
ആയിരംകോടിയായിന്നിക്കിടക്കുന്നതുമൊക്കെയും—
ഓരോരിക്കൽ മിടിയ്ക്കുമ്പോളതിനോടൊപ്പമെപ്പൊഴും.
അല്ലയോ, നേരമായെന്നു വിളിയ്ക്കുന്നോരുഡുക്കളേ!
ഇതാ വരുന്നു ഞാൻ; അല്ലേ, ദുഃഖിയ്ക്കുന്ന വസുന്ധരേ!
ഉപേക്ഷിയ്ക്കുന്നു ഞാനെന്റെ യൌവനം, രാജപട്ടവും,
എൻ നല്ല കാലവും, ചിത്തക്കാലവും, മൽ സുഖങ്ങളും,
എനിയ്ക്കുള്ള സുഖോല്ലാസകരമാം രാജധാനിയും,
ഓമനത്തങ്കമാം രാജ്ഞി! മറെറല്ലാററിലുമേറെയായ്
എനിയ്ക്കു കൈവിടാൻ വയ്യാത്തീ നിന്നാലിംഗനങ്ങളും.
രക്ഷിപ്പൻ നിന്നെയും ഞാനിയ്യൂഴി രക്ഷിച്ചിടുന്നതിൽ,
ഇളതാം നിന്റെ ഗർഭത്തിലിളകിക്കൊണ്ടിരിപ്പതായ്
നമ്മൾതൻ പ്രണയപ്പൂമൊട്ടായുള്ളെൻ കുഞ്ഞിനേയുമേ.
അതിന്നാശിസ്സു നല്കാൻ നിന്നാകിലെൻ തീർപ്പയഞ്ഞുപോം.
കാന്തേ! സന്താനമേ! താത! ഹേ, പ്രജാസമുദായമേ!
ഇന്നേരത്തെക്കൊട്ടും മാലിൽ നിങ്ങൾ പങ്കേല്ക്കണം ക്ഷണം,
ജ്ഞാനദീപോദയാൽധർമ്മമഭ്യസിയ്ക്കട്ടെ ജീവികൾ.
ഇതാ! തീർച്ചപ്പെടുത്തി ഞാൻ, ഞാനിപ്പോൾപ്പോയിടും ദൃഢം.
ശ്രദ്ധിച്ചാരാർക്കിലും യത്നം ചെയ്താലും പറവതാമെങ്കിലോ

ഞാനാരാഞ്ഞതു കാണ്മോളമിങ്ങെന്നും തിരികേ വരാ."

ആ മട്ടു തൻ നെററിയവൾതൻ കാൽകളിലണച്ചു, ഹോ!
അപ്പൊഴും ബാഷ്പധാരാർദ്രമുറങ്ങുമവൾതൻ മുഖം
വാത്സല്യം വിലസിക്കൊണ്ടു വീക്ഷിച്ചു നയനങ്ങളാൽ
ചൊല്ലുവാനരുതാത്തുള്ള യാത്ര ചൊല്ലീടിനാനവൻ.
എന്നിട്ടാ മെത്തയെയൊരു ദിവ്യപീഠത്തെയാം വിധം
ഭക്ത്യാ മൂന്നു വലംവെച്ചു, വന്പിടിപ്പാണ്ട നെഞ്ഞിലായ്
കൈകളും കെട്ടി "ഞാനിന്നിക്കിടക്കില്ലിങ്ങൊരിക്കലും"
എന്നേവമരുളിച്ചെയ്തു പുറപ്പെട്ടു പതുക്കവെ.
ആ മട്ടു മൂന്നു തവണ പുറപ്പെട്ടെഴുന്നള്ളിനാൻ;
എന്നാലാ മൂന്നു കുറിയും മടങ്ങിപ്പോന്നിതായവൻ:
അത്രയ്ക്കു ശക്തിയുള്ളൊന്നാണവൾതന്നംഗസൌഷ്ഠവം,
അത്രയ്ക്കു വമ്പിച്ചുള്ളൊന്നാണവന്റെയനുരാഗവും.
പിന്നെത്തനുത്തരീയത്തെപ്പൊക്കിത്തലയിലിട്ടവൻ,
പിന്തിരിഞ്ഞാ മറശ്ശീലവക്കു പൊന്തിച്ചു മെല്ലവെ:

അങ്ങുണ്ടതാ! കിടക്കുന്നു ചെറുതും ശബ്ദമെന്നിയെ
വെള്ളാമ്പലപ്പൂക്കൾ മാത്രമറിയും ഗാഢനിദ്രയിൽ
തൻ നല്ലാർനിരയാം ചന്തമുള്ളോരോമനമച്ചർത്തൊടി.
കറുത്തിതൾകളാണ്ടുള്ള രണ്ടു താമരമൊട്ടുകൾ,
'ഗംഗാ' 'ഗൌതമി'മാ,രെല്ലാവരിലും മുന്തിനില്പവർ,
തൊട്ടടുത്തു കിടക്കുന്നിത;തിന്നപ്പുറമൊക്കയും
മററുവേഷമൊരേ മട്ടിലുള്ളോർ പൂമ്പട്ടുടുത്തവർ.

അവിടന്നോതി, "യെന്നിഷ്ടപ്പെട്ട സുന്ദരിമാർകളേ!
നിങ്ങളെക്കാണുവതെന്നിയ്ക്കെന്നും സന്തോഷദായകം;
വേർപെട്ടു പോവാൻ മടിയുണ്ടെങ്കിലും നിങ്ങളോടു ഞാൻ
വേർപെട്ടു പോകാഴ്കിൽ നമുക്കൊക്കയും ഗതിയെന്തുവാൻ,
മാറാത്ത ജരയും ദുന്നിവാരമൃത്യുവുമെന്നിയെ?
ഹാ! നിങ്ങൾ നിദ്രപൂണ്ടിട്ടിക്കിടക്കുന്നതുപോലവെ
മരിച്ചിട്ടും കിടക്കേണ്ടിവരും നിങ്ങൾക്കു നിണ്ണയം.
പനിനീർപ്പൂവു വാടുമ്പോളതിന്നുടയ കാന്തിയും
അതിങ്കലെത്തുമണവും പൊയ്പ്പോവതെവിടെയ്ക്കുവാൻ?
ദീപം കെടുമ്പൊഴതതിൻ ജ്വാലയും പോവതെങ്ങുവാൻ?
രാവേ! നീയിവർതൻ ചിമ്മിക്കൊണ്ട കൺപോള നിഭ്രം
അമക്കു മുദ്രവെച്ചോണം, നിങ്ങാതാക്കുക ചുണ്ടുകൾ;
വൈകിയ്ക്കൊല്ലിവനെ സ്നേഹം കലരും വാക്കുമശ്രുവും.
ഇവരെൻ ജീവകാലത്തെയെത്രയ്ക്കു സുഖമുള്ളതായ്
തീക്കുന്നുണ്ടാ,യതത്രയ്ക്കു ദുഃഖഭാക്കായ് ചമഞ്ഞിടും.
അവരും ഞാനുമെല്ലാരും മരങ്ങൾക്കൊത്തവണ്ണമെ
ജീവിച്ചിടേണമിങ്ങി—ത്ര കാലത്തോളം വസന്തവും
ഇത്രയ്ക്കു മഴയും മഞ്ഞുമിത്രയ്ക്കാ വഷ്വേളയും
എന്നുള്ളതു കഴിഞ്ഞാൽപ്പിമ്പില വാടിക്കൊഴിഞ്ഞിടും;
വീണ്ടും വസന്തമുണ്ടായിവന്നെയ്ക്കാ,മല്ലയെങ്കിലോ
മുളച്ച മുളയിൽത്തന്നെയാരാനും മഴവെച്ചിടും.
ഇങ്ങൊരീശ്വരനെപ്പോലെതന്നെ ജീവിച്ചിരുന്ന ഞാൻ
അതിന്നായല്ലിട്ടൊരുങ്ങുന്നതല്ല നിശ്ചയമായുമെ—
എൻ ജീവകാലമെമ്പാടും ദേവന്മാരുടെ മട്ടിലായ്

കഴിഞ്ഞുകൂടുമെന്നാലു,മജ്ഞാനക്കൂരിരുട്ടിനാൽ
മനുഷ്യർ കരയും കാലമതിനിഷ്ടപ്പെടില്ല ഞാൻ.
അതിനാൽപ്പോയിടട്ടേ ഞാൻ, പ്രിയപ്പെട്ട ജനങ്ങളേ!
അപ്പണോചിതമായ്ജ്ജീവകാലം നന്നായിരിയ്ക്കവെ
ഞാനതുപ്പിച്ചുകൊണ്ടിന്നു പോകുന്നു, മുക്തി കിട്ടുവാൻ
തക്ക മാൎഗ്ഗവുമജ്ഞാതമാത്തേജസ്സും തിരഞ്ഞിടാൻ."

'സിദ്ധാൎത്ഥ'ൻ പിന്നവർ കിടന്നുറങ്ങീടുന്നിടങ്ങളിൽ
കാൽ മെല്ലെ മെല്ലെ വെച്ചുംകൊണ്ടിരുട്ടത്തെയ്ക്കിറങ്ങിനാൻ.
ഔത്സുക്യാലിമക്കൂട്ടാത്ത രാവിൻ കണ്ണുകൾ താരകൾ
സ്നേഹസംയുക്തമാംവണ്ണമദ്ദേഹത്തിനെ നോക്കിനാർ.
രാത്രിതൻ ശ്വാസമായെങ്ങും സഞ്ചരിയ്ക്കുന്ന മാരുതൻ
ചുംബിച്ചു പാറുമററത്തായവൻെറയുടയാടയെ.
ഉഷസ്സിൽ വിടരാൻ കൂമ്പി നില്ക്കും പൂങ്കാവലർഗ്ഗണം
തുറന്നു നല്ല വില്ലീസ്സിനെതിരാം തനതുള്ളുകൾ,
രക്താപാടലസൌരഭ്യകലശങ്ങളിൽനിന്നുടൻ
പൊങ്ങും മണത്താലവനെക്കുളിപ്പിയ്ക്കുന്നതിന്നുതാൻ.
നാട്ടിലെല്ലാം, ഹിമഗിരിതൊട്ടിന്ത്യക്കടലോളവും,
താഴേ ഭൂവിൻെറയന്തമാവിലെന്തോ മുമ്പറിയാത്തതായ്
കരാശയിളകുംപോലെ വിറയുണ്ടായിവന്നുതേ.
കാണ്മൂ 'ബുദ്ധ'ൻെറ ചരിതം ചൊല്ലുന്ന നിഗമങ്ങളിൽ
ആ രാത്രിയെ വിളങ്ങിച്ചും ഭൂമിയ്ക്കാമോദമേകിയും
പല സംഘങ്ങളായെങ്ങും വന്നുകൂടിയ ദേവകൾ
പാട്ടും ദിവ്യോല്ലസൽഗ്ഗാനംകൊണ്ടു വാനം നിറഞ്ഞതായ്.

ആൿമൂൾംച്ചൂളഘോറുന്ന നാലു ദിക്പാലരില്ലയോ
അവരിരണ്ടു പേരാശ്ശൂന്നിറങ്ങിഗ്ഗോപുരാന്തികെ,
ഇന്ദ്രാശ്മം വെള്ളിയും പൊന്നും മുത്തുമാമായുധങ്ങളെ
ധരിച്ച ദീപ്യമാനാത്മദിവ്യസേനയൊടൊപ്പമേ,
കൈകൾ കോൎത്തുപിടിച്ചങ്ങു നിന്നു സൂക്ഷിച്ചുനോക്കിനാർ,
ബാഷ്പം നിറഞ്ഞ തൃക്കണ്ണുകൊണ്ടു നക്ഷത്രപങ്ക്തിയെ
നോക്കിക്കൊണ്ടു സ്വവിസ്തീൎണ്ണസ്നേഹനിശ്ചയശക്തിയാൽ
മുറുകും ചുണ്ടുമായ് നില്ക്കു 'മിന്ത്യാ' രാജകുമാരനെ.

ഇരുട്ടിൽ വേഗേന നടന്നുറക്കെച്ചൊല്ലിനാനവൻ,
"എഴുന്നേൽക്കു 'ചന്ന!' കൊണ്ടുവന്നാലും 'കാന്തക'ത്തെ നീ."
ഗോപുരാന്തേ കിടക്കുന്ന ദിക്കിൽനിന്നു പതുക്കവെ
എഴുന്നേറ്റോതിനാൻ സൂത, "നെന്തെൻ തിരുവടിയ്ക്കു,ഹോ!
വഴിയ്ക്കൊക്കെയിരുട്ടുള്ള രാവിങ്കലെഴുന്നള്ളുവാൻ?"

'സിദ്ധാൎത്ഥ'നോതി, "മെല്ലെച്ചൊൽക, ത്തിയ്യെൻ തുരഗ
കൂട്ടിൽപ്പോലെൻ കരൾ കിടപ്പോരിപ്പൊൻബന്ധനാലയം (ത്തെന്നി
വിട്ടു, സത്യാന്വേഷണാൎത്ഥം പോകാൻ മേ നേരമാകയാൽ.
എല്ലാ മനുഷ്യരുടെയും നന്മയ്ക്കി,പ്പോൾ മുതൽക്കു ഞാൻ
ആ സത്യം കണ്ടുകിട്ടീടും വരെയാരാഞ്ഞുനോക്കിടും."

അതു കേട്ടോതിനാൻ സൂത, "നയ്യോ! പ്രിയനൃപാത്മജ,
ജാതകത്തെ വിചാരിച്ചിട്ടാ മഹാത്മാക്കൾ പണ്ഡിതർ
ശുദ്ധോദന'ക്ഷിതീശന്റെ മഹാനായ കുമാരകൻ

രാജാധിരാജനായ്ത്തീരുമൊരു കാലത്തു, തേവരെ
ക്ഷമിക്കുവാൻ ഞങ്ങളോടു വെറുതെ ചൊന്നതാകുമോ?
ഇങ്ങുനിന്നാശു പോയ്, കയ്യിൽ വന്ന രത്നാഢ്യഭൂമിയെ
യാചകന്റെ ചുരങ്ങത്തൊണ്ടെടുപ്പാനായ് ത്യജിക്കുമോ?
സ്വൎഗ്ഗത്തിനോടു കിടയാം കളിമേടയിതുള്ള നീ
ജനസഞ്ചാരമില്ലാത്ത കാട്ടിലെക്കു ഗമിക്കുമോ?”

കുമാരനുത്തരം ചൊന്നാ, “നതിനായ്ത്താൻ ജനിച്ചു ഞാൻ,
സിംഹാസനങ്ങൾക്കായല്ല; ഞാൻ കൊതിക്കുന്ന രാജ്യമോ
പല രാജ്യങ്ങളെക്കാളും വലിപ്പമിയലുന്നതാം—
മാററവും നാശവും വന്നു ചേരുമെല്ലാററിൽവെച്ചുമെ
വലുതാണതെടോ: കൊണ്ടുവരികെൻ ‘കാന്തക’ത്തെ നീ.”

പിന്നെയും ചൊല്ലിനാൻ സൂതൻ, “വിശ്വപൂജിതനാം ഭവാൻ
തമ്പുരാനായിടുന്നാത്മതാതൻതൻ ദുഃഖമോൎക്കണേ!
അങ്ങു ജീവിതസൎവ്വസ്വമായുള്ളോൎക്കഴലേല്പതും
ആലോചിക്കണ; മാദ്ര്യത്തിൽ ച്യുതിച്ചിട്ടാജ്ജനങ്ങളെ
ഏതു മട്ടു സഹായിപ്പാൻ പോകുന്നിതവരെബ് ഭവാൻ?”
അതു കേട്ടുത്തരം ചൊന്നാൻ ‘സിദ്ധാൎത്ഥ’ൻ, “മമ തോഴരേ,
സ്നേഹംവഴി സ്വസുഖസമ്പാദനത്തിന്നു വേണ്ടി നാം
പററിപ്പിടിക്കുമാ സ്നേഹം നിലനില്ക്കാത്തതാണെടോ!
എന്റെ സൌഖ്യത്തിലു—മവർതൻ സൌഖ്യത്തിലു—മേറെയായ്
അവരിൽ സ്നേഹമുൾക്കൊൾക മൂലമായ് പോയിടുന്നു ഞാൻ;
അവരേയു, മതേമട്ടു ജീവജാലത്തെയൊക്കയും,

സ്നേഹത്താലെല്ലതാനെന്നെങ്കിൽസ്സംരക്ഷിയ്ക്കുന്നതിന്നുതാൻ.
പോകെ, നിയ്ക്കായിവീക്കൊണ്ടുവന്നാലും 'കോന്തക'ത്തിനെ."

അപ്പോൾ'ച്ചന്നൻ'പറഞ്ഞു, "ഞാൻ പോകയാ,യെജമാന
എന്നവൻ സങ്കടത്തോടേ കുതിരപ്പന്തി പൂകിനാൻ. (ന്നേ"
പുല്ലുതൊട്ടിയിൽനിന്നങ്ങു വെള്ളിയാം കടിവാളവും,
നെഞ്ചുവാറു, മുഖപ്പട്ട, കടിഞ്ഞാണു, മെട്ടത്തുടൻ
തോൽവാറു ഗാഢം ബന്ധിച്ചും, കൊള്ളുത്തൊക്കെക്കൊളുത്തിയും,
'കോന്തക'ത്തെപ്പുറത്തേയ്ക്കു കൊണ്ടുപോന്നീടിനാനവൻ.
അതിനെക്കയറാൽക്കെട്ടിത്താൻ തിരുമ്മിത്തുടച്ചുടൻ
വെള്ളരോമങ്ങൾ പട്ടിന്നൊട്ടൊളിയുംമാറുഴിഞ്ഞുതെ.
എന്നിട്ടശ്വപ്പുറത്തിട്ടു ചതുരശ്ശീല, മേലെയായ്
ജീനിക്കിടയ്ക്കുയുമറപ്പിച്ചുകൊണ്ടവൻ വിലങ്ങനെ.
പിന്നെബ്ഭംഗിയെഴും ജീനി വെച്ചു; കെട്ടിമുറുക്കിനാൻ
രത്നവ്രജം പതിച്ചുള്ള നടക്കെട്ടുകളൊക്കയും.
പിൻനാടയും നെഞ്ചുവാറുമിട്ടു കെട്ടിക്കൊളുത്തിനാൻ.
തങ്കപ്പണിയെഴുന്നങ്കവടിയും തൂക്കിയിട്ടുതെ.
പിന്നെയെല്ലാററിനും മീതെപ്പട്ടന്നിച്ചരടിട്ടതായ്
തരിമുത്തുപൊടിപ്പുള്ളതായ പൊൻവലയൊന്നവൻ
വിരിച്ചു, വൻ തുരംഗത്തെക്കൊട്ടാരഗ്ഗോപുരത്തിലായ്
രാജപുത്രനെഴുന്നേടം കൊണ്ടുചെന്നു നിറുത്തിനാൻ.
അതു തൻ സ്വാമിയെക്കണ്ടു തോഷാൽ നീണ്ടുനിവന്നുടൻ
തുടനാസാവിലം തോഷാൽ വിടൎത്തൊന്നു ചെനച്ചുതെ.
ഗ്രന്ഥങ്ങൾ പറയുന്നുണ്ടു, "'കോന്തക' ത്തിൻെറ ശബ്ദവും

കട്ടിക്കളുമ്പിട്ടു ചവിട്ടുമ്പോളുള്ളൂക്കനൊച്ചയും
എല്ലാമും കേട്ടുപോയേനേ, തൽക്ഷണംതന്നെ ദേവകൾ
അദൃശ്യമുടുപക്ഷങ്ങളാലേ ചെകിടടച്ചുയാൽ
ഉറങ്ങും പേക്ഷ ചെവി കേൾക്കാതായീലെന്നിരിക്കുകിൽ."

വാത്സല്യപൂർവ്വം 'സിദ്ധാർത്ഥ'ൻ പൊന്തിനില്ക്കുമതിൻ തല
തന്നോടണച്ചു, കണ്ഠത്തിൽ മെല്ലെത്തട്ടിപ്പറഞ്ഞുതെ,
"ഇളക്കൊലാ നീ, തൂവെള്ള 'ക്കാന്തകാ!' നീയിളക്കൊലാ.
എനിക്കു വേണ്ടി നീ ചെയ്യുകിപ്പോ, ളാരുടെയശ്വവും
ഇതേവരെയ്ക്കു ചെയ്തിട്ടില്ലാത്തതാം ദൂരയാത്രയെ.
സത്യാന്വേഷത്തിനീ രാത്രി വാജിമേലേറിടുന്നു ഞാൻ.
തീരുന്നതെങ്ങെൻ തിരയലെന്നേതുമറിവീല ഞാൻ;
എന്നാലതവസാനിക്കയില്ല ഞാൻ കാണുവോളവും.
അതിനാൽബ്ഭീമവും ശക്തിമത്തുമാകു, ത്തമാശ്വമേ!
നിരന്നത്തടുക്കാർക്കു വഴിക്കായിരം വാളെതിർക്കിലും,
മതിലോ കരടോ നിന്റെ പാച്ചിൽക്കു തടവേകൊലാ.
നോക്കൂ! നിൻ ചണ്ണമേൽത്തൊട്ടു, 'വേഗം, 'കാന്തക'!' എന്നുഞാൻ
പറഞ്ഞാൽപ്പിന്നെ നിൻ പിന്നിൽപ്പോകണം ചണ്ഡവാതവും.
നീ തീയും കാററുമായ്ത്തന്നെ നിൻ നാഥനെ, മമാശ്വമേ!
കൊണ്ടുപാഞ്ഞീടുക, മാർഗ്ഗമായിട്ടേ പങ്കുമേൽക്ക നീ
ലോകാനുഗ്രഹമാകുനീക്കർമ്മത്തിനുടെ മേന്മയിൽ.
മർത്ത്യർക്കുമാത്രമായിട്ടല്ലീ നമ്മളുടെയല്ലലിൽ
മിണ്ടാതെതന്നെ പങ്കേല്ക്കുന്നോരായ്ഗ്ഗതിവിഹീനരായ്
നിവൃത്തിമാർഗ്ഗം ചോദിപ്പാൻ കൂടിയും ബുദ്ധിഹീനരെപ്പുണ്ണം

ഇല്ലാത്ത ജീവികൾക്കൊക്കെ വേണ്ടിത്താൻ പാഞ്ഞിടുന്നു ഞാൻ.
അതിനാൽശ്ശൌര്യ്യവാക്കാന്നു വഹിക്കൂ നിന്റെ നാഥനെ.”

എന്നിട്ടു മെല്ലവേ ചാടിജ്ജീനിമേലേറിയിട്ടവൻ
കമാനത്തിൻ വടിവെഴും തല തൊട്ടുതലോടിനാൻ.
ഉടൻ ലാടം തറച്ചുള്ള കുളമ്പാൽ കൽപ്പുറങ്ങളിൽ
തീപ്പാറിച്ചും, ചവക്കുന്ന കടിവാളം കിലുങ്ങിയും,
ചാടീ ‘കാന്തക’; മെന്നാലശ്ശബ്ദം കേട്ടിലൊരുത്തനും;
ശ്ശുദ്ധർ ദേവകളാരാൽച്ചേന്നൊത്തതിൻ കാൽച്ചുവട്ടിലായ്
പറിച്ചു ചോർത്ത തെച്ചിപ്പൂമലർ തൂത്തുവിരിച്ചതെ.
കടിഞ്ഞാൺ ചങ്ങലകളും കിലുങ്ങും കടിവാളവും
പൊത്തിശ്ശബ്ദിച്ചിടാതാക്കീ കണ്ടുകൂടാത്ത കൈകളാൽ;
എന്നുതാനല്ല എഴുതപ്പെട്ടിട്ടുണ്ടിതു കൂടെയും,
അകത്തെഗ്ഗോപുരത്തിന്റെയടുത്തായ്ക്കൽവിരിച്ചേടം
അവർ ചെന്നപ്പോൾ വാനത്തെ യക്ഷർ ദിവ്യാംബരങ്ങളെ
വിരിച്ചാർ, ചുന്ന കൂടുന്ന വാജിതൻ കാൽച്ചുവട്ടിലായ്;
അതിനാൽ മയമാന്നൊച്ചപ്പെടാതേ പാഞ്ഞിതാ ഹയം.

ഗോപുരാന്തമണഞ്ഞപ്പോൾ, സാക്ഷ നീക്കിത്തുറക്കവാൻ
നൂറാളുമാൾ പിടിക്കേണ്ടും കട്ടിപ്പിച്ചുള്ളവാതിലും
തുറന്നു തനിയേതന്നെ തെല്ലൊരൊച്ചയുമെന്നിയെ,
കിറച്ചിലേററവും കൂടും തിരുകുററികളും തഥാ
കൂററൻ വാതിൽപ്പൊളികളും നീങ്ങും പാഴിടിനേരൊലി
പകലും കേട്ടിടാം രണ്ടു കാതം ദൂരത്തിലെങ്കിലും.

ഏവം നടുഗ്ഗോപുരവുമപ്പുറത്തിങ്കലുള്ളതും,
'സിദ്ധാർത്ഥ'നും കുതിരയും ചെന്നപ്പോൾ ശബ്ദമെന്നിയെ
ആ വമ്പിച്ചുള്ളാനവാതിലിണ നീങ്ങിത്തുറന്നുതേ.
അപ്പോൾക്കിടപ്പുണ്ടവർതൻ നിഴലിൽശ്ശബ്ദമെന്നിയെ
തിരഞ്ഞെടുക്കപ്പെട്ടോരാം കാവൽക്കാർ ചത്ത മാതിരി—
അധിപന്മാരുമാമട്ടു പട്ടാളക്കാരുമൊക്കയും,
കൈവാളും കുന്തവും വീണും ചമ്മ്പ്പിടിയഴഞ്ഞുമേ.
നൃപപുത്രന്റെ പിൻഭാഗത്തൂടേ കാററൊന്നടിച്ചുതേ,
'മാളവ'ത്തിലെ നിശ്ശബ്ദം കിടക്കും വയൽവീഥിയിൽ
വീശും കുളിർത്തെന്നലിനെക്കാളും വ്യാമോഹകാരിയായ്.
അതേററിന്ദ്രിയമെല്ലാർക്കും മയങ്ങിപ്പോയിതക്ഷണം.
ഏവം യഥേഷ്ടമേ പോയാൻ രാജധാനിയിൽനിന്നവൻ.

പുലച്ചെശ്ശുക്രനാപ്പൂവ് ചക്രവാളവരമ്പു മേൽ
കുന്താൾപ്പാട ദൂരത്തു നില്ക്കെ പ്രത്യൂഷമാരുതൻ
കോട്ടയ്ക്കു തൊട്ടടുത്തുള്ള പുഴയാകു'മനോമ'യിൽ
ഓളം ചിന്നിച്ചൊലിപെടുത്തുലകിൽപ്പാടെ വീശവെ,
അവിടന്നാക്കടിഞ്ഞാണു വലിച്ചശ്വത്തെ നിർത്തിനാൻ.
പിന്നെച്ചാടിയിറങ്ങിത്തൻ തൂവെള്ള'ക്കാന്തക'ത്തിനെ
കണ്ണുയുഗ്മാന്തരേ ചുംബിച്ചേവം മാധുര്യപൂർണ്ണമായ്
'ചന്ന'നോടോതി, "നീയിച്ചെയ്തതു തേ നന്മ നല്കിടും,
എന്നല്ല ജീവജാലത്തിനൊട്ടുക്കും നന്മ നല്കിടും.
ഉറയ്ക്കു നിന്നെ സ്നേഹിപ്പു ഞാൻ, നിൻ സ്നേഹത്തിനായ് സദാ.
എന്നാലെന്നുടെയശ്വത്തെത്തിരിയെക്കൊണ്ടുപോക നീ,

എൻ മൌലിമൌക്തികം കാണുകിതു,മിന്നു മുതല്ക്കു ഞാൻ
ധരിച്ചീടാത്തതാം രാജപുത്രോചിതമുടുപ്പിതും,
രത്നങ്ങളണിയുന്നെൻ വാളുറയും, മമ ഖഡ്ഗവും,
മിന്നും തുമ്പത്തു വെച്ചെൻെറ നെററിമേൽനിന്നിതിൻവിധം
അറുത്തെടുത്ത നീണ്ടുള്ളൊരളകങ്ങളു,മൊക്കയും.
തമ്പുരാൻതൻ വശം നൽകിയുണർത്തിച്ചീടുകിങ്ങിനെ
'സിദ്ധാൎത്ഥൻ' പേർത്തപേക്ഷിച്ചീടുന്നതായ,വനിന്നിമേൽ
താൻതാനന്വേഷണം ചെയ്തും ജ്ഞാനാൎത്ഥം ബുദ്ധിമുട്ടിയും
മുന്നൂററിവൊടും കൂടി,പ്പുത്തു രാജകുമാരകർ
ഒന്നിച്ചു ചേൎന്നു മട്ടി,ങ്ങു തിരിച്ചെത്തും വരെയ്ക്കുമേ,
അവിടുന്നവനെപ്പററിച്ചിന്തിയ്ക്കരുതൊരിയ്ക്കലും.

“ജയിച്ചു ഞാനെങ്കിലഹോ! ജഗത്തെനി-
യ്ക്കടങ്ങി, ഞാൻ വൻ തുണ ചെയ്കമൂലവും
എനിയ്ക്കെഴുന്നുൾപ്രണയത്തിനാലുമെ-
ന്നുണർത്തണം ചെന്നവിടുത്തൊടിന്നു നീ.
“നിവൃത്തി നില്പും മനുജന്നു മൎത്ത്യനിൽ
പ്രയത്നമെൻ മട്ടതിനില്ല ചെയ്കവർ
എനിയ്ക്കെഴും ലോകമിതിന്നു വേണ്ടിയെൻ
പ്രപഞ്ചസൌഖ്യത്തെ വെടിഞ്ഞിടുന്നു ഞാൻ.”

# അഞ്ചാം സർഗ്ഗം.

---

‘ബിംബിസാര’ നൃപൻതൻ കാടടർത്ത നഗരത്തിന്റെ
രക്ഷണംചെയ്തുകൊണ്ടേററമെഴകൊക്കുന്ന കുന്നുകൾ
നിൽപുണ്ടഞ്ചെണ്ണാമാ ‘രാജഗൃഹ’ത്തിൻ നാലുപാട്ടുമായ്.
പനദർഭകളാൽപ്പച്ചയായ ‘വൈഭാര’മാലിമം;
‘വിപുലം’ പിമ്പ,തിൻ കീഴണ്ടിളംചൂട,ലയൊച്ചയും,
പൂണ്ടു മെല്ലെന്നൊലിക്കുന്ന വീതിയിൽപ്പാം ‘സ്സരസ്വതി’;
പിന്നെത്തണലുകൂടുന്ന ‘തപോവന’മതിങ്കലെ
പൂഞ്ചോലതൻ പ്രവാഹത്തിൽ നിഴലിച്ചു ലസിപ്പതേ,
അനർഘകന്മദം നിമ്നോന്നതമാം മേൽപ്പുറങ്ങളിൽ
കിനിഞ്ഞൊലിക്കുന്നവയാം കറുത്ത കടുപാറകൾ;
അതിൻ തെക്കുകിഴക്കായിക്കഴുകിൻ കൊക്കുപോലവെ
കാണപ്പെടും ശിഖരമുള്ളാ ‘ശൈലഗിരി’ പർവ്വതം;
കിഴക്കിടം ‘രത്നഗിരി’, രത്നങ്ങളുടെ കുന്നുതാൻ.
അതിങ്കൽനിന്നു വളവുള്ളൊന്നായ് ക്കാലേററ തേച്ചിലാൽ
മിനുത്തതാം കല്ലലകവിരിപ്പാതയിലൂടെയും,
മുളപ്പൂച്ചെണ്ടുകൌസുംഭപ്പൂക്കളുള്ളതിലൂടെയും,
ഇരുപ്പ മാവുമുതലായവതൻ ചോട്ടിലൂടെയും,
പാൽവെള്ളലോഹവരകളിണങ്ങുന്ന ശിലാതലം,
കടുകുത്തനെ നിന്നീടും തീക്കല്ലായുള്ള പാറകൾ,
താന്ന കുന്നിൻ ചെരുവു, കാട്ടലർ ചേന്ന സമസ്ഥലം,

എന്നുള്ളിതുകൾ പിന്നിട്ടു ചെന്നാൽ നിങ്ങളന്നെത്തിടും,
പടിഞ്ഞാട്ടൊന്നു ചാഞ്ഞുള്ള ശൈലസ്കന്ധച്ചുവട്ടിലായ്,
കാട്ടുദേവദ്രുമേൽക്കെട്ടിച്ചെന്നുള്ള ഗുഹയുള്ളെടം.
അഹോ! അങ്ങെത്തിടും നിങ്ങളാപ്പാദുകകളൂരണം,
ശിരസ്സിനെ നമിപ്പിച്ചു വന്ദനം ചെയ്തുകൊള്ളണം:
ഇങ്ങല്ലോ തിയ്യുപോലുള്ള വൈലാളും വേനലിങ്കലും,
എല്ലൂംവല്ലാത്ത വർഷത്തിൽ, മൈ തരിക്കുമുഷസ്സിലും,
അന്തിക്കു,മെപ്പൊഴും, സർവമർത്ത്യാർത്ഥം കാവിമുണ്ടുമായ്
ദാനശീലരിൽനിന്നന്നന്നത്തെദ്ദൈവേഛ പോലവെ
കൈവരും സ്വല്പഭോജ്യത്താൽ,പ്പിച്ചക്കാരൻെറ മാതിരി,
വിശപ്പടക്കി ശ്രീ'ബുദ്ധ'ദേവൻ വാണരുളീടിനാൻ.
രാവിങ്കൽ, ബ് ഭവനം പോലുമില്ലാതെ, പുല്ലിലേകനായ്
താൻ കമഴ്ന്നു കിടന്നീടും ഗുഹതൻ നാലുഭാഗവും
ഉറങ്ങാത്ത കുറുക്കന്മാരോരിയിട്ടും, വിശപ്പിനാൽ
വാടും നരി കുറുങ്കാട്ടിലുൽഗ്ഗർജ്ജിച്ചുമിരിക്കവെ.
അങ്ങു രാപ്പകലാപ്പൂജ്യൻ വ്രതത്താൽ ജ്ജാഗരത്തിനാൽ
താനിരിക്കുന്നുറച്ചുള്ള പാറപോലിളകാതെയായ്
അണ്ണാൻ കാലിൻെറ മുട്ടിന്മേൽച്ചാടിക്കേറും വിധത്തിലും,
തൃക്കൈക്കലെച്ചുരങ്ങത്തൊണ്ടിലുള്ളരിമണിവ്രജം
നീലവർണ്ണകപോതങ്ങൾ കൊത്തിത്തിന്നും വിധത്തിലും,
അത്രയ്ക്കു ദീർഘമാം ഗാഢമൌനധ്യാനത്തിനാലുമേ,
ആനന്ദാഹം മനോജ്ഞാംഗം കീഴാക്കിക്കൊണ്ടു മേവിനാൻ.

ധ്യാനിക്കുമവനീവർണ്ണം, ഭൂമി വൈലത്തു മിന്നിയും

പുകഞ്ഞ കാററിൽ ക്ഷേത്രങ്ങൾ ഗൃഹഭിത്തികളെന്നിവ
നൃത്തംവെച്ചുമിരിക്കും നട്ടുച്ചതൊട്ടന്തിയാം വരെ.
ശ്രദ്ധാവിഷയമാക്കീടാറില്ലപ്പൊഴുതിലായവൻ
ജ്വലിച്ചുകൊണ്ടെഴും ഗോളം വാനിൽനിന്നുരുളുന്നതോ,
പാകം വരുത്തിയിട്ടുള്ള പാടങ്ങളിൽ വിലങ്ങനെ
ഇളംചോപ്പുനിറം ചേൎത്തു സന്ധ്യ മെല്ലെന്നു പോവതോ,
നിശ്ശബ്ദമായി നക്ഷത്രപങ്ക്തി വന്നൊത്തുദിപ്പതോ,
തങ്കൽച്ചുററിപ്പിണഞ്ഞുള്ള ചിന്താതന്തുക്കൾ സൂക്ഷ്മമായ്
നോക്കിയാക്കെട്ടഴിച്ചീടുന്നതിലും, സ്ഥിരചിത്തനായ്
പണിപ്പെട്ടു കടക്കേണ്ടും ജീവമാൎഗ്ഗങ്ങളൊക്കയും
അളന്നുനോക്കുന്നതിലും, മുഴകിക്കൊണ്ടിരിക്കയാൽ.
ഇരിക്കുമിവിധംതന്നെയവിടുന്ന,ൎദ്ധരാത്രിയിൽ
മനുഷ്യരെല്ലാരജ്ഞാനമാമിരുണ്ട വനങ്ങളിൽ
കാമം ക്രോധം ലോഭമിവ പങ്ങിച്ചുററും വിധത്തിലും;
ഈൎഷ്യയും പേടിയും കേണുകൊണ്ടിരിക്കും വിധത്തിലും;
ഇരുട്ടിൽസ്സഞ്ചരിക്കുന്ന വകയാം ദുഷ്ടജീവികൾ
പതുങ്ങിയും നിനാദിച്ചുമെഴും പൊന്തയിലെന്നിയെ
പാരിങ്കലെങ്ങും പാരിച്ച നിശ്ശബ്ദത വരും വരെ.
പിമ്പുറങ്ങുമവൻ, വേഗമെഴും ചന്ദ്രനു കേവലം
കാറണിഞ്ഞ നഭസ്സാകും കടലിൽപ്പത്തിലൊന്നുതാൻ
നീന്തിക്കടക്കുവാൻ വേണ്ടേടത്തോളമിട മാത്രമെ.
പിന്നീടേതാണ്ടുഷസ്സാകുമ്പോഴക്കുമെഴുന്നേററിട്ടും;
എന്നിട്ടു പിന്നെയും ചിന്താമഗ്നനായ്ക്കുൻ ഗിരിക്കുമേൽ
ഇരുള്ളോളും നിരപ്പിങ്കലെങ്ങാനും ചെന്നു നിന്നിട്ടും,

ഉറങ്ങീടുന്ന ലോകത്തെ ശ്രദ്ധയോടുററുനോക്കിയും
എല്ലാജ്ജീവിയിലും ചെല്ലും വിചാരങ്ങളൊടൊത്തുമെ.
അപ്പോളുലച്ചിൽ തേടുന്ന പാടത്തിളകുമെങ്ങുമെ
പാരുണ്ണത്തുമുഷക്കാലചുംബനച്ചെറുസീൽക്കൃതം.
പകലാമത്ഭുതക്കാഴ്ച കിഴക്കുടനൊരുങ്ങിടും.
ആദ്യം പ്രഭാതമായെന്നു മന്ത്രിപ്പതിരവപ്പൊഴും
തേറാത്തപോലത്ര മങ്ങിക്കാണാകുമൊരു കാർനിറം.
ഉടൻ, രണ്ടാമത്തും കാട്ടുകോഴി കൂകുന്നമുമ്പുതാൻ,
എത്രയും മീതെ നില്ക്കുന്ന കാറിനത്തിൽപ്പിടിക്കയാൽ
മുല്ലാട്ടു മാററു കുറയും പൊന്നിൻ പ്രഭ വരുന്നതായ്,
പിന്നെ വക്കുകളിൽത്തങ്കനേർ നിറത്തൊടു കൂടവെ
കത്തുന്നതായ തൂവെള്ളിക്കോളേററത്തിൻ പരപ്പിനാൽ
മങ്ങുന്ന 'ശുക്ര'നക്ഷത്രം നില്ക്കും മേലേസ്ഥലം വരെ
കളങ്കമററുള്ളൊരു വെൺനിറം വർത്തുലമട്ടിലായ്,
ക്രമാൽ വളൎന്നു വലുതായേറെയേറെ ലസിപ്പതായ്,
രക്തകുങ്കുമസിന്ദൂരവൈഡൂര്യന്നിറമോടിയിൽ,
ചക്രവാളത്തലപ്പത്തുനിന്നു പെട്ടന്നുദിച്ചിടും.
നീലാഭകോല്യമാകാശമപ്പോഴം കത്തിജ്ജ്വലിക്കയായ്.
തെളിഞ്ഞതാം തൂവെള്ളച്ചമാമുടുപ്പു ധരിച്ചുടൻ
എഴുനള്ളുമഹോ! തേജോജ്ജീവങ്ങളുടെ തമ്പുരാൻ.

നമ്മൾതൻ ദേവനപ്പോളൊരൃഷി ചെയ്യുന്നതിൻ വിധം
ഉദിച്ചുയൎന്നിടുന്നോരാഗ്ഗോളത്തെക്കൈവണങ്ങിടും.
പിന്നെസ്സന്ധ്യം കഴിച്ചിട്ടു പട്ടണത്തിങ്കലെയ്ക്കുവൻ

ആത്തിരിഞ്ഞുവളഞ്ഞുള്ള മാൎഗ്ഗത്തൂടെയിറങ്ങിടും.
ഋഷിശ്രേഷ്ഠനെപ്പോലെ തെരുവീഥികൾ തോറുമെ
കയ്യിൽത്താൻ യാചനയ്ക്കുള്ള ചുരങ്ങയുടെ തൊണ്ടുമായ്,
അത്രമാത്രം വേണ്ട ഭിക്ഷ വാങ്ങിക്കൊണ്ടു നടന്നിടും.
എന്നാലുടൻ നിറഞ്ഞിടുമത്രെ; നാഗരരേവരും,
അവിടെയ്ക്കുള്ള ദേവാഭമായിടും മുഖഭാവവും
ധ്യാനമാണ്ടൊന്നടഞ്ഞുള്ള കൺകളും കണ്ടിടുമ്പൊഴെ,
“മഹാനങ്ങുന്നു വാങ്ങിയ്ക്കു ഞങ്ങൾതൻ പക്കൽനിന്നി,താ
ഈ ഞങ്ങൾതൻ പക്കൽനിന്നു”മെന്നാൎത്ഥന ചെയ്കയായ്.
അമ്മമാർ നമ്മൾതൻ ദേവൻ നടകൊൾവതു കാൺകവെ
മക്കളോടനുശാസിയ്ക്കും തൃക്കാൽ ചുംബിച്ചു പോരുവാൻ,
അല്ലെങ്കിലവിടെയ്ക്കുള്ള വസ്ത്രത്തുമ്പിനെ നെററിമേൽ
അണയ്ക്കുവാനോ, തൽപ്പാത്രം നിറയ്ക്കുവതിനായ് ക്ഷണാൽ
ചെൽവാനോ, അപ്പവും പാലും കൊണ്ടേകുവതിനായിയോ;
പിന്നെപ്പലപ്പൊഴും ശാന്തഭാവം പൂണ്ടു പതുക്കവെ
ദിവ്യാനുകമ്പയാലേറെത്തേജസ്സാന്നും, സ്വതുല്യരായ്
ജീവിപ്പോരെന്നതല്ലാതെ താനേതുമറിയാത്തവർ
രക്ഷപ്പെടും മാൎഗ്ഗമെന്തെന്നാലോചനയിൽ മുങ്ങിയും,
പോകം വിധൌ കറുത്തുള്ള കൺകളാൽച്ചില കന്യമാർ
അത്ഭുതപ്പെട്ടു, പെട്ടന്നുൾപ്രേമമാണ്ടതിഭക്തിയിൽ
ആ ശ്രേഷ്ഠതമമാം രൂപം നോക്കിയുംകൊണ്ടു നിന്നുപോം;
അവൎക്കന്നേവരെയ്ക്കാളും പ്രിയമേറിന ചിന്തകൾ
നേരായ്ത്തീൎന്നു, മനുഷ്യൎക്കില്ലാത്ത ചേലാൎന്ന സൌഭഗം
അവൎക്ക് ഹൃദയത്തിങ്കൽ നന്നായ് തട്ടിയതിൻ വിധം.

എന്നാലവൻ നടന്നേയ്ക്കും ഭിക്ഷയ്ക്കുള്ളൊരു പാത്രവും
കാഷായവസ്ത്രവും പൂണ്ടും സൌമ്യസംഭാഷണങ്ങളാൽ
എല്ലാം മനോജ്ഞന്നങ്ങൾക്കും സമനുഗ്രഹമേകിയും;
താൻ പോന്ന വഴിയേ വീണ്ടുമെത്തിയാ വിജനങ്ങളിൽ
മഹൎഷിമാരൊടൊന്നിച്ചു തൻ കുന്നിന്മേലിരിക്കുവാൻ,
ജ്ഞാനമാൎഗ്ഗങ്ങളെപ്പററിക്കേട്ടും ചോദിച്ചുമങ്ങിനെ.

പാൎപ്പുണ്ടു, പട്ടണം വിട്ടു ദൂരെ രത്നഗിരി'യ്ക്കുമേൽ
ഏകാന്തമാം മരത്തോപ്പിൻ നടുക്കു ഗുഹകൾക്കകം
ദേഹമെന്നതിനെദ്ദ്വേഷിക്കുഴന്ന രിപുവായിയും,
മനുഷ്യർ, തീവ്രതരമാം വേദനാപടലത്തിനാൽ
വേദനാജ്ഞാനമേ നീങ്ങി വേദനിപ്പിക്കുമാറാക, ഹോ!
ദണ്ഡമെല്ലാം ഞരമ്പസ്വാസ്ഥ്യത്തെ നൽകാതെയാം വരെ,
കെട്ടിയിട്ടു മെരുക്കേണ്ടും ജന്തുവായും നിനപ്പവർ,
ബ്രഹ്മചാരികളും, യോഗിമാരും, ഭിക്ഷുക്കളേവരും,
ഒരു കൂട്ടം ചടപ്പാൻ ദയനീയത പൂണ്ടവർ,
അകലത്തകലത്തായി സ്ഥിതിചെയ്തുവരുന്നവർ.
ചില പേർ പകലും രാവും കയ്യു പൊന്തിച്ചിരിക്കയാൽ
ചോര വററിത്തുലോം രോഗബാധയാൽ ദുൎബ്ബലങ്ങളായ്
ക്രമേണ മാംസമില്ലാതായ്ച്ചമയുന്നംഗസന്ധികൾ
വെറുങ്ങലിച്ചുകൊണ്ടുള്ള കൈകാലെന്നിവയൊക്കയും,
കാട്ടുവൃക്ഷത്തടിയിൽനിന്നുണങ്ങും കൊമ്പുപോലവെ,
ചോരയില്ലാത്തോളിൽനിന്നു പുറത്തെയ്ക്കുന്തിനില്പവർ.
വേറേ ചിലർ മഹാഘോരമാകും കരളുറപ്പോടെ

അത്ര കാലം കൈവിരലും മടക്കിക്കൊണ്ടിരിക്കയാൽ
കൊക്കുകൾക്കൊത്ത വടിവിൽ വളൎന്ന നഖങ്ങളാൽ
വ്രണപ്പെട്ടും കൈപ്പടങ്ങൾ തുളയ്ക്കപ്പെട്ടിരിപ്പവർ;
ചിലർ മുൾ പാകിയ മെതിയടിയിട്ടു നടപ്പവർ;
ചിലരോ മൂൎത്ത തീക്കല്ലാൽ തുടമാർനെററി കീറിയോർ;
ചിലരങ്ങൊക്കെയും തീയാൽപ്പൊള്ളിച്ചോർ; കൺട്ടമുൾകളും
ചെറുശൂലങ്ങളും കുത്തിക്കേററിയോരെങ്ങുമേ ചിലർ;
ചിലപേർ ഭസ്മവും ചേറും പൂശിയോർ; നിസ്രൂപം ചിലർ
ശവത്തിൻ കീറലരയിൽച്ചുററിക്കമ്പിട്ടിരിപ്പവർ;
ചിലപേർ പട്ടടക്കൂട്ടം നീറിക്കത്തുന്നിടങ്ങളിൽ
നിരന്നാ പ്രേതദേഹങ്ങൾ കൂട്ടമായ്ക്കത്തിരിക്കുവോർ,
ശവം ദഹിച്ചതിൽബ്ബാക്കി കിടന്നീടുന്നവസ്തുമേൽ
കൂകിക്കൊണ്ടു പറന്നീടും പരുന്തുകൾ ചുഴന്നുമേ.
പക്ഷവാതം പിടിച്ചിട്ടുള്ളൊരു കാലു തുടയ്ക്കുമേൽ
കരേററിക്കൊണ്ടിരിപ്പുണ്ടു വേറിട്ടു ചിലയാളുകൾ,
പതിവായ് ശിവനാമങ്ങളഞ്ഞൂറുരു ജപിപ്പവർ,
വെയിലേററു കരുവാളിച്ച കണ്ഠം, പൊത്തായ വാരികൾ,
ഇവയിൽച്ചീറിടും സൎപ്പനിര ചുററിപ്പിണഞ്ഞവർ.
ആമട്ടുണ്ടൊരു കൂട്ടക്കാർ, ശോചനീയതയാണ്ടവർ,
കത്തും വെയിലാൽ നിറുക വെന്തക്ഷി ജീവസ്സു നീങ്ങിയും,
മാംസപേശികളും മജ്ജാതന്തുച്ചാൎത്തും ചുരുണ്ടുമെ,
മരിച്ചഞ്ചു ദിനം ചെന്നുള്ളാൾതൻ മാതിരിയായ് മുഖം
വിളൎപ്പുതേടിയും പന്തിയല്ലാതായുമിരിപ്പവർ.
ഇങ്ങൊരാൾ നാൾകഴിക്കുന്നു പൂഴിയിൽക്കത്തിരുന്നഹോ!

ഒരു നാൾ മുഴുവൻ കൊണ്ടൊരായിരം തിനതന്മണി
ഓരോന്നോരോന്നായെറുക്കിത്തിന്നു പട്ടിണിയാണ്ടു താൻ.
തൊണ്ടയ്ക്കിഷ്ടപ്പെടൊല്ലെന്നു കയ്പുള്ളിലകളാൽ സ്വയം
നശിപ്പിയ്ക്കുന്നിതങ്ങേകൻ തൻ ജീവസ്ഫുരണം ക്രമാൽ.
പിന്നെയുണ്ടത്രയോ കഷ്ടപ്പാടു പെട്ടൊരു താപസൻ
അംഗഭംഗം സ്വയം ചെയ്തു, കണ്ണറ്റും ചെവി പൊട്ടിയും
ലിംഗമില്ലാതെയും നാവില്ലാതെയും കാൽ മുടന്തിയും;
ഈമട്ടവരഴൽപ്പെട്ടിട്ടുണ്ടാം മേന്മയ്ക്കു വേണ്ടിയും
വേദമോതുന്നപോലേ,വർ തൻ കഷ്ടപ്പാടു ലജ്ജയെ
നമുക്കു ദുഃഖമുണ്ടാക്കും ദേവന്മാൎക്കു വരുത്തുമോ,
മനുഷ്യരെ സ്വയം ദേവന്മാരാക്കി നരകാപ്തിയാൽ
വരാവുന്നതിലേററം മാൽ സഹിപ്പാൻ ശക്തരാക്കുമോ,
അവൎക്കു കിട്ടുന്ന പരമാനന്ദത്തിൻ വേണ്ടിയും
കല്പിച്ചുകൂട്ടിദ്ദേഹത്തെ നശിപ്പിയ്ക്കാനിരിയ്ക്കയാം.

നമ്മൾതൻ ദേവനക്കൂട്ടക്കാരെക്കണ്ടാത്തസങ്കടം
ചോദിച്ചാനതിൽവെച്ചേറെക്കഷ്ടപ്പെട്ടുള്ളൊരാളോടായ്:—
"ഏറെ ക്ലേശിയ്ക്കുമങ്ങുന്നേ! സത്യത്തെത്തിരയുന്ന ഞാൻ
ഇയ്യെൻ സഹോദരന്മാരുമങ്ങുന്നത്രയ്ക്കുശോച്യരായ്
തന്നെത്താൻ വേദനിപ്പിപ്പതായിക്കണ്ടുവരുന്നു ഞാൻ.
സ്വതേ ദുഃഖം നിറഞ്ഞുള്ള ജീവിതത്തിങ്കൽ പിന്നുമേ
എന്തിന്നു വേണ്ടിയുണ്ടാക്കിക്കൂട്ടുന്നു നിങ്ങൾ സങ്കടം?"

തപസ്വിയുത്തരം ചൊന്നാ: "നിതത്രേ ശാസ്ത്രകല്പിതം;

കരാൾ തന്നെ തുലോം ക്ലേശിപ്പിച്ച തൻ ജീവിതവ്യവും,
സുഖമേറുന്നുറക്കംപോലാകും മരണമെന്നതും,
ദുഃഖസമ്പൂൎണ്ണമാക്കിത്തീൎത്തന്നാലാസ്സങ്കടങ്ങളാൽ
പാപക്കറ പരം തേച്ചുകളയപ്പെട്ടു ശുദ്ധമായ്
ആത്മാവു തന്നഴൽത്തീക്കണ്ഡത്തിൽനിന്നു സപക്ഷമായ്
പറന്നുപോയിട്ടും മേല്പോട്ട,തിമാത്രമഹത്വവും
ചിന്താതീതാഭയും ചേൎന്ന ദിവ്യലോകങ്ങൾ പൂകുവാൻ,”

അവനീശസുതൻ ചൊന്നാൻ:— “ആകാശത്തിൽച്ചലിപ്പതായ്
നിങ്ങൾതന്നിന്ദ്രനുള്ളാസ്സിംഹാസനത്തിന്നു ചുറ്റുമെ
വിരിഞ്ഞ തങ്കവസ്ത്രംപോലായ് ചുളിഞ്ഞുകിടപ്പതായ്
അതാ! കാണുന്നിതമ്മേഘം, കടൽക്കോളുണ്ടുലയ്ക്കവെ
അതിങ്കൽനിന്നു മേല്പോട്ടു പൊങ്ങിപ്പോയങ്ങണഞ്ഞതാം.
എന്നാലായതു കണ്ണീർപോലിറ്റിറ്റൊഴുകി വീണ്ടുമെ,
കഷ്ടപ്പെട്ടെത്തും വിഷമനിരച്ചാലുകളിലൂടവെ
മലതൻ വിള്ളലും കുല്യ കലങ്ങും നീർക്കയറ്റവും
ചേൎന്നെത്തണം ‘ഗംഗ’ വഴി താനുണ്ടായ പയോധിയിൽ.
ഇത്രയും വളരെക്കഷ്ടപ്പെട്ടാനന്ദസമൃദ്ധിയെ
പ്രാപിയ്ക്കുമാത്താപസർതൻ ഗതിയും, മത്സഹോദര,
ആവിധം തന്നെയാവില്ലെന്നായങ്ങുന്നറിയുന്നുവോ?
മേല്പോട്ടു പോവതെന്തൊന്നും താഴത്തേയ്ക്കു പതിച്ചിടും,
വാങ്ങപ്പെടുന്നതാം വസ്തു ചിലവാക്കേണ്ടിയും വരും.
നിങ്ങളാ സ്വൎഗ്ഗമാത്മീയരക്തമാകും വിലയ്ക്കുതാൻ
ചേതമേറുന്ന നരകച്ചന്തയിൽ ച്ചെന്നു കൊൾകിലും,

ഉൾക്കെമാററം പൂർത്തിയാകുമ്പോൾ തുടങ്ങും പണി വീണ്ടുമേ."

"വീണ്ടും തുടങ്ങിടാ,"മെന്നു ഞരങ്ങിച്ചൊല്ലിയാ മുനി,
ഹാ! ഞങ്ങൾ രീച്ച്സ്സറിവീലിതും യാതൊന്നു,മെങ്കിലും
രാത്ര്യന്തേ പകലെത്തുന്നു യഥാന്തേ സ്വസ്ഥഭാവവും.
ആത്മാവിനൊന്നെഴുന്നേല്ക്കാനെളുതല്ലാത്ത മാതിരി
ഞങ്ങൾക്കനീട്ടഷ്ടദേഹം വെറുപ്പു ഞങ്ങൾ കേവലം.
അതിനാലീശ്വരന്മാരുമായുള്ള കളിയിൽ സ്വയം
ആത്മാവിനായ് ത്തെല്ലിടയാൽത്തീർന്നിടും പ്രാണപീഡകൾ
പന്തയം വെയ്ക്കയാം ഞങ്ങൾ, ദീൎഘസൌഖ്യങ്ങൾകിട്ടുവാൻ."

അവൻ ചൊന്നാ,"നാസ്സുഖങ്ങൾ പതിനായിരമാണ്ടുതാൻ;
നിലനിന്നാലുമില്ലാതാമൊടുവ;ല്ലെന്നിരിയ്ക്കുകിൽ
താഴയോ, മീതെയോ, ദൂരദിക്കിലോ, മാററമററതായ്
കിടപ്പുണ്ടോ ജീവിതംപോലല്ലാതുള്ളൊരു ജീവിതം?
ചൊൽക! സോദരരേ, നിങ്ങൾക്കുള്ള ദേവകളില്ലയോ
അവരെന്നുമൊരേമട്ടിൽജ്ജീവിച്ചുംകൊണ്ടിരിപ്പിതോ?"

"ഇല്ലാ; ബ്രഹ്മം മാത്രമെന്നും നിലനില്ക്കുന്നു; ദേവകൾ
ജീവിച്ചിരിയ്ക്കുന്നുണ്ടത്രതന്നെ"യെന്നായി യോഗികൾ.

അപ്പുനേരം 'ബുദ്ധ'ദേവൻ പറഞ്ഞാൻ: "നിങ്ങൾ ദിവ്യരും
നെഞ്ചുറപ്പിയലുന്നോരുമാണെന്നായ് ത്തോന്നിടും വിധം
അറിവുള്ളവരായിട്ടു കണ്ടല്ലോ,ണ്ടറിയുമോ സ്വയം

തേങ്ങൽകേഴലുമാകുന്നീദ്ദുഃഖദപ്പുകിടക്കരു
സ്വപ്നാഭവും നശ്വരവുമായ നേട്ടങ്ങൾ കിട്ടുവാൻ?
ആത്മസ്നേഹാൽ നിങ്ങൾ നന്മ വെറുത്തതിനെ,യീവിധം
ദണ്ഡിപ്പിച്ചും തേടണച്ചും സ്വസ്ഥാനത്തെയ്ക്കു ജീവനെ
തിരഞ്ഞു കൊണ്ടുചെന്നീടാനുതകാതായ്വരും വിധം,
രാത്രിയാവുന്നതിൻ മുമ്പു വല്ലാതോടിയ്ക്കു മൂലമായ്
തളച്ചു പെട്ടോരു വിനീതാശ്വത്തെപ്പോലെ,യഞ്ജസാ
പിരണ്ടു വീഴമാറാക്കിത്തീൎക്കുമോ പോംവഴിയ്ക്കുതാൻ?
ക്ലേശിയ്ക്കും മാന്യരേ, ദുഃഖപൂൎണ്ണജന്മങ്ങൾ തീൎന്നു നാം
പാൎക്കുവാൻ വന്നുചേൎന്നുള്ളതായിബ്ഭംഗികലൎന്നതായ്,
പ്രഭാതമാവതും പോവാനേതു നന്മാൎഗ്ഗമെന്നതും
പുറമേ നോക്കിയറിവാൻ തക്കതാ,യല്പമാകിലും,
വെളിച്ചമേകുന്ന ജനൽകളുള്ളതാമിഗ്ഗൃഹത്തിനെ
പൊളിച്ചാസകലം നിങ്ങൾ വെവ്വേറേ കണ്ണമാക്കുമോ?”

ഉറക്കെയവരന്നേരം ചൊന്നാ,“രിയ്യൊരു മാൎഗ്ഗമാം
ഞങ്ങൾ നോക്കിയെടുത്തുള്ളത;വസാനം വരെയ്ക്കുമെ
അതിലേതന്നെ പോ, മഞ്ഞു കാണും കല്ലുകളൊക്കെയും
കനലാണെങ്കിലും, മൃത്യുതന്നെപ്പാൎത്തു, നൃപാത്മജ!”
പറയൂ! വേറെയിതിലും നല്ലതായറിയുന്നുവോ
മാൎഗ്ഗമൊന്നുഭവാ;നില്ലയെങ്കിലോ, സ്വസ്തിയാക തേ!”

വളരെസ്സങ്കടം പൂണ്ടു നടന്നാനവിടുന്നവൻ,
പേടിയ്ക്കുവാനേ പേടിച്ച മൃത്യുവിൽപ്പേടികൊൾവതും,

മനുഷ്യർതൻ ജീവിതത്തെ സ്നേഹിപ്പാൻ ധൈര്യമെന്നിയെ
അതിന്നു, പാരിൽ മർത്ത്യൎക്കു വന്നുചേരുന്നതാം സുഖം
സഹിയ്ക്കാത്തീശ്വരന്മാരെത്തോഷിപ്പിപ്പതിനായിയോ,
തങ്ങൾ നിർമ്മിച്ച നരകങ്ങളല്ലലെ നരകത്തിനെ
പാഴാക്കുന്നതിനോ, ദൈവപരമാം ഭ്രാന്തു കാരണം
ഈടററ തന്നുടൽവഴിയ്ക്കാത്മാവിന്നപ്രയാസമായ്
പുറത്തേയ്ക്കു കടക്കാമെന്നുള്ള വിശ്വാസമൂലമായ്
കൊടും തപങ്ങളാൽ സ്വാസ്ഥ്യമില്ലാതാക്കും പ്രകാരമേ
ജീവിപ്പാനതിയപയാശിയ്ക്കുന്നതും പാർത്തുകാൺകയാൽ,
'സിദ്ധാർത്ഥൻ ചൊല്ലിനാ, "നല്ലേ, പാടത്തെച്ചെറുവൃക്ഷകളേ!
വെളിച്ചമേററിട്ടുകയാൽ തെളിവേററമിണങ്ങിയും,
മനോജ്ഞമായ് മണം തൂകും വീർപ്പിനാൽ നന്ദി കാട്ടിയും,
പൊൻ വെള്ളിമാന്തളിരൊളിപ്പട്ടുവസ്ത്രങ്ങൾ ചാറിയും,
കോമളാസ്യങ്ങളാൽ സൂര്യന്നെതിരായ് നോക്കുവോർകളേ!
നിങ്ങളാരും കളഞ്ഞീടുന്നില്ലാത്തോരുത്തമജീവിതം,
നശിപ്പിയ്ക്കുന്നുമില്ലാത്മസൌഭാഗ്യം സുകൃതോദിതം.
അല്ലേ, പനകളേ! വാനം പിളർന്നേറാനുമാവിധം
മലയക്കുളുർനീലാബ്ധിത്തൂതെന്നൽ നുകരാനുമെ
കൊതിച്ചുമതിരും നിങ്ങൾ കോമളാങ്കുരനാൾ മുതൽ
കായ്ക്കും കാലം വരെയ്ക്കോലത്തൂവൽ ചാർത്തും ശിരസ്സിനാൽ
മന്ദമായീവിധം പാടിക്കൊണ്ടു തുഷ്ട്യാ വളർന്നിടാൻ,
എന്തൊരാത്മരഹസ്യത്തെയറിയുന്നു വിശേഷമായ്?
വൃക്ഷങ്ങളിൽ കളിച്ചും കൊണ്ടീവിധം പാർക്കുവോർകളേ!—
വേഗം പറന്നുപോം തത്തേ, പിറാവേ, ബുൽബുലങ്ങളേ,

ച്ചൂള്ളേ — തൻ ജീവകാലത്തെ വെറുക്കുന്നില നിങ്ങളും.
നിങ്ങൾക്കു വേണ്ടുന്നവയെക്കെ വെടിഞ്ഞു ശുഭത്തിനായ്
കഷ്ടപ്പെടാൻ നിനപ്പോരായില്ല നിങ്ങളിലാരുമെ.
എന്നാൽ പ്രഭുത്വമാൎന്നിട്ടു നിങ്ങളെക്കൊല ചെയ്യുവൻ,
മനുഷ്യനറിവുള്ളോനാണ,ന്ന്യോപദ്രവമെപ്പൊഴും
ചെയ്തു ശീലിച്ചുപോന്നോനാമവന്റെയറിവീവിധം
തന്നെത്താൻ ദണ്ഡമേല്പിയ്ക്കലായ് വെളിപ്പെട്ടിടുന്നതെ.

ആ ലോകഗുരുവീവണ്ണമരുളിച്ചെയ്തുനില്ക്കവെ,
മേലെനിന്നും കെടകെടെശ്ശബ്ദിയ്ക്കുന്ന കുളമ്പുകൾ
തട്ടിപ്പതറിട്ടും മണ്ണിൻ പൊടി കാററത്തണഞ്ഞുതെ;
വെള്ളക്കോലാടുകൾ കറുത്തുള്ള ചെമ്മരിയാടിവ
വഴിയ്ക്കങ്ങോട്ടുമിങ്ങോട്ടും വരിവിട്ടൊട്ടു നീങ്ങിയും,
ചിലപ്പോഴു പൂങ്കുലകൾ കാണുമ്പോൾ കപ്പിനോക്കിയും,
വെള്ളം വിളങ്ങുന്നോടത്തോ, കാട്ടത്തിത്തരുവിൻ പഴം
തൂങ്ങിനില്ക്കും പ്രദേശത്തോ, ചെല്ലുംനേരമിടയ്ക്കിടെ
വഴിവിട്ടു നടന്നും, വന്നെത്തുന്നുണ്ടു പതുക്കവെ.
എന്നാലതുകൾ കൂട്ടത്തിൽനിന്നു തെററുമ്പൊഴൊക്കയും
മേയ്ക്കുന്നവൻ തെളിച്ചാൎത്തോ, തൻ കൈക്കുവന്ന വിശിയോ
പിന്നെയും ബുദ്ധിയില്ലാത്താജ്ജന്തുക്കളെയതേവഴി
ഒരുമിച്ചാക്കി മൈതാനത്തിങ്കലെയ്ക്കു നടത്തിടും.
ആട്ടിൻ കൂട്ടമതിൽപ്പെണ്ണൊടൊന്നുണ്ടൊരു കിടാവുമായ്.
ഒരു കുട്ടി പരിക്കേന്തോ പററിച്ചോരയൊലിപ്പതായ്
നടന്നിരുന്നു പിന്നാലെ നൊണ്ടിക്കൊണ്ടും പതുക്കവെ.

മററതെല്ലാററിനും മുമ്പെ ചാടിയോടിക്കളിയ്ക്കയാം.
ഇക്കുഞ്ഞോ മററതോ പൊയ്പ്പോയെങ്കിലോ എന്ന പേടിയാൽ
സ്വാസ്ഥ്യം വിട്ടങ്ങുമിങ്ങും പാഞ്ഞിരുന്നു തള്ളയാടതും.
അതു കണ്ടീവിധം ചൊല്ലിക്കൊണ്ടു ദേവൻ ദയാർദ്രനായ്
ആ നൊണ്ടിപ്പോയിട്ടും കൊച്ചാടിനെത്തൻ തോളിലേററിനാൻ;
"സാധുവാകും തള്ളയാടേ! സ്വൈരമായ് നടകൊൾക നീ!
എവിടെയ്ക്കു ഗമിയ്ക്കുന്നു നീതാനവിടെയൊക്കയും
നിയ്യീ നോക്കുന്ന ശിശുവെക്കൊണ്ടുപോരുന്നതുണ്ടു ഞാൻ.
ഒരാത്മജീവിയ്ക്കാശ്വാസമേകലാ, ഗൃഹകൾക്കകം
പ്രാൎത്ഥനാപരരാം വിപ്രന്മാരുമായ് പാരിനുള്ളഴൽ
പാൎത്തിരിപ്പതിലും താഴെയല്ലാത്ത ശുഭകൎമ്മമാം."

അദ്ദേഹമാടുമേയ്ക്കുന്ന കൂട്ടരോടഥ ചൊല്ലിനാൻ:—
"എന്നാലോ, സ്നേഹിതന്മാരേ! നിങ്ങൾ മദ്ധ്യാഹ്നവേളയിൽ
ആട്ടിൻ കൂട്ടങ്ങളെക്കൊണ്ടുപോവതെന്തിനു വേണ്ടിയാം.
പതിവായിട്ടു തങ്ങൾക്കുള്ളാട്ടിൻ കൂട്ടത്തെയാളുകൾ
കൂട്ടിലാക്കുകയെന്നുള്ളതന്തിയാകുമ്പൊഴല്ലയൊ?"
ഇടയന്മാരുമന്നേരം മറുവാക്കുരിയാടിനാർ:—
"നൂറു ചെമ്മരിയാട,ത്രതന്നെ കോലാടിവററിനെ
ഒരു യാഗത്തിനെത്തിപ്പാൻ നിയോഗിച്ചിതു ഞങ്ങളെ.
ഇവററിനെ മഹീപാലൻ, ഞങ്ങൾതൻ പൊന്നുതമ്പുരാൻ,
തന്നീശ്വരപ്രസാദത്തിനിന്നു രാവിലറുത്തിടും."
അപ്പോളാഗ്ഗുരു, "ഞാനും പോന്നീടുന്നുണ്ടെ"ന്നു ചൊല്ലിനാൻ.
ആമട്ടിടയരോടൊപ്പം താൻ നടന്നുതുടങ്ങിനാൻ,

ആട്ടിൻ കുട്ടിയെയും ഭേസി വെയിലും പൊടിയുമേററുന്മേ.
അദ്ദേഹത്തിൻെറ തൃപ്പാദം തൊട്ടടുത്തു പതുക്കവെ
ശബ്ദിച്ചുകൊണ്ടും വാത്സല്യമാണ്ട പെണ്ണാട്ടമങ്ങിനെ.

അവരോടൊത്തു നടകൊണ്ടാററിൻ വക്കത്തു ചെല്ലുവെ
മുഖത്തു കണ്ണുനീർ വാൎത്തും കയ്യു രണ്ടുമുയൎത്തിയും
പിറാവിനൊക്കും മിഴികളിയന്നുമൊരു പെണ്കൊടി
വന്നു കുമ്പിട്ടു തൊഴുതുംകൊണ്ടദ്ദേഹത്തോടോതിനാൾ:—
"ഹേ, ദേവ! നിൻതിരുവടി താനാണെൻ പേരിലിന്നലെ
ദയ കാണിച്ചതിങ്ങത്തിവൃക്ഷത്തോപ്പിങ്കൽ വെച്ചു, ഹോ!
ഞാനെൻ പൈതലെയും പോററിയങ്ങൊററക്കുവസിക്കയാം.
അവൻ പൂക്കൾക്കിടയിലായിട്ടലഞ്ഞു നടക്കവെ
ചുററും തന്നരയിൽച്ചുററിക്കണ്ടാൻ സൎപ്പത്തെയൊന്നിനെ
അതുനേരത്തവൻ മെല്ലെച്ചിരിച്ചുംകൊണ്ടു, തഞ്ചുസാ
പുറത്തേക്കിട്ടിളക്കുന്ന നാവു പിടപ്പെടുത്തിനാൻ,
ആത്തണുപ്പാണ്ട ചങ്ങാതി തൻെറ വായ പിളൎത്തിനാൻ.
എന്നാല, ഹോ! നേരമേറെക്കഴിയും മുമ്പിലായവൻ
അത്രയേറെ വിളൎത്തങ്ങു മനക്കം വിട്ടു മട്ടിലായ്.
എന്നാൽത്തൻ കളിന്ത്തനെന്തെണം, തഞ്ചുണ്ടിൽനിന്നവൻ
എൻ കുചം വീഴുവതിനനുവദിപ്പാനെന്തിതെന്നുമെ,
എനിക്കൊരറിവായീല; "വിഷം തീണ്ടിയിരിക്കയാം
ഇവനെ"ന്നായൊരാൾ, "ചാകുമിവനെ"ന്നായി മറെറാരാൾ.
എൻ വിലപ്പെട്ട മകനെക്കൈവിടാനരുതാത്ത ഞാൻ
അവനെന്നാഴും കണ്ണുകളിൽ വീണ്ടും ജീവസ്സന്നത്തിടാൻ

വേണ്ടും മരുന്നവരൊടെല്ലാവരോടുമിരന്നുതെ.
അപ്പാമ്പു ചുംബിച്ചുറവുള്ളോരടയാളമതത്രയും
പാരം പെരിയതാസ്സുണ്ടൻ; ദയാവാനാമവന്റമേൽ
അതിന്നീഷ്യവരാൻ പാടില്ലെന്നും, കുട്ടി കളിസ്സുവെ
ദ്രോഹിസ്സുവാൻ വയ്യവനെയതിന്നെന്നും നിനപ്പു ഞാൻ.
പിന്നീടൊരാൾ ചൊല്ലി, "പാമ്പുണ്ടാക്കുന്നിൽദ്ദിവ്യനാമൊരാൾ—
ഇപ്പോഴതാ! നടക്കുന്നു കാവിമുണ്ടുമുടുത്തവൻ—
നിൻ മകന്റെ സുഖക്കേടു മാറാൻ തക്കമരുന്നിനെ
ഋഷിയായിടുമദ്ദേഹത്തോടു ചോദിസ്സു ചെന്നു നീ."
ആവിധം താൻ ഭയപ്പെട്ടു വിറച്ചുംകൊണ്ടു ഞാനുടൻ
ഒരുദേവന്നെതിർമുഖഭാവംപൂണ്ട ഭവാനുടെ.
അടുക്കൽ വന്നു കണ്ണീരൊടെന്നിളംപൈതലിൻ മുഖം
മൂടിയിട്ടുള്ള വസ്ത്രത്തെ നീക്കിയിട്ടിവിടത്തൊടായ്
പറവുന്നതാം ചെറുമരുന്നെന്തെന്നത്ഥന ചെയ്തുതേ.
മഹാത്മാവേ! ചവിട്ടിത്തള്ളീലയെന്നെത്തദാ ഭവാൻ,
ദയാർദ്രമാം കണ്ണിണയാൽ നോക്കിയും, സാവധാനമായ്
എന്നെത്തൃക്കൈത്തലംകൊണ്ടു തൊട്ടുകൊണ്ടും പതുക്കവെ
മുഖത്തു വീണ്ടും മുണ്ടിട്ടിട്ടങ്ങുന്നെന്നൊടു ചൊല്ലിനാൻ:—
"വേണ്ടില്ലൊന്നാമതായിട്ടു നിനക്കും, കൊച്ചുസോദരി,
പിന്നീടവന്നുമാശ്വാസമുണ്ടാക്കിത്തരുമൌഷധം
ഒന്നുണ്ടാസ്സാധനം കൊണ്ടുവന്നിടാമെന്നിരിക്കുകിൽ.
ചികിത്സകരെയാരാണു ചെന്നു കാണുന്നതായവർ
അവർ കല്പിച്ച വസ്തുക്കൾ കൊണ്ടുചെല്ലുക വേണ്ടയോ?
അതുകൊണ്ടിവനത്ഥിപ്പൂ, കറുത്ത കടുകിൻ മണി

ഒരൊററത്തോലയോളം നീ പോയന്വേഷിച്ചു വാങ്ങണം;
ഒന്നു സൂക്ഷിക്കണം, തായോ താതനോ പൈതൽ ദാസനോ
മരിച്ചുപോയവനൊട്ടുമമ്മട്ടാം വീട്ടിൽനിന്നുമെ
വാങ്ങാവൂ വേണ, മറ്റു കിട്ടീടിൽക്കാര്യം ഗുണപ്പെടും.
എന്നെന്നോടരുളിച്ചെയ്തിതെൻ ദേവ, തിരുമേനിതാൻ.”

വാത്സല്യപൂർണ്ണമാം മന്ദസ്മിതമാർന്നോതിനാൻ ഗുരു:—
“അത്തേ, പ്രിയപ്പെടും കിശഗൌതമീ! ഞാനതോതിനേൻ.
എന്നാൽക്കണ്ടെത്തിയോ നീയാക്കടുകിൻ മണി, ചൊല്ലുക.”

“ദേവ! ഞാൻ കൂടിവന്നീടും കുളിരാണ്ട കുമാരനെ
എൻ മാറിൽച്ചേർത്തുവെച്ചുംകൊണ്ടോരോരോ കുടിലിങ്കലും—
ഇങ്ങരണ്യത്തിലും പിന്നെപ്പട്ടണത്തെരുവിങ്കലും—
നടക്കയായി ചോദിച്ചുംകൊണ്ടു, “നിങ്ങൾ കനിഞ്ഞു മേ
ഒരു തോല കറുത്തുള്ള കടുകിൻ മണി നൽകണെ.”
അപ്പോൾ കൈവശമുള്ളോരോരോരുത്തരുമേകിനാർ:
പാവങ്ങളിൽക്കൃപാശീലരല്ലോ പാവങ്ങളേവരും.
എന്നാൽ “എൻ സ്നേഹിതനുടെ വീട്ടിലിങ്ങെപ്പൊഴെങ്കിലും
ഭർത്താവോ, ഭാര്യയോ, കുഞ്ഞോ, ദാസനോ, വല്ലപേർകളും
മരിച്ചുപോയിട്ടുണ്ടോ,” എന്നായ് ഞാൻ ചോദിച്ചുകൊൾകവെ
അവർ ചൊന്നാർ, “അഹോ! നിങ്ങളെന്തു ചോദിപ്പു, സോദരി!
മരിച്ച പേരാണധികം, ജീവിപ്പോരതിദുർല്ലഭം.”
അന്നേരം സങ്കടത്തോടെ വന്ദനങ്ങൾ പറഞ്ഞു ഞാൻ
കടുകങ്ങു തിരിച്ചേകി, മററുള്ളോരോടിരക്കയായ്.

എന്നാലതിൻ വിധംതന്നെ ചൊന്നാർ മററു ജനങ്ങളും.
"ഉണ്ടുണ്ടു കട്ടകെ,ന്നാലീ ഞങ്ങൾക്കടിമ ചത്തുപോയ്"
"കട്ടകിണ്ടുണ്ടു, ഞങ്ങൾക്കുള്ളെജമാനൻ മരിച്ചുപോയ്"
"കട്ടകിണ്ടും കുറെക്കാണു,മെന്നാലതു വിതച്ചവൻ
കഴിഞ്ഞുപോയ്, മഴക്കാലം തീൎന്നു കൊയ്ത്തിന്നു മുമ്പിലായ്."
അഹോ! മഹാത്മൻ! കണ്ടെത്തീലൊരൊററ ഗൃഹമെങ്കിലും
കട്ടകുള്ളതുമാരാനും മരിക്കാത്തതുമായി ഞാൻ.
അതുമൂലം മുലകുടിക്കയോ പുഞ്ചിരികൊൾകയോ
ചെയ്യാതെയായൊരെൻ കൊച്ചുകുഞ്ഞിനെപ്പുഴവക്കിലായ്,
കാട്ടുമുന്തിരിവെള്ളിച്ചാൎത്തിന്നു കീഴാമിടത്തിലായ്
കിടത്തിവെച്ചു പോന്നേൻ ഞാനിവിടത്തെത്തിരഞ്ഞിടാൻ,
മൃത്യു കൂടാതെ ഞാനെങ്ങു കാണുമിക്കട്ടകെന്നിദം
തൃച്ചേവടികൾ ചുംബിച്ചൎത്ഥിച്ചു ചോദിപ്പതിന്നു ഞാൻ.

ആലോകഗുരുവന്നേരം ചെന്നാ,"നെന്നുടെ സോദരി,
ആരും കാണാത്തൊരതിനെയന്വേഷിച്ചു നടക്കെ നീ
കണ്ടെത്തി ഞാൻ നിനക്കേകാൻ വെച്ചൊരക്കൈക്കുമൌഷധം,
ആരെ സ്നേഹിച്ചു നീയാക്കുഞ്ഞിന്നലെത്തവ മാറിലായ്
മൃതനായിട്ടുറങ്ങിപ്പോയി;ന്നു നീ കണ്ടതില്ലയോ
നിൻ ദുഃഖത്താൽപ്പരപ്പുള്ള പാരെല്ലാം കരയുന്നതായ്.
എല്ലാരും പങ്കുകൊള്ളുമ്പോൾക്കുറയുന്നിതൊരാൾക്കഴൽ.
ഹാ! ഞാനൊഴുക്കുമെൻ രക്ത,മതു നിന്നശ്രു നിൎത്തുകിൽ;
ഓമൽ പ്രേമത്തെ നമ്മൾക്കു ദുഃഖമാക്കിച്ചമപ്പതും,
കൊലസ്ഥലത്തേക്കു മിണ്ടാനരുതാത്തീ മൃഗങ്ങളെ

പൂങ്കാവുകൾവഴിയ്ക്കും പുൽമൈതാനങ്ങൾവഴിയ്ക്കുമായ്.
തെളിയ്ക്കും മട്ടില,വതൻ നാഥന്മാരാം മനുഷ്യരെ
കൊണ്ടുപോവതുമാം പാപത്തിൻ തത്ത്വമറിവാകിലും.
ഞാനാ തത്ത്വത്തെ നോക്കുന്നു; സംസ്കരിയ്ക്കു കിടാവിനെ.

ആമട്ടാട്ടിടയന്മാരുമാ മന്നവകുമാരനും
അടുത്തടുത്തായി നടന്നകംപുക്കിതു പട്ടണം,
സൂൎയ്യൻ ദൂരത്തെഴും 'ശോണാ'നദീതോയത്തെ മന്ദമായ്
പൊൻപൂശിയും, വീഥികളിൽ നീളെയും, രാജകിങ്കരർ
പാറാവു നിന്നുപോരുന്ന ഗോപുരത്തിങ്കലൂടെയും
നീണ്ടുള്ള നിഴൽ നിൎമ്മിച്ചും, നില്ക്കുന്ന സമയത്തുതാൻ.
ആട്ടിൻകുട്ടിയെയും ഭേസിക്കൊണ്ടു നമ്മുടെ ദേവനെ
അങ്ങുള്ളാളുകൾ കണ്ടപ്പോൾ കാവൽക്കാർ വാങ്ങിനിന്നുപോയ്;
വലിച്ചു മാററി ചന്തക്കാർ നിജസാമാനവണ്ടികൾ;
അങ്ങാടിയിങ്കൽ വില്ക്കുന്ന കൂട്ടരും വാങ്ങുവോർകളും
ആസ്സൌമ്യമാം മുഖം നോക്കാൻ നിൎത്തീ വാക്കലഹങ്ങളെ;
കൊല്ലൻ ചുററിക പൊക്കിക്കൊണ്ടടിപ്പാൻ വിസ്മരിച്ചുപോയ്;
തുന്നൽക്കാരൻ തുന്നൽയന്ത്രം വിട്ടുപോ,യെഴുതുന്നവൻ
കടലാസ്സിൻെറ ചുരുളും; പണം മാറാനിരിപ്പവൻ
താനെണ്ണിവെച്ച കവിടികൾക്കുള്ളെണ്ണം കളഞ്ഞുപോയ്.
ആരും നോക്കാതെകണ്ടായിത്തീൎന്നോരരിയിൽനിന്നുടൻ
ശിവൻെറ തൂവെള്ളെരുതു നിന്നു തിന്നുകയായ് സുഖം.
പാൽ കറന്നീടുവോ,രത്ര ശാന്തഭാവത്തൊടെങ്കിലും
അത്ര സൌഭാഗ്യമാൎന്നുള്ള രാജശ്രീയോടു കൂടവെ

എ., ങ്ങളും നമ്മളുടെ 'ദേവനെപ്പാർത്തുകാൺകയാൽ
പാത്രം നിറഞ്ഞു വഴിയും പാലു പാഴായ് കളഞ്ഞുതെ.'
പെണ്ണുങ്ങളൊട്ടു മുഴുവൻ വാതില്ക്കൽച്ചെന്നു ചേർന്നുടൻ
ചോദിച്ചു, "യജ്ഞപശുവെയാരിക്കൊണ്ടുവരുന്നവൻ,
ഇത്ര സൌന്ദര്യവും ശാന്തിദായകത്വവുമുള്ളവൻ.
എന്തിവൻ ജാതി? യിത്രസ്ക്കൾക്കും കണ്ണെങ്ങുനിന്നിവൻ
ലഭിച്ചു? ശക്രനോ ദേവരാജനോ ഇവനാകുമോ?"
അതുനേരത്തു വേറിട്ടു ചിലരിങ്ങിനെ ചൊല്ലിനാർ:—
"ഋഷിമാരൊത്തു കുന്നിന്മേലരുളും ദിവ്യനാണിവൻ."
ആദ്ദേവനോ നടന്നാനിച്ചിന്തയാൽ ധ്യാനമഗ്നനായ്,
"കഷ്ടമേ! മേയ്ക്കുവാനാളില്ലാത്തെന്നാടുകൾതൻ ഗതി;
അവ ചുറ്റുന്നിതിരുളിൽ നേതാവായാരുമെന്നിയെ;
സ്വന്തം വർഗ്ഗത്തിലെഴുമീ മൂകജന്തുക്കൾപോലവെ,
മൃത്യുവിൻ കത്തിതൻ നേരിട്ടാർത്തു ചെല്ലുന്നതിതന്ധരായ്."

അപ്പോളൊരാളര ചനോടോതി, "യജ്ഞസമാപ്തിയിൽ
ബലിക്കെത്തിക്കുവാനങ്ങു കല്പിച്ചിട്ടുള്ളജങ്ങളെ
ദിവ്യനാമൊരു സന്ന്യാസിയതാ! കൊണ്ടുവരുന്നതെ."

രാജാവു നിന്നിടുന്നുണ്ടു തന്നതാം യാഗശാലയിൽ
വരിയായ് രണ്ടു വശവും ശുഭ്രവസ്ത്രാഢ്യരന്തണർ
നിന്നു വേദിക്കു നടുവിൽ നാൽക്കാരം വാർക്കുമഗ്നിയിൽ
ഹോമിച്ചുകൊണ്ടവർക്കുള്ള മന്ത്രഗ്രാമം ജപിപ്പുതെ.
ധൂമണം പൂണ്ട വിറകിൽനിന്നു പാളുന്നതുണ്ടിഹ

അഗ്നിയ്ക്കേഴും നാവുകളാം ദീപ്തജ്വാലകൾ മേല്ക്കുമേൽ.
അവർ ഹോമിച്ചിടും നെയ്യും, പല ഗന്ധപദാൎത്ഥവും,
സോമത്തിൻ നീരു,മെന്നിന്ദ്രനിഷ്ടപ്പെട്ടുള്ള സാധനം
ചെലുത്തിയും ചുരുൾചുരുളായും പെരുത്തു ചീറിയും.
വേദിയ്ക്കു നാലു പുറവും പൊടിയാൎത്തു കനത്തിലായ്
കടും ചോപ്പുള്ള നീൎച്ചാലൊന്നൊഴുകുന്നുണ്ടതെല്ലവെ—
കരഞ്ഞു ചത്തിടും യജ്ഞപശുക്കളുടെ ചെന്നിണം—
മണ്ണിൽ വററിയു,മെന്നാലും സദാ ദ്ദൂരെയ്ക്കു തള്ളിയും.
ആ പശുക്കളിലൊന്നായി, മേലൊക്കെപ്പുള്ളിയുള്ളതായ്,
നീണ്ട കൊമ്പുകളുള്ളൊന്നായ്, മുഞ്ജപ്പുല്ലാൽ ശിരസ്സിനെ
പിന്നോക്കം കെട്ടിയതുമായ്, കോലാടൊന്നു കിടപ്പതേ.
അതിൻ നീണ്ടു വലിഞ്ഞുള്ള കഴുത്തിലഥ കത്തിയെ
ഇത്തും പിറുപിറുത്തൂന്നിക്കൊണ്ടാനൊരു പുരോഹിതൻ
"ബിംബിസാരങ്കൽ നിന്നു, ക്രൂരായ ദേവഗണങ്ങളെ,
ഇതിനെ.പ്പലയജ്ഞത്തിൽ, കൈക്കൊൾക,ന്തിമയജ്ഞമായ്.
പ്രസാദിച്ചീടുക നിണം തെറിക്കുന്നതു കാൺകയാൽ,
സന്തോഷിക്കു ഭവാന്മാർകൾ സൌരഭ്യം പെടുമഗ്നിയിൽ
സ്വാദുള്ള മാംസം പൊരിയുമ്പോഴുള്ള മണമേല്ക്കയാൽ;
ഇയ്യാടിന്മേൽ ച്ചുമത്തട്ടെ രാജാവിൻ പാപമൊക്കയും,
അതെരിച്ചഗ്നി ഭക്ഷിയ്ക്കുകി,താ! വെട്ടുകയായി ഞാൻ."

എന്നാ,ലവൻ "മഹാരാജ! വെട്ടിടായ്കെ"ന്നു ശാന്തമായ്
പറഞ്ഞുകൊണ്ടുടൻ 'ബുദ്ധനാ യജ്ഞീയമൃഗത്തിനെ
കെട്ടഴിച്ചിട്ടിത വനെ നിരോധിച്ചീലൊരുത്തനും;

അത്ര മാഹാത്മ്യമുള്ളൊന്നായിരുന്നു തന്റെ സന്നിധി.
പിന്നിട, നുജ്ഞെ ചോദിച്ചു, ജീവനെപ്പററിയായവൻ
ചൊന്നാൻ, ജീവനെടുക്കാനെല്ലാക്കും കഴിയുമെങ്കിലും
കൊടുപ്പാനാക്കുമെളുതല്ല, ഈ ജീവികളേവരും
സ്നേഹിപ്പു, യത്നവും ചെയ്യിതതിന്റെ നിലനില്പിനായ്.
അത്യന്തം താന്ന കൂട്ടത്തിലുള്ള ജീവിവ്രജത്തിനും
ആശ്ചര്യദം, പ്രിയപ്പെട്ടുള്ളൊന്നു, താനന്ദകാരണം.
അതോ! ദയയെഴുന്നോടത്തെപ്പോമതൊരനുഗ്രഹം.
എന്തെന്നാൽ ദയ ലോകത്തെയശക്തന്മാർക്കു മുററുമെ
മ്പൂവായും, കരുത്തർക്കോ ശ്രേഷ്ഠമായും ചമയ്ക്കുമെ.
മിണ്ടാൻ വയ്യാത്ത തന്നാട്ടിൻ കൂട്ടം ചൊല്ലേണ്ട വാക്കുകൾ
താന്താൻ പകരമായ് ചൊല്ലി ദയ തോന്നുമപേക്ഷയായ്.
ദയയ്ക്കായിട്ടു ദേവന്മാരോടർത്ഥിക്കുന്ന മാനവർ
ആക്കു ദേവകളെപ്പോലാണൊ, ഇജ്ജീവികളിലായവർ
എത്ര നിർദ്ദയരാകുന്നു; തമ്മിലാത്മാക്കളൊക്കയും
ചാർച്ചയുള്ളവയും ബന്ധപ്പെട്ടുള്ളവയുമെങ്കിലും
നമ്മൾ കൊല്ലുന്നവ നമുക്കൊത്തുക്കം പൂണ്ടു കാഴ്ചയായ്
പാലും രോമങ്ങളും തന്നുള്ളവയാണെന്നിരിക്കിലും,
അവററിനെയറുക്കുന്ന കൈകളിന്മേലസംശയം
വിശ്വാസത്തെ വഹിച്ചുംകൊണ്ടാണിരിപ്പവയെങ്കിലും.
വീണ്ടും വേദങ്ങൾ സിദ്ധാന്തിപ്പതിനെപ്പററിയോതിനാൻ.
മരിച്ചതിൽപ്പിമ്പു ചിലർ പക്ഷിയായ് മൃഗമായുമെ
താൺപോയിടുമെമ്മട്ടെന്നത്രു, മാത്മാക്കളെങ്ങിനെ
വായ് ചുജ്വലിക്കും തീജ്വാലയാൽത്തീരും പൊരി പോലവെ

സഞ്ചാരങ്ങളിൽ മർത്ത്യന്മാരായുയർന്നിടുമെന്നതും.
അതിനാലൊരു ജീവാത്മാവിന്നു ദൈവവിധിപ്പടി
പോകേണ്ടും വഴി രോധിയ്ക്കും യജ്ഞം പുതിയ പാപമാം.
അദ്ദേഹം പിന്നെയും ചൊന്നാ,നൊരാൾ തന്നുടെ ജീവിതം
രക്തത്തെക്കൊണ്ടു കഴുകി വെടുപ്പാക്കില്ലൊരിക്കലും;
ദേവന്മാർ നന്മയുള്ളോരാണെങ്കിലാ,യവരെദ്ദൃഢം
രക്തത്തിനാൽ പ്രസാദിപ്പിയ്ക്കില്ല; ദുശ്ശീലരെങ്കിലോ.
അവരെപ്പാട്ടിലാക്കീടില്ല, തായീടുന്ന കോഴയാൽ.
എന്നല്ല,റിഞ്ഞുമറിയാതേയും ചെയ്യുള്ളതൊക്കയും
ഓരോരുത്തനുമേ താൻതാനവയ്യേല്ക്കുന്ന മാതിരി
പ്രവൃത്തിഭാഗവിചാരങ്ങളോരോന്നിന്നും ശരാശരി
ഗുണത്തിന്നു ഗുണം ദോഷത്തിന്നു ദോഷമിതേവിധം
സൂക്ഷ്മമായ്, നേരറിവതായ്, മാപ്പറെറാന്നാ,യനാദിയായ്,
ഭാവികാലങ്ങളെബ്ഭൂതകാലങ്ങളുടെയൊക്കയും
ഫലങ്ങളാക്കിത്തീക്കുന്നതായ്, പ്രപഞ്ചമിതിങ്കലെ
തീച്ചപ്പെടുത്തിവെച്ചുള്ളാക്കണക്കൊപ്പിച്ചുകൊണ്ടുതാൻ
എല്ലാരുമുത്തരം ചൊല്ലേണ്ടുന്ന ബാദ്ധ്യതയുള്ളതിൽ
ഒരൊററ തലനാരോളം, പോന്നതാം ഭാഗമെങ്കിലും
നിർദ്ദോഷബദ്ധജന്തുക്കൾതൻ തലയ്ക്കും ചുമത്തിടാ.
എന്നവൻ ചൊല്ലിനാ,നത്ര ദയ തോന്നുന്ന വാക്കുകൾ
ദയാധികാരോജ്ജ്വലിതപ്രഭുത്വത്തോടു കൂടവെ.
അപ്പോൾ പ്രാണിവധം മൂലം വൻചുകപ്പാണ്ട കൈകളെ
നിജവസ്ത്രങ്ങളെക്കൊണ്ടു മൂടിക്കൊണ്ടാർ പുരോഹിതർ.
രാജാവും തൊഴുകയ്യോടെ 'ബുദ്ധ'നിൽഭക്തിയുക്തനായ്

അടുത്തുചെന്നാൻ, പിന്നേയും ദേവനോതിത്തുടങ്ങിനാൻ:
ഭൂവെത്ര നന്മയുള്ളൊന്നായേനേ, ജീവികളൊക്കയും
തങ്ങളിൽസ്സൌഹൃദംപൂണ്ടും രക്തം പററാതെയുള്ളതായ്
വിശുദ്ധമായിട്ടും ഭോജ്യവൎഗ്ഗം— ധാന്യമമൂല്യകം,
വിളങ്ങും കാൎക്കളെ,ല്ലാക്കമായിട്ടു വളരുന്നതായ്
സ്വാദുള്ളതായ കനികൾ, നല്ല നിൎമ്മലവാരികൾ,
ഈൎസ്സുഭിക്ഷങ്ങളാം ഭോജ്യപേയങ്ങളൊരുപോലവെ
ഉപയോഗിച്ചുമേ ബന്ധപ്പെട്ടിരിക്കുകയെങ്കിലോ?
അവരായതു കേട്ടപ്പോ,ളാസ്സൌശീലക്കരുത്തുതാൻ
ആജ്ജനങ്ങളെയത്രക്കു പിഴ്പ്പെടുത്തിക്കഴിഞ്ഞുതേ.
പുരോഹിതന്മാരവർതാൻ വേദി തട്ടിനിരത്തിനാർ.
വലിച്ചെറിഞ്ഞു യജ്ഞീയഹിംസക്കുള്ളായുധത്തെയും.
പിററന്നാൾ നാട്ടിലെല്ലാടം രാജകീയജനങ്ങളാൽ
വിളിച്ചു പറയപ്പെട്ടു നടന്നിതൊരുകല്പന,
ഏവം കൊത്തിയിടപ്പെട്ടു പാറത്തൂണെന്നിവററിലും:
“രാജേച്ഛയേവമാം യജ്ഞത്തിന്നായ് മാംസത്തിനായുമെ
പ്രാണിഹിംസ നടന്നിട്ടുണ്ട,ന്നാലിന്നേദ്ദിനം മുതൽ
ജീവിപ്പതിൻെറ രക്തത്തെത്തെദുപ്പിക്കില്ലൊരാളുമെ.
മാംസത്തിൻ സ്വാദുനോക്കില്ലാ; ജ്ഞാനം വലിപ്പതായിയും
ഒന്നാണു ജീവനെന്നായും, ദയയുള്ളജനത്തിനേ
ദയകിട്ടുകയുള്ളു എന്നായും കാണുക കാരണം.”
ഏവം നിയമമായ്ത്തീർന്നു; തന്മൂലമന്നുനാൾ മുതൽ
ഋഷിശ്ലോക്കന്നലിവൊടും സൌമ്യസംഭാഷണത്തൊടും
പഠിപ്പിച്ചുംകൊണ്ടു ‘ബുദ്ധൻ’ വാഴും ‘ഗംഗാ’തടങ്ങളിൽ

അവിടത്തെബ്ഭജിയ്ക്കുന്ന മനുഷ്യർക്കുമതേവിധം
മൃഗങ്ങൾക്കും പക്ഷികൾക്കുമെല്ലാം പ്രാണിഗണത്തിനും
തമ്മിൽ പ്രിയം കൂടുവതാമൊരിണക്കം പരന്നുതേ.

അതേ! സുഖങ്ങൾ ദുഃഖങ്ങളെന്നിവററിന്നൊരേവിധം
കീഴ്പ്പെട്ടീപ്പാഞ്ഞുപോം പ്രാണനേന്തുന്ന സകലത്തിലും
അത്രയ്ക്കലിവെഴുന്നൊന്നായിരുന്നൂ ഗുരുവിൻ മനം.
ഏതോ പണ്ടൊരുകാലത്തു ‘ബുദ്ധൻ’ ബ്രാഹ്മണപുത്രനായ്
‘ദാലിദ്ദ’മെന്നാം ഗ്രാമത്തിൽ ‘മുണ്ഡ’മെന്നൊരു പാറമേൽ
വാഴും കാലത്തുണക്കത്താലാ നാടെല്ലാം നശിച്ചുപോയ്;
ഒരു കാടപ്പക്ഷിയേയുമൊളിപ്പിയ്ക്കാവതിൻ വിധം
വളർന്നു പോന്നിടും മുമ്പു വാടിപ്പോയിളനെല്ലുകൾ;
കാട്ടിൽത്തുറസ്സാം ഭാഗങ്ങൾതോറും വല്ലാത്തൊരാതപം
പല്വലങ്ങളെ വററിച്ചു; കരിഞ്ഞൂ ചെടി, പുല്ലിവ;
കാട്ടുജന്തുക്കൾ ജീവിപ്പാനൊട്ടുക്കങ്ങിങ്ങു പാഞ്ഞുപോയ്.
അക്കാലത്തൊരു നിർച്ചാലിൻ ചുട്ടുള്ളിരു തടത്തിനും
നടുക്കിലായ് വെറും കല്ലുകൾക്കു മേലൊരു പെൺപുലി
വിശന്നു ചാകാറായ് കൈകാലേററം നീട്ടിക്കിടപ്പതായ
കണ്ടു നമ്മുടെ ദേവൻ താനാവഴിയ്ക്കെഴുന്നെള്ളവെ.
തുറിച്ചുനോക്കുന്നു വിശപ്പതിൻ കൺകളിലൂടവെ,
പച്ചവർണ്ണം തടവിടും തീജ്വാലയൊടുകൂടവെ.
ആയതിൻെറ കിതപ്പാണ്ട താടിയെല്ലുകൾ രണ്ടിനും
ചുളിവേന്തും കവിളിനുമൊരു ചാണകലത്തിലായ്
പുറത്താക്കിയിരിയ്ക്കുന്നു വരണ്ടിട്ടുള്ള നാക്കിനെ.

അതിന്നെല്ലുകൾതൻ മീതെ ചിത്രപ്പണികളുള്ളതായ
ചുക്കിച്ചുളിഞ്ഞതാകും തോലുൾവലിഞ്ഞുകിടപ്പുതേ;
പുരമേൽ മേഞ്ഞതാമോല മഴ കൊണ്ടിട്ടു ചീഞ്ഞുപോയ
കഴക്കോലുകളിന്നുള്ളിൽക്കൂടിത്തൂങ്ങിയ മാതിരി.
ആയതിൻെറ ചടപ്പാൎന്ന പരിശുഷ്ക്കസ്തനങ്ങളെ
പുലിക്കുട്ടികൾ രണ്ടെണ്ണം പാൽ കിട്ടാഞ്ഞു ഞെരങ്ങിയും
വലിച്ചുണ്ടു കുടിയ്ക്കുന്നു, യാതൊന്നും കിട്ടിടാത്തതും
പാലില്ലാത്തതുമായുള്ള മുലകണ്ണിട്ടമൎത്തുമേ.
മെലിഞ്ഞൊമ്പിയവററിൻെറ തള്ളയാം പുലിയില്ലയോ
അതോ, കലമ്പിക്കരയും തന്നിരട്ടക്കിടാങ്ങളെ
നക്കിത്തുടച്ചിടുന്നുണ്ടു മാതൃവാത്സല്യപൂൎണ്ണയായ്.
മുമ്പേ, ക്ഷീണിച്ചതിൻ മോന്ത മണ്ണിൽ വെച്ചപ്പൊഴ, ഗ്രമായ്
ഉണ്ടായ ഗൎജ്ജനം ശാന്തമാക്കിക്കൊണ്ടു പതുക്കവെ,
തൊണ്ടയ്ക്കുള്ളിൽത്തടഞ്ഞീടും ഞരക്കത്തൊടു കൂടിയും,
ഇല്ലായ്മയെക്കാളുമേറും വാത്സല്യത്തൊടു കൂടിയും,
അവയ്ക്കായ് നൽകിനാൾ തൻെറ വാരിഭാഗത്തെയായവൾ.
പിന്നെ വല്ലാതെ ഗൎജ്ജിച്ചാൾ വേദനിച്ചിടിയൊച്ചയിൽ.
അക്കഷ്ടാവസ്ഥ കാണായി വന്നപ്പോളൊരു 'ബുദ്ധ' നിൽ
ഉണ്ടാകാവുന്ന വലുതാം കനിവല്ലാതൊരെണ്ണവും
കാൎയ്യമാക്കാതെതാൻ നമ്മൾതൻ ദേവൻ ചിന്തചെയ്തതെ:—
"കാടാണേഴനീക്കൊലപാതകിനിയ്ക്കു സഹായമായ്
ഒന്നൊഴിഞ്ഞൊന്നുമേ ചെയ്യാൻ വഴി കാണുന്നതില്ല ഞാൻ.
സൂൎയ്യാസ്തമയമോടൊപ്പം ചാകും തീൻ കിട്ടിടാഞ്ഞിവ.
കൊന്നു തിന്നും പതിവിനാൽത്തീരെ ക്രൂരസ്വഭാവയായ്

ചോര കിട്ടാഞ്ഞുടൽ മെലിഞ്ഞോരിപ്പെൺപുലിതന്റെ മേൽ
ദയ തോന്നുന്ന വകയായില്ല യാതൊരു ജീവിയും.
ഹാ! ഞാൻ തീനിതിനർപ്പിച്ചാൽ നഷ്ടമാക്കിവനെന്നിയെ;
സ്നേഹമെത്ര കടന്നിട്ടുള്ളതാം തൻ തൊഴിൽ ചെയ്കിലും,
നന്മൂലമായതിനൊരു നഷ്ടമെങ്ങിനെ നേരിടും?"
ഏവം ചോദിച്ചു മെല്ലെന്നു ദണ്ഡും തൻ പാദുകങ്ങളും
പൂണുനൂലും തലപ്പാവും, വസ്ത്രവും മാററിവെച്ചുടൻ
മണലിൽപ്പുൽച്ചെടിപ്പൊന്തതൻ പിൻഭാഗത്തുനിന്നവൻ,
"ഹേ! അമ്മേ! ഭക്ഷണമിതാ, ഭവതിക്കെ"ന്നടുത്തുതേ.
ഉടനാച്ചത്തിടും ജന്തു ക്ഷുത്രൂക്ഷമായ്ക്കണ്ണുശൂലമായ്
മുരണ്ടുംകൊണ്ടു തൻ കുഞ്ഞുങ്ങളെ വിട്ടേററു ചാടിനാൾ.
മനസ്സായ് നില്ക്കുമിരയെബ്ഭൂമിയിൽത്തള്ളിയിട്ടവൾ,
തൻ മഞ്ഞദ്ദംഷ്ട്രകളെയാററാടിച്ചുംകൊണ്ടശേഷവും,
കഴിച്ചിതവനെക്കൊണ്ടു നിജമാം സുഖഭോജനം:
പോയിക്കഴിഞ്ഞിതാക്കാട്ടുപൂച്ചതൻ ചുടുവീർപ്പുമായ്
അത്ര നിർഭയമാം സ്നേഹത്തിന്നന്ത്യനെടുവീർപ്പുമേ.

അത്ര വിസ്താരമുള്ളൊന്നായിരുന്നു ഗുരുവിൻ മനസ്സ്
ഇന്നാത്മോദാരദയയാൽ ക്രൂരമാം ദേവപൂജയെ
നിർത്താൻ കല്പിച്ചവാറെന്നില്ലെ, ത്രയോ മുമ്പുതന്നെയും,
പിന്നെ നമ്മുടെ ദേവന്റെ രാജന്യകുലജന്മവും
ദിവ്യമാം മതവും കേട്ടു 'ബിംബിസാര'നൃപാലകൻ
ആപ്പട്ടണത്തിൽപ്പാർത്തീടാൻ പ്രാർത്ഥിച്ചിതവിടത്തൊടായ്.
പല പ്രാവശ്യവും ചൊന്നാ:—"നീത്തപശ്ചര്യ്യ പാററിടാ;

രാജനന്ദനനായീടുമവിടുത്തെ സ്ഥിതിയ്ക്കഹോ!
ചെങ്കോലുകൾക്കായ് നിൎമ്മിച്ചുള്ളവതാൻ തവ കയ്യുകൾ,
ഭിക്ഷമേടിയ്ക്കുവാനല്ല; രാജ്യഭാരം നടത്തുവാൻ
മകനില്ലാത്തൊരാളീ ഞാൻ; പാൎക്കുകെന്നോടു കൂടവെ;
ഒരു സൌന്ദൎയ്യവതിയാം ഭാൎയ്യയാളൊടു കൂടവെ
എൻ കൊട്ടാരത്തിൽ നിവസിച്ചെ,ൻെറ നിൎയ്യാണനാൾ വരെ
വിജ്ഞാനത്തെപ്പഠിപ്പിയ്ക്കുകെൻെറ രാജ്യത്തിനെബ് ഭവാൻ."
എന്നാൽച്ചൊന്നാനപ്പൊഴൊക്കെ 'സ്സിദ്ധാൎത്ഥൻ', സ്ഥിരനിശ്ചയൻ:
"ഇതൊക്കെയുമെനിയ്ക്കുണ്ടായിരുന്നു, നൃപസത്തമ!
തത്വത്തെത്തിരയാനായിട്ടുപേക്ഷിച്ചുകളഞ്ഞു ഞാൻ.
തിരയുന്നേനതിപ്പോഴും, ഞാൻ തിരഞ്ഞീടുമിന്നിയും.
അതിൽനിന്നിട്ടു ഞാൻ പിൻവാങ്ങില്ലി ന്നൃപുരിതന്നുടെ
മുത്തുരത്നകവാടങ്ങൾ തുറന്ന,ങ്ങുള്ള ദേവിമാർ
വേൾപ്പാനായവിടെയ്ക്കെന്നെ വിളിച്ചീടുന്നുവെങ്കിലും.
ധൎമ്മസാമ്രാജ്യനിൎമ്മാണത്തിനായിപ്പോയിടുന്നു ഞാൻ,
'ഗയ' യ്ക്കും കാട്ടുവിജനപ്രദേശങ്ങളിലെയ്ക്കുമായ്.
അങ്ങെനിയ്ക്കുളവാം ജ്ഞാനം, ഞാൻ വിചാരിച്ചിടും വിധം.
ഋഷിമാർതൻ നടുക്കിങ്ങാ ജ്ഞാനോദയമണഞ്ഞിടാ,
ആഗമങ്ങളിൽനിന്നും, സ്വാത്മോപവാസപ്രസക്തിയാൽ
മെയ് പാഴാക്കലോം വരെയെഴും വ്രതചൎയ്യയിൽനിന്നുമെ.
എന്തിരിയ്ക്കിലും ജ്ഞാനമുണ്ടു കണ്ടുപിടിയ്ക്കുവാൻ;
തത്വം മനസ്സിലാക്കാനുമുണ്ടു; ക്ഷത്രിമമിത്രമേ!
ഞാൻ തീൎച്ചയായുമെന്നിച്ഛ നന്നായ് സാധിച്ചുവെങ്കിലോ
തിരിച്ചുവന്നു നിൻ പ്രീതിസൽക്കാരം സ്വീകരിയ്ക്കുവൻ."

അനന്തരം മന്നവൻ 'ബിംബിസാര'ൻ നൃപകുമാരനെ
മൂന്നു വട്ടം വലംവെച്ചു, ഗുരുവിൻെറ പാദങ്ങളിൽ
ഭക്ത്യാ വന്ദനംചെയ്തവിടെയ്ക്കായ് നേൎന്നു സുഖയാത്രയെ.
ആമട്ടു നമ്മൾതൻ ദേവ'നരവിന്ദ'യിലെയ്ക്കുടൻ
എഴുന്നള്ളി, സുഖം വിട്ടും, വിളൎത്തുള്ള മുഖത്തൊടും,
ആറു കൊല്ലത്തെയദ്ധ്യാനം മൂലം ക്ഷീണത തേടിയും.
എന്നാൽക്കുന്നിന്മുകളിലും മരത്തോപ്പിലുമുള്ളവർ,
'അലാര''ഉദ്ര'നിവരു, മഞ്ചു സന്ന്യാസിമാർകളും
പലതേവം പറഞ്ഞദ്ദേഹത്തെ നിൎത്താൻ ശ്രമിച്ചതെ,
പുണ്യഗ്രന്ഥങ്ങളിൽസ്പഷ്ടമെഴുതീട്ടുള്ളതൊക്കയും;
ശ്രുതിസ്മൃതികളെക്കാളും ശ്രേഷ്ഠമായിട്ടൊരെണ്ണവും
മനസ്സിലാക്കകില്ലാരു—മില്ല സന്ന്യാസിമുഖ്യരും.

എന്തെന്നു വെച്ചാലിഹ ദേഹഹീനമായ്,
നിശ്ചേഷ്ടമായ്, സൎവ്വവികാരശൂന്യമായ്,
പ്രശാന്തമായ്, നിൎഗ്ഗുണമായി, നിത്യമായ്,
ബ്രഹ്മത്തെ നിഷ്കമ്പഷജീവരൂപമായ്,
സുനിൎമ്മലാനന്ദവിശേഷമായിയും,
ചിത്തായു,മേതൊന്നുരചെയ്തിടുന്നുവോ,
ആ ജ്ഞാനകാണ്ഡത്തിലുമേറെയെങ്ങിനെ
ജ്ഞാനാഢ്യനാകുന്നിതു ദുൎഹരനാം നരൻ?
അല്ലെങ്കിലെ,ങ്ങിനെ മനുഷ്യനശേഷമില്ലാ-
താക്കാനിതിന്ദ്രിയവികാരവിചേഷ്ടിതങ്ങൾ;
ആത്മാനുബന്ധമതിൽനിന്നുമൊഴിഞ്ഞു സൎവ്വ-

ലോകസ്വാതന്ത്ര്യതയോടീശ്വരനായ് ചമഞ്ഞും,

എമ്മട്ടസൽസ്ഥിതിയിൽനിന്നു പറന്നുചെന്നു
സൽഭാവവും, പ്രശമിതേന്ദ്രിയയുദ്ധനായി,
നിശ്ശബ്ദമായിടുമനശ്വരശാന്തിയും ചേ-
ൎന്നാവിസ്തൃതാത്മനി സുഖേന ലയിച്ചിടുന്നു;

എന്നുള്ള തത്ത്വമറിയിച്ചു തരുന്ന കൎമ്മ-
കാണ്ഡത്തിൽനിന്നുപരിയെങ്ങിനെയീ മനുഷ്യൻ
ചെന്നേറും? —

ഏവമവർ ചൊന്നതു കേട്ടി,തെ, ന്നാൽ
സംതൃപ്തി രാജതനയന്നുളവായതില്ല.

## ആറാം സൎഗ്ഗം.

ഒടുവിൽ ജ്ഞാനമുണ്ടായ ദിക്കു കാണേണമെങ്കിലോ,
ഗമിച്ചുകൊള്ളുക:ങ്ങുന്നു, ‘ഗംഗാ’തീരത്തിലൂടവെ,
‘സഹസ്രാരാമ’ത്തിൽനിന്നുത്തരപശ്ചിമമാൎഗ്ഗമായ്,
‘നീലാഞ്ജനാ’ ‘മോഹനാ’ഖ്യമിരട്ടപ്പുഴയില്ലയോ,
അവസ്ഥുതഭവമാം പച്ചമലമേൽ ച്ചെന്നിടും വരെ
പിന്തുടൎന്നീടുകവയെ, പ്പരന്നിലകളുള്ളതായ്
‘മഹാ’വൃക്ഷഗണംനില്ക്കുന്നതിൻതാഴത്തുകൂടിയും,

രാമച്ചപ്പുമരുതണിപ്പൊന്തകൾക്കുള്ളിലൂടെയും,
വളവും തിരിവും പൂണ്ടായവ പോവതിനൊപ്പമെ-
വിളങ്ങുമാസ്സോദരിമാർ 'ഫൽഗു'വിൻ നീരൊലിപ്പുമായ്
മൈതാനമാമിടത്തിങ്കൽ വെച്ചൊന്നായ്ച്ചേർന്നിടും വരെ,
പാറക്കരകളെത്തൊട്ടുംകൊണ്ടതാ'ഗ്ഗായ' യിങ്കലും
ചുകന്ന 'ബെരബർ'ക്കുന്നുകളിലും ചെന്നിടും വഴി.
ആപ്പുഴസ്സൂരികത്തായിക്കിടപ്പുണ്ടു, പരന്നതായ്,
ഇടവിട്ടിടവിട്ടോരോ മണൽക്കുന്നുകളുള്ളതായ്,
മുൾച്ചെടിക്കൂട്ടമിയലുന്നൊരു വൻ തരിശാം സ്ഥലം.
അതിന്നേററമടുത്തുണ്ടു കാടൊന്നം, ബരവീഥിയിൽ
കടൽപ്പച്ചനിറം പേറുമണിപിലിപ്പൊടിപ്പുകൾ
തിരപോലിട്ടുലച്ചും തൻകീഴേ വൃക്ഷങ്ങൾ തിങ്ങിയും.
അതിലൂടെയുപായത്തിലനങ്ങീടാതൊലിപ്പതായ്,
നീലച്ചിട്ടും വെളുത്തിട്ടുമുള്ള പങ്കേരുഹങ്ങളാൽ
നാനാനിറം ചേർന്നതുമായു,ള്ളിൽപ്പായുന്ന മീൻകളും
കൂർമ്മങ്ങളുമിണങ്ങീടുന്നൊരു ചോലയണിഞ്ഞുമെ.
അതിൻ ചാരേ വിളങ്ങുന്നു ഗ്രാമം 'സേനാനി'നാമകം,
പനംകൂട്ടത്തിന്നിടയിൽ സുഖമായ്പ്പാററിനില്പതായ്,
ധാടിപ്പുകിട്ടു കൂടാത്ത പാവപ്പെട്ട ജനങ്ങളും
കൃഷിയാൽപ്പുലരുന്നോരുമൊത്തു ശാന്തത പൂണ്ടതായ്,
മുകളിൽപ്പുല്ലുമേഞ്ഞുള്ള ഭവനശ്രേണിയാർന്നതായ്.

വീണ്ടും ശ്രീ'ബുദ്ധ'നങ്ങുള്ള കാന്താരവിജനങ്ങളിൽ
മർത്ത്യർതൻ പീഡകൾ, വിധിപ്പോക്കു, ശാസ്ത്രങ്ങൾതൻ പൊരുൾ,

കുററിക്കാടടാണ്ട ജന്തുക്കൾവഴിയുണ്ടാം പഠിപ്പുകൾ,
എല്ലാമേതിങ്കൽനിന്നാശ്ശാന്തതതന്നുള്ളകള്ളികൾ,
ഈ രണ്ടിന്നും നടുവിലായാകാശത്തിൽ വിലങ്ങനെ
മേഘത്തിൽനിന്നു മേഘത്തിലെയ്ക്കു മഞ്ഞാലെ തീൎത്തതായ്,
വളഞ്ഞു പുകയാം കാൽകൾ ചേൎന്നു പെട്ടന്നുദിപ്പതായ്,
പച്ചക്കൽപ്പുഷ്യരാഗേന്ദ്രനീലോപലനിറങ്ങളാൽ
അത്രയ്ക്കു ചന്തമേന്തീടുമന്തരീക്ഷത്തിൽ വീണ്ടുമെ
ലയിപ്പതായുള്ള കമാനത്തിന്നൊക്കുന്ന ജീവിതം—
ഇവയെപ്പററി മനനം ചെയ്തു വാണരുളീടിനാൻ.
ഇപ്പറഞ്ഞവയെപ്പററി ധ്യാനിക്കുക നിമിത്തമായ്
ഭക്ഷണത്തിന്റെ സമയം വിസ്മരിക്കും പലപ്പൊഴും;
രാവും പകലുമവ്വണ്ണം ചിന്തയുംപൂണ്ടിരുന്നവൻ
ഉണൎന്നാൽക്കണ്ടിടും തന്റെ ചുരങ്ങത്തൊണ്ടൊഴിഞ്ഞതായ്;
എന്നാൽപ്പക്ഷേ ചിലയ്ക്കുന്ന കുരങ്ങന്മാർ കുലുക്കിയേ,
തലയ്ക്കുമീതേ നില്ക്കുന്ന മരക്കൊമ്പത്തുനിന്നുടൻ
കൊഴിഞ്ഞൂഴിയിൽ വീഴുന്ന വനപാകം ഭുജിച്ചിടും.
ഈ നിലയ്ക്കാകയാലാത്മസൌഭാഗ്യശ്രീ ക്ഷയിച്ചുപോയ്;
അത്യന്താത്മശ്രമാൽത്തേഞ്ഞ മെയ്യിൽ മാഞ്ഞിതു നാൾക്കുനാൾ
ബുദ്ധൻതാനെന്നു കാണിക്കും ചിഹ്നം മുപ്പത്തിരണ്ടുമെ.
അവന്നു, തൻ നാട്ടിന്നെല്ലാം യുവരാജപ്രസൂനമായ്
വിളങ്ങിമേവിയൊരവിടന്നുമായിപ്പൊഴുള്ളതിൽ
ഒട്ടും കുറഞ്ഞതല്ലുള്ള സാമ്യം, വാടിവരണ്ടതായ്
സാലദ്രുമോന്നതക്കൊമ്പിൽനിന്നു തൻ കാല്ക്കലെയ്ക്കുതാം,
പാറുന്നിലയ്ക്കു, വാസന്തമാമിളംപച്ചിലിപ്പുമായ്.

അക്കാലമൊരുനാൾ യത്നക്ഷീണനായ നൃപാത്മജൻ
കേണല്ലൊക്കെപ്പോയ് കൊലപ്പെട്ടൊരാൾപോലുൽക്കടമൂർച്ഛയിൽ
നിലത്തുവീണു, വീപ്പുററും രക്തം ചെററിളകാതെയും.
അവനത്രസ്സു വിളറി,യനങ്ങാതായിതത്രയും.
എന്നാലൊരിടയക്കുട്ടി പോയിരുന്നിതതേവഴി;
അവൻ 'സിദ്ധാൎത്ഥ'നെക്കണ്ടാനാ വഴിയ്ക്കു കിടപ്പതായ്,
കൺപോള രണ്ടും മുറുകെച്ചിമ്മിയും ചുണ്ടുകൾക്കു മേൽ
എന്തെന്നില്ലാത്തതാം നോവിൻ ചിഹ്നങ്ങളൊടു കൂടിയും—
തീയ്യാം മദ്ധ്യാഹ്നതപനൻ തല്ലുന്നു തൻ ശിരസ്സിലായ്.
അവനപ്പോൾക്കാട്ടുഞാവൽമരങ്ങളുടെ തുപ്പുകൾ
പൊട്ടിച്ചിടംതൂത്തു കുത്തിത്തീൎത്താനൊരു ലതാഗൃഹം,
ആദ്ദിവ്യമാം മുഖത്തിങ്കൽത്തണലേല്ക്കും തരത്തിലായ്.
ചുടപാൽ, തന്റെ പെണ്ണാടിൻ തുഞ്ചുനകിടിൽനിന്നുടൻ
കറന്നിററിററുവീഴിച്ചു ഗുരുവിൻ ചുണ്ടുമേലവൻ—
അത്രമേന്മയെഴുംമട്ടു,മത്രയും ദിവ്യനായിയും,
തോന്നിച്ചീടുമൊരാൾക്കിങ്ങു താന്ന ജാതിയിലുള്ള താൻ
കടന്നുതൊട്ടിട്ടു രസക്കേടുണ്ടാകാതിരിയ്ക്കുവാൻ.
വേദഗ്രന്ഥങ്ങളിവിടെച്ചൊല്ലീടുന്നുണ്ടു, തിൻവിധം
കുഴിച്ചുനിൎത്തിയിട്ടുള്ള ഞാവൽത്തുപ്പുകളഞ്ജസാ
ജീവനുള്ളവയായ്, പ്പുത്രപുഷ്പസമ്പത്തിണങ്ങിയും,
മെടഞ്ഞ പോലെയായ്ക്കൊമ്പുകളിടചേൎന്നും, ലസിയ്ക്കയാൽ,
വെള്ളിപ്പണിക്കുത്തുകാൽകൾ ചെമ്പൊൻമൊട്ടുകളെന്നിവ
അണിഞ്ഞുതീൎത്തതാം പട്ടുകൂടാരം പോലെയായിപോൽ.
പിന്നെയേതോ ദൈവമെന്നാദ്ദേഹത്തെക്കുട്ടി കൂപ്പിനാൻ.

നമ്മൾതൻ ദേവനോ ശ്വാസം കിട്ടിയിട്ടെഴുന്നേററുടൻ
ഗോപൻെറ തൊണ്ടിലെപ്പാലു ചോദിച്ചാൻ: കുട്ടി ചൊല്ലിനാൻ:—
"അയ്യോ, ഭവാനു മൽത്തമ്പുരാനേ, നല്കാവതല്ല മെ;
കാണുന്നവല്ലോ ഞാൻ ശൂദ്രൻ, ഞാൻ തൊട്ടെന്നാലശുദ്ധിയാം."
അന്നേരമാജ്ജഗൽപൂജ്യനരുളിച്ചെയ്തിതിങ്ങിനെ:—
"കനിവാവശ്യമിവയൊന്നാകുംദേഹിയെയൊക്കയും.
ജാതിയില്ലൊററനിറമായ്പ്രസരിക്കുന്ന ചോരയിൽ;
ആക്കാം പുളിപ്പൊടോലും കണ്ണീരിലുംജാതിയില്ലതാൻ;
നെററിമേൽത്തിലകപ്പൊട്ടു കുത്തിക്കൊണ്ടോ, കഴുത്തിലായ്
പൂണുനൂലേന്തിയോ, വന്നുപിറക്കുന്നതുമില്ലൊരാൾ.
സൽക്കൎമ്മം ചെയ്യുവോർ വിപ്രർ, ദുഷ്കൎമ്മകരർ നീചരും.
മത്സഹോദര, തന്നാലും പാനംചെയ്തീടുവാൻ മമ.
ഞാൻ തേടുന്നതു കൈവന്നാല, തു നിങ്ങൾക്കു നന്മയാം."
അപ്പൊൾ മനസ്തുഷ്ടിയൊടും നല്കിക്കൊണ്ടാൻ കൃഷീവലൻ,

പിന്നീടു വേറിട്ടൊരുനാളാ വഴിയ്ക്കു കടന്നുപോയ്
ഒരു കൂട്ടം മയക്കുന്ന മോടികൂട്ടിയ കന്യമാർ,
പട്ടണത്തിങ്കലിന്ദ്രക്കോവിലിലാട്ടത്തിന്നുള്ളവർ,
തൻ സംഗീതക്കൊഴുപ്പിന്നു വേണ്ടുന്നോരോടു കൂടവെ—
ച്ചുററും പീലിപിടിപ്പിച്ച ചെണ്ട കൊട്ടുന്നതിന്നൊരാൾ,
ശങ്കിടിയ്ക്കായൊരുതരം കുഴലൂതുന്നതിന്നൊരാൾ,
ഒരാളു മൂന്നിഴക്കമ്പിവീണമീട്ടുന്നതിന്നുമായ്,
അവർ മെല്ലെപ്പടവുകളോരോന്നിനുടെ മീതെയും
പോയാർ, തുള്ളമ്പിയാടിക്കൊണ്ടെ, ങ്ങാനോ ഉത്സവത്തിനായ്,

സുസ്വനം കൊള്ളുമത്തക്കാൽവെള്ളിത്തള കിലുങ്ങിയും,
അരഞ്ഞാൺവളകൾക്കുള്ള പടുശബ്ദമിണങ്ങിയും.
വീണയേന്തുന്നവനതിൻ പിച്ചളക്കമ്പികൾക്കു മേൽ,
മീട്ടിവായിക്കുമരികത്തുള്ള പെൺകൊടി പാടിനാൾ:—

ഭംഗിയാവുന്നു നൃത്തം വീണമീട്ടീടും വിധൌ.
മീട്ടീടുകുച്ചത്തിലോ മെല്ലെയോ ആയീടാതെ,
ആട്ടത്തിൽ ഞങ്ങൾ നരചിത്തത്തെയാട്ടിച്ചീടാം,

കമ്പിപൊട്ടിപ്പോമേറെ മുറുകിൽ, സ്സദിർ പോകും,
കമ്പിമിണ്ടാതാമേറെയയഞ്ഞാൽ, സദിർ നില്ക്കും.
മീട്ടീടുകുച്ചത്തിലോ മെല്ലയോ ആയിടാതെ.

ഇപ്രകാരത്തിൽ, വീണക്കും കഴൽക്കും ചേൎന്നിടും വിധം,
കാന്താരവീഥിയിൽപ്പൊന്ത വിട്ടു പൊന്തയിലെങ്ങു, ഹോ!
ചന്തം കാട്ടുന്നോരു നാനാവൎണ്ണത്തേനീച്ച പോലവെ,
തത്തിക്കളിച്ചുപോകുന്നാത്തേവിടിപ്പെണ്ണു പാടിനാൾ.
വഴിക്കൂടത്തത്തിമരച്ചുവട്ടിൽ ധ്യാനമഗ്നനായ്
മേവുമാദ്ദിവ്യദേഹത്തിൻ ചെവിയിൽത്താൻ ലക്ഷ്യകൃതികൾ
മാറ്റൊലിക്കൊൾവതായിട്ടു നിനച്ചീലവൾ തെല്ലുമെ.
ആ സ്വൈരചാരിണീവൎഗ്ഗമവിടം വിട്ടുപോയ മേൽ
മഹത്വമുള്ള തൻവക്ത്രമുയൎത്തി ബുദ്ധനോതിനാൻ:—
"മൂഢന്മാർ പണ്ഡിതന്മാരെപ്പഠിപ്പിപ്പു പലപ്പൊഴും;

ഈജ്ജീവതന്ത്രിയെപ്പാരം വലിക്കുന്നതു കൊണ്ടു ഞാൻ
ബലം കുറഞ്ഞതാകുന്നു, പക്ഷേ, രക്ഷാവിധായകം
സംഗീതശബ്ദത്തിൽനിന്നുണ്ടാകാമെന്ന ചിന്തയാൽ.
മങ്ങുന്നു തത്ത്വം കാണാകുമിപ്പോളെന്നുടെ കണ്ണുകൾ,
കുറയുന്നു കരുത്തിപ്പോളാവശ്യം പരമേറവെ;
ആ മനുഷ്യന്നു കിട്ടേണ്ടും സഹായം മേ ലഭിക്കുകിൽ
നന്നായിരുന്നു; സകലമർത്ത്യർക്കും വിജയാഗ്രഹം
ആർക്കെഴും ജീവിതംതന്നിൽ നില്പിതാ, ഞാൻ മരിച്ചുപോം."

അന്നാളപ്പുഴവക്കത്തു പാർത്തിരുന്നു, പ്രമാണിയായ്
ദൈവഭക്തിയെഴുന്നാളായ്, സമ്പത്തുള്ളവനായ്ത്തുലോം,
സ്വന്തമായിട്ടസംഖ്യം പയ്യുള്ളാളായ്, സാധുശീലനായ്,
ഒരു ജന്മി, ദരിദ്രന്മാർക്കൊക്കെ സ്നേഹിതനായവൻ.
അവന്റെ വംശപ്പേരാലാഗ്രാമം 'സേനാനി'സംജ്ഞമായ്.
ആ നാട്ടിലുള്ള മയ്ക്കണ്ണിമാർക്കെല്ലാമഗ്രഗണ്യയായ്
'സുജാത'യെന്ന സൌന്ദര്യരമ്യയാം പത്നിയാളുമായ്,
തോഷത്തോടും സമാധാനത്തോടും പാർത്തീടിനാനവൻ,
അവളോ താഴ്മയലിവുംപൂണ്ട സാദ്ധ്വി സുശീലയാൾ,
കുലീനനിലയന്റുള്ളാൾ, —വധൂവംശൈകമൌക്തികം.
അലട്ടില്ലാത്തൊരാ 'ഹിന്ദു'ഗൃഹത്തിൽ ഭർത്തൃയുക്തയായ്
ഗൃഹസൌഖ്യാനുഭവമോടേറെയാണ്ടവൾ പോക്കിനാൾ.
എന്നാലവർക്ക് സപ്രേമദാമ്പത്യഫലരൂപമായ്,
ഒരാൺകുട്ടി പിറന്നീലെന്നതേ ചെറുള്ള സങ്കടം.
അതിനാൽ വളരെക്കെഞ്ചിപ്രാർത്ഥിച്ചു ലക്ഷ്മിയോടവൾ,

## ആറാം സൎഗ്ഗം

ആ ശ്രേഷ്ഠബിംബത്തിന്നു വെൺവാവല്ലുകൾ പലേതിലും
ചെയ്താളൊമ്പതുവീതം ചുററൊമ്പതൊക്കും പ്രദക്ഷിണം,
ഒരാൺകുട്ടി പിറപ്പാനായ്, മുല്ലപ്പൂമാല വെള്ളരി
ചന്ദനത്തൈലമിതുകളേകി പ്രാൎത്ഥിച്ചുകൊണ്ടവൾ.
വനദൈവത്തോടു നേൎന്നാ —ളിതു സാധിച്ചുവെങ്കിലോ—
അവിടത്തെ മരച്ചോട്ടിലൊരു പൊൻഭാജനത്തിലായ്,
ദേവന്മാൎക്കും സ്വാദുനോക്കിക്കൈക്കൊള്ളാവുന്ന മട്ടിലായ്,
നല്ലതാമേറെ നൈവേദ്യം വെയ്ക്കാമെന്നു 'സുജാത'യാൾ.
അതൊത്തിതു; 'സുജാത'യ്ക്കുണ്ടായീ രമ്യനൊരൎഭകൻ.
നന്ദിയുൾക്കൊണ്ടഥ വനദൈവക്കോവിലിലെയ്ക്കവൾ
കാൽനടയ്ക്കു ഗമിയ്ക്കേ, ത്തൽക്കുചങ്ങൾക്കു നടുക്കിലായ്
പററിക്കിടപ്പുണ്ടു തദാ മുമ്മാസം ചെന്നൊരാശ്ശിശു.
ആത്മസൌഖ്യാഭരണമായുള്ളൊരാച്ചെറുകുട്ടിയെ
മൂടിപ്പുതപ്പിപ്പതിനായ് ത്തൻതുടപ്പാൻ ചേലയെ
ഒരു കയ്യാൽച്ചേൎത്തണച്ചുപിടിച്ചും, മറുകയ്യിനെ
ചേലിലൊന്നു മടങ്ങുംമാറുയൎത്തി, ത്തൻ ശിരസ്സിലായ്
ദൈവത്തിന്നുള്ളാ സ്വാദേറും ഭോജ്യം വെച്ചുള്ള പാത്രവും
തങ്കത്തളികയും നേരെത്താങ്ങിയും, പോകയാണവൾ.

എന്നാൽ നിലമടിച്ചിട്ടു മരത്തിൻ നാലുഭാഗവും
ചുകന്ന മാല ചാൎത്താൻ മുമ്പയയ്ക്കപ്പെട്ട 'രാധ'യാൾ
വന്നാളിപ്പിന്നുമുച്ചത്തിൽച്ചൊല്ലിക്കൊണ്ടു സകൌതുകം:—
"ഹാ! മൽപ്രിയസ്വാമിനി! കാൺകിതാ! പ്രത്യക്ഷരൂപിയായ്
വനദൈവമിരിയ്ക്കുന്നു, തന്റെ വാസസ്ഥലത്തുതാൻ,

തങ്കാൽമുട്ടുകൾതന്മേലായ്ക്കൈ രണ്ടും കെട്ടിയങ്ങിനെ.
തൻ നെററി ചുററുമെമ്മട്ടു തേജസ്സാളുന്നു, നോക്കുക!
കണ്ടാൽ, ദ്ദിവ്യാക്ഷ, നിദ്ദേഹമെത്ര സൌമ്യൻ മഹത്തരൻ
ഏവം ദൈവങ്ങളെക്കാണാറാവതുൽക്കൃഷ്ടഭാഗ്യമേ."
അവ്വണ്ണം, ദിവ്യനാകുന്നിതവിടുന്നെന്ന ചിന്തയാൽ,
വിറപൂണ്ടന്തികത്തെത്തി ചെന്നു മന്ദം 'സുജാത'യാൾ,
നമസ്കരിച്ചു, തന്നോമനമുഖവും താഴ്ത്തിയോതിനാൾ:—
"ഈ മരത്തോപ്പിലരുളും ദിവ്യൻ, നന്മതരുന്നവൻ,
അവിടത്തെദ്ദാസിയാകുമെൻെറ പേരിൽദ്ദയാർദ്രനായ്,
ഇപ്പോൾ പ്രത്യക്ഷമായിട്ടു കാണുവാനിടയാക്കിയോൻ,
കയ്ക്കൊൾക ഞങ്ങളുടെയീസ്സാരമില്ലാത്ത കാഴ്ചകൾ,
ആനക്കൊമ്പിൻെറ നവമാം പണിത്തരമൊടൊപ്പമേ
വെളുത്ത പാലും, ഹിമനേർവെള്ളയാം പുതുതൈരുമെ."

ആവിധം തയിരും പാലും പൊന്നുപാത്രത്തിൽ വീഴ്ത്തിനാൾ
പിന്നെപ്പാൻകൊടുത്താളാ'ബ്ബുദ്ധൻ'തൻതൃക്കരങ്ങളിൽ
പനിനീർപ്പൂക്കൾതന്നുള്ളിൽനിന്നു പാററിയെടുത്തതായ്
നല്ലൊരത്തർ, പളുങ്കാലുള്ളൊരു പാത്രത്തിൽനിന്നവൾ.
ഒന്നും മിണ്ടാതനുഭവിച്ചീടിനാനവിടുന്നുടൻ,
സന്തുഷ്ടചിത്തയായമ്മ ഭക്ത്യാ പിൻവാങ്ങിനില്ക്കവെ.
ആബ്ഭക്ഷണത്തിൻെറ ഗുണമത്ര വിസ്മയദായകം;
ദേവനു ജീവനും കെൽപും തോന്നീ വീണ്ടുമണഞ്ഞതായ്,
ഉറങ്ങാതെകഴിച്ചുള്ളല്ലുകളും നോൽമ്പുതന്നെയായ്
ലോകിയോരാപ്പകൽകളും സ്വപ്നത്തിൽപ്പോയ പോലെയും,

ആററമററുകിടക്കുന്ന മരുഭൂക്കൾക്കു മീതെയായ്
പാറന്നു തളരുംനേരം കഴുത്തിങ്കൽശ്ശിരസ്സിലും
മരുഭൂമിയിലെദ്ധൂളി പററിച്ചേൎന്നു മുററുമെ
കുഴകിക്കളുയും വൃഞ്ചോലകളാശ്ശു ലഭിയ്ക്കയാൽ
ഉള്ളംതെളിഞ്ഞതാമേതോ പക്ഷിയെന്ന കണക്കിനെ,
ദേഹി, ദേഹത്തൊടൊന്നിച്ചാ, വിശേഷപ്പെട്ട ഭുക്തിയിൽ
പങ്കേററു നിജപക്ഷങ്ങൾ പുതുക്കിയതു പോലെയും
നമ്മൾതൻ ദേവനെപ്പൂൎവ്വാധികസൌഭാഗ്യയുക്തനായ്
അതിപ്രസന്നമുഖനായ്, സമീക്ഷിച്ച 'സുജാത'യാൾ
കുന്നുകൂടിട്ടു വന്ദിച്ചു; ചോദിച്ചു താഴ്മയോടവൾ:—
"നേരായിട്ടിവിടുന്നാണോ സാക്ഷാലീശ്വരനായവൻ?
ഇവൾ ചെയ്തുള്ള വഴിപാടിവിടെയ്ക്കിഷ്ടമായിതോ?"

എന്നാൽച്ചോദിച്ചു 'ബുദ്ധൻ', "നീ കൊണ്ടുവന്നെന്തു തന്നുമേ."

'സുജാത' ചൊല്ലിനാൾ, "ദേവ! ഞങ്ങൾക്കുള്ള പശുക്കളിൽ
പുതുതായ്പ്പെററ നൂറെണ്ണത്തിൻെറ പാലു കറന്നു ഞാൻ
വെള്ളപ്പയ്യമ്പതെണ്ണത്തെയതുതാൻ നൽകിനിത്തിനേൻ;
അവതൻ പാലു നൽകിപ്പിമ്പരുപത്തഞ്ചു പയ്ക്കളെ;
പിന്നീടവയ്ക്കുള്ളതിനെയീരാറെണ്ണത്തിനേകിനേൻ;
പിമ്പവയ്ക്കുള്ളതേ നൽകിനിത്തീ ഞങ്ങടെ പയ്ക്കളിൽ
ഏററം മികച്ചെഴുന്നൊന്നാന്തരമാറു പശുക്കളെ.
അവ തന്നുള്ള പാലെല്ലാം തൂവെള്ളിപ്പാൽക്കലത്തിൽ ഞാൻ
പചിച്ചു, ചന്ദനോൽക്കൃഷ്ടഗന്ധദ്രവ്യമിണക്കിയും,

ഇദംപ്രഥമമായിട്ടു പണ്ണിചെയ്ത നിലത്തുതാൻ
തിരഞ്ഞ വിത്തുവെച്ചസ്സലാഢ്യിളഞ്ഞുള്ള നെല്ലരി,
ഓരോരോ മണിയും മുത്തുരത്നത്തെപ്പോലിരിപ്പതായ്
നോക്കിപ്പെറുക്കിക്കൈക്കൊണ്ടിട്ടതു, വേണ്ടതു കൂട്ടിയും.
എന്റെ പൂർണ്ണമനസ്സോടു കൂടിത്താനിതു ചെയ്തു ഞാൻ;
എന്തെന്നാലീമരച്ചോട്ടിൽവെച്ചു മുൻ നേർന്നിരുന്നു ഞാൻ
ഒരാൺകുട്ടിയെനിക്കുണ്ടായെന്നാലെന്റെ സുഖത്തിനായ്
വഴിപാടൊന്നു ഞാനിങ്ങു കഴിക്കാമെന്നു —നിശ്ചിതം!
പുത്രനുണ്ടായി; യെൻ ജീവകാലമാനന്ദപൂർണ്ണമായ്.

മെല്ലെന്നു നമ്മൾതൻ ദേവൻ തുടപ്പൂഞ്ചേലതൻ ഞൊറി
കിഴിച്ചു കൊച്ചുതലയിൽപ്പാരാകും പാരിനൊക്കയും
താങ്ങലായുള്ളോരാക്കൈകൾ വെച്ചുകൊണ്ടരുൾചെയ്തിതേ:—
"നിനക്കിയലുമാനന്ദം നിലനില്ക്കട്ടെയേറെ നാൾ!
ഇവനു ലഭ്യമാകട്ടേ ജീവിതച്ചുമടത്രയും!
എന്തെന്നാലാചരിച്ചല്ലോ സാഹായ്യത്തെയെനിക്കു നീ.
ഒരീശ്വരനല്ലീ ഞാൻ നിൻ ഭ്രാതാവാമൊരാളുതാൻ;
ഇതേവരെയ്ക്കൊരു നൃപപുത്രൻ, സഞ്ചാരിയിന്നു ഞാൻ—
എല്ലാമനുഷ്യർക്കുമെഴും തമസ്സ്യവർ ധരിക്കുകിൽ,
കുറയ്ക്കുവതിനായെങ്ങോ വിളങ്ങും ജ്ഞാനദീപ്തിയെ
ഈയാറാണ്ടായഹോരാത്രം ക്ലേശിച്ചു തിരയുന്നവൻ.
എന്നാൽക്കണ്ടുപിടിച്ചീടും ഞാനാ വിജ്ഞാനദീപ്തിയെ.
ഉദിച്ചിതതിഹ ശ്രേഷ്ഠമായ,നുഗ്രഹപൂർണ്ണമായ്;
ക്ഷീണിച്ചുപോയിതപ്പോഴെന്നുടെ ദുർബ്ബലമാമുടൽ,

ഉൽക്കൃഷ്ടോൽക്കൃഷ്ടസൌഖ്യങ്ങളെല്ലാററും പാതകങ്ങളെ
കഴകിശ്ശുദ്ധിയാക്കാനും പലജന്മത്തിലൂടവെ
ജീവൻതാൻ പോകവേ, ജീവൻതൻ പോക്കിന്നുക്കൂട്ടുവാൻ,
ജന്മങ്ങൾവഴിയായ് നാനാമട്ടിലിട്ടു വലിയ്ക്കയാൽ,
അതിൻെറ പൊയ്പോയ ബലം, സൌഭാഗ്യംപൂണ്ട സോദരി,
വീണ്ടെടുക്കപ്പെട്ടു ശുദ്ധമായൊരിമ്പ് ഭോജനത്തിനാൽ.
എന്നാൽ, വാസ്തവമായിട്ടും, ജീവിച്ചുംകൊണ്ടിരിയ്ക്കുവാൻ
അത്യന്തം മധുരമായ്ത്തന്നെയോ കണ്ടിടുന്നു നീ?
ജീവിതം പ്രേമമിവയാൽത്തവ തൃപ്തിപ്പെടാവതോ?

'സുജാത' ചൊല്ലിനാൾ, "പൂജ്യപാദ! മാമകമാനസം
ചെറുതാകുന്നു; വയലിൽക്കഷ്ടിച്ചൊന്നു നനപ്പതായ
ചെറുതാം മഴതാൻ പോരുമാമ്പൽക്കോപ്പ നിറയ്ക്കുവാൻ.
എനിയ്ക്കു,ന്നുടെഭർത്താവിൻ പ്രണയത്തെളിവിങ്കലും,
എൻെറ കൊച്ചുകുമാരൻെറ പുതുപുഞ്ചിരിതന്നിലും,
ജീവസൂര്യൻ പ്രകാശിച്ചു കണ്ടാലാ,യതു പോരുമെ
ഞങ്ങൾതൻ വീട്ടിലുത്സാഹകരമാം വേനലാകുവാൻ.
ഗൃഹകൃത്യം നിറഞ്ഞെൻെറ നാളു പോകുന്നു സൌഖ്യമായ്;
പ്രഭാതത്തിലെഴുന്നേററാൽദ്ദേവന്മാരെ സ്തുതിയ്ക്കുക,
അരിനൈവേദ്യമർപ്പിയ്ക്കു തുളസീപ്രതിശോധനം,
അതാതു പണികൾക്കായിട്ടെൻ ദാസികളെ നിർത്തുക,
ഉച്ചയാകും വരെ,പ്പിന്നെമ്പ് ഭർത്താവെന്നങ്കസീമനി
മൃദുഗാനങ്ങളെക്കൊണ്ടും വിശറിക്കാററിനാലുമെ
ഉറക്കം വന്നുകൊണ്ടേ തൻ തല വെച്ചു കിടന്നിടും.

പിന്നീടാമട്ടു താൻ സന്ധ്യകഴിഞ്ഞത്താഴമൂൺ വരെ.
അപ്പോൾ ഞാൻ തത്സമീപേ നിന്നാഹാരങ്ങൾ വിളമ്പിടും;
പിമ്പിശപ്രാൎത്ഥന സുഹൃത്സല്ലാപമിത്തുകൾക്കു മേൽ
നിദ്രയ്ക്കുഡുക്കൾ തൻവെള്ളിവിളക്കുകൾ കൊളുത്തിടും.
എനിയ്ക്കുസുഖമെന്തിത്രയ്ക്കനുഗ്രഹമിരിക്കവെ.
വെറും പിഞ്ചായിരിയ്ക്കുന്നാരുടെ കൈ— വേണമെങ്കിലോ—;
സ്വൎഗ്ഗത്തിലേററുമദ്ദേഹത്തിൻെറയാത്മാവിനെ സ്വയം,
ആപ്പുത്രനാകുമിവനെ ഞാനെടുത്തുമിരിയ്ക്കവെ.
വഴിപോക്കൎക്കു തണലായ് മരങ്ങളെ വളൎത്തുക,
നാട്ടുകാൎക്കുപകാരത്തിന്നൊരു കൂപം കുഴിയ്ക്കുക,
ഒരു പുത്രനെയുൽപ്പാദിപ്പിയ്ക്കയും, ചെയ്കിലായവൻ
മരിച്ചാൽ നന്മ നേടീടുമെന്നല്ലോ വേദശാസനം.
വേദങ്ങൾ ചൊല്ലുന്നവ ഞാൻ കയ്ക്കൊണ്ടീടുന്നു താഴ്മയിൽ.
ദൈവങ്ങളോടു സംസാരിപ്പോരു,മീശ്വരകീൎത്തനം,
മന്ത്രങ്ങൾ, സൎവ്വമാം പുണ്യമാൎഗ്ഗവും, ഭക്തിമാൎഗ്ഗവും,
ഇവ നന്നായറിഞ്ഞോരുമായ ഋഷികരില്ലയോ
ആ മഹാത്മാക്കളെക്കാളുമില്ലെനിയ്ക്കറിവാകയാൽ.
എന്നല്ല ഞാൻ നിനപ്പൂ നല്ലതിൽനിന്നിട്ടു നല്ലതും
ചീത്തയായതിൽനിന്നിട്ടു ചീത്തയും സംഭവിയ്ക്കണം,
എല്ലാൎക്കുമെല്ലാ രാജ്യത്തുമെല്ലാക്കാലത്തുമെന്നുതാൻ.
കേടററ വേൎക്കളിൽ സ്വാദുകായും, വിഷമരങ്ങളിൽ
കയ്പുള്ളവയു,മുണ്ടായിവന്നിടുന്നതു കാൺകയാൽ;
എന്നല്ല പിന്നെയും നമ്മളുടെയിജ്ജീവിതത്തിലും
വൈരമീൎഷ്യയെയും ചിത്താൎദ്രത ബന്ധുജനത്തെയും

ക്ഷമ ശാന്തിയെയും പോററീടുന്നതായ് ക്കാൺകയാലുമെ·
വിധിയെന്നന്നു നമ്മൾക്കു മൃത്യു മേലാൽ വരുമ്പൊഴും,
'ഇന്നൊ'ന്ന പോലെതാ'നന്നും' നല്ലതായ്വന്നുകൂടയോ?
ഭാഗ്യത്താലേറെ നന്നാകാ;മെന്തെന്നാലൊരു നെന്മണി
വെൺമുത്തമ്പതണിഞ്ഞോരു പച്ചത്തുവലുതന്നെയായ്
മുളച്ചുപൊന്തിപ്പോരുന്നു; ചെറുതായ്ച്ചാരവർണ്ണമായ്
ഇലകൂടി വിരിഞ്ഞീടാതുള്ള വിത്തുമുളയ്ക്കകം
ഉണ്ടൊളിഞ്ഞുകിടക്കുന്നു, നക്ഷത്രനിരപോലവെ,
ചമ്പകത്തിന്നിയന്നോരു വെള്ളിപ്പൊന്നെതിർഭംഗികൾ.
ഹാ! പ്രഭോ! ഞാനറിവതുണ്ടു, ണ്ടാവാം പല സങ്കടം,
യാതൊന്നിനെസ്സഹിച്ചീടാനാരോമൽക്ഷമ ഭൂമിയിൽ
മുഖം കുത്തിക്കിടക്കേണ്ടിവരു,മാവിധമുള്ളതായ്·
എന്റെ പിഞ്ചാകുമിപ്പൈതൽ മുമ്പിലേ പോകയെങ്കിലോ
എന്റെ ചിത്തം പിളരുമെന്നായിക്കരുതിടുന്നു ഞാൻ—
ഏതാണ്ടാശിപ്പു ഞാൻ ചിത്തം പിളർന്നീടേണമെന്നുതാൻ;
എന്നാൽത്താഴ കിടാമല്ലോ മൃതനാമവനെത്തദാ—
ഭർത്തൃവിശ്വാസ്യമാർ ഭാര്യമാരെങ്ങാൾപ്പാരിലാസ്ഥയാ
ഭർത്തൃശുശ്രൂഷയും, ചെയ്യാമീ നേരം വന്നിട്ടും വരെ·
എന്നാൽ 'സേനാനി'യെ വിളിയ്ക്കുകയാം മൃത്യുവെങ്കിലോ,
ഞാൻ പട്ടടയ്ക്കു മേലേറി പ്രിയമാമാശ്ശിരസ്സിനെ
എന്നങ്കത്തിൽക്കിടത്തീട്ടു,മിവർതൻ പതിവിൻപടി
ചൂട്ടാലുടൻ ജ്വലിയ്ക്കും തീ കത്തിയ്ക്കപ്പെട്ടു,തിൻ പുക
ശ്വാസം മുട്ടിച്ചുകൊണ്ടേന്തും നേരമാഹ്ലാദയുക്തയായ്.
അതിൻവിധം ഹിന്ദുപത്നിയൊമ്മത്തി മൃതിയേല്ക്കുകിൽ

തൽപ്രേമത്താലവളുടെ ഭർത്തൃജീവനു കൈവരും
തൽകുന്തളത്തിലെയൊരു രോമത്തിനൊരുകോടിയായ്
അത്ര വർഷം സ്വർഗ്ഗവാസമെന്നല്ലോ ശാസ്ത്രനിശ്ചയം.
അതിനാലേതുമേ പേടിപ്പീല ഞാൻ, ദിവ്യനാം പ്രഭോ!
അതിനാൽത്തന്നെയെൻ ജീവകാലമാനന്ദപൂർണ്ണമാം.
എന്നാൽ വേദനപൂണ്ടുള്ളോർ, ദരിദ്രന്മാ, രധർമ്മികൾ,
ദുഃഖാർത്തരിത്തരം മററു ശരീരികളെയേതുമെ
മറക്കുന്നീലി,ശ്വരന്മാരവരിൽക്കനിയേണമേ.
എന്നാൽ ഞാനോ പുണ്യമെന്തു കാണുന്നി, തതു താഴ്മയിൽ
ചെയ്വാൻ നോക്കും; ധർമ്മശാസ്ത്രച്ചൊൽപ്പടിയ്ക്കു നടന്നിടും,
യാതൊന്നു വന്നിടും, വന്നീടാതെ പററില്ല,തൊക്കയും
നന്നായി വരുമെന്നുള്ള വിശ്വാസത്തോടു കൂടവെ."

അന്നേരമരുളിച്ചെയ്തു നമ്മാംതൻ ദേവനിങ്ങിനെ:—
"ചുരുങ്ങും നിൻ ബുദ്ധിയ കൽപ്പെട്ടും ജ്ഞാനത്തിലേറെയായ്
ജ്ഞാനമാണ്ടു, പഠിപ്പിപ്പോർക്കറിവോതിക്കൊടുപ്പു നീ.
ഈമട്ടു തനതാം ധർമ്മന്യായമാർഗ്ഗമറിഞ്ഞ നീ,
ഇനിയൊന്നുമറിഞ്ഞിടായ്വാനലംഭാവമേല്ക്കുക.
പുഷ്പമേ! നീ മനോജ്ഞത്വംപൂണ്ട നിൻ കൂട്ടരൊത്തു താൻ
വളർന്നാലും, സമാധാനപൂർണ്ണമാം തണൽതന്നിലായ്—
തത്ത്വത്തിനുടെ നട്ടുച്ചനേരത്തെത്തിയ ഭാസ്കരൻ,
മററു ഭാസ്കരർതൻ മുമ്പിൽപ്പരന്നു പടരേണ്ടതായ്,
ഭാവിജന്മങ്ങളിലൊരു കിരീടം വെച്ച മൌലിയെ
വാനിൽപ്പൊന്തിയ്ക്കേണ്ടതായ തൈത്തളിർച്ചാർത്തിനൊത്തിടാ.

നിയ്യെന്നെ വന്ദിച്ചവളാം, നിന്നെ വന്ദിച്ചിടുന്നു ഞാൻ.
സ്നേഹത്താൽ കുട്ടിലെയ്ക്കായിപ്പറക്കും പ്രാവുപോലെ നീ
അറിയാതറിവാനുള്ളോൾ, നന്മകൂടുന്ന ചിത്തമേ!
മനുഷ്യനെന്തുകൊണ്ടുണ്ടു നിവൃത്തിനിലയെന്നതും,
നിന്നിൽക്കാണപ്പെടുന്നുണ്ടു, ജന്മചക്രത്തെയെങ്ങു നാം
പിടിച്ചു തന്നിച്ചുപോലെ നിർത്തിക്കൊള്ളുന്നിതെന്നതും.
സ്വാസ്ഥ്യമേല്ക്കു നിനക്കെല്ലാ നാളും കഴിക സൌഖ്യമായ്.
നീ സിദ്ധിയേല്ക്കുക,വ്വണ്ണം ഞാനും നേടട്ടെ സിദ്ധിയെ;
ദൈവമാണെന്നു നീയ്യാരെയാണോ ചിന്തിച്ചതായവൻ
നിന്നോടു കല്പിച്ചിടുന്നു മനസ്സാലിതു നേരുവാൻ."

"സിദ്ധിനേടട്ടെയിവിടുന്നെ"ന്നു സശ്രദ്ധമായവൾ
തൻ കൊച്ചുപൈതലിനുമേൽ നോക്കിയുംകൊണ്ടു ചൊല്ലിനാൾ.
കുട്ടിയും തന്നിളംകൈകൾ നീട്ടി 'ബുദ്ധ'ന്നു നേരെയായ്—
നാമോപ്പുതെക്കാളധികം ബാലക്കറിവിരിക്കയാൽ
അറിഞ്ഞും നമ്മൾതൻ ദേവൻതന്നെ വന്ദിച്ചമാസ്സുമാം.
എന്നാലശ്ശുദ്ധഭോജ്യത്താൽക്കെല്ലാനോറെഴുന്നള്ളിനാൻ.
യാതൊന്നപ്പോൾമുതൽക്കെന്നുമെപ്പോഴും വാടിടാത്തതായ്
എന്നെന്നുമുലകിൻ പൂജയേല്പാനായ് നിന്നിടുന്നുവോ
ആ മഹാമര — മശ്വത്ഥം — നില്ക്കുന്നേടത്തിലെയ്ക്കവൻ.
'ബുദ്ധ'ന്നതിന്റെ പത്രൌഘത്തിന്നു കീഴിലിരിക്കവെ
സത്യബോധമുദിക്കേണമെന്നല്ലോ ദൈവനിശ്ചയം.
അതപ്പോളറിവായ് വിശുദ്ധഗുരുവിന്നു,തിനാലവൻ
ആ ജ്ഞാനതരുവിൻ നേരെ ക്രമത്തിൽ, സാവധാനമായ്,

അന്തസ്സോടു,മെഴുന്നള്ളി— ഹാ! ഹാ! സകലലോകമേ!
ഹഷ്സ്സ്! നമ്മൾതൻ ദേവൻ വൃക്ഷത്തിൻ നേർക്കു പോയിനാൻ!

വരിയായ്ത്തൂങ്ങിടും വേടിൻ നിരയാൽത്തൂൺ ചുഴന്നതായ്
ഉജ്ജ്വലൽപ്പച്ചിലയണിക്കമാനത്തട്ടിനത്തിനാൽ
മേൽപുരക്കുട്ടേഴന്നൊന്നാമതിൻ തണലിലെസ്സുതാൻ
ചെന്നീടുമവിടത്തെക്കണ്ടറിഞ്ഞുംകൊണ്ടു മേദിനി
ആടും തൃണങ്ങളെക്കൊണ്ടും തൃപ്പദങ്ങൾക്കു ചുററിലും
പെട്ടന്നു വിരിയും പൂക്കൾകൊണ്ടുമർച്ചനചെയ്തുതെ;
അവനു തണൽചേർക്കാനായ്ക്കുനിഞ്ഞൂ കാട്ടുകൊമ്പുകൾ;
ജലദൈവങ്ങളുടെ നിശ്വാസപ്പൊസ്തൂർമണത്തിനാൽ
കനത്തുള്ള കുളുർത്തെന്നൽ വീശീ നദിയിൽനിന്നുമേ.
മാൻ പന്നി പുള്ളിപ്പുലിയെന്നുള്ള കാനനജീവികൾ
യോജിപ്പോടും കൂടി മടസ്സുള്ളിലും പൊന്തതന്നിലും,
അത്ഭുതം പൂണ്ടു വലുതാം കൺകളാല,ന്നു രാത്രിയിൽ
അവിടത്തെക്കൃപാപൂർണ്ണവദനം നോക്കിനില്പൂയായ്.
മെയ്യിൽ നാനാനിറപ്പുള്ളിയുള്ള കൊല്ലുന്ന പന്നഗം,
തണുത്ത തന്മടയിൽനിന്നാടിസ്സുന്ന പടത്തൊടും,
വന്നു ചുററിയിഴഞ്ഞതസ്മൽദ്ദേവങ്കൽബ് ഭക്തികാട്ടുവാൻ.
അവിടത്തെയ്ക്കേഴും താലവൃന്തപാഠകവൃന്ദമായ്
മിന്നും തേനീച്ചതൻ കൂട്ടം നീലച്ചും പച്ചയായിയും
പൊൻനിറംചേർന്നുമുള്ളാത്തൽച്ചിറകാട്ടിപ്പറന്നുതേ;
ദഷ്ടപ്പരുന്തിരവെടിഞ്ഞിതു, ശബ്ദിച്ചിതുഗ്രമായ്;
ചിത്രരേഖാദ്ധ്യനാമണ്ണാൻ മരക്കൊമ്പുകൾ തോറുമേ

അവിടത്തെക്കാണ്മതിന്നു വേണ്ടിപ്പാഞ്ഞു നടക്കയായ്;
തൂങ്ങിയാടും കൂട്ടിലിരുന്നോളപ്പക്ഷി ചിലച്ചുതേ;
കാന്തോടിപ്പോയ്; കുയിൽപ്പേട തന്റെ പാട്ടു തുടങ്ങിനാൾ;
കൂട്ടമായ് നാലു വശവും വന്നുകൂടി പിറാവുകൾ;
ഈ ജന്തുക്കളും കൂടിയറിഞ്ഞാർ, തുഷ്ടിതേടിനാർ.
ഉന്നഭസ്സുകൾതൻ ശബ്ദമൊത്തു പാട്ടൊന്നു പാടിതേ;
അതു, കേൾക്കുന്നവരുടെ കണ്ണുങ്ങളിലുരച്ചുതേ!—
“ഹേ, ദേവ, മിത്രമേ, പ്രേമശാലിൻ, രക്ഷാധിനായക!
ക്രോധങ്ങളഭിമാനങ്ങൾ, മോഹങ്ങൾ, ഭയശങ്കകൾ,
ഇതൊക്കെയും വെന്നു ഭവാനെല്ലാർക്കുമുപകാരമായ്
തന്നെത്താൻതാൻകൊടുത്തോനാമങ്ങാ മരമണഞ്ഞിട്ടും.
കഷ്ടപ്പെടും ലോകമനുഗ്രഹിച്ചീടുന്നു നന്ദിയിൽ
അതിൻ ദുഃഖം കുറച്ചീടും ‘ബുദ്ധ’നായിടുമങ്ങയെ.
എഴുന്നൾക, ജഗൽസ്തോത്രാർഹനേ! പൂജിതനേ! ഭവാൻ
ഞങ്ങൾക്കുവേണ്ടിച്ചെയ്താലുമൊടുക്കത്തെ പ്രയത്നവും
രാജാവേ, തുംഗവിജയശീലനേ, തവ നേരമായ്;
മന്വന്തരങ്ങൾ കാത്തുംകൊണ്ടിരുന്നാ രാത്രിയിന്നുതാൻ!”
നമ്മൾതൻ ഗുരുവശ്വത്ഥവൃക്ഷത്തിനു ചുവട്ടിലായ്
ചെന്നിരിപ്പായപ്പൊഴസ്തംവന്നണഞ്ഞിതു രാത്രിയും.
എന്നാൽ മാരൻ, തമസ്സിന്റെ യുവരാജത്വമാർന്നവൻ,
മർത്ത്യർക്കു മുക്തിയരുളും ‘ബുദ്ധ’നാണായതെന്നതും,
സത്യത്തെക്കണ്ടറിഞ്ഞിട്ടദ്ദേഹം ലോകത്തിനൊക്കെയും
രക്ഷ ചെയ്കും സമയമാണതെ, ന്നതുമറിഞ്ഞുടൻ,
തൻ ദുഷ്ടസൈന്യങ്ങൾക്കെല്ലാമൊരുത്തരവു നൽകിനാൻ.

അതിനാൽ വൻകുഴികളോരോന്നിൽനിന്നങ്ങു കൂട്ടമായ്
വന്നെത്തി ജ്ഞാനധമ്മങ്ങളാല്ലൊരും ദുഷ്പിശാചുകൾ.
രാഗവും തൃഷ്ണ രതിയു,മായവക്കാറ കൂട്ടരും—
തീവ്രകാമങ്ങൾ, മോഹങ്ങൾ, ഭോഗേച്ഛകൾ, ഭയങ്ങളും
തമോഭയങ്ങളെത്താനാശ്രയിച്ചുള്ളവതൻ ഗണം
'ബുദ്ധ'ങ്കൽസ്സേഷ്യരെപ്പേരും തന്മനഃകമ്പനോദ്യതർ.
അറിയുന്നീലൊരുവനുമെത്രമേൽ ജ്ഞാനവൃദ്ധനും
ആ രാവിൽ 'ബു,ദ്ധനിൽസ്സത്യബോധം ചെല്ലാതെ നിത്തുവാൻ
ദുന്നാരകപ്പിശാചുക്കളെത്ര പോരാടിയെന്നതേ:
ചില നേരത്തിരമ്പുന്ന പല പൈശാചസേനകൾ,
വായുസ്കന്ധത്തെയിടിയാൽക്കാറടിപ്പിച്ചു നിർഭരം,
പ്രഃകോപധൂമ്രക്രകചകുന്തങ്ങളുടെ രീതിയിൽ
കണ്ണുഞ്ചും മിന്നൽ പിളരും വാനിൽനിന്നിട്ടു ചാട്ടിയും,
ചിലപ്പോൾ ഹാരിസൌന്ദൎയ്യസപത്രപങ്ങളിൽനിന്ന,ഹോ!
നിഷ്പന്ദപത്രപങ്ക്തിസ്സും ശാന്തമാം ഗഗനത്തിനും
മദ്ധ്യത്തിലൂടെയുളവാം സുസ്വരാലപിതങ്ങളും,
മറിമായപ്പണികളും, ഗ്രാമശൃംഗാരഗീതികൾ,
പ്രേമത്തെ മെല്ലവേ കൊഞ്ചിച്ചൊൽകലെ,ന്നിവ തേടിയും;
ചിലപ്പോൾരാജ്യവാഗ്ദാനരാജവശ്യങ്ങളേന്തിയും;
എന്നാലിവ വെളിച്ചത്തു കാണാകുംമാറുദിച്ചിതോ,
അതോ 'ബുദ്ധൻ' ദുഷ്പിശാചുക്കളായ് പോരിട്ടതത്രയും
തന്നുള്ളിന്നകമേ വെച്ചോ—നിങ്ങൾതാൻ തീച്ചയാക്കുവിൻ!
പ്രാചീനഗ്രന്ഥനിരയിൽച്ചൊന്നതിങ്ങെഴുതുന്നു ഞാൻ.

പ്രാധാന്യമേറിടും പത്തു മനോദോഷങ്ങളെത്തിനാർ—
പാപങ്ങൾതൻ ദേവതമാർ— മാരൻതൻ മുഖ്യസൈനികർ.
ഒന്നാമതായിട്ടാത്മാവിൻ ദോഷമാകുമഹന്ത'താൻ.
അവൾ കണ്ണാടിയിൽപ്പോലെ തന്നാരോമന്മുഖത്തിനെ
പ്രപഞ്ചത്തിൽ പ്രതിഫലിപ്പതു വീക്ഷിച്ചു,റക്കനെ
"ഞാനെ"ന്നുരച്ചു "ഞാനെ"ന്നു ചൊല്ലിടുന്നു ജഗത്തിനാൽ;
അവളാമട്ടിലേ നിന്നാൽ നശിക്കും സർവ്വവസ്തുവും.
അവൾ ചൊല്ലീടിനാ,"ളങ്ങു 'ബുദ്ധ'നാത്തീരുമെങ്കിലോ
മറവുള്ളോരൊക്കയും തപ്പിക്കൊള്ളട്ടെ വെളിവെന്നിയെ;
അങ്ങെന്നും മാററമില്ലാതെങ്ങാ'യിരിപ്പതു പോരുമെ
നാശമില്ലാതെയും, കുശലററും, യത്നങ്ങൾ നീങ്ങിയും,
മേവും ദേവകൾതൻ സൌഖ്യമങ്ങെഴുന്നേല്ക്കു വാങ്ങുക."
അരുളീ 'ബുദ്ധ'നും, "നിന്നിൽപ്പെട്ടിടും നന്മ നിന്ദിതം,
തിന്മയോ ശാപമാം; സ്വാത്മസ്നേഹിയെപ്പോയ് ചതിക്കു നീ.
പിമ്പെ,ല്ലാമില്ലയെന്നോതുമശിരില്ലാത്ത 'സംശയം'
വന്നെത്തി— പരിഹാസൈകശീലനാം ദോഷമാമവൻ—
ചീററിയുംകൊണ്ടു ഗുരുവിൻ ചെവിയിൽച്ചൊല്ലിനാനവൻ:
"എല്ലാം വസ്തുക്കളും തോന്നൽ മാത്രമാണ,വതമ്മുടെ
നിസ്സാരത്വത്തിനെപ്പററിയറിവും സാരമററതാം.
നിൻ പ്രതിച്ഛായയേത്തന്നെ തിരഞ്ഞീടുന്നു നീ ദൃഢം.
എഴുന്നേററീടുകിവിടം വെടിഞ്ഞു നടകൊൾക നീ;
ക്ഷമചേരുന്ന 'പുച്ഛ'ത്തിൽ മീതെയില്ലൊരു നൽവഴി
നിവൃത്തി മർത്ത്യനില്ലല്ലോ, മർത്ത്യനൊരുവിധത്തിലും
ആയവൻെറ തിരിഞ്ഞീടും ചക്രത്തിന്നില്ല നില്ക്കലും.

അന്നേരമരുളിച്ചെയ്താനാ നമ്മളുടെ ദേവനും:
"എന്നെക്കൊണ്ടില്ല കൎത്തവ്യം, മനുഷ്യന്റെ രിപുക്കളിൽ
തഞ്ചമേറുന്നതായുള്ള കള്ളസ്സംശയമേ! തവ."
മൂന്നാമതായ് വന്നിതന്ധവിശ്വാസങ്ങൾക്കശേഷവും
അവതൻ ശക്തി നൽകും 'സദാചാരപരമാശ' താൻ:
വശ്യപ്രയോഗക്കാരത്തി, നികൃഷ്ടമതഭക്തിയായ്
ഏറെ രാജ്യങ്ങളിൽച്ചേലാന്മുടപ്പോടെ നടപ്പവൾ.
എന്നാൽ തന്ത്രങ്ങളെക്കൊണ്ടും സംപ്രാൎത്ഥനകൾകൊണ്ടുമേ
ജീവാത്മാക്കളെയെപ്പോഴുമപായത്തിൽച്ചതിപ്പവൾ,
നരകശ്രേണിയെപ്പൂട്ടീടുന്നതും സ്വൎഗ്ഗപങ്ക്തിയെ
തുറക്കുന്നതുമാം, താക്കോൽക്കൂട്ടം സൂക്ഷിച്ചിടുന്നവൾ.
അവൾ ചൊല്ലീടിനാ, "ളെല്ലാ നാട്ടിനും താങ്ങുനില്പതായ്
പുരോധസ്സുകളെപ്പോററും ധൎമ്മത്തെക്കീഴ്മറിച്ചു നീ
കടന്നു ഞങ്ങൾതൻ വേദഗ്രന്ഥത്തെക്കൂട്ടിവെയ്ക്കുമോ?
ഞങ്ങൾതന്നീശ്വരന്മാരെ നീ സ്ഥാനഭ്രഷ്ടരാക്കുമോ?
ദേവാലയങ്ങളെല്ലാമെ വിജനങ്ങളുമാക്കുമോ?"
'ബുദ്ധൻ' ചൊല്ലീടിനാൻ, "നിയ്യെന്നോടു സൂക്ഷിച്ചുവെയ്ക്കുവാൻ
കല്പിയ്ക്കും വസ്തു, മാറിക്കൊണ്ടിരിയ്ക്കും ചില ചട്ടമാം.
എന്നാൽസ്സത്യം ജയിക്കുന്നു മാററമെന്ന്യെ സ്വതന്ത്രമായ്,
കടന്നുപൊയ്ക്കൊള്ളുക നീ നിൻ തമസ്സിങ്കലെയ്ക്കുതാൻ."
പിന്നീടടുക്കെ വന്നെത്തി 'കാമ'നന്തസ്സിലങ്ങനെ—
മോഹങ്ങൾക്കു രാജാവു, ധൈൎയ്യം കൂടും പ്രലോഭകൻ,
ഈശ്വരന്മാരിലും തന്റെയധികാരം നടത്തുവോൻ,
എല്ലാ പ്രേമങ്ങൾതൻ മേലാൾ, സുഖസാമ്രാജ്യമാളുവോൻ.

ചിരിച്ചുംകൊണ്ടവൻ വന്നാനാ വൃക്ഷത്തിന്നു നേരെയായ്
ചുകന്ന പൂക്കൾതൻ മാല ചാൎത്തും തൻ തങ്കവില്ലോടും
നഞ്ഞാൎന്ന ശൂലത്തലയെക്കാളും മൂൎത്തുള്ളതാകയാൽ
നെഞ്ചം തുളച്ചേറുമഞ്ചു നാക്കണിസ്സൂക്ഷ്മഹേതിയാൽ
ക്ലുപ്തിയന്നവയാം മോഹാസ്ത്രങ്ങളോടും സമേതനായ്.
അവന്നു ചുററുമായ്ച്ചേൎന്നു വന്നാരാ വിജനസ്ഥലെ
ദിവ്യങ്ങളാം കണ്ണുകളുമധരങ്ങളുമുള്ളവ,
വിളങ്ങീടുന്ന സൌന്ദൎയ്യയുക്തരൂപങ്ങൾ, കൂട്ടമായ്,
ഭംഗിയുള്ള പദം ചേരുമനുരാഗാഭികീൎത്തനം
അദൃശ്യമോഹനക്കമ്പിശ്രുതിയ്ക്കൊപ്പിച്ചു പാടുവോർ.
അത്രയ്ക്കു ചേതോവശ്യങ്ങളായിരുന്നിതു പാട്ടുകൾ.
അവ കേൾപ്പാനനങ്ങാതെ നിന്നോ രാവെന്നു തോന്നീടും.
താരചന്ദ്രരുമാത്മീയമാൎഗ്ഗേ ശ്രദ്ധിച്ചു നിന്നിതോ?
അവർ 'ബുദ്ധ'നോടായപ്പോൾ സ്തുതിച്ചുംകൊണ്ടു പാടിനാർ,
ഉപേക്ഷിയ്ക്കപ്പെട്ട സൌഖ്യങ്ങളെപ്പററിയു,മാവിധം
ചത്തുപോകുന്ന നരനിപ്പുരന്നുള്ള ജഗത്ത്രയെ
അനുരാഗാഢ്യമായ്, ത്തങ്കൽ സ്വയമേ വന്നണഞ്ഞതായ്,
മണം വീശുന്നതാം, മഞ്ജുഗാത്രിമാരുടെ മാറിലും,
അനുരാഗത്തിനുടയ പുഷ്യരാഗങ്ങൾതന്നെയാം
പനിനീർപ്പൂനിറം ചേരും കൊങ്കപ്പൂമൊട്ടിനത്തിലും,
മീതെയായ് വിലകൂടുന്നതൊന്നും കാണ്മീലയെന്നതും.
എന്നുതാനല്ല സൌന്ദൎയ്യത്തിന്നെഴും രൂപലേഖകൾ
വശീകരണവൈദഗ്ദ്ധ്യമിവയിൽക്കണ്ടിടുന്നതായ്,
അവാച്യമായ്, പക്ഷെ, രണ്ടാത്മാക്കൾ തമ്മിൽ വചിപ്പതായ്,

ഭോരത്തിളപ്പിൽത്തനതാ,യതാണേതിലുമുത്തമം—
മർത്ത്യനെങ്ങമരന്നൊപ്പം സ്രഷ്ടാവീശനുമാകുമോ,
അസ്സാക്ഷാൽസ്വർഗ്ഗ—മഴലായിരമേറുമുപേയവും,
എന്നും നവീദ്ദവിപ്പൊന്നു,മാമനുഗ്രഹപങ്ക്തിയിൽ
മുഖ്യമായിടുമൊരനുഗ്രഹ—മെന്നറിവാകയാൽ,
തൽഗ്രഹാർത്ഥം ചാടിയെത്തുമിച്ഛയാൽപ്പൂജ്യമാനമായ്
വേണ്ടുന്നവയവച്ഛേച്ഛയാലുണ്ടാമഴകില്ലയോ,
അതിലും മീതെയായൊന്നും പ്രാപിയ്ക്കില്ലവനെന്നതും:
എന്തെന്നാലാരഴൽപ്പെട്ടിട്ടുണ്ടു, വ്യവെതിർകൈകളാൽ
സ്വച്ഛന്ദമാം വിധം കെട്ടിപ്പുണരപ്പെട്ടിരിയ്ക്കുവെ,
ഒരു നൽസ്സുഖസീൽക്കാരത്തിങ്കൽ ജ്ജീവൻ ലയിയ്ക്കുവെ,
പ്രേമചുംബനമൊന്നാലെ ലോകമൊക്കെ ലഭിയ്ക്കുവെ.
ഈ വിധം പാടിനാർ മാടിവിളിച്ചുംകൊണ്ടു ഭംഗിയിൽ,
മന്ദമായിളകും കൈകളോടും, വശ്യസ്മിതത്തൊടും,
പ്രേമദീപ്തികളാൽ മിന്നും നേത്രങ്ങളൊടുമൊത്തവർ.
ദാസിയാട്ടത്തിലവർതന്നുലയും പാർശ്വപാണികൾ
വെളിവായും മറഞ്ഞായുമിരുന്നു; കാന്തി കാട്ടിയും
ഉള്ള കാട്ടാതെയും നില്ക്കും എല്ലമൊട്ടുകൾ പോലവെ.
“അഹോ! മഹാനാം ‘സിദ്ധാർത്ഥ!’ ഭവാനുള്ളവളാണു ഞാൻ;
എന്നോഷ്ഠമാസ്വാദിച്ചീടുകെ,ന്നിട്ടങ്ങുന്നു, നോക്കുക,
യൌവനം സുഖമുള്ളോന്നോ എന്നേ!”വം ചൊല്ലി മെല്ലവെ.
പാതിരക്കൂത്തുകാർ കൂട്ടംകൂട്ടമായവർ, ഭംഗിയിൽ,
അടുത്തു മുമ്പുള്ളോരെക്കാളോരോരുത്തരുമഗ്ര്യമാർ,
ചെന്നാരടുത്തടുത്താടിക്കുഴഞ്ഞാപ്പാദപാന്ത്യകെ.

അപ്പൊഴത്തെക്കൺനക്ഷത്രസ്മൃതിരറ്റൊരു സൌഭഗം
നേത്രങ്ങളെക്കുളുർപ്പിസ്സുയുണ്ടായിട്ടില്ലൊരിക്കലും.
എന്നില്ലിതൊന്നും ഗുരുവിന്നുൾച്ചലിപ്പേകിടായ്കയാൽ
അതാ! 'കാമ' നിളക്കി തൻ മായമേറിയ കാർമ്മുകം.
അപ്പോളതാ, നടീചകിതി വീങ്ങി രണ്ടുവശത്തിലായ്;
കൂട്ടത്തിലന്തസ്സുഴകുമേറിടും രൂപമൊന്നുടൻ
വന്നൂ പ്രിയപ്പെട്ട 'യശോധര' തൻ വേഷമാർന്നതായ്;
നീമാണ്ട നീലനേത്രത്തിൻ വികാരം പ്രേമകോമളം;
തൻ നേർക്ക് നീട്ടിയിട്ടുള്ള കൈകളോ കൊതിപൂണ്ടവ;
തൻ പേർ വിളിക്കുമ്പോഴത്തെഗ്ഗൽഗദം ഗാനസന്നിഭം.
ഭംഗിയുള്ളാ നിഴൽ നെട്ടവീർപ്പിട്ടുംകൊണ്ടു ചൊല്ലിതേ:
"എൻ നൃപാത്മജ! ചാകുന്നു ഞാൻ ഭവദ്വിരഹത്തിനാൽ;
വിളങ്ങിടും 'രോഹിണി'തൻ കരസ്ഥാക്കളിമേടയിൽ
നാമറിഞ്ഞതിലും മീതെ സ്വർഗ്ഗമെന്തൊന്നു കണ്ടതും?
കേണു പോകുന്നു ഞാനങ്ങു നീങ്ങാത്താണ്ടു കളത്രവും.
മടങ്ങുകാ, ഹാ! 'സിദ്ധാർത്ഥ!' നമുക്കിനി മടങ്ങുക:
എന്റെ ചുണ്ടുകളൊന്നു കൂടിയും തൊട്ടുനോക്കുക!
കരിസ്സൂൽക്കൂടി നന്മാറിലെന്നെച്ചേരാനയക്കുക!
എന്നാലീക്കാഴ്ചയില്ലാത്ത മനോരാജ്യങ്ങൾ തീരുമെ.
അഹൊ; നോക്കുക! ഞാനല്ലീ ഭവാൻ സ്നേഹിച്ചിടുന്നവൾ."
ചൊന്നാൻ 'ബുദ്ധ'നു,മാരോമലവൾതൻ വേഷമാർന്ന നീ,
പാഴിൽ നിൻ മായ,മഴകുള്ള സത്യപ്രതിരൂപമേ!
ശപിപ്പീലാ പ്രിയപ്പെട്ട വേഷമേന്തിയ നിന്നെ ഞാൻ.
എന്നാൽ നിന്മട്ടുതാൻ മന്നിൻ കള്ളനാട്യങ്ങളൊക്കയും.

നിൻെറ ശൂന്യസ്ഥലത്തെയ്ക്കു വീണ്ടും ചെന്നു ലയിക്കു നീ!"
അപ്പോളൊരാർത്തസ്വരമാ മരത്തോപ്പിലലച്ചതെ;
ആ രമ്യസംഘമെല്ലാം തീജ്വാലത്തള്ളൽച്ചലിപ്പൊടും
ആഖിയാം തൂകിലിൻ തൊങ്ങലോടും മങ്ങിമറഞ്ഞുതെ.

പിന്നെ വന്നെത്തിയാപ്പത്തിൽ വെച്ചേററം പിന്നിൽ നില്പു
മററുള്ളവയിൽ വെച്ചേറെബ്ഭീമമാം ദോഷസഞ്ചയം, (താഴ്
കറുക്കും വാനമിളകും കൊടുങ്കാററാലിരമ്പവെ.
ഈർഷ്യ, തൻ നീണ്ടു തൂങ്ങുന്ന വക്ഷോജങ്ങളിൽ നിന്നുതാൻ
വിഷസമ്മിശ്രമാം ക്ഷീരം കുടിച്ചീടുന്നതായിയും,
തൻെറ ശാപങ്ങളോടൊപ്പം ക്രോധാൽച്ചീററുന്നതായിയും,
അരക്കെട്ടിൽച്ചുററിനില്ക്കും സർപ്പൌഘത്തൊടു കൂടവെ.
അവളൊന്നും പ്രവർത്തിച്ചീലാ വിശിഷ്ടമനുഷ്യനിൽ;
അമർത്തി ശാന്തമാം കണ്ണാലവൾതൻ കയ്യു ചുന്ദവൻ,
ഉഴന്നു, പല്ലൊളിപ്പിച്ചു, തൽക്കാളഭുജഗങ്ങളും.
പിന്നെ വന്നൂ 'രൂപരാഗ'—മായുസ്സിന്മേലെഴും കൊതി—
ജീവലോഭേന ജീവിപ്പാൻ മററും വിഷയാഘഃമേ.
പിന്നീ'ടരൂപരാഗം'; നൽശ്രേഷ്ഠം, കീർത്തിയിലെക്കൊതി,
വിദ്വാന്മാരെ മയക്കുന്ന മിരട്ടുള്ളൊന്നു, നുത്തമം,
ധീരകർമ്മം മഹായത്നം പോരിവയ്ക്കൊക്കെയാകരം.
പിന്നെ വന്നി'തഹങ്കാര'ഭൂതം, ഗർവ്വുള്ള മാനമേ.
പിന്നെ മാർദ്ദവമാന്നുള്ളൊരാത്മധർമ്മസ്വഭാവവും.
പിന്നീടു വൻ തവള പോലെയും, വാവൽ പോലെയും,
ഇഴഞ്ഞും തൂങ്ങിയുമെഴും വളരെബ്ഭൂതപംക്തികൾ,

വികൃതങ്ങ,ളരൂപങ്ങൾ, നികൃഷ്ടങ്ങൾ, ചുഴന്നുതാൻ
വന്നാളവിദ്യയെന്നുള്ള വൈകൃതം പൂണ്ട രാക്ഷസി,
അജ്ഞാനം, പാതകത്തിന്നും ഭീതിക്കുമധിദേവത.
അവൾതൻ കാൽച്ചുവടുകൾ രാത്രിയെ വീണ്ടുമേ
കറുപ്പിച്ചിതു,റപ്പാണ്ട പർവ്വതങ്ങൾ വിറച്ചുപോയ്;
ഇരമ്പി വനവാതങ്ങൾ; പിളരപ്പെട്ട കാറുകൾ
സ്വന്തം ഗുഹകളെക്കൊണ്ടു മഴപ്പുഴകൾ തൂകിതേ;
അന്തരിക്ഷത്തിൽനിന്നൂക്കിൽ വീണുപോയിതു താരകൾ;
കട്ടിത്തമാന്ന ധരണിയേററം ഞെട്ടിവിറച്ചുപോയ്,
അവൾതൻ ഖിണ്ഡ മുറിവിലാരോ തീവെച്ചതിൻ വിധം.
പിച്ചിപ്പറിഞ്ഞിരുണ്ടുള്ള വാനത്തു നരകേശരും
നിറഞ്ഞു, മൂളും ചിറകിൻ ചാർത്തു,മാർപ്പു,മലച്ചയും,
തുറിച്ചുനോക്കും വികൃതമുഖങ്ങളു,മുദാരമായ്
വിരിഞ്ഞു ഘോരമായുള്ള പൃഷ്ഠകായവുമുള്ളവർ—
ആത്മസൈന്യങ്ങളെക്കൂട്ടി ഗുരുവെപ്പാട്ടിലാക്കുവാൻ
അസംഖ്യമായ നരകക്കുണ്ടിൽനിന്നൊത്തുവന്നന്നവർ.

ശാന്തനായരുളും 'ബുദ്ധൻ' സാരമാക്കീലിതൊന്നുമേ.
ആത്മാവിൻ ഗുണമാകുന്ന മതിലാൽപ്പരിവാരിതൻ,
കോട്ടവാതിൽക്കൊത്തളങ്ങൾ ചൂഴും ദുർഗ്ഗം കണക്കിനെ.
എന്നല്ലശ്വത്ഥവൃക്ഷപ്പേരാളുമാദ്ദിവ്യവൃക്ഷവും,
അനങ്ങീടുകയുണ്ടായില്ലാക്കലാപം തിമർക്കവെ;
എന്നാലിലകളോരോന്നും നിശ്ചലം നിന്നു മിന്നിതേ,
നിലാവല്ലികളിൽക്കൂടിച്ചേരും മഞ്ഞണിമുത്തുകൾ

ഓമനാത്തെന്നലാൽച്ചിന്നിപ്പോകാത്തളവിലാം വിധം
ചുഴന്ന ത്തൂൺവേട്ടകൾതൻ പരന്ന നിഴൽതന്നുടെ
പുറത്തുവെച്ചാണു നടന്നതീ ലഹളയൊക്കയും.

മൂന്നാം സമാധിനാളിങ്കൽബ്ഭൂമി നിശ്ശബ്ദമായിയും,
പിശാചദുഷ്ടസൈന്യങ്ങളൊക്കയും പാഞ്ഞുപോയിയും,
അസ്തമിച്ചീടുവാൻ പോകും, നിശാനാഥങ്കൽനിന്നു,ഹോ!
ഒരു കോമളമാം തെന്നൽ വീശിക്കൊണ്ടുമിരിക്കവെ,
ആ നമ്മളുടെ ദേവനു സമബുദ്ധിത സിദ്ധമായ്:
നമ്മൾതൻ മാനുഷികമാം ചക്ഷുസ്സിന്നപ്പുറത്തിലായ്
വിളങ്ങീടും വെളിച്ചത്തിലവൻ കണ്ടു, ക്രമത്തിലായ്
ആത്മജന്മങ്ങൾതൻ പക്തിയെല്ലാ ലോകത്തിലുള്ളതും;
എത്രയൊ മുമ്പു,തിൻമുമ്പു,മതിലും മുമ്പുമുള്ളതായ്
അഞ്ഞൂറുമമ്പതും ജന്മങ്ങളെയൊന്നെന്ന പോലവെ.
നോക്കിക്കണ്ടാനൊരു മലമുടിമേൽ നിന്നുകൊണ്ടവൻ
തന്റെ മാർഗ്ഗത്തെ വളവു പൂണ്ടു മേല്പോട്ടു പോവതായ്,
ചുരുങ്ങിയെഴു നെൽക്കണ്ടത്തോളമേ പോന്ന കാടുകൾ
തിങ്ങിനില്പതിനെപ്പിന്നിട്ടൊരു കുന്നിന്റെ ചാപ്പിനും
ശൃംഗത്തിനും സമീപത്തിലൂടെയും, മിന്നിടുന്നതായ്
പച്ചവിരിപ്പുകിട്ടുള്ള ചേർനിലങ്ങളിലൂടെയും,
താൻ വീപ്പെന്ന്യേ വേലചെയ്ത ഗൃഹകൾക്കുള്ളിലൂടെയും,
തൻ കാൽകൾ വഴുതിപ്പോയീപോയിലെന്നുള്ളിടങ്ങളായ്
തല ചുററിച്ചിടും കുന്നിൻ മുനമ്പുകളിലൂടെയും,
വെളിമ്പറമ്പുകളഥ നീർച്ചാട്ടം ഗൃഹ പലപലം

ഇവററിനെക്കടെന്നൊങ്ങുന്നിന്നിട്ടോ വാതിലെപ്പുതാൻ
ചാടിക്കേറിനിറം കെട്ടാ മൈതാനങ്ങളിലെല്ലാമെ.
ആമട്ടു കണ്ടുതേ 'ബുദ്ധ'നേറെത്താഴത്തുനിന്നുതാൻ
കെട്ടപ്പെട്ടുള്ള ജീവൻെറ മേല്പോട്ടെയ്പുള്ളൊരുക്കകൾ;
ജീവിതം നീചമായുള്ള താണെടങ്ങളിൽനിന്നു, ഫോൾ
മേല്പോട്ടു മേല്പോട്ടുൽകൃഷ്ടങ്ങളാകും പത്തു നന്മകൾ
കേറുന്നവനെ വാനേററാൻ കാത്തുനില്ക്കുന്നെടംവരെ.
എന്നല്ല 'ബുദ്ധൻ' കണ്ടു മുൻജന്മമെന്തു വിതച്ചുവോ
ഇജ്ജന്മമതിനെത്തന്നെ കൊയ്തുകൊള്ളുന്നിതെന്നതും;
അതിൻ ഗതി മുറിഞ്ഞേടത്തിങ്കൽനിന്നിട്ടു വീണ്ടുമേ.
അതിൻെറ ഗതിയെമ്മട്ടു തുടങ്ങീടുന്നിതെന്നതും,
ലാഭത്തേയേററം നഷ്ടത്തിൻ സമാധാനം പറഞ്ഞുമേ;
പിന്നെജ്ജനനമോരോന്നിലെമ്മട്ടുണ്ടായ്‌വരുന്നുവോ
ഗുണത്താൽ വൻഗുണം, ദോഷം പുതുദോഷവുമെന്നതും;
കടവും മെച്ചവും കൂട്ടിനോക്കലാം മൃത്യുവെന്നതും;
പിന്നെത്തദനുസാരേണ പുണ്യാപുണ്യാക്കണക്കിനെ
ന്യായ്യമാ, യൊത്തതാ, യൊട്ടും വിട്ടുവീഴ്ച വരാത്തതായ്,
എത്രയും ലേശവും കൂടെ വിട്ടുപോവാത്തതായിയും,
നേരാം കണക്കശാസ്ത്രത്തിന്നൊത്തുറപ്പിപ്പുവെന്നതും;
മുൻ വിചാരങ്ങൾ കർമ്മങ്ങളുദ്യമങ്ങൾ ജയങ്ങളും
കഴിഞ്ഞ ജന്മങ്ങളുടെയോർമ്മയും ലക്ഷണങ്ങളും
എമ്മട്ടതിന്മേൽക്കെട്ടാക്കിച്ചുമത്തീടുന്നുവെന്നതും.

ദേവന്നാളിജ്ഞ സിദ്ധിച്ചു പിന്നെ മൂന്നാം സമാധിനാൾ—

ഇഗ്ഗോളത്തിന്നപ്പുറത്തു പേരില്ലാഗ്ഗോളകങ്ങളിൽ,
സംഖ്യാവിഹീനമായ് തേജോമയമാം ഗ്രഹവീഥിയിൽ,
സഞ്ചരിക്കുന്നതായ്, വേറെവേറെബ് ഭേദിച്ചിരിക്കിലും
കൂട്ടംകൂട്ടങ്ങളായ്ത്തമ്മിൽസ്സംബന്ധപ്പെട്ടിരിപ്പതായ്,
ഒന്നൊന്നിരിക്കലും, വേറെവേറെയായിട്ടു നില്പതായ്,
കരയററതു, മാഴം കാണാത്തതും, കുറയാത്തതും,
ഇളവില്ലാതെഴം മാററമാകുമേററമിറക്കവും
കലൎന്നു മറിയുന്നോരു കല്ലോലനികരത്തിനാൽ
ഇളകുന്നതു, മാമിന്ദ്രനീലക്കൽക്കടലിങ്കലെ
വെള്ളിദ്വീപായ വിശാലാതിവിശാലലോകാക്ഷപക്തിയിൽ
വ്യാപിപ്പതായിട്ടന്നന്തൎജ്ഞാനദൃഷ്ടി മഹത്തരം.
കണ്ടാ, നദൃശ്യബന്ധങ്ങൾകൊണ്ടാത്മഭുവനങ്ങളെ
പിടിച്ചുനിൎത്തുന്നിതെവ, യത്തേജസ്സുകളേയുമെ;
എമ്മട്ടവയുമററം കണ്ടെത്താത്തവലയങ്ങളിൽ
മാറിമാറിക്കൊണ്ടിരിക്കും കേന്ദ്രഗങ്ങളിൽ നിന്നഹോ!
താരത്തിൽനിന്നു താരത്തിലെക്കു, ജീവമഹസ്സിനെ
ഇളവില്ലാതെ ചിന്നിക്കൊണ്ട, വയേക്കാൾ ബ്ബലിഷ്ഠമായ്,
അവയേക്കാൾക്കനത്താഭ ചേൎപ്പതാം, ഗോളപക്തിയെ
അതിന്റെ ചൊല്പടിക്കൊത്തു ചുററിപ്പോരുന്നവെന്നതും.
ഇവയെക്കണ്ടിതദ്ദേഹം, ചിമ്മലില്ലാത്ത കണ്ണിനാൽ,
ചക്രത്തിൽച്ചക്രമായുള്ളാ ലോകങ്ങൾക്കൊക്കയും ക്രമാൽ
ചേരും കല്പമഹാകല്പങ്ങളിലേക്കഥയൊക്കയും—
അക്കാലസീമകൾ ധരിക്കാവതല്ല മനുഷ്യനാൽ,
ജന്മഭൂതൊട്ടലവരെക്കുള്ള 'ഗംഗാ'സരിത്തിലെ
വാക്കാലഗണ്യം നീൎത്തുള്ളിക്കൂട്ടമെണ്ണാവതാകിലും.

അത്ര കാലംകൊണ്ടതുകൾ വൃദ്ധിയേല്ക്കും നശിച്ചിട്ടും;
ആയിടസ്ഥാദ്രിവ്യലോകമോരോന്നും നിജ്ജീവിതം,
സുദീപ്തം, നിറവേറുന്നു, പിമ്പിരുണ്ടു നശിപ്പതേ·
അനന്തനീലദേശങ്ങൾവഴിയായ് നീതനായവൻ,
തമ്മിൽത്തൊട്ടുകിടക്കുന്ന കുണ്ടും കുന്നും കടന്നുപോയ്,
എല്ലാം പുറംകാഴ്ചകൾക്കും പിന്നിൽ,പ്പാക്കൊക്കെ മേൽവശം,
ഓരോ ഗോളങ്ങളുടെയുമിഷ്ടാവേഗത്തിനപ്പുറം,
നിശ്ശബ്ദമായ് പ്രവത്തിക്കുമാത്തീച്ച വിധി കണ്ടുതാൻ.
അതിന്നെഴുന്നാശയങ്ങളിരുട്ടിനെ വെളച്ചവും,
മൃതരെജ്ജീവനുള്ളോരും, ശൂന്യത്തെപ്പരിപൂൎണ്ണവും,
രൂപമിന്നോളമില്ലാത്ത പദാൎത്ഥത്തെസ്സുരൂപവും,
ഭവ്യത്തെബ് ഭവ്യതമവും, സുഭവ്യത്തെ പ്രഭവ്യവും,.
ആക്കിത്തീക്കുന്ന വാക്കില്ലാതുള്ള തൻകല്പനപ്പടി
കല്പിപ്പാനാരുമില്ലാതെ മുടക്കാനായുമാരുമെ;
എന്തെന്നാലതു ദേവന്മാക്കൊക്കയും മീതെനില്പതാം,
അവികാൎയ്യ,മനിൎവ്വാച്യ,മഖിലോപരിസംസ്ഥിതം.
ഉണ്ടാക്കിട്ടും നശിപ്പിക്കും പീണ്ടുമുണ്ടാക്കുമേതുതാൻ,
ആ ഏകമാം ശക്തി ഭരിച്ചിടുവൊന്നഖിലത്തെയും.
സൌഷ്ഠവം സത്യമാവശ്യമിയ്യാത്മഗ്ഗുന്നരീതിയിൽ
അശ്ശക്തിയെപ്പരമനുസരിക്കുന്നവയൊക്കയും
നന്മചെയ്യുന്നി,തെതിരായ് നിന്നീടുന്നവ തിന്മയും.
ചെയ്യുന്നു നിജവൎഗ്ഗാനുസാരിയാം പുഴ നന്മതാൻ.
നന്മചെയ്യുന്നുതേ, തന്റെ കുഞ്ഞിനായിക്കൊടുക്കുവാൻ
ചോര വാരുന്നിരകളെക്കൊണ്ടുപോം ഗൃദ്ധ്രപക്ഷിയും.

ഒരു നക്ഷത്രവും മഞ്ഞുനീർത്തുള്ളിയുമൊരേവിധം
ഗോളങ്ങളായ് വിളങ്ങുന്നു പ്രപഞ്ചത്തിലടുത്തുതാൻ.
ചാവുന്നു നന്നായ്ജ്ജീവിപ്പാൻ, ചാവാൻ ജീവിച്ചിടും നരൻ;
ദോഷരാഹിത്യവും, ജീവൻ വഹിയ്ക്കും സകലത്തെയും,
മഹത്തുതാൻ ചെറുതുതാൻ രണ്ടിനേയും, തടുത്തിടാ
സഹായിയ്ക്കുകയേ ഉള്ളൂ എന്നുള്ളാസ്സുസ്ഥിരേച്ഛയും,
കൊണ്ടുപോകുന്നിതവനെത്തൻവഴിയ്ക്കെന്നിരിയ്ക്കുകിൽ.
കണ്ടല്ലോ നമ്മൾതൻ ദേവനിച മൂന്നാം സമാധിനാൾ.

നാലാം സമാധിനാളിങ്കലാകട്ടേ, വന്നുചേർന്നതേ
പുക കീടവുമെമ്മട്ടു തട്ടാൻതന്നുടെ തിയ്യിനെ
കത്താതെയാക്കുമാ മട്ടു ദോഷത്തോടൊത്തുചേർന്നുതാൻ.
ധർമ്മത്തിനെദ്ദൂഷിപ്പിയ്ക്കും ദുഃഖത്തിന്റെ രഹസ്യവും.
ആ 'ദുഃഖസത്യ'മവിടത്തേയ്ക്കു കാട്ടിക്കൊടുത്തുതേ,
'വിശിഷ്ടതത്ത്വ'നിരയിൽവെച്ചൊന്നാമതിനെ സ്ഫുടം;
ജീവിതത്തിൻ ചലനമോടൊത്തുകൊണ്ടേ ചലിപ്പതായ്
ജീവിതത്തിന്റെ നിഴലായുള്ളൊന്നീ ദുഃഖമെന്നതും;
അതിനെസ്സന്ത്യജിച്ചീടാനെളുതാവില്ലയെന്നതും—
ജീവിതത്തെ,സ്സദാ മാറിക്കൊണ്ടേഴും തദവസ്ഥകൾ,
ജനനം, വർദ്ധന, ലയം, പ്രേമ,മീർഷ്യ, സുഖ,മസുഖം,
ജീവിയ്ക്ക, കർമ്മംചെയ്ക്കെ,ന്നിതെല്ലാം വിട്ടൊഴിയും വരെ;
ദുഃഖം നല്കുന്നിസ്സുഖങ്ങൾ മുത്തേകുമസുഖങ്ങളും
വെറും കെണികളാണെന്നു കാണ്മാനുള്ളറിവെന്നിയെ
എമ്മട്ടു നീക്കിക്കളയുന്നീലൊരുത്തനുമെന്നതും;

# ആറാം സർഗ്ഗം

'അവിദ്യ'യാണിട്ടവതീക്കൂട്ടക്കെന്നറിയുന്നവൻ
സ്നേഹിക്കാ ജീവിതം, മേലാൽ മുക്തി നേടിടുമെന്നതും.
തുറന്നിരിക്കുമാ മട്ടിലുള്ളൊരാളുടെ കണ്ണുകൾ;
അവൻ കാണ്മൂ 'മായ' ദുർവ്വാസനയുണ്ടാക്കിടുന്നതായ്.
മനഃപ്രകൃതിയാൽ നാമരൂപമുണ്ടായ് വരുന്നതേ.
അതേകുന്നു വിഷയവശ്യേന്ദ്രിയം ചേർന്ന മർത്ത്യനായ്
തന്നുള്ളിലൂടെ പോം കാഴ്ചയ്ക്കെല്ലാം നിയതദർപ്പണം.
ആമട്ടു 'വേദന' ജനിക്കുന്നിതി—ന്ദ്രിയജീവിതം.
അതുതന്നുടെ തോഷത്തിൽ മിത്ഥ്യം, ദുഃഖത്തിൽ നിർദ്ദയം.
എന്നാൽ സദുഃഖമായാലും സുഖസംയുക്തമാകിലും,
സുഖങ്ങള,തിമോഹങ്ങൾ, സമ്പത്തും, സ്തുതി, കീർത്തിയും,
അല്ലയെന്നാലാധിപത്യം, കീഴാക്കല,നുരാഗവും,
യത്നം, ജീവിക്കാ, യത്നത്തിൽനിന്നു സുസ്വാദുവായിയും
കയ്പുള്ളതായിയും മേന്മേലുണ്ടാം പാപങ്ങളെ,ന്നിവ
മീഃത കിടന്നിടും മിത്ഥ്യാലവണാബ്ധിയിൽനിന്നുതാൻ
ജീവിയെക്കൊണ്ടേറെയേറെക്കുടിപ്പിക്കുന്ന ദാഹമായ്
യാതൊന്നാണുള്ളതാത്തൃഷ്ണയ്ക്കുതാൻ ജനയിത്രിയാം.
അതു ജീവിതദാഹത്തെശ്ശമിപ്പിക്കുന്നിതിങ്ങിനെ,
ഇരട്ടിദ്ദാഹമേറുന്ന പാനവസ്തുക്കൾകൊണ്ടുതാൻ.
എന്നാൽ ജ്ഞാനി നിജാത്മാവിൽനിന്നകറ്റുന്നു തൃഷ്ണയെ.
അവൻ നശ്വരരൂപങ്ങൾകൊണ്ടു തന്നിന്ദ്രിയങ്ങളെ
മേലാൽ തൃപ്തിപ്പെടുത്തില്ല, തീർപ്പും ചെയ്യും മനസ്സിനാൽ
ആശിക്കില്ല ഭ്രമിക്കില്ല, പാപം ചെയ്യില്ല,യെന്നവൻ;
പ്രാക്പാപനിർഗ്ഗളദ്ദുഃഖമെല്ലാം ക്ഷാന്ത്യാ സഹിച്ചിടും.

വികാരങ്ങളമർത്തീടും ക്ഷയിച്ചവയററും വിധം.
കഴിഞ്ഞ ജന്മത്തിന്നാകെത്തുകയാം കർമ്മമില്ലയോ—
ഒരു ജീവൻ ചെയ്ത തുക,യതു ചിന്തിച്ച ചിന്തകൾ,
അദൃശ്യകർമ്മനിരയാം പാവിൻ മീതെ വിലങ്ങനെ
കാണപ്പെടാക്കാലമാകുന്നൂടും ചെർത്തിട്ടു നെയ്തതായ്,
അതു നിർമ്മിച്ചതാ,മാ'ത്മവ്യക്തി' യെന്നിവയൊക്കയും.
പ്രപഞ്ചസംഗാലവനിലുണ്ടായ്‌വന്നതപാപമായ്,
പരിശുദ്ധാവു,മായ്ത്തീരുംവരെയ്ക്കും, ചെയ്യുമിങ്ങിനെ.
സ്ഥലവും ദേഹവും മേലിൽത്തേടേണ്ടെന്നാകുമൊന്നുകിൽ,
അല്ലെങ്കിൽ നവജന്മത്തിലതെന്തു പുതുമെയ്യിനെ
എടുക്കമെന്നായ്, പുതിയ കഷ്ടപ്പാടററിടുംവിധം,
ക്രമാൽക്കനം വിട്ടുവരുമാറ,ത്രസ്തരിവാകയാൽ
കഴിയും 'യാത്ര'; യൊഴിയും പാരിൻ ചതിയിൽനിന്നുമേ.
ദേഹ'സ്കന്ധ'ത്തിൽനിന്നെല്ലാം മുക്തമാം; ഛിന്നബന്ധമാം;
ജന്മചക്രോപരിച്ചററൽ വിട്ടു രക്ഷയണഞ്ഞിടും;
സ്വപ്നോത്ഥിതനാമാൾപോലുണരും, ബോധമേററിടും.
പിന്നെ— രാജാവിലും മീതെ വാനോരെക്കാൾ പ്രഹൃഷ്ടവാൻ!—
ജീവിതോന്മാദമവസാനിക്കുന്നു വേദനാകരം.
ജീവൻ ചേരുന്നു—ജീവതമെന്ന്യ— പേരററതാം ശമം,
പേരില്ലാതുള്ളോരാനന്ദം, നിർവാണം പരമോത്തമം—
പാപവർജ്ജിതമായ് നിക്കമററതായുള്ള വിശ്രമം,
എന്നെന്നും പരിണാമം പററാതുള്ളാപ്പരിണാമമേ.

അഹോ! ബുദ്ധ'ന്റെ വിജയമൊത്തുദിച്ചു പ്രഭാതവും!

അതാ! കിഴക്കുഭാഗത്തു മുററും കത്തിജ്വലിപ്പൂതേ,
രാവിൻ കരിമറശ്ശീലതൻ പാറും ഞെറികൾക്കകം
ഒഴുക്കപ്പെട്ടു, ചേലേറും പകൽതന്നാദ്യദീപ്തികൾ.
പരപ്പേറിവരും നിലനിറത്തിനുടെ മിതെയായ്
ശുക്രൻ മങ്ങുന്നിതു വിളപ്പേറും വെള്ളിനിറത്തൊടെ,
അതിനെക്കാൾ പ്രകാശങ്ങളായ്, പ്രകാശതമങ്ങളായ്,
പനിനീർപ്പൂവെതിർനിറം ചേരും, രശ്മിശലാകകൾ
ചാരവൎണ്ണമെഴും വാനിൽ വിലങ്ങനെയുദിച്ചുവെ.
പെരുത്തകലെ നിന്നീടും മങ്ങലാന്നുള്ള കുന്നുകൾ
ജഗത്തിതറിയും മുമ്പേ കണ്ടു പെരിയ സൂൎയ്യനെ,
അണിഞ്ഞിടുകയും ചെയ്തു തൻ താമ്രമകുടങ്ങളെ.
ഓരോ പൂവും പ്രഭാതത്തിൻ ചുടുവിഃപ്പുറവുകൊണ്ടുതാൻ
തുറക്കുവാൻ തുടങ്ങി തന്നിളതായ ദളങ്ങളെ.
മിന്നി വെച്ചുള്ള പുല്ലിന്മേൽ നടന്നു പ്രൌഢിയിൽജ്ജവാൽ
രമ്യം പ്രഭാതമൂഴിക്കു ശോഭാലങ്കാരമേകിയും;
രാവിൻ കണ്ണീർകളെത്തോഷത്തെളിരത്നങ്ങളാക്കിയും;
താഴം കാറിന്നു മേലേ പൊൻകസവിൻ കര തുന്നിയും;
പനവൃക്ഷങ്ങൾ സന്തോഷയുക്തവന്ദനരീതിയിൽ
തൂവൽനേരോലകൾ ചലിപ്പിച്ചതിൽപ്പൊന്നു പൂശിയും;
ജാലം കാട്ടുന്ന മായക്കോൽകൊണ്ടു തൊട്ടു സരിത്തിനെ
അല ചിന്നുന്നതാം പുഷ്യരാഗമായിട്ടു മാററിയും;
കുററിക്കാട്ടിനകംതന്നിൽ കലമാനുകൾതമ്മുടെ
സൌമ്യനേത്രങ്ങൾ കണ്ടെത്തി "പ്പുലർന്നു" എന്നു ചൊല്ലിയും;
പക്ഷിക്കുട്ടിനകത്തായൊട്ടേറെച്ചിറകുകൾക്കകം

ഉറങ്ങും കൊച്ചുതലകൾ തൊട്ടുകൊണ്ടു, "കിടാങ്ങളേ!
സ്തുതിസ്സുവിൻ പ്രഭാതത്തെ"യെന്നു മന്ത്രിച്ചു ചൊല്ലിയും.
അപ്പോൾ നാഗസ്വരം തൂകി സർവ്വപക്ഷിസ്വരങ്ങളും,
വേണുതുല്യം കുയിൽപ്പാട്ടു, ബുൾബുലത്തിൻെറ കീർത്തനം,
"ഉഷസ്സുഷസ്സെ"ന്നു ലസദ്വർണ്ണസാരികതൻ സ്വനം,
തേനീച്ചകൾ വെളിയ്ക്കെത്തും മുമ്പേ തേൻ കണ്ടെടുക്കുവാൻ
തുനിഞ്ഞണഞ്ഞിടും മഞ്ഞക്കിളികൾക്കുള്ള ശബ്ദവും,
മൂത്തൻ കാക്ക ചിലച്ചീടുന്നതും, തത്ത ചിലപ്പതും,
പച്ചവർണ്ണമരംകൊത്തി തുടരെക്കൊത്തിടുന്നതും,
മൈനപ്പക്ഷി ചിലച്ചീടുന്നതും, പ്രാവുകൾതമ്മുടെ
എന്നും തീരാത്തതായുള്ളാ പ്രേമസംഭാഷണങ്ങളും.
അതേ! അത്രയ്ക്കുതാൻ ദിവ്യമായിരുന്നു ജയത്തൊടും
വന്നുചേർന്ന മഹത്താമാ പ്രഭാതത്തിൻെറ വൈഭവം.
അടുത്തും ദൂരെയുമെഴും മനുഷ്യരുടെ വീടുകൾ
മുല്പാടറിഞ്ഞിട്ടില്ലാത്ത സമാധാനത്തിലായിതേ.
ആ വൻ ദിവ്യപ്രഭാതത്തിൻ ഗന്ധതൈലം ധരിത്രിയെ
മിന്നിച്ചവാറു, തൻ കത്തി മറച്ചാൻ കൊലചെയ്യുവൻ;
കൊള്ളക്കാരൻ താൻ കവർന്ന മുതൽ വേണ്ടെന്നു വെച്ചുപോയ്;
പണവ്യാപാരി കൂട്ടി തൻ പണത്തിൻെറാ കണക്കുകൾ;
സൌമ്യമായ് ദുഷ്ടഹൃത്തെല്ലാം, മാർദ്രഹൃത്തതിസൌമ്യമായ്;
സന്ധിചെയ്തിതു തൽക്കാലം ഘോരപ്പോരാണ്ട മന്നവർ;
ദീനക്കിടയ്ക്കു വിട്ടാത്തഹാസരായ് ചാടി രോഗികൾ;
മരിപ്പോർ പുഞ്ചിരിക്കൊണ്ടു, കിഴക്കററത്തിനപ്പുറം
കിടക്കമുറവുകളിൽനിന്നാണാധന്യമഹർമ്മുഖം

ഉദിച്ചുവന്നതെന്നായിട്ടറിഞ്ഞതു കണക്കിനെ.
'സിദ്ധാൎത്ഥ'രാജപുത്രൻെറ മെത്തയിന്മേലനാശ്രയായ്
ദുഃഖിച്ചുകൊണ്ടിരുന്നീടുമാ 'യശോധര'തന്നുടെ
മാനസത്തിങ്കലും പെട്ടന്നാനന്ദം വന്നുചേൎന്നതേ,
അനുരാഗവുമത്രയ്ക്കു പരന്നിട്ടുള്ള ദുഃഖവും
സന്തോഷത്തിൽക്കലാശിയ്ക്കാതിരിയ്ക്കില്ലെന്ന മാതിരി.
അത്രയ്ക്കുലകു ഹൎഷിച്ചു —ഹേതുവൊന്നറിയായ്കിലും.
ശൂന്യങ്ങളാം മരുക്കൾക്കു മീതെയൂടെ ഗമിച്ചതേ
മെയ്യില്ലാപ്രേതഭൂതങ്ങൾ മുൻകൂട്ടി ജ്ഞാതബുദ്ധരായ്,
മോഹാലസ്യം പെടുത്തുന്ന വിനോദപ്പാട്ടു പാടുവോർ.
ആത്തോൎത്തി വാനിൽവാനോർകൾ, "അതു തീൎന്നിതു,തീൎന്നുപോയ്."
നിന്നു തെരുവിൽ വാദ്ധ്യാന്മാർ സാശ്ചൎയ്യജനയുക്തരായ്,
ആകാശത്തിനെ മുക്കുന്നാപ്പൊൻനിറപ്രഭ നോക്കിയും,
"എന്തോ മഹത്താമൊന്നുണ്ടായ്വന്നിട്ടുണ്ടെ"ന്നു ചൊല്ലിയും.
എന്നല്ല കാനനത്തിങ്കലന്നാൾ യുദ്ധക്കളത്തിലും
സ്നേഹം വളൎന്നുകാണായി ജീവികൾക്കു പരസ്പരം;
പുള്ളിമാൻനികരം മേഞ്ഞുകൊണ്ടിരുന്നിതു നിൎഭയം
എങ്ങു പെൺപുലി പോററുന്നു തൻ കുഞ്ഞുങ്ങളെയങ്ങുതാൻ;
പുള്ളിപ്പുലികളാൺമാനിൻ കൂട്ടത്തിൽ ചാരേ നിന്നുതാൻ
ചെറുപൊയ്കയിൽനിന്നിട്ടു വെള്ളം നക്കിക്കുടിച്ചുതേ;.
തവിട്ടുനിറമാണ്ടുള്ള മുയലിൻ കൂട്ടമങ്ങിനെ
കഴുകിൻ പാറതൻ താഴത്തായിപ്പാഞ്ഞുകളിച്ചുതെ,
എന്നാലോ ഭീതികരമാമതിൻ കൊക്കു വൃഥാവലേ
മിനുക്കിയുംകൊണ്ടിരുന്നേ ഉള്ളു തൻ ചിറകൊന്നിനെ;

പാമ്പു തന്നുടെ രത്നങ്ങളെല്ലാം വൈലത്തു കാട്ടിനാൻ
മരണപ്രദമായുള്ള വിഷപ്പല്ലു മറച്ചുതാൻ;
വിട്ടയച്ചാനടയ്ക്കാപ്പക്ഷിയെയാക്കഴുകിൽക്കിളി;
ഇരുന്നുറങ്ങി പച്ചപ്പൊന്മകൾ മീൻ കീഴ്കളിയ്ക്കവെ;
നിലച്ച ചെമ്പിച്ചു ചുകന്നുള്ള തേനീച്ചതൻ ഗണം
തൻ കൂട്ടിൻ നാലുപുറവും തിങ്ങിക്കൊണ്ടു പറക്കവെ
ഈച്ചയെത്തിന്നിടും പക്ഷി പിടിച്ചേയില്ലവററിനെ;
അശ്വത്ഥവൃക്ഷത്തിൻ ചോട്ടിലെല്ലാക്ക്മുപയുക്തമായ്
നേടിയോരാജ്ഞയത്താലേ മാഹാത്മ്യത്തോടു കൂടിയും,
പകൽക്കുള്ളതിലും വായ്ക്കും ദീപ്തിയാൽ ദീപ്തിയേന്തിയും,
ധ്യാനംചെയ്തുള്ളപ്പോഴും നരപക്ഷിമൃഗങ്ങളിൽ
ലയിച്ചിരുന്നു ശ്രീ ‘ബുദ്ധൻ’തന്റെയാത്മാവു കേവലം.

പിന്നെത്തേജസ്സോടും തോഷത്തോടും കെല്പോടുമൊത്തവൻ
ആ മരത്തിൻ ചോട്ടിലേററുനിന്നുച്ചസ്വരമോതിനാൻ,
എല്ലാ കാലങ്ങളും ലോകങ്ങളും കേട്ടിടുമാറുതാൻ:—

“ദുഃഖങ്ങളാൽ നിറയുമിന്ദ്രിയരൂപകാരാ-
ഗേഹങ്ങൾ തീർത്തവനെ നോക്കിനടക്കുമെന്നെ
ഏറുന്ന ജീവിതഗൃഹങ്ങൾ തടഞ്ഞുനിർത്തി;
തീരാത്തൊരെൻ ശ്രമമസൌഖ്യദമായിരുന്നു:

“എന്നാൽത്തുരുങ്കിതു ചമച്ച ഭവാനെയിപ്പോൾ
കണ്ടെത്തി ഞാനിനിയൊരിക്കലുമങ്ങിവണ്ണം

നിർമ്മിയ്ക്കയില്ല കട്ടവേദനയാം മതിൽക്കെ-
ട്ടീ, വഞ്ചനപ്രകരമേൽപ്പുരയും ചമയ്ക്കാ.

"എ നല്ല മണ്ണിനുടെമേൽപ്പുതുതാം കഴുക്കോ-
ലേററില്ല, നിന്നുടയ വീട്ട പൊളിഞ്ഞുപോയി,
മോന്താഴവും കഷണമാ; യതു മായ തീർത്ത-
താണങ്ങു നിന്നിത, ഗമിപ്പു മുമുക്ഷുവായ് ഞാൻ."

## ഏഴാം സർഗ്ഗം.

ശ്രുദ്ധോദന'ക്ഷിതിപനാർദ്ദ്രീശ്ലവർഷങ്ങളൊക്കയും
തന്നുണ്ണിതൻ ഭാഷണവും സന്നിധാനവുമെന്നിയേ
ശാക്യപ്രഭുക്കളൊന്നിച്ചു ദുഃഖിച്ചു മരുവീടിനാൻ.
ആ 'യശോധര'യാരോമലാ നീണ്ടാണ്ടുകളൊക്കെയും
തൻ സ്വാമി, തൻ കൊച്ചുനൃപന, വിട്ടന്നായ്, പിരിഞ്ഞതിൽ
മാലാണ്ടു ജീവിതസുഖമൊന്നും കാണാതെ പോക്കിനാൾ.
സുദൂരമോഷ്ട്രപാലന്മാർ മേച്ചുനില്ക്കുന്നെടത്തിലോ,
ലാഭാർത്ഥം വാണിജർ വളഞ്ഞോരോ വഴിയിലൂടവെ
നടന്നുപോമിടയിലോ, വല്ല സന്ന്യാസിതന്നെയും

കണ്ടതായിട്ടു കേൾക്കുമ്പോളൊക്കെ, രാജഭടവ്രജം
പോയ്വന്നു, ഗേഹത്തെയുപേക്ഷിച്ചോരായ്, നിസ്സഹായരായ്,
ദിവ്യർഷിമാരായ പല പേരെയും പററിയോതിടും.
എന്നാലത്യുച്ച'കപിലവസ്തു'ക്ഷിതിവരാന്വയം
ചാർത്തും കിരീടവും, തൽബ്ഭ്രുഭൃത്തിൻ മാനവു,മാശയും,
ശ്രീ'യശോധര'യാരോമൽതന്നുൾസ്സുഖവുമാരുവാൻ,
അദ്ദേഹ,മധുനാ ദൂരദേശങ്ങളിലലഞ്ഞവൻ,
പ്രായേണ വ് സ്യാൻ, തീരെ മാറിയോന,ഥവാ മൃതൻ—
അദ്ദേഹത്തെക്കുറിച്ചില്ല വർത്തമാനങ്ങളൊന്നുമേ.

എന്നാൽ വസന്തകാലത്തിൽ ചൂതവൃക്ഷഗണങ്ങളിൽ
വെള്ളിച്ചില്ലുകൾ ചാഞ്ചാടിക്കൊണ്ടും, ധരണിയൊക്കയും
പൂമാസപ്പുടവച്ചാർത്തൽ പൂണ്ടും ശോഭിക്കെ,യേകദാ
പൊത്താർപ്പുടങ്ങൾ വക്കത്തു ചാർത്തിയിട്ടുള്ളതായിയും,
മെല്ലെന്നൊലിപ്പതായിട്ടും, യാതൊന്നിന്നുള്ള ദർപ്പണം,
കഴിഞ്ഞാനന്ദകാലത്തിലവർതൻ കോർത്ത കൈകളും
ചേർന്നൊത്ത വായ്മലർകളും ചേർത്തു വളരെക്കുറി
നിഴലിപ്പിച്ചു കാണിച്ചു, നല്ല ശോഭകലർന്നതായ്
പൂന്തോപ്പിലുള്ളാപ്പുഴതൻ തീരേ വാണു കുമാരിയാൾ.
വിളർത്തിരുന്നു തന്നേത്രപ്പുടങ്ങൾ മിഴിനീരിനാൽ,
അവൾതൻ കോമളതരം കപോലയുഗമൊട്ടിയും.
അവൾതൻ ചുണ്ടുകളുടെ വളഞ്ഞിട്ടുള്ള രേഖകൾ
മനോഭിരാമങ്ങൾ വലിഞ്ഞിരുന്നു വ്യസനത്തിനാൽ;
തൽക്കുന്തൽ വിധവാമട്ടിൽപ്പറെറയാക്കെട്ടിവെച്ചയാൽ

ഒളിതിങ്ങുമതിൻ ഭംഗി മറയപ്പെട്ടിരുന്നതേ.
പണ്ടമൊന്നുമണിഞ്ഞിട്ടില്ലവൾ, മാറിൽ വിലങ്ങനെ
ദുഃഖം കാട്ടും പരുക്കൻ വെൺചേല ബന്ധിച്ചിരിപ്പതിൽ
ഇല്ലായിരുന്നിതാമട്ടിലൊരു രത്നക്കൊളുത്തുമേ.
പണ്ടുകാലങ്ങളിൽ പ്രേമംപൂണ്ടദ്ദേഹം വിളിക്കുവെ,
പേടമാനിന്നു ശരിയാമന്തസ്സൊത്ത നടത്തവും,
പനിനീർപ്പൂവിതളുകൾ വീഴും പോലടിവെപ്പുമെ,
ഉണ്ടായിരുന്ന മിനുസക്കൊച്ചുകാലുകളിലില്ലയോ,
അവ ദുഃഖത്തൊടുംകൂടി നീങ്ങീടുന്നു പതുക്കവെ.
പ്രേമദീപങ്ങളായിട്ടവൾതന്നുടെ കണ്ണുകൾ,
അഗാധപാതാളതമസ്സിങ്കൽനിന്നുജ്ജ്വലിപ്പതായ്,
പകലിന്നുള്ള തേജസ്സുകൊണ്ടു നിശ്ശബ്ദരാത്രിയെ
വിളങ്ങിക്കുവതാം, സൂൎയ്യപ്രഭപോലെയിരുന്നവ—
ഇന്നാഭ കെട്ടൊന്നിനുമല്ലാതലഞ്ഞു നടപ്പവ—
അറിഞ്ഞീലാ വസന്തത്തിൻ നിരക്കും ലക്ഷണങ്ങളെ;
തൽഗ്ഗോളങ്ങൾക്കുമേൽ ചാഞ്ഞുമിരുന്നു പട്ടുപോളകൾ.
ഒരു കയ്യിൽ പിടിച്ചിട്ടുണ്ടണിമുത്തുകളെത്രയും
തിങ്ങുന്നതായി· സിദ്ധാൎത്ഥന്റേതാകുമൊരു മേഖല—
അവൻ പോയാ രാത്രിതൊട്ടു സൂക്ഷിപ്പൊന്നു നിധിപ്പടി—
(ഹാ, ദുഷ്ടരാവേ! കരയും നാളിനതിന്നൊരംബികേ!
ആൎദ്രമാം പ്രേമമാ പ്രേമത്തോടെന്നന്നത്തെ മാതിരി
ദയയില്ലാത്തതായിട്ടുണ്ടു, ഈ ജീവിതവേളയാൽ
പ്രേമത്തിന്നതിർ വെക്കുന്ന കാൎയ്യം നിന്ദിച്ചുവെങ്കിലും?)
കൈ പിടിച്ചു നടത്തുന്നു തന്റെ മറെറക്കരത്തിനാൽ

ദിവ്യസൌന്ദൎയ്യവാനായി, 'സ്സിദ്ധാൎത്ഥ'പ്രേമജാമൃമായ്,
'രഹുലാ'ഭിഖ്യനായുള്ളോ, രവൾതൻ കൊച്ചുപുത്രനെ.
മോദാൽ ചാടിനടക്കുന്നിതപ്പോളേഴാണ്ടു ചെന്നവൻ
അമ്മസ്ക്കൂട്ടക്കലായ്ച്ചിന്തയൊന്നുമില്ലാത്ത ഹൃത്തൊടും,
പാരിലെങ്ങും വസന്തത്തിലുദിക്കും പൂക്കൾ കാണുവാൻ.

അവരാമട്ടു നളിനിസ്തടത്തു പെരുമാറവെ
നീലങ്ങളും ധൂമ്രനിറങ്ങളുമാം മീനിനത്തിനെ
തീററുവാൻ 'രഹുലൻ' മെല്ലെച്ചിരിച്ചരിയെറിഞ്ഞുമെ,
അവളോ, ബഹുവേഗത്തിൽപ്പറക്കും കൊററികൾക്കു മേൽ
സങ്കടപ്പെട്ടു സൂക്ഷിച്ചുനോക്കീട്ടു നെടുവീൎപ്പോടെ,
"അഹോ! പറപ്പാൻ ചിറകുള്ളവയാം ജീവജാലമേ!
നിങ്ങളെൻ പ്രിയനാം ഭൎത്താവൊളിച്ചു മരുവുന്നെടം
ചെന്നിറങ്ങുകിലോ ചൊൽക തൻമുഖത്തിങ്കൽനിന്നു, ഹോ!
ഒരു വാക്കിന്നു തൽപാണിസ്പൎശമൊന്നിന്നു മാത്രമായ്
മരിച്ച മാതിരി 'യശോധര' ജീവിച്ചിരിപ്പതായ്,"
എന്നായ്പ്പറഞ്ഞുമിവ്വണ്ണമവർ — മാതാവു പുത്രനും —
കരഞ്ഞുകൊണ്ടും കളികളാടിക്കൊണ്ടും കഴിക്കവെ,
വന്നാരിതോതിക്കൊണ്ടന്തഃപുരകന്യകളിൽച്ചിലർ,
"മഹാരാജാത്മജേ, തെക്കേഗ്ഗോപുരം പൂക്കിരിപ്പതേ
'ഭല്ലുക' 'ത്രിപുഷാ' ഭിഖ്യർ, മാന്യർ, 'ഹസ്തിന' വാണിജർ,
ഇരമ്പും കടലിൻ തീരം വിട്ടേറെ വഴി പോന്നവർ—
പൊൻചിത്രപ്പണിചെയ്തുള്ള രമ്യാശ്ചൎയ്യങ്ങൾ പട്ടുകൾ,
പൊൻപൂച്ചെഴുമുരുക്കാലെ നിൎമ്മിച്ച ചുരൾവാളുകൾ,

പിച്ചളപ്പാത്രമാനക്കൊമ്പായ കൊത്തുപണിത്തരം,
സുഗന്ധവസ്തുക്കളൊററമരുന്ന,ജ്ഞാതപക്ഷികൾ,
ദൂരസ്ഥർതൻ നിധികളാമിവ കൊണ്ടുവരുന്നവർ.
എന്നാലതൊക്കെ നിസ്സാരമെന്നാക്കുന്നൊന്നുമുണ്ടവർ
കൊണ്ടുവന്നിട്ടു, കണ്ടെത്തിപ്പോയി തൻതിരുമേനിയെ.
നിൻ നാഥൻ— ഞങ്ങൾതൻ നാഥൻ-- നാട്ടിന്നാശസ്സ് കാരണം
'സിദ്ധാൎത്ഥ'നവിടത്തേയും നേരിട്ടായവർ കണ്ടുതേ.
എന്നല്ല മുട്ടുകുത്തീട്ടും നെററി മന്നിൽപ്പതിഞ്ഞുമേ
അവിടത്തെ വണങ്ങിത്തൻ മുമ്പിൽ വെച്ചിതു കാഴ്ചകൾ;
ലക്ഷണം കണ്ട പോലെല്ലാമായിട്ടുണ്ടവിടന്ന,ഹോ!
വിദ്വൽഗ്ഗുരു, ജഗൽപൂജ്യ,നത്ഭുതാത്മാ,വകന്മഷൻ,
ഒരു 'ബുദ്ധൻ',മനുഷ്യൎക്ക് മഹാമധുരവാക്കിനാൽ
സ്വൎഗ്ഗംപോലെ പരന്നുള്ളോരൻപാലും മുക്തി നൽകുവോൻ.
ത്രാതാവു ദേഹികൾക്കെല്ലാമെന്നുമല്ലവിടന്നതാ,
ഇങ്ങോട്ടുതാൻ വരുന്നുണ്ടെന്നോതുന്നു തീൎച്ചയായവർ.

അന്നേരം-- മലമേലുള്ള മഞ്ഞിൻകട്ടകളാദ്യമായ്
വസന്തം വന്നുരുകവേ 'ഗംഗ'യിൽക്കോൾ പെടും വിധം
തോഷാൽ നാഡികളിൽച്ചോര തള്ളും നേരം--'യശോധര'
എണീട്ടുനിന്നു, തന്നതാം കൈകൾ കൊട്ടി, ചിരിച്ചുതെ.
പളുങ്കുമണിനേർക്കണ്ണീർക്കണം പൂണ്ടുള്ള കണ്ണുമായ്
അവളുച്ചത്തിലായ് ചൊന്നാളാഹാ! വേഗം വിളിക്കുവിൻ
എൻെറയന്തഃപുരത്തിങ്കലെക്കാ വ്യാപാരിമാൎകളെ.
എൻെറ കണ്ണുങ്ങൾ ദാഹത്താൽ വരളും തൊണ്ടകൾ പോലവേ

അവർ ചൊല്ലും ശുദ്ധോദനന്തം കുടിപ്പാനാശ്ശൊതിപ്പൂതേ.
നിങ്ങൾ പോയിട്ടവരെയങ്ങകത്തേക്കു വരുത്തുവിൻ.
അവർതൻ കഥ നേരെങ്കിൽച്ചൊല്ലുവിൻ പൊൻപണങ്ങളാൽ
രാജാക്കന്മാരസൂയപ്പെട്ടീടും രത്നങ്ങളാലുമേ
നിറയ്ക്കും ഞാനവരുടെയരപ്പട്ടകളെന്നതും.
നിങ്ങളും വന്നീടണ,മെന്നുടെ പെൺകൊടിമാർകളേ,
കൃതജ്ഞമെൻ മനം ചൊല്ലും സമ്മാനങ്ങളിരിക്കിലോ,
കിട്ടും പ്രതിഫലം നിങ്ങൾക്കിതിനുചിതമാം വിധം.

ആ മട്ടു കേളിഹർമ്മ്യത്തിലേക്കു ചെന്നാർ വണിക്കുകൾ,
കാലിണയൊന്നുമിടാതങ്ങു പൊൻപാതകളിലൂടവേ,
ഉററിനോക്കിയെഴും ദാസിമാർതൻ മദ്ധ്യത്തിലൂടെയായ്,
ഏററം പതുക്കെയടികൾ വെച്ചുകൊണ്ടു നടന്നവർ,
കൊട്ടാരത്തിൻ മഹിമയെപ്പററിയത്ഭുതത്തൊടും.
അകത്തുള്ള മറശ്ശീലതൻ ഞെറിക്കപ്പുറത്തവർ
ചെന്നപ്പൊളിത്തു ചൊല്ലിക്കൊണ്ടൊരുത്സുകമൃദുസ്വരം
തുഷ്ടരാക്കി രസിപ്പിച്ചു സ്ഖലൽസംഗീതഭംഗിയാൽ:—
"ദൂരത്തുനിന്നു വരുവോരല്ലൊ നിങ്ങൾ, സുമാന്യരേ!
ഭവാന്മാർ കണ്ടിരിക്കുന്നു മാമകപ്രാണനാഥനെ—
എന്നുതാനല്ല പൂജിച്ചിത—വിടന്നൊരു 'ബുദ്ധ'നായ്
തീർന്നിതല്ലോ വിശുദ്ധാത്മാവായിബ്ഭുവനപൂജ്യനായ്.
മർത്ത്യർക്കു മുക്തി നൽകുന്നു വരുന്നുണ്ടിവിടെക്കുമേ.
ചൊല്ലുവിൻ നേരിതെന്നാലോ മൽക്കുടുംബത്തിനുററവർ
വേട്ടക്കാർ നിങ്ങൾ, നിങ്ങൾക്കായ് സ്വാഗതം പറയുന്നു ഞാൻ."

അപ്പോളുത്തരമായ്ച്ചൊല്ലി 'ത്രിപുഷൻ', "രാജനന്ദനേ!
ആദ്ദിവ്യഗുരുവെക്കണ്ടു ഞങ്ങൾ, വന്ദിച്ചു തൽപ്പദം.
യൌവരാജ്യസ്ഥാനമൊന്നു വെടിഞ്ഞാത്തിരുമേനിയെ
കണ്ടു, രാജാധിരാജന്നും മീതെയാം സ്ഥാനമാൎന്നതായ്.
'ഫൽഗു'ക്കരെസ്സലരയാൽച്ചോട്ടിൽ വാണിയ്യിടസ്സവൻ
യത്നിച്ചു നേടി പാരിന്നു രക്ഷയുണ്ടാക്കുമൊന്നിനെ.
എല്ലാവൎക്കും സുഹൃത്തെല്ലാവൎക്കുമ കൊച്ചുതമ്പുരാൻ
വിശേഷിച്ചും ശ്രേഷ്ഠയായ, ഹേ, ദേവി! ഭവതിക്കുതാൻ.
ഇവിടത്തെയ്ക്കെഴും കണ്ണുനീരിൽനിന്നല്ലി മാനുഷർ
ഗുരുവിൻ ധൎമ്മവചനം കൊണ്ടുള്ള സുഖമേല്പതും.
അഹോ! കുശലിതാൻ സൎവ്വദുഃഖാരീതൻ കണക്കവൻ
ദൈഹികവ്യഥയെല്ലാം വിട്ടൊരു ദേവൻ കണക്കിനെ
മീതേ വിളങ്ങിനില്പൂ നൽസൌവൎണ്ണജ്ഞാനലബ്ധിയാൽ.
എന്നല്ല പട്ടണം വിട്ടു പട്ടണത്തിങ്കലെസ്സവൻ
ആ ശ്രേഷ്ഠശാന്തിമാൎഗ്ഗങ്ങളോതിക്കൊണ്ടണയും വിധൌ
അവൻെറ മാൎഗ്ഗത്തെയനുവ്രജിപ്പൂ മൎത്ത്യഹൃത്തുകൾ.
കാററിനു പിന്നിലൊന്നിച്ചു ചേൎന്നിട്ടിലകൾ പോലയോ,
പുൽപ്പുറമ്പറിയുന്നൊന്നിൻ പിന്നിലാടുകൾ പോലെയോ,
'ഗയ'യ്ക്കടുത്തു പച്ചപ്പാ'ക്ഷീർണിക'ത്തോപ്പിൽ വെച്ചു, ഹേ,
ഞങ്ങൾതാൻ കേട്ടു വന്നിച്ചിതാച്ചിത്രതരവാക്കുകൾ.
ഇങ്ങെഴുന്നെള്ളുമദ്ദേഹമാദ്യവൃഷ്ടിയ്ക്കു മുന്നമേ.

എന്നയാൾ ചൊന്ന നേരത്തു സന്തോഷത്താൽ 'യശോധ
ഉത്തരം ചൊല്ലുവാനായി ശ്വാസം നിൎത്താൻ കുഴങ്ങിനാൾ: (ര'

“ശുഭമാകട്ടെ നിങ്ങൾക്കിപ്പോഴ്, മാമട്ടിലെപ്പോഴും.
ഉത്തമസ്നേഹിതന്മാരേ! നിങ്ങളിശ്ശുഭവാൎത്തയെ
കൊണ്ടുവന്നീലയോ; നിങ്ങൾക്കീ മഹത്തായ സംഭവം
വന്നുകൂടിയതെമ്മട്ടാണെന്നുള്ളതറിയാവതോ?”

ചൊല്ലീ ‘ഭല്ലുക’ നങ്ങാററിൻ കരക്കാരറിയുന്നവ—
പിശാചനിരയാൽ വാനമിരുണ്ടും ധര ഞെട്ടിയും
മാരക്രോധാൽ സമുദ്രങ്ങളുലച്ചേന്തിക്കവിഞ്ഞുമേ
ഘോരമായിച്ചമഞ്ഞോരരാവിലുണ്ടായ പോരുകൾ—
മൎത്ത്യന്നു വേണ്ടുന്ന നിവൃത്തികളാലുജ്ജ്വലിപ്പതായ്
ഉദിച്ചിതെത്ര മാഹാത്മ്യമോടാ പ്രത്യൂഷമെന്നതും,
എത്ര തുഷ്ട്യാ മരച്ചോട്ടിൽക്കാണായ് ദേവനെയെന്നതും.
എന്നാൽച്ചിരം പൊൻചുമട്ടു പോലെയാ മുക്തിതൻ ഭരം—
സംശയക്കോളിളക്കങ്ങളാകമാനം കടന്നുപോയ്
അപ്പുറത്തായ് സത്യധൎമ്മക്കരയിൽച്ചെന്നുപററൽതാൻ
കിടന്നിരുന്നു തച്ചിത്തത്തിങ്കലെന്നവനോതിനാൻ.
എന്തെന്നാൽ —ബുദ്ധ’നുള്ളാലെ മനോരാജ്യം നിനച്ചതേ—
സ്വപാപപ്രിയർ, നോക്കിക്കാണുന്നതിൽ ശ്രദ്ധിയാത്തവർ,
ഇന്ദ്രിയൈശ്ചൎയ്യതികളിന്മേൽത്താൻ പററിപ്പിടിക്കുവോർ,
കാരായിരം നീരുറവിൽനിന്നു തെററു ചെലുത്തുവോർ,
തങ്ങളെക്കെട്ടിടും ദേഹക്കെട്ടുകളിനെ മുറിക്കുവോർ,
പടുത്വമില്ലാത്തവരുമായ മാനുഷരില്ലയോ,
അവരെച്ചൊന്നെല്ലാൎക്കും മുക്തിയുണ്ടാക്കിടുന്നതായ്,
എങ്കിലും കൂട്ടിലാക്കപ്പെട്ടോരു പക്ഷി പലപ്പോഴും

തുറന്നതാമതിൻ വാതിൽ നോക്കാതെ കളയും വിധം,
മിക്കവാറും ഫലം മർത്ത്യൻ നേടാത്തൊന്നായ ധർമ്മവും,
അംഗീകരിച്ചുകൊള്ളുന്നു, പന്തിരണ്ടു നിദാനവും?
ആ മട്ടിലുപകാരാഢ്യമാകുമാ വിജയത്തിനെ
ലഭിക്കാതെയിരുന്നേനേ പാരിലാലംബമററ നാം,
മർത്ത്യരാൽ ദുസ്തരമിതെന്നാരും പിന്തുടരാതെയായ്
'ബുദ്ധ'നാ വഴിയെപ്പിന്നിലിട്ടു പോയെന്നിരിക്കുകിൽ.
ചിന്തിക്കുയായ് നമ്മളുടെ ദേവൻെറ ദയ വീണ്ടുമെ;
അപ്പോളുലച്ചു പ്രസവവേദനാരോദനോഗ്രമായ്
ഒരുച്ചശബ്ദം ഭൂവിററുനോവിനാൽക്കരയും വിധം,
"നശിച്ചുപോയ് ഞാൻ ഞാനും മജ്ജീവിലോകവു"മെന്നു,ഹോ!
പിമ്പൊട്ടു നിന്നു, പിന്നീടൊന്നപേക്ഷിക്കുന്ന മാതിരി,
പടിഞ്ഞാറൻ കാററിലൊരു നെടുവീർപ്പു പരന്നുതേ.
"ഭഗവാനേ, പ്രസംഗിക്കു തവ ധർമ്മമനുത്തമം."
തദാ ഗുരു നിജധ്യാനം നടത്തി ദേഹികൾക്കുമേൽ
അറിഞ്ഞു കേൾക്കമാറി,ന്നിക്കേൾപ്പാനാർ കാക്കുമെന്നതും;
താണ്ടാർപ്പൊയ്കകൾ പൊൻവൃശിക്കാഴ്ച കൂട്ടും ദിവാകരൻ
തൻ ഭാസ്സാൽ വിരിയും മൊട്ടിന്നിന്നതിന്നിന്ന മൊട്ടുകൾ
പൊന്തീട്ടില്ലാ മുളയിൽനിന്നെ,ന്നു കണ്ടറിയുംവിധം.
പിന്നെട്ടിവ്യസ്മിതം പൂണ്ടു ചെന്നാനു,"ങ്ങിനെയാട്ടെ ഞാൻ
പ്രസംഗിക്കാം, പഠിക്കട്ടെ ധർമ്മത്തെയതു കേൾപ്പവർ.

പിമ്പവൻ പോയ് മലവഴി കാശി'യ്ക്കു,ന്നവരോതിനാർ
അതിങ്കൽ വെച്ചാണു പഠിപ്പിച്ചതാശ്ശിഷ്യരെവരെ;

എമ്മട്ടു ജന്മമൃത്യുക്കളില്ലാതാക്കേണമെന്നതും,
പ്രാക്കർമ്മങ്ങളൊഴിഞ്ഞില്ല നരന്നു 'വിധി'യെന്നതും,
താൻ നിർമ്മിക്കുവതല്ലാതെയില്ലാ നരകമെന്നതും,
ചിത്തവൃത്തി ജയിക്കപ്പെട്ടൊരങ്ങുന്നാക്കഗണ്യമായ്
അത്രയ്ക്കുയർന്ന വിണ്ണില്ലെന്നതും, കാട്ടിക്കൊടുത്തു താൻ.
ഇതു വൈശാഖമാസത്തിൽപ്പതിനഞ്ചായിടും ദിനം
നട്ടുച്ചയ്ക്കാണി,രവതോ മുഴുതിങ്കളുമുള്ളതാം.

എന്നാൽ മഹർഷിസംഘത്തിൽ വെച്ചു കൌണ്ഡിന്യനാദ്യമായ്
കൈക്കൊണ്ടു സത്യധർമ്മങ്ങൾ നാലും, ചേർന്നു മതത്തിലും.
അതിന്നു മേൽ 'ഭദ്രകാ''ശ്വജിത്'തും 'വാസവാ'ഖ്യനും
'മഹാനാമ'നുമെന്നല്ല 'ഹരിണോദ്യാന'.സീമനി
'യശദാ'ഭിധനായോരു നരപാലകുമാരനും
നമ്മൾതൻ ദേവനരുളിച്ചെയ്ത പാവനവാക്കിനെ
ശ്രവിച്ചിട്ട,മ്പത്തും നാലും പ്രഭുക്കളോടു കൂടവെ,
'ബുദ്ധ'പാദങ്ങൾ വന്ദിച്ചദ്ദേഹത്തെപ്പിന്തുടർന്നുതെ.
നരർക്കുണ്ടായൊരു പുതുകാലത്തിന്നുടെ ബോധവും
സമാധാനവുമുൾച്ചേർന്നുവല്ലോ കേട്ടവനേവനും,
നീർ സൈകതത്തിൽ മിന്നുമ്പോൾ പൃ പുല്ലും പൊന്തിടും വിധം.

ചൊന്നാരവർ— തികഞ്ഞുള്ള ശാന്തി നിഷ്ക്രിയത്വവും
ഉണ്ടാക്കപ്പെട്ട മുൻചൊല്ലിയോരാമറുപതാൾകളെ
ധർമ്മമാർഗ്ഗം പഠിപ്പിപ്പാനസ്സൽദേവനയച്ചുതേ.
എന്നാലാ, 'ഹരിണോദ്യാനാ''മിസിപ്പാററൻ' പ്രദേശവും

വിട്ടു 'യഷ്ടി'യിലും തെക്കു 'ബിംബിസാര'ൻെറ നാട്ടിലും
എഴുനെള്ളീടിനാൻ പിന്നെ സ്വയം ഭുവനപൂജിതൻ.
അവിടെപ്പലനാൾ പാൎത്തു പഠിപ്പിച്ചാനതിന്നു മേൽ
'ബിംബിസാര'ക്ഷിതിപനുമവൻതൻ കൂറുകാർകളും
സ്നേഹധൎമ്മവുമന്മട്ടു ജീവിക്കേണ്ടും പ്രകാരവും
മനസ്സിലാക്കിയുംകൊണ്ടാ മതമംഗീകരിച്ചുതേ.
പിന്നെഗ്ഗുരുവിനാജ്ഞൊണ്ടു ദാനമായിട്ടു നൽകിനാൻ--
'ബുദ്ധ'ൻെറ കൈകളിൽത്തണ്ണീർ പകൎന്നുംകൊണ്ടു—പാൎത്ഥിവൻ
ചോലക്കൂട്ടം ഗൃഹകളും രമ്യാരണ്യസ്ഥലങ്ങളും
ചേൎന്നൊരു 'വേണുവന'മാം മുള തിങ്ങുന്ന തോപ്പിനെ.
ഏവം കൊത്തിയ കല്ലൊന്നു നാട്ടിച്ചാനങ്ങു പാൎത്ഥിവൻ:—

"എന്താണു ജീവിതമതിൻ ഗതി ഹേതു രണ്ടും
താങ്ങുന്നതെന്നു വെളിവാക്കി 'തഥാഗത'ന്മാർ;
എന്താണു ജീവിതമഹാധിയിൽനിന്നു മുക്തി-
യേകുന്നതെന്നറിവു തന്നിതു 'ബുദ്ധദേവൻ."

ചൊല്ലിനാരവരാ,ത്തോപ്പിൽക്കൂടി പിമ്പൊരു സൽസഭ.
അങ്ങു, കേൾപ്പവർതന്നാത്മാവെല്ലാം കീഴ്പ്പെട്ടിടും വിധം
ജ്ഞാനശക്തികളെപ്പററി പ്രസംഗിച്ചീടിനാൻ ഗുരു.
തൊള്ളായിരം പേരതിനാൽഗ്ഗുരു ചെയ്യുന്ന മാതിരി
മഞ്ഞവസ്ത്രമുടുപ്പാക്കി നിജധൎമ്മം പരത്തിനാർ.
അവനാൽച്ചൊല്ലിനിൎത്തപ്പെട്ടോരു ഗാഥയിവണ്ണമാം:—

"വിട്ടേണ്ടതാം കടമയേററിവരുന്നു പാപം,

കൈതീൎത്തു ഭാരമൊഴിവാക്കിവിടുന്നു പുണ്യം;
പാപം വെടിഞ്ഞിടുക, ചെയ്യുക പുണ്യ;മാത്മാ-
വാത്മാവുതൻ പിടിയിലാക്കുകി, താണുമാൎഗ്ഗം.”

അദ്ദേഹത്തെക്കുറിച്ചേവമോതി നിൎത്തിയ നേരമേ
സമ്മാനത്താലുമവരെത്തൃപ്തരാക്കീ നൃപാത്മജ,
ആ രത്നങ്ങളെ മഞ്ജിസ്സും നന്ദിവാക്കുകളാലുമേ.
“എന്നാലേതു വഴിയ്ക്കാണു വന്നീടുന്നതു മൽപ്പതി?”
എന്നു ചോദിയ്ക്കുമവളോടറിയിച്ചു വണിക്കുകൾ:—
“പട്ടണം വിട്ടുരുപതു യോജനയ്ക്കപ്പുറത്തിലായ്
കിടക്കുമാ ‘രാജഗൃഹ’ത്തിങ്കൽനിന്നിങ്ങണഞ്ഞിടാൻ
ശോണാശൈലാന്തികത്തൂടെയാണെളുപ്പമെഴും വഴി.
ഒരു നാളെട്ടു കാതങ്ങൾ വീതം പോന്നു പതുക്കവേ
ഞങ്ങൾതൻ കാളകളൊരു പക്ഷംകൊണ്ടിങ്ങണഞ്ഞുതേ.

പിന്നെ,പ്പറഞ്ഞു കേട്ടപ്പോൾ, വെവ്വേറെപ്പോയ് തിരഞ്ഞിടാൻ
ഉത്തമാശ്വാധിരൂഢന്മാരായൊരമ്പതു പേർകളെ
ചൊല്ലിവിട്ടീടിനാൻ രാജാവാ,ത്മസഭ്യപ്രഭുക്കളെ.
ഓരോരോ രാജദൂതന്മാരോടും കല്പിച്ചു ചൊല്ലുവാൻ,
“അങ്ങയെത്തേടൽ നിൎത്താത്ത നീണ്ട പാഴ്കൊല്ലമേഴിനാൽ
ച്ചു;ലയ്ക്കുത്രയുമടുത്തുള്ള ‘ശുദ്ധോദനൻ’ നൃപൻ
തന്നുണ്ണിയോടപേക്ഷിപ്പൂ സ്വന്തം സിംഹാസനത്തിനും
കൊതിച്ചെഴുന്നീ നാട്ടാൾക്കുമരികേ വന്നുചേരുവാൻ;
അല്ലെങ്കിൽച്ചാവുമദ്ദേഹ,മിനിക്കാണാ ഭവന്മുഖം.”

അതു കൂടാതെതാമ്പതശാക്യവൃദ്ധന്മാരെ 'യശോധര'
ഇപ്രകാരമുണർത്തിപ്പാനായിച്ചൊല്ലിയച്ചുതേ:
"അവിടത്തെക്കുടുംബത്തിൽച്ചേൎന്ന രാജകുമാരിക—
'രാഹുല'ന്നമ്മ— കാണാനാശ്ശിക്കുന്നു ഭവന്മുഖം,
രാവിങ്കൽ വിടരും ചന്ദ്രകാന്തിപ്പൂവുകൾതൻ കരൾ
തുടിച്ചുകൊണ്ടമ്പിളിയെക്കൊതിച്ചുല്ലൽപ്പെടും വിധം,
അശോകമൊട്ടു പെണ്ണിൻ കാൽ കാത്തിരിക്കുന്ന പോലെയും.
അങ്ങുന്നുപേക്ഷിച്ചത് ലുമധികം കണ്ടുവെങ്കിലോ,
അതിൽനിന്നവൾതൻ ഭാഗമപേക്ഷിക്കുന്നിതായവൾ,
'രാഹുലൻ'തൻ ഭാഗ,മെന്നാൽ സൎവ്വോപരി ഭവാൻെറതാൻ.
ഏവം 'ശാക്യ'പ്രഭുക്കന്മാർ പോയാരതിജവത്തൊടും.
എന്നാൽ വക്ത്രപുടത്തിങ്കൽ നില്ക്കും സന്ദേശവാക്കുമായ്
കാരോരുത്തരുമാ 'വേണുവന'ത്തിൽച്ചെന്നുചേൎന്നതോ
'ബുദ്ധൻ' സദ്ധൎമ്മമുപദേശിക്കുന്നവസരത്തിലായ്.
അതു കേട്ടേവരും ചൊൽവാൻ മറന്നു, തമ്പുരാനെയും
അന്വേഷണത്തെയും പററിയുള്ളാലോചന വിട്ടുപോയ്,
ദുഃഖിക്കുമാ രാജസുതയാളെപ്പററീട്ടു കൂടിയും;
ഗുരുവിൻ മേൽക്കണ്‍ മറന്നു നോക്കിനില്പായിതത്രതാൻ.
ആ ശ്രേഷ്ഠച്ചുണ്ടിൽ നിന്നോലും പ്രസംഗമൃതകന്മഷം
ഏവൎക്കും ജ്ഞാനദം ശുദ്ധം ഗുണപൂൎണ്ണം ദയാദ്രിതം
കേട്ടു തൽബ്ബദ്ധചിത്തന്മാരായ്നിന്നാരത്രമാത്രമെ.
കണ്ടാലു!മൊരു തേനീച്ച കൂട്ടിലേക്കു പറക്കവേ,
തെച്ചിതൻ പൂക്കളെ വിരിഞ്ഞതായായിട്ടു കാണ്കയും
തികഞ്ഞ തന്മധുന്നം കാററിലേല്ക്കയും ചെയ്കയാവുകിൽ

അതു തേനാൽ നിറഞ്ഞോന്നാണെങ്കിലും ഫലമൊന്നുതാൻ,
രാത്രിയോ മഴയോ നേരിട്ടെന്നാലും കാൎയ്യമാക്കിടാ,
അതിനാ സ്വാദുപുഷ്പങ്ങൾ മേലവശ്യമിറങ്ങണം,
വാററിക്കുടിയ്ക്കയും വേണമവററിൻെറ സുധാരസം.
ആ മട്ടാ 'ബുദ്ധ'വാക്യങ്ങൾ കേൾക്കയാൽ ദൂതരേവരും
തങ്ങൾതൻ വെമ്പലിനുടെയുദ്ദേശത്തെ വെടിഞ്ഞുതേ,
ഗുരുസംഘേ ചേൎന്നിതെല്ലാരെക്കാൾ മതിമറന്നുതാൻ.
അതിനാൽച്ചൊല്ലിവിട്ടു തൻ സദസ്യന്മാരിൽ മുഖ്യനായ്
അതിവിശ്വാസ്യനായേറെ ഭാഗ്യം പൂണ്ട ദിനങ്ങളിൽ
'സിദ്ധാൎത്ഥ'ന്നു സഖാവായിരുന്നോ'രുദയി'യേ നൃപൻ.
ആ മുളന്തോപ്പിനൊടടുത്തപ്പോൾ തോട്ടത്തിൽനിന്നുടൻ
ഇലവിൻ വിരിയും പഞ്ഞിച്ചെണ്ടു പിച്ചിയെടുത്തവൻ
അടച്ചു മുദ്രവെച്ചു തൻ ചെവിപ്പഴുതു രണ്ടുമേ.
ആമട്ടങ്ങുള്ളുദാരാപത്താലേ കേടേററിടാതവൻ
പോന്നാൻ, രാജാവുമവളും ചൊന്നയച്ചതുണൎത്തിനാൻ.

അപ്പോളാത്മശിരസ്സൊന്നു കുനിച്ചാളുകൾ കേൾക്കവേ
നമ്മൾതൻ ദേവനരുളീ, "പോകും ഞാൻ തീൎച്ചയായുമേ.
ഞാനതിച്ഛിരുന്നേനാ മട്ടതെന്നുടെ ധൎമ്മമാം.
യാതൊന്നാൽ ജന്മമൃത്യുക്കൾ നീങ്ങും വഴി ലഭിയ്ക്കുമോ,
ചെയ്ത പാപങ്ങൾ വേർപെട്ടുമൊന്നുമങ്ങേറിടാതെയും
സ്നേഹവും ചേലെഴുമുപകാരവും കൊണ്ടു പൂൎണ്ണരായ്
ധൎമ്മമാൎഗ്ഗത്തിൽനിന്നെന്നാൽ നിങ്ങൾ നിർബ്ബാധമാം വിധം
ആനന്ദമയമായുള്ള നിർവാണ പദമേറുമോ,

ആജ്ജീവിതം തന്നവരിൽബ്ഭക്തി കാട്ടന്നമേവനും.
ആ വാൎത്ത കേട്ടിട്ടാ സ്വച്ഛമാകും 'കപിലവസ്തു' വിൽ
തന്നാട്ടവീഥികളിലും നാട്ടകാരേപ്പെട്ടത്തിനാർ
തന്നിളംക്രൂരചന്ദ്രളെഴുന്നെള്ളത്തൊരുക്കകൾ.
കൂടാരമൊന്നു ശോഭിച്ചു തെക്കേഗ്ഗോപുരവാതിലിൽ.
പൊൻവേലകളെഴും പച്ചപ്പട്ടുവസനങ്ങളാൽ
നിൎമ്മിച്ച ഭിത്തി പൂമാലയണിഞ്ഞുണിവയുള്ളതായ്
തൂമണം ചേൎത്തെഴും നിംബചൂതങ്ങളുടെ തൂപ്പുകൾ
വിരിച്ചു വഴിയിൽ;പൂൎണ്ണപാത്രം കൊണ്ടു പൊടിസ്സുമേൽ
മല്ലപ്പൂ ചന്ദനത്തൈലം പാററീ; പാറീ പതാകകൾ;
അവൻ വരുമ്പോൾക്കടവിന്നപ്പുറത്തെത്ത്രയാനകൾ
വെള്ളിയമ്പാരിയും കൊമ്പിൽപ്പൊൻകെട്ടും പൂണ്ടു നില്ക്കണം,
"'സിദ്ധാൎത്ഥൻ' വരവുണ്ടെ"ന്നായെവിടെച്ചെണ്ട കൊട്ടണം,
പ്രഭുക്കന്മാർകളെവിടെയിറങ്ങിക്കൈവണങ്ങണം,
നൎത്തകപ്പെൺകൊടികളെങ്ങോടിയും പാട്ടുപാടിയും
തങ്ങൾതൻ പൂക്കൾ തൂകേണ—മിവയുത്തരവായിതേ.
മുട്ടോളം പനിനീർപ്പൂവും സുഗന്ധം പൂണ്ട തൈലവും
ചവിട്ടിപ്പോകണമവൻ കരേറിയ തുരംഗമം.
പാതകൾക്കഴകേറേണം ഗീതാഹ്ലാദരസങ്ങളാൽ
കോട്ടസ്തംഭംമുഴങ്ങേണമീമട്ടുത്തരവായിതെ.
ഉഷസ്സുതോറും സകലമനുഷ്യരുടെ കൎണ്ണവും
"അതാ, വരുന്നിതവനെ"ന്നറിയിപ്പതിനാദ്യമായ്
ചെണ്ട കൊട്ടുന്നതു മുദാ കേൾക്കുവാൻ കാത്തു നില്ക്കയായ്.

എന്നാലീവിധമുണ്ടായി — മുമ്പേതാനാശവെച്ചയാൽ
കോട്ടവാതിൽക്കരികിലായ് വന്നുചേർന്നു 'യശോധര'
ആ മിന്നിടുന്ന കൂടാരം പണിചെയ്തുള്ളിടത്തു താൻ.
'നിഗ്രോധ'മെന്നൊരാരാമം ചുററും മിന്നി മനോഹരം,
പച്ചത്തലപ്പാവണിയുമീത്തപ്പനകളാലുമേ
ദേവതാരങ്ങളെക്കൊണ്ടും കുളിർത്തണലണപ്പതായ്,
കായ്പൂനിറഞ്ഞതതിർകളാൽ വളഞ്ഞ വഴിയാലുമേ
പുതുതായി വെടുപ്പാക്കപ്പെട്ട ശോഭായമാനമായ്.
എന്തെന്നാലായതിൻ മൈതാനത്തിന്നററത്തിലൂടെയായ്
കിടപ്പു തെക്കോട്ടുള്ളോരു വഴി, യിങ്ങേ വശത്തിലായ്
പത്രങ്ങളും പൂവുകളു, മങ്ങേബ് ഭാഗത്തു വീടുകൾ —
കോട്ടയ്ക്കു പുറമേ പാക്കം വകക്കാരായ് പ്രശാന്തരായ്
പാവപ്പെട്ടവരായ് തൊട്ടാൽ ബ്രഹ്മക്ഷത്രജനങ്ങളിൽ
തീവ്രാശുദ്ധി പിണപ്പോരാം നീചന്മാരുടെ ചാളകൾ.
എന്നാലക്കൂട്ടരും വെമ്പൽ പൂണ്ടിരുന്നു, മഹാശയാൽ.
ഉഷസ്സിൻ മുമ്പെഴുന്നേററു വഴി സൂക്ഷിച്ചുനോക്കയായ്,
വല്ലാനയും സുദൂരത്തുനിന്നു ചിന്നംവിളിപ്പതോ
അമ്പലത്തിങ്കൽനിന്നുള്ള ചെണ്ടകൊട്ടോ ശ്രവിക്കുകിൽ
മരങ്ങളിൽക്കേറുകയാം; യാരെയും കണ്ടിടായ്കയാൽ
രാജപുത്രപ്രസാദാർത്ഥമോരോ പണികൾ ചെയ്കയായ്;
ഉമ്മറക്കൽ മെഴുകുക, തൻതൻ കൊടികൾ തൂക്കുക,
നനുത്തുള്ളത്തിയിലകൾകൊണ്ടു ചങ്ങലകെട്ടുക,
ബിംബം തുടച്ചു പുതുതായ് മിന്നിച്ചു, തലനാളിലെ
വാടുംതുളുപ്പകമാനത്തെപ്പുതുതായിട്ടു ചാർത്തുക;

മഹാൻ 'സിദ്ധാൎത്ഥ'നെപ്പററിയുണ്ടോ വല്ലൊരു ശബ്ദവും
വഴിയ്ക്കുന്നദ്ധ്വഗജനത്തോട്ട ചോദ്യങ്ങൾ ചെയ്കയും,
ഇവയെക്ഷോണിഭൃൽപുത്രി സൂക്ഷിച്ചാളവർപോലവെ,
ക്ഷീണരമ്യാക്ഷിയാൽ തെക്കേ മൈതാനം നോക്കിനില്പവൾ;
ആ യാത്രക്കാർ വരവിനെപ്പററി വല്ലതുമോതുകിൽ
അതു കേൾപ്പാനവൾക്കൊപ്പം ദത്തകൎണ്ണയുമായിതെ.
അപ്പോളവൾക്കു കാണായി മുണ്ഡനായ് ഭിക്ഷു പോലവെ
കൌപീനധാരിയായ് തോളിലോരു പീതാംബരത്തൊടും
ചുരങ്ങയ്ക്കൊത്ത മൺപാത്രമൊന്നു തൻ കയ്യിലേന്തിയും,
ക്ഷമയോടതു നീട്ടിക്കൊണ്ടോരോരോ കുടിൽമുന്നിലും
കിട്ടുന്ന മുഷ്ടിയെസ്സൌമ്യനന്ദിവാക്കോതി വാങ്ങിയും,
ആരും കൊട്ടക്കാത്തവിടങ്ങളുമാ മട്ടു സൌമ്യനായ്
കടന്നുപോന്നുമൊരുവൻ മെല്ലവേ വന്നടുപ്പതായ്.
മഞ്ഞളാടയുമായ് രണ്ടാളുണ്ടവന്നനുയായികൾ;
എന്നാൽ ഭിക്ഷയ്ക്കെഴും പാത്രം ധരിച്ചാളത്ര യോഗ്യനും
അത്ര വന്ദ്യനുമത്രയ്ക്കു ദത്തമാൎഗ്ഗാവകാശനും
അത്രയ്ക്കുന്നതസ്സെഴും വ്യാപ്തസാന്നിദ്ധ്യം പൂണ്ടൊരുത്തനും
അത്ര മാഹാത്മ്യമയമായ് രമ്യമായുള്ള കണ്ണിനാൽ
എല്ലാൎക്കുമുള്ളിൽത്തട്ടിയ്ക്കുവോനുമാണെന്നു തോന്നിതേ.
അതിനാലവിടത്തേയ്ക്കു ഭിക്ഷയെത്തിയ്ക്കുമാളുകൾ
അദ്ദേഹത്തിൻ മുഖം നോക്കി നിന്നുപോയ് ഭയഭക്തിയാൽ;
ഭക്ത്യാ കുമ്പിട്ടിതു ചിലർ, ചിലർ സമ്മാനമേകുവാൻ
പാഞ്ഞു, ദരിദ്രരായിട്ട തീൎന്നതിൽസ്സങ്കടത്തൊടെ.
ആമട്ടവന്റെ വഴിയിൽച്ചെന്നുകൂടി പതുക്കവേ

ഓരോരോ കൂട്ടമായാണും പെണ്ണും കുട്ടിയുമേവരും,
“ആരാണിതാ?രെ?ന്നു കണ്ടിട്ടുണ്ടീ മട്ടൊരൃഷീന്ദ്രനെ?”
എന്നു പൊത്തിയ ചുണ്ടാലേ മന്ത്രിച്ചുംകൊണ്ടു തങ്ങളിൽ.
എന്നാലവൻ മെല്ലെ നടന്നാത്തമ്പിനൊടടുക്കവേ
അതാ! പൊങ്ങീ പട്ടുവാതി,ലവൻെറ വഴിതന്നിലായ്
മുഖവസ്ത്രത്തെ മുഴവൻ നീക്കി നിന്നാൾ ‘യശോധര’.
“‘സിദ്ധാൎത്ഥ!’ നാഥ!” എന്നാൎത്തേണ്ണാരോലും നീണ്ട കണ്ണുമായ്
കൈകകളാൽ മുറുകെപ്പുണ്ടുകൊണ്ടും, പിന്നേക്കരഞ്ഞവൾ
വീണാൾ, കിടന്നാളുദ്ധത്തിൻെറ തൃച്ചരണങ്ങളിൽ.

പിമ്പാക്കേഴന്ന മാന്യസ്ത്രീ ധമ്മമാൎഗ്ഗമെടുത്ത മേൽ
ഒരാൾ ചോദിക്കയുണ്ടായീ ‘ബുദ്ധ’നോടതിനുത്തരം—
മൎത്ത്യൎക്കുള്ള വികാരത്തെയൊക്കയും, ചിത്തഹാരിയായ്
പൂമിനുപ്പുള്ളതാം നാരീകരാഗ്രസ്പൎശനത്തെയും
വെടിഞ്ഞതാം വ്രതം കൈക്കൊണ്ടിരിക്കേയതുമാതിരി
പുല്കുവാൻ സമ്മതിപ്പാനെന്തെന്ന—പ്പോൾ ഗുരു ചൊല്ലിനാൻ:—
“ഏറെയുൽക്കൃഷ്ടമാം സ്നേഹം താനുള്ളതു പൊറുത്തിടും,
അതിന്നു മററതിനെ മേല്പോട്ടെളുപ്പത്തിലേററുവാൻ.
ബന്ധത്തിൽനിന്നു വേർപെട്ട മൎത്ത്യൻ സൂക്ഷിച്ചുകൊള്ളണം,
സ്വാതന്ത്ര്യത്തെ പ്രശംസിച്ചു മുഷിപ്പിക്കായ്ക്ക ബദ്ധരെ.
ക്ഷമാപൂൎവ്വം കീഴ്പെടുത്തൽ മധുരജ്ഞാനപാടവം
ഇവയാൽ നിങ്ങൾതൻ മുക്തി പരത്താൻ, നിങ്ങൾ മുക്തരായ്.
ഈയജ്ഞാനാന്ധലോകത്തിൻ നേതാക്കന്മാരുമാവിധം
സഹായികളുമാസ്ത്രീയും ‘ബോധിസത്വർ’ ജനിപ്പതോ

മൂന്നു കാലങ്ങളിൽദ്ദീർഘപ്രയത്നം ചെയ്തതിൻ ഫലം.
'അവധാരണ'യെന്നാമത്തേതു രണ്ടാമ'തുദ്യമം'
'നിയോജനം'താൻ മൂന്നാമത്തേത; ഹോ! മമ ജീവിതം
അവധാരണകാലത്തായിരുന്നു, നന്മ ചെയ്യുവാൻ
ആശിച്ചും ജ്ഞാനലബ്ധിയ്ക്കായന്വേഷിച്ചും കഴിച്ചു ഞാൻ.
എന്നാലെന്നുടെ നേത്രങ്ങളടയപ്പെട്ടിരുന്നുതേ.
ആക്കാന മാവണക്കിൻ കായ്ക്കുലയിൽ പകപചിത്തുകൾ
എത്രയെന്നെണ്ണുകത്രയ്ക്കു മഴക്കാലത്തിനപ്പുറം,
'ലങ്ക'യ്ക്കും ശുക്തികളുടെ ഗൂഢാവാസസ്ഥലത്തിനും
തെക്കുഭാഗത്തു കാണാകും കടലിൻ തിരഭൂമിയിൽ,
കച്ചോടക്കാരനാം 'രാമ'നെന്നൊരാളായിരുന്നു ഞാൻ.
അന്നാഴിക്കരമേലസ്സൽഗ്രാമത്തിൽപ്പാർത്തു ഞാനുമായ്
ഈ 'യശോധര'യാൾ പ്രീത്യാ; 'ലക്ഷ്മി'യെന്നന്നിവൾക്കു പേർ
ഓർപ്പു. ഞങ്ങൾക്കു ലാഭാർത്ഥമവിടം വിട്ടുപോണു ഞാൻ.
ദരിദ്രവും മോശവുമായിരുന്നു ഞങ്ങൾതൻ നില.
ഒട്ടും താഴാത്ത ശുഷ്കാന്തി പൂണ്ടേലും കണ്ണുനീരുമായ്
എന്നോടപേക്ഷിയ്ക്കുകയായ് വിട്ടുപോകായ്കയെന്നവൾ,
നിക്കും കരയ്ക്കുമുണ്ടാകുമാപത്തേല്ക്കായ്കയെന്നുമേ.
"സ്നേഹമെമ്മട്ടതിൻ സ്നേഹവിഷയം വിട്ടു പോയിടും"
എന്നായവൾ കരഞ്ഞാലും പുക്കേൻ സോത്സാഹമുൾക്കടൽ.
യത്നം, വൻ കാററ, ഗാധസ്ഥജന്തുച്ചാർത്തായ്ക്കൊലപ്പട,
ഉച്ചയ്ക്കുമദ്ധ്രാത്രിയ്ക്കും കഷ്ടപ്പാടിതുകൾക്കുമേൽ
തിരതന്നിൽത്തിരഞ്ഞങ്ങുന്നു ഞാൻ കയ്യിലാക്കിനേൻ,
ശ്രേഷ്ഠവും പാർത്ഥിവക്കാത്മഭണ്ഡാരം ചിലവാക്കിയും

വാങ്ങിടാവുന്നതാം മുത്തുമണിയൊന്നിന്ദുസന്നിഭം.
എന്നിട്ടെന്നുടെ കുന്നിന്മേലെയ്ക്കു മോദേന ചെന്നു ഞാൻ.
എന്നാലദ്ദിക്കിലെങ്ങും വൻ ക്ഷാമം ബാധിച്ചിരിപ്പൂതേ.
വീട്ടിലെയ്ക്കു മടങ്ങുമ്പോൾ ശ്വാസം നിൎത്താൻ കുഴങ്ങി ഞാൻ,
ആസ്സിസ്സുവിൻ വെൺനിധിയെയരഞ്ഞാൺ ചരടിന്നു മേൽ
കെട്ടിയെന്നുമ്മറത്തെത്തിവീണേൻ ക്ഷുത്താന്നുഴന്നു ഞാൻ.
എന്നാലാഹാരമില്ലങ്ങു, മുമ്മറത്തൊച്ചയെന്നിയേ
ധാന്യത്തുണ്ടൊന്നു കിട്ടാഞ്ഞു കിടപ്പൂ ചത്തപോലവെ
ഞാനെന്നെക്കാളുമാരെയോൎത്തു ചെയ്തിതോ യത്നമായവൾ.
അപ്പോളുറക്കെച്ചൊന്നേൻ ഞാ, "നുണ്ടെങ്കിൽ ധ്യാനമുള്ളവർ
ഒരു ജീവനെ മേടിപ്പാൻ നാടൊന്നിൻ വിലയങ്ങിതാ,
ലക്ഷ്മി'യ്ക്കു നൽകുവിൻ ഭോജ്യ,മെൻ നിലാമുത്തു വാങ്ങുവിൻ."
അപ്പോളത്തൻ ശേഖരിപ്പെല്ലാം— മുന്നാഴിത്തിനതാൻ—ഒരാൾ
കൊണ്ടുവന്നാൻ, സുഭഗമാസ്സാധനം കയ്ക്കലാക്കിനാൻ.
എന്നാൽ ജീവിച്ചുപോയ് 'ലക്ഷ്മി'യാസ്സമ്പാദിച്ച ജീവനാൽ;
നെടുവീൎപ്പാൎന്നരച്ചു, "ഹാ! സ്നേഹിച്ചു തീൎച്ചയായ് ഭവാൻ."
ഞാനാജ്ജന്മത്തിലെൻ മുത്തു ഏത്തുമുള്ളും സുഖപ്പെടാൻ
ചിലവാക്കി ശരിയ്ക്കു;ല്ലെന്നാലില്ല സുഖമാകയാൽ.
എന്നാലെന്നന്ത്യമാം ശ്രേഷ്ഠനേട്ടമീ സ്വച്ഛമുത്തുകൾ,
ഒരാഴമേറുന്നലയിൽനിന്നു മുങ്ങിയെടുത്തവ—
നിവൃത്തിയില്ലാ ചിലവായ്പ്പോവാനും മങ്ങുവാനുമേ
കൊടുക്കന്തോറുമേറുന്നിതവതൻ പൂൎണ്ണസൌഭഗം.
കൊച്ചുറുമ്പുകൾമേന്മേലേ കൂടി നിൎമ്മിച്ചൊരാഗ്ഗിരി
മേരുവോടെത്രയൊക്കുന്നു, ചാടിട്ടൊന്നൊരു പേടമാൻ

പോയ കാൽച്ചുവടിന്നുള്ളിൽ വീണതാം മഞ്ഞുനീർക്കണം
അതിരില്ലാത്ത സിന്ധുക്കളോടെത്രയൊത്തിടുന്നുവോ,
അത്രയ്ക്കൊട്ടാനമിപ്പോളുള്ളെൻ്റെ ദാനത്തോടൊത്തിടും.
ആ മട്ടിന്ദ്രിയമാൽ വേർപെട്ടുള്ളാ സ്നേഹം മഹത്തരം
വിവേകിതാൻ്റെ ശക്തി കുറഞ്ഞുള്ള ഏതോരു ഛായയേ;
ആ വിധം മന്ദമായ് നീതയാകയാലെ കടന്നുതേ,
ആ 'യശോധര'യാരോമൽതൻ കാൽ ശാന്തിസുഖങ്ങളിൽ."

എന്നാൽ ദുഃഖദഭാസ്സായ ഭിക്ഷുവിൻ്റെയുടുപ്പുമായ്
മുണ്ഡനായ് നീചജാതിക്കാർ കളയുന്നെച്ചിൽ വാങ്ങുവാൻ
ഒരത്ഥിപാത്രവും നീട്ടി 'സിദ്ധാർത്ഥൻ' വന്നണഞ്ഞതായ്
രാജാവു കേട്ടപ്പോളവൻതൻ മനസ്സിങ്കൽനിന്നുടൻ
സ്നേഹത്തെയാട്ടിപ്പായിച്ചു ക്രോധമായ് ചേന്ന സങ്കടം.
മൂവട്ടം തുപ്പി മന്നിൽത്തൻ വെള്ളികേറിയ താടിയെ
വലിച്ചു, നേക്കെഴുന്നള്ളി വിത്രസൽപ്രഭൃത്യനായ്.
ശുണ്ഠിയോടേ കയറിനാൻ തൻ പടക്കുതിരയ്ക്കു മേൽ,
താഴ്ത്തിത്തറച്ചാൻ കുതിമുള്ളാ,ടിച്ചാനരിശത്തോടും.
സാശ്ചര്യവീഥിയിൽക്കൂടെയുപവീഥിയിലൂടെയും
ശ്വാസം കിട്ടിജ്ജനങ്ങൾക്കു, "തമ്പുരാൻ! താണു കൂപ്പുവിൻ!"
എന്നു ചൊൽവാനുമെല്ലുതാഴ്ത്തുന്നതിനു മുന്നമേ.
അത്തുരംഗാധിരൂഢന്മാർതൻ പോക്കുപചിതാരവം
'കടാകടാ' എന്നധികം നീണ്ടുന്നതിനു മുന്നമേ,
തെക്കേതാകും കോട്ടവാതിൽ കാണുന്നതാവും തരത്തിലായ്
ക്ഷേത്രവപ്രത്തിനരികിലൂടവേ തിരിയും വിധൌ,

കണ്ടാർ തികച്ചും വലുതാമൊരാൾക്കൂട്ടത്തെയായവർ.
ഏറെപ്പേർ ചേൎന്നിരുന്നു വന്നതിൻ വക്കുകളിൽ ദ്രുതം,
വൃദ്ധഭൂപന്റേതൊടാർതൻ ശാന്തനോട്ടമിണങ്ങിയോ
അവന്റെ പിന്നേ ചേൎന്നേറിവന്നാപ്പൃഥുജനാളിയാൽ
മാൎക്കപ്പെട്ടിട്ടു മാൎഗ്ഗങ്ങൾ കാണ്മാനില്ലാതെയാം വരെ.
എന്നല്ലുയിർക്കൊണ്ടതുമില്ലച്ഛൻതൻ കോപമേതുമേ
അവന്റെയസുഖം പൂണ്ട മുഖഭാവത്തിലൊട്ടിട,
'ബുദ്ധ'ന്റെ സൌമ്യനേത്രങ്ങൾ സാദരം നിന്നതിന്നുമേൽ.
ഉടൻ മുഖം താഴ്ത്തിയഭിമാനം ചേൎന്നുള്ള താഴ്മയിൽ
മുട്ടു കുത്തീടിനാൻ വ്യാജമിയലാതുഴിമേലവൻ.
അത്ര തുഷ്ടിദമായ് രാജപുത്രനെക്കണ്ടിട്ടന്നതേ;
പാരിന്റെ രാജത്വത്തെക്കാളേറെ ശ്രേഷ്ഠതയുള്ളതായ്
തൻ മൌലി ചാൎത്തും മാഹാത്മ്യത്തേയും, മൎത്ത്യരെയാകവേ
അത്രയ്ക്കു ഭയഭക്തിക്കീഴാക്കി നിശ്ശബ്ദരാക്കിയും
തൻ പിന്നിൽച്ചേൎത്തതാം രാജശ്രീയേയും പാൎത്തുകാണ്മതേ.
എന്നാലുമരചൻ ചൊന്നാൻ, "നതിതായിക്കഴിഞ്ഞുവോ,
ഒരു ദേവൻ പോലെ കഴിഞ്ഞോരു 'സിദ്ധാൎത്ഥ'നുത്തമൻ
മരച്ചെരിപ്പിട്ടു കീറപ്പുതപ്പൊന്നാൎന്നു മുണ്ഡനായ്
നീചരോടിഷ്ടി യാചിച്ചും തൻ നാട്ടിലൊളിവാഴ്വരാൻ.
എന്നുണ്ണി! വാഴ്കമിസ്സാമ്രാജ്യത്തിന്നു യുവരാജനേ,
ഭൂമിയ്ക്കെന്തൊന്നു തരുവാനെള്ളതാമതു വാങ്ങുവാൻ
അല്ലെങ്കിൽക്കാംക്ഷവെപ്പിയ്ക്കപ്പെട്ട ഭൃത്യരെ നേടുവാൻ
ഒരു കൈകൊട്ടൽ മതിയാം മന്നവൎക്കവകാശിയേ,
നിൻ നിലയ്ക്കൊത്ത വേഷത്തിൽത്താൻ വരേണ്ടിയിരുന്നു നീ,

മീന്നും കുന്തങ്ങൾ കുതിരകാലാളിവയൊടൊപ്പമേ.
കണ്ടാലു!മെൻെറ സൈന്യങ്ങൾ പാതമേൽ തമ്പടിച്ചതും,
എൻ പൌരരൊക്കയും കോട്ടവാതിൽക്കൽക്കാത്തു നില്പതും.
ഈപ്പോയ ഹതവർഷങ്ങളെല്ലാമെണ്ണു കഴിച്ച നീ
തമ്പുരാനായ നിന്നച്ഛൻ സങ്കടപ്പെട്ടിരിയ്ക്കവേ,
ആ നില്ക്കുവോളും വിധവപോലെ സന്ത്യക്തസൌഖ്യയായ്
വീണവായനയോ പാട്ടോ കേൾക്കാതെയുമൊരിയ്ക്കലും,
മഞ്ഞത്തുണിത്തുണ്ടുകൾ പൂണ്ടോരിരക്കുന്ന കാന്തനെ
ഗൃഹത്തിലെയ്ക്കാദരവിൽ ക്ഷണിയ്ക്കുന്നതിനീ ക്ഷണം
തൻെറ തങ്കത്തുകിലുമായ് വരുവോളമൊരിയ്ക്കലും
ചേലഞ്ചിടും ചേല ധരിച്ചീടാതേയും കഴിയ്ക്കവെ.
എന്തിതെൻ മകനേ" എന്നാൻ.

മറുവാക്കരിയാടിനാൻ:—
"എൻ പിതാവേ, ഇതെൻ വംശജാതർതൻ സമ്പ്രദായമാം."

ഉത്തരം ചൊല്ലി രാജാവു, "നിൻെറ വംശപ്രജാതരായ്
'മഹാസമ്രാട്ടു' തൊട്ടുണ്ടു നൂറു സിംഹാസനാഞ്ചിതർ;
എന്നാൽച്ചെയ്യുകയുണ്ടായിട്ടില്ലല്ലോ കർമ്മമിത്തരം."

ഗുരു ചൊല്ലീടിനാൻ, "നില്ല മനുഷ്യകുലമൊന്നിലും.
എന്നാൽക്കാണാത്ത പാരമ്പര്യത്തെപ്പററിപ്പറഞ്ഞു ഞാൻ—
അതീതരും ഭവിഷ്യത്തുക്കളുമാകിയ 'ബുദ്ധ'രെ—
അവരിൽച്ചേർന്നവൻ ഞാൻ, ഞാൻ ചെയ്യുമായവർ ചെയ്തവ.

ഇപ്പോളുണ്ടായൊരീതിതിൻ വണ്ണമുണ്ടായി പണ്ടുമേ.
തൻ പുത്രനെ, ത്തപോവേഷം പൂണ്ടോരു നൃപസൂനുവെ
ചെന്നു കാണുകയുണ്ടായ് പോർചട്ടയിട്ടോരു മന്നവൻ.
ആ ലോകരക്ഷയ്ക്കായ് വെയ്ക്കപ്പെട്ടോൻ, സ്നേഹദമങ്ങളാൽ
സ്വശക്തിതൻ പൂർണ്ണതയിൽ മേവും പ്രബലഭൂപരിൽ
കവിഞ്ഞുനില്ക്കും, വന്ദിച്ചാർ— ഞാനിപ്പോൾ ചെയ്തിടും വിധം,
എന്നല്ല —ലംഘ്യവാമോഘോ കടപ്പാടുകൾ വീട്ടുവാൻ—
താൻ കൊണ്ടുവന്ന നിധികൾക്കൊന്നാമത്തെപ് ഫലങ്ങളെ
ആ താന്നതരമായിടും സ്നേഹം മുഴവനാലുമെ
കൊടുക്കാമെന്നുമായ്ച്ചൊല്ലീ —ഞാനിപ്പോൾ ചൊല്ലിടും വിധം.”

രാജാവുടൻ സാത്ഭുതനായ്ച്ചോദിച്ചാൻ, “നെന്തുവാൻ നിധി”?
അപ്പോൾ ഗുരു നൃപാലൻെറ കൈപിടിച്ചിതു മെല്ലവേ
മന്ദം നടന്നാർ തൊഴകൈ തിങ്ങും തെരുവിലൂടവെ—
രാജാവും രാജസുതയും രണ്ടു ഭാഗത്തുമൊത്തവർ.
അവിടന്നരുളിച്ചെയ്താൻ ശാന്തിശുദ്ധികരങ്ങളായ്
സിന്ധുവ്രജത്തെക്കരകൾ പോലെ ജ്ഞാനത്തെയൊക്കയും
നിത്തും ശ്രേഷ്ഠങ്ങളാം നാലു സത്യധർമ്മനയങ്ങളെ,
ഏതിനെപ്പിന്തുടർന്നോരെന്നാലും— ശക്തനശക്തനോ
പ്രാജ്ഞനോ മൂഢനോ, സ്ത്രീയോ പുമാനോ കുട്ടി വൃദ്ധനോ—
ജീവിയ്ക്കില്ല,ടനോ പിമ്പോ, നിർവാണാനന്ദയുക്തനായ്
അവൻ ജീവിതചക്രങ്ങൾ വേർപെട്ടോനായ്ത്തരുന്നുവോ
നാലൊത്തുകെട്ടൻഷ്ഠാനമിവയുള്ളാം മഹാപഥം
പ്രകാശിച്ചിരിയ്ക്കിലേവനും —നൃപനുമടിമയ്ക്കുമേ—

എല്ലൂതാകുന്ന ശരിയായുള്ളെട്ടു നിയമങ്ങളെ.

അ മട്ടിലാഗ്ഗൌരവമുള്ള വാക്യം
ശ്രവിച്ചുകൊണ്ടും, വദനം തെളിഞ്ഞും,
'ശുദ്ധോദനൻ' 'ബുദ്ധ'നെഴുന്ന ഭിക്ഷാ-
പാത്രം സ്വഹസ്തത്തിലെടുത്തുകൊണ്ടും,

ആരോമലാളായ 'യശോധര'ക്കു-
ള്ളാരമ്യമാം കണ്ണിണതന്നിലപ്പോൾ
അപൂൎവ്വമാകുന്നൊരു സുപ്രകാശം
വിളങ്ങിയും, തൻ മിഴിനീർ വരണ്ടും,

ഇതിൻ വിധം മന്നവമന്ദിരത്തിൽ
നൽപ്പൂമുഖത്തായവർ ചെന്നുകേറി;
പിന്നെ പ്രവേശിച്ചിതു രണ്ടുപേരും
പ്രശാന്തമാൎഗ്ഗത്തിനെയന്നു രാവിൽ.

## എട്ടാം സൎഗ്ഗം.

നഗരത്തിലൊഴുക്കേറും 'കൊഹാന'യുടെ വക്കിലായ്

പരപ്പുകൂടുന്നൊരു പുൽപ്പറമ്പുണ്ടു കിടപ്പതേ;
കാശീപുരസ്ഥക്ഷേത്രത്തിൽനിന്നൊരാൾ കാളവണ്ടിയിൽ
കിഴക്കോട്ടും വടക്കോട്ടുമായി യാത്ര തിരിയ്ക്കുകിൽ
അവിടെച്ചെന്നു ചേർന്നീടുമവനഞ്ചു ദിനങ്ങളാൽ.
മിന്നുമാപ്പുഴതൻ വീചികൊണ്ടു പച്ചച്ച തോപ്പുകൾ
ചുഴന്നതായ്, സദാകാലം പൂവാൽത്തെളിയുമാ സ്ഥലം
നോക്കിനില്ക്കുന്നു വെൺമഞ്ഞുകുന്നിൻ ശൃംഗത്തലപ്പുകൾ.
അതിന്റെ താഴ്വാരങ്ങൾ മിനുസപ്പെട്ടിരിപ്പവ,
മണങ്ങൾ വീശുന്ന തണൽസ്ഥലങ്ങൾ കുളിരാണ്ടവ,
ഇന്നേവരെയ്ക്കുമദ്ദിക്കിൻ ചൈതന്യം ശുദ്ധിമത്തരം:
ആൽക്കുടുക്കകൾ പോലുള്ള കുഞ്ജങ്ങളുടെ മീതെയും,
നിലത്തു പടരുന്നത്തിതൻ വേരാൽ മുരടാലുമെ
വിണ്ടു, ചഞ്ചത്തൃണദലവസ്ത്രം പൂണ്ടാത്തശില്പമായ്,
പൊക്കത്തിൽ കൂടിനില്ക്കും ചെങ്കല്ലിനത്തിന്റെ മീതെയും,
സന്ധ്യാശ്വാസാനിലൻ ശബ്ദിയ്ക്കാതേ ലാത്തുന്നു മെല്ലവെ.
അരക്കകിൽത്തടികളാൽത്തീർത്ത ജീർണ്ണസ്ഥലാന്തരാൽ
പോരുന്നു മന്ദതരമായ് മിന്നിച്ചുയൊട്ടു പന്നഗം,
ആഴത്തിൽക്കൊത്തുപണിചെയ്തുള്ള കൽപ്പടവിന്നു മേൽ
അതിൻ മടക്കിവെയ്ക്കാവും മൈ ചുരുട്ടിക്കിടക്കുവാൻ;
മന്നോർ നടന്നിരുന്നോരു ചിത്രപ്പണിനിലങ്ങളിൽ
താമസിയ്ക്കുന്നു പേർത്തോടി നടന്നീടുന്നു ഗൌളി താൻ;
പൊളിഞ്ഞുപോയതാം സിംഹാസനപങ്ക്തിയ്ക്കു കീഴിലായ്
നരച്ചെഴും കുറുനരി കിടപ്പൂ പുല്ലുമെത്തമേൽ;
മാററം വരാതെ നില്പുണ്ടു പുഴയും, ശിഖരങ്ങളും,

ചാഞ്ഞ മൈതാനനിരയും, സൌമ്യമാം കാററുമത്രതാൻ:
ജീവിതംതന്നിലെച്ചാരുപുറംകാഴ്ചകളൊക്കെയും
എമ്മട്ടാം, മട്ടുതാൻ പൊയ്പ്പോയിരിപ്പൂ ബാക്കിയെന്തുമേ.
ഇങ്ങല്ലോ നിന്നിരുന്നു 'ശുദ്ധോദനൻ' തന്റെ പട്ടണം,
പൊൻനിറം നീലനിറവുമാർന്ന സന്ധ്യയിലേകദാ
സൂൎയ്യാസ്തമനമാകുമ്പോൾ തനിസ്സുററവർ കേൾക്കവേ
'ബുദ്ധൻ' ധൎമ്മം പഠിപ്പിപ്പാനേറിനിന്നുള്ള കുന്നുമേ.

അഹോ! ഭവാന്മാർ വായിസ്സും വേദഗ്രന്ഥത്തിലിവിധം
തെളിവാർന്നിടുമാത്തുഷ്ടികരമാം ദിക്കിൽ —മുമ്പുനാൾ,
അന്നിയൽക്കൊത്ത വഴികൾ നീരുറക്കുഴൽ വാപികൾ
ചുററും കോവിലകത്തിന്റെ തുംഗമാം മുൻവശങ്ങളാൽ
ചേലാർന്ന കൂടാരനിരയാലും കാഞ്ചിയണിഞ്ഞതായ്
അററത്തു പനിനീർപ്പൂക്കൾ ചോർന്നതാം ചന്ദ്രശാലകൾ
ഇവയുള്ളോരു പൂന്തോപ്പാമിടത്താ—ളുകൾചുററുമായ്
ഇരുന്നരുളിനാൻ ശ്രേഷ്ഠനഭിപൂജിതനാം ഗുരു.
അവന്റെ ചുണ്ടുകൾ വിടൎത്തുവതും കാത്തുകൊണ്ടുതാൻ
നമ്മാൾത'ന്നേഷ്യ'യെസ്സൌമ്യമാക്കിയോരറിവിൻ വഴി
മനസ്സിലാക്കാൻ നിലവറ്റ് ശ്രദ്ധകൂട്ടും ജനോൽക്കരം:
അങ്ങെത്തിയിരുന്നു ദൎശിപ്പൂ നാലു ലക്ഷം ശരീരികൾ:
രാജാവിന്റെ വലംഭാഗത്തായിരുന്നീടിനാനവൻ;
ചുററും വരിനിരപ്പായി നിന്നാർ 'ശാക്യ' പ്രഭുക്കളും,
'അനന്താ'ഖ്യൻ 'ദേവദത്തൻ'—സദസ്യന്മാരശേഷവും;
പിന്നിലായിട്ടു നില്പായീ 'ശ്രീയുതാ'ഖ്യൻ 'മുഗല്ല്യ'നും,

മഞ്ഞവസ്ത്രം പൂണ്ട ശാന്തസോദൎയ്യന്മാരിലുത്തമർ;
എല്ലാം കൂടി മഹത്തായിട്ടുള്ളതാമൊരു സൽസഭ.
'രഹുലൻ' പുഞ്ചിരിക്കൊണ്ടു തടങ്കത്തിങ്കൽ മേവിനാൻ,
ബാലസാധാരണാശ്ചൎയ്യം പൂണ്ട തൻ കണ്ണു രണ്ടുമേ
ഭയഭക്തി ജനിപ്പിക്കുമാ മുഖത്തു പതിച്ചുതാൻ.
ആരോമലായുള്ള 'യശോധര'യും തൽപദാന്തികെ
ഇരുന്നാൾ തന്നുടെ മനസ്സങ്കടങ്ങളൊഴിഞ്ഞവൾ
ക്ഷണനാശീന്ദ്രിയാലംബിയല്ലാത്താ സ്നേഹമുത്തമം,
വയസ്സെന്നതറിഞ്ഞിടാതുള്ളതായൊരു ജീവിതം,
മൃത്യു മൃത്യുപ്പെട്ട ദിവ്യമാകുമന്തിമമാം മൃതി,
അവനവൾക്കും വിജയ, മതു മുൻ കണ്ടുവെക്കയാൽ.
അതിനാൽ തൻ കരം ചേൎത്താളവൻതൻ കയ്യുകൾക്കുമേൽ;
വെള്ളിപോലുള്ള തന്നുത്തരീയത്തിനുടെ മീതെയായ്
അവന്റെ മഞ്ഞവസ്ത്രത്തെപ്പുതപ്പാക്കിപ്പിടിച്ചവൾ,
മൂന്നു ലോകവുമാർതൻ ചൊൽ കേൾക്കുവാൻ കാത്തിരിപ്പിതോ
അവനു പാരിലെല്ലാററിൽ വെച്ചുമേററമടുത്തവൾ.
ചൊല്ലുവാനാവതല്ലെന്നാൽ 'ബുദ്ധൻ'തൻ ചുണ്ടിൽനിന്ന,ഹോ!
പൊഴിഞ്ഞ തുംഗജ്ഞാനത്തിൻ ചെറുതായൊരു ഭാഗവും.
അതിലിയ്യിടയിൽച്ചേൎന്നുള്ളൊരു ലേഖകനാണു ഞാൻ;
ഗുരുവേയുമവനുള്ള മൎത്ത്യസ്നേഹഗണത്തെയും
സ്നേഹിപ്പോ,നവനെ ജ്ഞാനിയെന്നു ബോധിച്ചിരിക്കയാൽ.
എന്നാൽ ഗ്രന്ഥസമൂഹത്തിൽക്കവിഞ്ഞൊന്നെഴുതീടുവാൻ
സാമൎത്ഥ്യമററവൻ ഞാനപ്പുരാണകഥ ചൊൽകയാം.
എന്നല്ലൊരിക്കൽപ്പുതുതും ശക്തിയുള്ളതുമാകയാൽ,

എല്ലാരെയും ചലിപ്പിച്ച തദീയാമ്നായകത്തെയും
പണ്ടത്തതാം ബുദ്ധിയെയും കെടുത്തീട്ടുണ്ടു കാലവും.
‘ബുദ്ധാനാസ്സൌമ്യമാം‘മിന്ത്യാ’സന്ധ്യാകാലത്തു ചൊന്നതിൽ,
ആ മഹത്താം പ്രസംഗത്തി,ലേതാണ്ടൊന്നറിയുന്നു ഞാൻ.
ആ മട്ടുതന്നെ,യെഴുതിട്ടുള്ളതായറിവുണ്ടു മേ,
കേട്ടുകൊണ്ടവർ കാണപ്പെട്ടുള്ള കൂട്ടരിലെത്രയും
ഏറുമെന്നായി— ലക്ഷങ്ങളേറും — കോടികളേറുമേ;
എന്തെന്നാലവിടെയ്ക്കെത്തിക്കൂടി ദേവകളൊക്കെയും
പ്രേതങ്ങളു;മൊഴിഞ്ഞതല്ലോ വിണ്ണേഴാം നിലയോളവും,
അങ്ങേയററത്തെ നരകങ്ങൾക്കുള്ളുഴി തുറന്നുപോയ്.
പകലിൻ ദീപ്തി പനിനീർപ്പൂവിതൾക്കെതിർവർണ്ണമായ്
നിന്നു സ്വകാലം പോയിട്ടും പ്രേക്ഷിപ്പൂം കുന്നുകൾക്കുമേൽ.
അതിനാൽ ശ്രദ്ധയിൽക്കേട്ടുനില്ക്കുകയാണെന്നു തോന്നിതേ
കന്ദരാന്തത്തിലിരവും കുന്നിന്മുകളിലുച്ചയും.
എന്നല്ല, ചൊല്ലിയിട്ടുണ്ടു, തൻ പുരോളുവി സന്ധ്യയും
ആനന്ദമഗ്നയായ്, പ്രേമാകുലയായ് നിന്നു, ദിവ്യയായ്.
മെല്ലെന്നരുണ്ടുപോം കൊണ്ടലവൾതൻ പിന്നൽവാർകുഴൽ;
പാറുതാരകൾ തന്മൌലി ചാർത്തും വൈരങ്ങൾ മുത്തുകൾ;
ചന്ദ്രനായവൾതൻ നെററിമേലെഴും രത്നഭൂഷണം;
കറുത്തുവന്നിടുമിരുട്ടവൾതൻ നെയ്ത്ത പൂന്തുകിൽ;
അടുത്തു തട്ടുമവൾതൻ ശ്വാസമാണു സുഗന്ധിയായ്
പുൽപ്പുറമ്പുകളിൽക്കൂടെ നെടുവീർപ്പായ്പരന്നതും,
നമ്മൾതൻ ദേവനുപദേശിച്ചുകൊണ്ടരുളും വിധൌ.
അവിടുന്നുപദേശിക്കെക്കേട്ടവനൊന്നാകെ—യായവൻ

അന്നാട്ടിലപ്പോൾ വന്നാളോ മ്ലേച്ഛനോ ക്രീതദാസനോ
ജാതിയാൽ ശ്രേഷ്ഠനോ നീചൻതാനോ കാട്ടാളനാണ്ടനോ—
തൻ കൂട്ടർ പറയും ഭാഷ കേൾക്കുന്നു എന്നു തോന്നിതേ.
എന്നല്ലാപ്പുഴതൻ വക്കിൽത്തിങ്ങുന്നവരിൽനിന്നഹോ!
അപ്പുറത്തുള്ളതുകളും—വലുതും ചെറുതും ശരി,
മൃഗങ്ങളും പക്ഷികളുമിഴജന്തുസമൂഹവും—
എഴതിക്കേണ്ടു,—'ബുദ്ധൻ' തൻ മഹത്താമനുകമ്പയെ
അറിഞ്ഞു, സ്വീകരിച്ചു തൽദയാവാക്യോൽഗതാശയെ.
അതിനാലവതൻ ജീവാത്മാക്കൾ—ചെന്നായതന്റെയോ
കുരങ്ങന്റെ കുറുക്കന്റെ മാനിന്റെ പുലിതന്റെയോ
മുത്തണിപ്രാവിനുടെയോ രത്നാഢ്യമയിലിന്റെയോ
ചതിച്ചു തിന്നുന്ന പരുന്തിന്റെയോ ഓന്തുതന്റെയോ
ആവലിന്റെ പലേ പുള്ളി മേലേന്തും പാമ്പുതന്റെയോ
രോമങ്ങളെക്കൊണ്ടു നിറഞ്ഞതാം കരടിതന്റെയോ,
എന്നില്ലാ,ററിനലകളെ വീശും മീനിന്റെതന്നെയോ
രൂപത്തിൽത്തടവിൽപ്പെട്ടുള്ളവ—'ബുദ്ധൻ'നൃപാന്തികെ
ഇച്ചൊല്ലുന്നവയോതുമ്പോൾ, നിർദ്ദോഷതയവററിലും
കുറഞ്ഞ മർത്ത്യനോടുള്ളാ ഭ്രാതൃത്വത്തിന്റെ വക്കിനെ
മെല്ലെത്തൊട്ടുകയായ് മൌനസന്തോഷത്തൊടു കൂടവേ
അറിഞ്ഞുകൊൾകയും ചെയ്തു തങ്ങടുക്കററമപോയതായ്:—

ഓം, അമിതായ! കണക്കാ-
ക്കാൻ കഴിവില്ലാത്ത വസ്തു വാക്കുകളാൽ;

എന്നല്ലാം, ഴ്ത്തീടാക്കൂടി
കാണാത്തതിലേക്കു ചിന്തയാം തന്തു.

ചോദിപ്പതു തെററാം! തെ-
ററുത്തരമോതുന്നു! തോതിടാക്കൊന്നും
വേദഗ്രന്ഥമുരക്കുവ-
തെല്ലാററിനുമാദിനാളിരുട്ടെന്നാം;

ആ രാവിങ്കൽത്തനിയേ
ധ്യാനം കൈക്കൊണ്ടിരുന്നു പോൽ ബ്രഹ്മം’;
‘ബ്രഹ്മ’ത്തെയുമാദിമമാ-
മുല്പത്തിയെയും തിരഞ്ഞിടാക്കവിടെ.

എന്നല്ലീ നശ്വരമാം
കണ്ണാൽക്കാണില്ല നോക്കുവോരാരും
അതിനേയോ വല്ല മഹ-
സ്സിനെയോ മൂഢ; മല്ലയെങ്കിലൊരു മൎത്ത്യൻ

നശ്വരമായ മനസ്സാം-
ലന്വേഷിച്ചിട്ടറിഞ്ഞുപോകില്ല;
വഴിയേ വഴിയേ മൂടപ-
ടങ്ങളുയൎത്തപ്പെടുന്നതാണെന്നാൽ

അവിടെപ്പിന്നെയുമുണ്ടാം

മൂടുപടത്തിന്നു താഴെ മൂടുപടം.
പ്രസരിപ്പോടു നടന്നീ-
ടുന്നൂ താരങ്ങൾ ചോദ്യമില്ലാതെ;

അതു മതി, പതിവാണല്ലോ
ജനിയും മൃതിയും പ്രഹർഷവും വ്യഥയും
കാരണവും കാര്യവുമതു-
മട്ടിൽക്കാലത്തിനുള്ളതാം ഗതിയും;

ജീവിതമെന്നാലിളവി-
ല്ലാതൊഴുകീടും പ്രവാഹമൊന്നല്ലോ;
മാറിക്കൊണ്ടെപ്പൊഴുതിലു-
മൊഴുകിപ്പോകുന്നതേ പുഴയ്ക്കൊപ്പം,

വേഗത്തോടോ മന്ദത-
യോടോ മുൻ പോമലയ്ക്കു പിമ്പലയായ്,
കണ്ണികളായ്ക്കെട്ടപ്പെ-
ട്ടൊ—ന്നാകിലുമൊന്നുതന്നെയല്ലാതെ—

ദൂരത്തെങ്ങാനൊരു നീ-
രുറവാലുണ്ടായതിൻെറ സലിലങ്ങൾ
എവിടെയ്ക്കൊഴുകിപ്പോകുവ-
തവിടെയ്ക്കും ഭോധികൾക്കകത്തെയ്ക്കായ്.

അവ വെയിലേററാവികളായ്-
ച്ചേതപ്പെട്ടുള്ള കൊച്ചുവീചികളെ
ഘനധാരകളാൽ വീണ്ടും
മലകളിൽനിന്നുറവെട്ടത്തൊലിപ്പാനും

വററാനുമായ്ക്കൊട്ടപ്പു
സ്വസ്ഥതയോ നില്ക്കലോ കിടക്കാതെ.
എല്ലാം സ്വപ്നക്കാഴ്ചക-
ളെന്നറിവുണ്ടാവുകാ,യതേ പോരും.

വിണ്ണുകളൂഴികളുലകുക-
ളൃതുകളെ മാററുന്നതായ മാററങ്ങൾ
ക്കൊക്കെയുമൂർജ്ജിതമായ്ത്തിരി-
യുന്നൊരു യത്നാസുഖാത്മകം ചക്രം;

അതിനൊരു തടവോ നിലവോ
ചെപ്പാനാകുന്നതല്ലതാനാക്കും.
പ്രാർത്ഥിക്കരുതി!രുൾ തെളിവേ-
ൽക്കില്ലാ; നിശ്ശബ്ദവസ്തുവോടൊന്നും

ചോദിച്ചീടായ്ക,തിനോ
സംസാരിപ്പാനറിഞ്ഞുകൂടല്ലോ.
ദുഃഖം നിറയും നിങ്ങടെ
ഹൃത്തുകളെബ്ഭക്തിയുക്തവേദനയാൽ.

അഴലേല്പിച്ചീടായ്വിൻ;
ഹാ! സോദരരേ! സഹോദരീജനമേ!
ഗതി കെട്ട ദേവകളോടു
വഴിപാടാൽ സ്തുതികളാലുമെന്തൊന്നും

വാങ്ങാൻ ശ്രമിച്ചിടൊല്ലാ,
രക്തം കൊണ്ടിട്ടുകോഴ നൽകാനോ,
പലഹാരങ്ങൾ പഴങ്ങളു-
മെന്നിവകൊണ്ടിട്ടു തീൻ കൊടുപ്പാനോ.

മുക്തിയെയന്വേഷിക്കുന്ന-
മാത്മാവിൽത്തന്നെ നിങ്ങൾ നിങ്ങളുടെ;
അവനവനാണു ചമക്കുവ-
തവനവനുള്ളോരു ബന്ധഗേഹത്തെ.

അത്യുന്നതരുടെ മട്ടു-
ണ്ടവനുമധികാരം; മേതു ദേഹിക്കും,
ജീവനെവഹിക്കുമെന്തിനു-
മെ, ന്നവിധം മേൽ ചുവട്ടിൽ നാൽവശവും

ശക്തികളു ള്ളതിന്നെല്ലാം
കർമ്മം സുഖദുഃഖമനുഭവിപ്പിപ്പൂ.
എന്തു കഴിഞ്ഞിതതാണെ-
ത്തിക്കുന്നതു വർത്തമാനഭാവികളെ;

ഏറെച്ചീത്ത— ത്തുലോം ന-
ല്ലൊന്ന—ന്തിമമാദിമത്തിന്നതിനന്ത്യം.
സുഖമാം സ്വൎഗ്ഗത്തിലെഴും
ദേവകളേല്ക്കുന്നു ഭൂതപുണ്യഫലം.

പാതാളങ്ങളിലസുരർകൾ
മുൻ ദുഷ്കൎമ്മം ഭുജിച്ചു തീൎക്കുന്നു.
യാതൊന്നും നിലനില്ക്കാ
കാലത്താൽത്തീൎന്നിടുന്നു നൽപ്പുണ്യം.

അതിനാൽത്തന്നേ ശുദ്ധി-
പ്പെട്ടമേ ദുഷ്ടങ്ങളായ കൎമ്മങ്ങൾ.
അടിമകളായധ്വാനി-
ച്ചവ, രവർതൻ സൌമ്യയോഗ്യനിലകൊണ്ടും

ആൎജ്ജിച്ച നന്മകൊണ്ടും
പിൻകാലം രാജപുത്രരായിവരാം.
രാജാക്കന്മാരായിളു-
വാണരേള്ളാർ തങ്ങൾ ചെയ്തുകൾകൊണ്ടും

തങ്ങൾ മുടിച്ചവകൊണ്ടും
ഭുവി കീറലുടുത്തു തെണ്ടിയെന്നു വരാം.
ഇന്ദ്രഃൻറതിലുമുന്നത-
മായ്യൊന്തിസ്സാവതാണു തവ നിലയെ.

പുഴകൊത്തുകെന്നിവയെക്കാ-
ളധികം കീഴ്പ്പോട്ടു താഴ്ത്തുകയുമാവാം.
അനവധി ജന്മശതത്തിൻ
ഫലമിതു,തോ ജന്മകോടിതൻ ഫലമാം.

കാണാൻ വയ്യാത്തിയ്യിരു-
ളുരുളുമ്പോഴും കിട്ടുകില്ല,തേ ഉള്ളൂ,
നില്ലോ, സ്വാസ്ഥതയോ, വ-
ല്ലൊരു താമസമേല്ലതിന്നെഴും സ്ഥലമേതു

ആരു കരേറുന്നിതവൻ
വീഴും, വിഴുന്നതാരവൻ കേറും;
നിലവില്ലാതെ തിരിഞ്ഞി-
ട്ടുന്നിതതിന്നുള്ളതാമഴിക്കൂട്ടം!

* * * * *

പരിവൎത്തനചക്രത്തിൽ-
ബ്ബന്ധിതരാകുന്നു നിങ്ങളെന്നാകിൽ,
ബന്ധനമതിൽനിന്നൊഴിവാൻ
നിൎവ്വാഹവുമില്ലതെല്ലുമെന്നാകിൽ,

അമിത'ബ്രഹ്മ'ത്തിൻ കര-
ളൊരു ശാപം,കെട്ട നോവു സൎവ്വാത്മാം.

ബന്ധിതരല്ല ഭവാന്മാർ!
സർവ്വാത്മാവോ മനോഹരംതന്നെ.

ബ്രഹ്മത്തിൻ കരൾ ദിവ്യ-
സൌസ്ഥതയാണി; ച്ചൂ മാലിലും പ്രബലം;
എന്തോ നല്ലതതേററം
നന്നാവും —നല്ലതാകുമതിലധികം.

എന്നുടെ സർവ്വസഹോദരർ-
തൻ കണ്ണീരൊത്തു കേണ ഞാൻ 'ബുദ്ധൻ',
ഒരു ലോകത്തിൻ മുഴവൻ
ദുഃഖത്താലുൾത്തടം തകർന്നൊരുവൻ,

സന്തോഷിപ്പു ചിരിപ്പൂ,
എന്തെന്നാൽ ബന്ധമുക്തിയുണ്ടല്ലോ!
ഹേ! ദുഃഖികളേ! നിങ്ങളിൽ-
നിന്നേ നിങ്ങൾക്കു ദുഃഖമേല്ക്കുന്നു;

അറിയുവിനന്യല്ലാതാരും
നിർബ്ബന്ധിയ്ക്കുന്നതില്ല; മറെറാരുവൻ
നിർത്തുന്നുമില്ല നിങ്ങളെ
നിങ്ങൾ ജനിപ്പാനുമന്തരിപ്പാനും,

ഉരുക്കൊട്ട ചക്രത്തിൽത്തിരി-

യാനു,മതിൻ തീവ്രനൊമ്പലാമഴികൾ,
കണ്ണീർപ്പട്ടകൾ, ശൂന്യത-
യാകും നട്ടു, തഴുകിയുമ്മവെപ്പാനും.

നോക്കുക! സത്യത്തിനെ ഞാൻ
കാട്ടുന്നേൻ; നരകദിക്കിനും താഴെ
സ്വർഗ്ഗത്തിനും മുകളിൽ.
ദൂരസ്ഥിതതാരകൾക്കുമപ്പുറമേ,

ബ്രഹ്മാവരുളുന്നതിനും
ദൂരത്തു,ങ്ങാദിമത്തിനും മുമ്പേ,
അത്രയുമല്ല നിരത്യയ-
മായാ,കാശം കണ്ണുക ശാശ്വതമായ്,

നിശ്ചയമെന്നതു പോലെ
നിശ്ചിതമായ്, നന്മചേപ്പതായ്, വാഴവൂ
ഒരു ദിവ്യശക്തി,യതിനുടെ
നിയമത്തിനു മാത്രമില്ലതാൻ മാററം.

വിരിയും പനിനീർപ്പൂവിൻ
മുകളിലിരിക്കുന്നതായതിൻ സ്പർശം;
അതിനുടെ കരവിരുതബ്ജ-
ത്താരിതളീ വടിവിലാക്കി നിർമ്മിച്ചു;

## എട്ടാം സർഗ്ഗം

ഇരുൾനിറമണ്ണിന്നകമേ
നിശ്ശബ്ദത പൂണ്ടെഴുന്ന വിത്തുകളിൽ
വാസന്തവേളതൻ പൂ-
ന്തുകിലിനെയതുതന്നെ നെയ്തുവെയ്ക്കുന്നു;

അഴകിയലും മുകിൽനിരതൻ
മേലുള്ളത്തിന്റെ ചിത്രശില്പംതാൻ;
മയിലിൻ പീലിയിലെഴുമവ-
യതിനുടെ ഗാരുത്മതങ്ങളാം മണികൾ;

നക്ഷത്രപ്പരിഷയിലു-
ണ്ടായതിനുടെ താവളപ്രദേശങ്ങൾ;
അടിമകളുണ്ടതിന്നല്ലോ
മഴയിലുമണിമിന്നൽതെന്നലിതുകളിലും;

അതു പണിചെയ്തുണ്ടാക്കീ
മർത്ത്യൻതൻ മാനസത്തെയിരുളാലേ;
അതു ജഡശംഖാൽ ചിത്ര-
പ്പണി തടവും കോഴിതൻ ഗളം തീർത്തു;

എപ്പോഴും തൊഴിൽ ചെയ്യു-
ന്നായതു ചന്തം വരുത്തി വെയ്ക്കുന്നു,
നാശം തട്ടിയതും തക-
ർന്നായതുമായ പഴയതെന്തിനും;

വ.ഫൻ

പൊൻനേർമഞ്ഞക്കിളിയുടെ
വെണ്ണീർനിറമണ്ഡമായതിൻെറ നിധി;
ആറു വശങ്ങളിന്നങ്ങും
തേനീച്ചക്കൂടതിൻെറ തേൻപാത്രം;

അതിനുടെ ഗതികളുറുമ്പറി-
യുന്നിതു, വെൺപ്രാവവ ശരിക്കറിവൂ.
ഇരയൊട്ടു കൂടേറാൻ പോം
കഴുകിൻ പക്ഷം വിരുത്തുവതത്രെ;

അതു പെൺചെന്നായയതിൻ
കുട്ടികളുടെയരികിലേയ്ക്കയയ്ക്കുന്നു;
അതിനുടെയുപകാരങ്ങളി-
ലൊരു തടവും ദോഷവും ഭവിച്ചീടാ;

അതു സൎവ്വപ്രിയ;മതു വെൺ-
മധുരപ്പാൽ ചേൎപ്പൂ തായമാർമാറിൽ;
ചെറുപാമ്പിൻ കൊത്തലിലു-
ള്ളാ വെൺനീരും വരുത്തുവതത്രെ.

അതിരററ നഭോവലയേ
കൃത്യത്തിൽ നടന്നിടും ഗ്രഹൌഘത്താൽ
സാനുക്രമമായുള്ളൊരു
സംഗീതത്തെച്ചമപ്പതതുതന്നെ.

ഭൂമിയിലാഴം പെരുകും
കുണ്ടുകളിൽക്കൊണ്ടൊളിച്ചുവെയ്ക്കുന്നു
അത്തു തങ്കം ഗോമേദക-
മിന്ദ്രനീലം ശക്രനീലമെന്നിവയെ.

എപ്പൊഴുമെപ്പൊഴുമോരോ
ഗോപ്യങ്ങളെടുത്തു വെളിയിലെത്തിച്ചും,
അകിലിന്നുടെ വേരുതന്മേ-
ലാശ്ചൎയ്യക്കൊച്ചുതൈകളെ വളൎത്തും,

ഇലകളെയും പൂക്കളെയും
ചില്ലകളേയും നിനച്ചു നിൎമ്മിച്ചും,
കാട്ടുതുറസ്സുകളിലെഴും
പുല്ലുനിലത്തായതധിവസിക്കുന്നു.

അത്തു കൊല ചെയ്തീടുന്നു
രക്ഷ നടത്തുന്നിതായതെ,മ്മട്ടാം
വിധിയെക്കൊണ്ടുനടക്കു-
ന്നതിലെയ്ക്കല്ലാതെ ചലനമില്ലാതെ;

പ്രേമം ജീവിതവും തൻ
ആലുകൾ, മൃതിസങ്കടങ്ങൾ തൻ തറിയിൽ
ഊടുക;ളെല്ലാം നന്നായ്
വരുമാറു ചമച്ചു താൻ നശിപ്പിപ്പൂ.

അതു നിൎമ്മിക്കുന്നതു മു-
ന്നുണ്ടായതിൽ മീതെയാണു; തന്റെ കൎമ്മം
സശ്രദ്ധം ചെല്ലുകയാൽ
മന്ദം വളരുന്നു രുചിരമാം രൂപം.

നിങ്ങളതിൻ പണിയേതിലു-
മീക്ഷിപ്പൂ; കണ്ടിടാത്തതാണധികം;
നരരുടെ മനസ്സുമുള്ളം.
ജനതകൾതൻ ചിന്തപോക്കമിട്ടുകളും

ആ വലുതാകിയ നിയമ-
ത്താലേ ബദ്ധങ്ങളായിരിക്കുന്നു.]
കാണാത്തതു കാക്കുന്നു
നിങ്ങളെ വിശ്വാസയോഗ്യപാണികളാൽ;

കേൾക്കാത്തതു സംസാരി-
ക്കുന്നു കൊടുങ്കാററു തോററ ശക്തിയോടേ.
മൎത്ത്യന്നൊത്തവതാനനു-
കമ്പാസ്നേഹങ്ങ;ളെന്തുകൊണ്ടെന്നാൽ,

ആകൃതിയില്ലാപ്പിണ്ഡം
പുരുയത്നത്താൽസ്സ്വരൂപമാക്കീൎത്തു.
എളുതല്ലൊരുത്തനാലും
നിരസിപ്പാനതിനെ,യാരുവാനതിനെ

തടയുന്നോ നഷ്ടമവ-
ന്നേല്പം; സേവിപ്പവന്നു നേട്ടവുമേ.
എല്ലാം സ്ഥലവും കാണു-
ന്നുണ്ടതു, സൂക്ഷിപ്പതുണ്ടു് സർവ്വരെയും.

നല്ലതു ചെയ്യിൻ— പ്രതിഫല-
മുണ്ടാവും! തെററു ചെയ്തിടായ്കേതും—
ശരിയാം ശിക്ഷ വരേണം,
ധർമ്മാഗമമേറെ വൈകിയായാലും.

അതിന്നറിവില്ലാ ദേഷ്യവു-
മ,ല്ലെന്നാൽ മാപ്പു; മൈത്രിയും ശരിയായ്
ചെന്നിട്ടമതിന്നുടെയളവുകൾ,
തൂങ്ങുമതിൻ കോട്ടമററൊരു തുലാസ്സും.

കാലം നിസ്സാരമതി-
ന്നു—തു നാളെത്തീർച്ചയാക്കിട്ടും കാര്യം;
അല്ലെന്നാലോ, വളരെ
ദ്ദിവസങ്ങൾ കഴിഞ്ഞ ശേഷമായേക്കാം.

അതുവഴി കൊലപാതകിതൻ
കത്തി ദ്രുഢം കൊന്നിടുന്നു തന്നെത്താൻ;
നീതി വിട്ടും വിധികർത്താ-
വിപ്പാതാക്കുന്നു തൻെറ രക്ഷകനെ;

കളവോത്തും നാവതിനുടെ
നുണവാക്കിന്നുള്ള ശിക്ഷ നൽകുന്നു;
കൊള്ളയിടുന്നു കൊടുപ്പാൻ,
കക്കുന്നോനും കവർച്ച ചെയ്യോനും;

ഈ മട്ടിലാണു നീതി-
യ്യോത്തു നടക്കുന്നതാകുമാധാർമ്മം.
എളുതല്ലൊട്ടുക്കമേവനു-
മതിനുടെ ഗതി നിത്തുവാൻ തിരിപ്പാനോ;

അതിനുടെ ഹൃദയം സാക്ഷാൽ
പ്രേമ,മതിന്നന്ത്യഭാഗമോ ശാന്തി;
അതിനുടെ പരിണാമഫലം
മധുരവുമാകുന്നി:—തനുസരിച്ചിടുവിൻ!

* * * * * *

ഗ്രന്ഥങ്ങൾ നോക്കു ചൊൽവൂ
മത്സോദരരേ! മനുഷ്യനിജ്ജന്മം
തൻ മുജ്ജന്മഫലം; നോ-
വഴലിവ ചേരുന്നു പൂർവ്വദുഷ്കൃതിയാൽ.

മുൻകാലത്തെസ്സുചരിത-
മാനന്ദത്തെസ്സമൃദ്ധമാക്കുന്നു.

നിങ്ങൾ വിതപ്പതു കൊയ്യു-
ന്നിതു നിങ്ങൾ: അതാ, വയൽസ്ഥലം നോക്കു!

എല്ലായിരുന്നിതെല്ലു-
ള്ളതു; നെല്ലാസ്ത്താനിരുന്നതേ നെല്ലും.
നിശ്ശബ്ദതയുമിരുട്ടുമ-
റിഞ്ഞതി:—തതേമട്ടു മർത്ത്യവിധിയുണ്ടായ്.

മുജ്ജന്മത്തിൽ വിതച്ചു-
ള്ളത്രയും,മവനാ വിതച്ച നെല്ലുള്ളും
അവനും നോവിയലും ഭ്രു-
വിന്നും കേടേകുമത്ര കളകളെയും

ചീത്തപ്പുല്ലുകളേയും,
കൊയ്യുന്നാളായവൻ ജനിയ്ക്കുന്നു.
അവ വേരോടു പറിച്ചു,വ
നിന്നേടം നല്ല ഞാറു നട്ടുഴകിൽ

പണി ചെയ്താൽ ഫലവത്തായ്
നന്നായ് ശുചിയാം നിലം, വരവുമേറും.
അഴലെവിടെനിന്നുദിയ്ക്കുവ-
തെന്നറിവായ് ജീവിതം നയിയ്ക്കുമവൻ

സസ്നേഹസത്യമനിശം

മുൻപാപത്തിന്നു തൻ കടം തീൎപ്പാൻ
ശ്രമമൊടു പൊറുത്തിരുന്നാ-
ലവനാക്കും നഷ്ടമേകിടാതെല്ലാം

സൌമ്യം സഹിച്ചു തെറ്റിന്നു
പകരം ദയനന്മ വിട്ടു ചെയ്യാതെ
തൻ കാമാസത്യങ്ങളെ
നന്നായ് രക്തത്തിൽനിന്നവൻ കളകിൽ,

ഓരോ ദിവസങ്ങളെയും
സത്യം ദയ നീതി ശുദ്ധിയുപകാരം
ഇതുകളെ വിട്ടീടാതേ-
തന്നെയവൻ പോക്കിടുന്നുവെന്നാകിൽ,

പറിയുകിലുദിരം വരുമാ-
റെത്താട്ടിയിരിപ്പതങ്ങുനിന്നൊരുവൻ
ആശയെയായുസ്സിൽക്കൊതി
തീരും വരെയും പറിച്ചിടുന്നെന്നാൽ,

അങ്ങിനെയുള്ളവ,നറുതി-
പ്പെടുമപ്പോഴ്, തന്റെ ജന്മസംഗ്രഹവും
കൂട്ടിത്തീൎത്തുമായൊരു
ജീവിതമാകും കണക്കു ബാക്കിയിടും.

തൻ പാപം പോയ് മുടിയും
പഴകിയതും പുതുതുമായിടും പുണ്യം
ശക്തവുമുണർവുള്ളതുമാ-
മതിനാൽ പിന്നാലെയെത്തിടുന്നു ഫലം.

ജീവിതമെന്നോർത്തുന്നാ-
ജ്ജീവിതമക്കുട്ടരേററിടേണ്ടോട്ടും;
അവനുണ്ടായന്നവനൊടു
കൂടീട്ടുണ്ടായതെന്തതോ തീർന്നു.

നരനാക്കിയതെന്തവനെയ-
തിന്നുദ്ദേശം മനസ്സിലാക്കിയവൻ;
ദുരം കടുനോവേല്പിയ്ക്കി-
ല്ലവനെയശുദ്ധിപ്പെടുത്തിടാ ദുരിതം.

ശാശ്വതമവനുടയ സമാ-
ധാനത്തെച്ചെന്നതിക്രമിയ്ക്കില്ല
ഭൌതികദുഃഖം സുഖവും;
വന്നീടാ ജന്മമൃത്യുനിര വീണ്ടും.

* * * * * *

നിർവാണം ചേർന്നിതവൻ:
ജീവിയ്ക്കാജ്ജീവിതത്തൊടൊന്നിച്ചു!

മുക്തിയടഞ്ഞൂ ജീവിത-
മറവന;—ലയിൽക്കലൎന്നു തുഹിനകണം!

കൎമ്മത്തിൻ തത്ത്വമിതാ-
കുന്നു! പഠിച്ചാലും! അംഘമലം മുഴുവൻ
പോയിത്തീൎന്നാൽ മാത്രം,
ജീവിതമൊരു വെൺപ്രദീപ്തി കെട്ട വിധം

ചത്തുകഴിഞ്ഞാൽ മാത്രം,
ചത്തിടുമതിനോടു കൂടവേ മൃത്യു:
പറയൊല്ലീ വകയൊന്നും—
“ഞാനുണ്ടു”, “ണ്ടായിരുന്നിതു”, “ണ്ടാവും”;

ദുഃഖം വൃണ്ടോ സുഖമൊട്ടു
ചേൎന്നിട്ടോ പാൎത്തുപോന്നു,ഹോ, നിങ്ങൾ,
ഓൎമ്മിക്കുകയും മറവേ-
ല്ക്കുകയും ചെയ്യുന്ന പാന്ഥരെപ്പോലെ

കരുതായ്ക്കൊ,രു മാംസഗൃഹം
വീട്ടൊന്നേ,വം ചരിക്കയാണെന്നോൎത്തായ്.
മുജ്ജന്മത്തെക്കൎമ്മം
പിറവിയെടുക്കുന്നു പുത്തനായുലകിൽ.

അതതിൻ വീടു ചമച്ചു,

## എട്ടാം സർഗ്ഗം

പുഴു പട്ടുണ്ടാക്കി വാഴുമതിലല്ലോ.
അതെടുക്കുന്നു തൊഴിലും
മുതലും, വിരിയുന്നതായ സർപ്പാണ്ഡം

മൈവളയും ദംഷ്ട്രയുമെ-
ല്ലുണ്ണമെടുക്കുന്നിതാവിധം തന്നെ;
പാറും പുൽക്കതിർവിത്തുകൾ,
പാറകൾ കളിമണ്ണുപൂഴിമണൽകളുടെ

മീതേ പറന്നുപോയിട്ടു-
മത്തുകൾക്കൊക്കുന്നതായ നനവുനിലം
കണ്ടുപിടിച്ചു മുളച്ചു ത-
ഴയ്ക്കുവതാകും വലെയ്ക്കു,തിൻ വണ്ണം.

എന്നല്ലതു പിറവിയെടു-
ക്കുന്നു, തുന്നപ്പാനുപദ്രവിപ്പാനോ;
ദുഷ്ടത കൂട്ടം കൊലപാ-
തകിയുടെ മേൽ മൃത്യു കത്തിവെയ്ക്കുമ്പോൾ

ചോര പുരണ്ടുള്ളവനുടെ
പാപം പററുന്നതായൊരവശേഷം
നാശമണയ്ക്കുന്ന വിഷ-
ക്കാററുകളിൽക്കൂടവേ പറക്കുന്നു;

ഒ.വൻ

ശാന്തർ ഗുണോത്തമർ മുതരാ-
കുമ്പൊഴുതോ നല്ല കാററു വീശുന്നു;
ലോകത്തിന്നതിനാൽ ഗുണ-
മേറുന്നു; മരുവിലുള്ള നദി വീണ്ടും

നിർമ്മലതരമായധികം
വീതിയിൽ വിലസാൻ കഴിഞ്ഞുപോം വണ്ണം,
ആ മട്ടേ കൃതസുകൃതം
ഭാഗ്യം കൂട്ടുന്ന ജനിയെ നിർമ്മിപ്പൂ;

ആവിധ മററത്തണയും
മുമ്പതിനെ നിറുത്തിടുന്നു ദുഷ്കർമ്മം.
എന്നായാലും സ്നേഹസു-
ധർമ്മം, കല്പങ്ങളറുതിയാം മുമ്പെ,

എല്ലാം ജീവികളുടെയും
സമ്രാട്ടായിട്ടുതാൻ ജയിക്കേണം.
എന്തതിനെത്തടയുന്നു?—
ഹേ, സോദരരേ! തമസ്സു തടയുന്നു!

അതു നിർമ്മിപ്പിതവിദ്യയെ-
യതിന്നാലേ കേട്ടു പെട്ടെഴും നിങ്ങൾ
ഈ ജ്ഞാലവിദ്യ നേരെ-
ന്നോർപ്പു, കാംക്ഷിപ്പു നിങ്ങളതു കിട്ടാൻ;

കിട്ടീയ ശേഷം, നിങ്ങളെ
മാഴ്കിക്കുമതോടു പററിനില്ക്കുന്നു.
തെളിവേറീടിന ബുദ്ധി ച-
മച്ചുള്ള മതിസൌമ്യമായ ചിത്തശമം

മിനുസം ചേൎത്തുമാകും
മദ്ധ്യപഥത്തിൽച്ചരിച്ചിടുന്നവരേ!
ഉന്നതതരമായീടും
നിർവാണപഥേ തിരിഞ്ഞിടുന്നവരേ!

കേട്ടീടുവി, നൽകൃഷ്ടത-
യേറീടും നാലു സത്യധൎമ്മങ്ങൾ.
ഒന്നാമത്തെസ്സത്യം
'ദുഃഖം': പരിഹാസപാത്രമാകൊല്ലാ!

നിങ്ങൾ വിലവെപ്പതാകിയ
ജീവിതമതിതീവ്രദീൎഘവേദനതാൻ.
അതിനുള്ളഴലുകളേ നിച
നില്പു,ള്ളു; വതിൻെറ സൌഖ്യസഞ്ചയമോ

പക്ഷികളെപ്പോലത്രേ
കീഴ്പ്പോട്ടു വരും പറന്നു പോയീടും.
പ്രസവത്തിലെ വേദനയും
ശേഷിവരാത്തന്നൊഴന്ന വേദനയും

## പൌരസ്ത്യദീപം

തരുണിമയിലെ വേദനയും
പ്രായത്തികവിങ്കലുള്ള വേദനയും
വയ്യാത്ത വാൎദ്ധകം വീ-
ഴ്ച്ചടയും മൃതിയിവയിലുള്ള വേദനയും—

നിങ്ങടെ ജീവിതകാലം
നിറയപ്പെട്ടാണിരിപ്പതിയ്യിവയാൽ.
ഓമൽപ്രേമം മധുരം;
പക്ഷേ ചുടലാഗ്നി തീച്ച്ച ചുംബിയ്ക്കും

തല വെച്ച്ച കിടന്ന കുച-
ങ്ങളെയും പററിപ്പിടിച്ച ചുണ്ടിനെയും.
പോരിലെഴും ബലവീൎയ്യമ-
തോജസ്സുമെല്ലാമതു തന്നെയാം, പക്ഷേ

കഴുകുകൾ കൊത്തി വലിപ്പൂ
പ്രഭുവർചനിവക്കേഴുന്ന സൌന്ധികളെ.
അഴകുകളെല്ലാമൊന്നാണുലകം;
പക്ഷെയതിൻ കാട്ടുജന്തുനിരയെല്ലാം

തമ്മിൽക്കൊന്നിടുവാൻ വഴി
നോക്കുന്നു, ജീവിതക്കൊതിനിമിത്തം.
മേഘങ്ങളിന്ദ്രനീലം-
താ,നെന്നാൽ വറുതി പെട്ടു ചത്തിടവേ

വ.ന.വ.

മനുജർ കരഞ്ഞിടുമ്പോ-
ളുവ നൽകുന്നീല തുള്ളിവെള്ളവുമേ.
ചോദിയ്ക്കുക ദീനക്കാ-
രോടു, കരയുന്നോരൊടൊ,റ്റയായ്ത്തീന്നും

ഗതി കെട്ടും തൻ വഴിമേൽ
വീഴുന്നോരോടു, "ജീവിതം സുഖമോ?"-
അവർ പറയുന്നു, ജനിയ്ക്കു-
ക്കരെയും ചെറുകുട്ടി ബുദ്ധിമാനെന്നായ്.

രണ്ടാമത്തെസ്സത്യം
'ദുഃഖത്തിൻ ഹേതു': എന്തുവാൻ ദുഃഖം,
താൻതാനുണ്ടാകുന്നു-
ണ്ടോ, ശയിൽനിന്നിട്ടുദിച്ചുപൊന്താതെ?

ഇന്ദ്രിയവും വിഷയങ്ങളു-
മൊന്നായ്ച്ചേരുന്നു തീക്കൊളുത്തുന്നു
വേഗത്തിൽത്തീ പടരും
രാഗത്തിന്നുള്ളതായ തീപ്പൊരിയിൽ.

ആ മട്ടു കത്തിടുന്നു
വിഷയേച്ഛാലോഭരൂപമാം തൃഷ്ണ;
കൊതിയൊടു നിഴൽകളെ നിങ്ങൾ
പിടിപ്പൂ, സ്വപ്നത്തെയോമനിയ്ക്കുന്നു;

ഉള്ളിൽക്കൃത്രിമമാകിയൊ-
രാത്മാവിനെ നിങ്ങൾ നാട്ടിനിൎത്തുന്നു;
നാലിടവുമുള്ളതെന്നു
തോന്നുന്നൊരു പാരിനെച്ചമയ്ക്കുന്നു.

മേലെയ്ക്കുള്ളുയരങ്ങളെ
നോക്കാ‘തിന്ദ്ര’ന്റെ വാനിനും മീതെ,
അകലത്തുനിന്നിറങ്ങു-
ന്നോമൽക്കാററിന്റെയൊച്ച കേൾക്കാതെ,

കൃത്രിമമൊന്നിനെയരികേ
നിൎത്തുന്നാൾക്കായി വെച്ചിരിയ്ക്കുവതും
സത്യവുമാകിയ ജീവിത-
മാജ്ഞാപിയ്ക്കുവതിനൊന്നുമോതാതെ,

അങ്ങിനെ വളൎന്നിടുന്നു
പാരിൽപ്പോൎചെക്ഷ്മാശശണ്ണകളും;
അങ്ങിനെ പാവം വഞ്ചിത-
ഹൃത്തഴലേല്പൂ, പൊഴിപ്പൂ ലവണാശ്രു.

അങ്ങിനെ വൎദ്ധിപ്പൂ പക
രാഗക്രോധങ്ങളീൎഷ്യ; യങ്ങിനെത്താൻ
ആണ്ടുകൾ പായിപ്പൂ കൊടും
ചെങ്കാലാൽച്ചോര പററുമാണ്ടുകളെ,

ആ മട്ടു നെല്ലു വിളയേ-
ണ്ടേടം വൎജ്ജിച്ചിടുന്നു ദുഷ്ടതൃണം,
അതിനുടെ ദോഷകരം വേർ
വിഷമാകും പൂക്കളെന്നിവയൊടൊപ്പം;

കാണില്ല നല്ല വിത്തുകൾ
വീഴുന്നതിനും മുളക്കുവാനുമിടം.
അങ്ങിനെ വിഷപാനീയ-
ക്കുടിമൂത്താ,ത്മാവു വിട്ടുപോകുന്നു;

കൎമ്മം പാനംചെയ്തതീ-
നതിദാഹത്തോടു വീണ്ടുമെത്തുന്നു;
ഇന്ദ്രിയവശമായ് വീണ്ടും
ജീവിതമേല്ക്കുന്നു ജീൎണ്ണമാംജീവൻ;

അതു വീണ്ടും പുതുതായി-
ടാൎജ്ജിച്ചീടുന്നു വഞ്ചനശതത്തെ.
മൂന്നാമത്തതു 'ദുഃഖം
തീൎന്നീടൽ'; ഇതാണു ശാന്തിയെന്ന നില;

ജീവനിലും ജീവിതതൃ-
ഷ്ണയിലും സ്നേഹമാത്മവശമാക്കൽ;
വേരാഴത്തിലുറച്ചൊരു
കാമത്തെ മനസ്സിൽനിന്നകററീടൽ;

## പൌരസ്ത്യദീപം

അന്തരമാകിയ മത്സര-
സംരംഭത്തെപ്പിടിച്ചു നിൎത്തീടൽ,
എന്തിനു? ലയമററഴകിനെ
മുഴുകെത്തഴുകുന്നതിന്നെഴും പ്രേമം

നേടാനായ്; ദേവാധിക-
മായുസ്സുണ്ടാകിലെസ്സുഖത്തിന്നായ്;
പൂൎണ്ണം പരോപകാരം
ധൎമ്മവിധാനങ്ങൾ മുട്ടലസല്പം

അകളങ്കമായ ജീവിത-
മിങ്ങിനെ നിലനില്പതായിടും നിധിയെ
കെട്ടിസ്സംരക്ഷിച്ചിടുവാ-
നുതകീടുമഗണ്യമാം ധനത്തിന്നായ്—

ഈ സമ്പത്തുകൾ ജീവിത-
ദ്ദശയിൽത്തെല്ലും കുറഞ്ഞുപോകില്ല;
എന്നല്ലേതൊരു മൃത്യുവു-
മവയെപ്പൂട്ടിച്ചിടുന്നതല്ലല്ലോ;

ദീപം പാളുവതെങ്ങിനെ-
യാണതിനുടെയെണ്ണതീൎന്നുപോയെന്നാൽ?
പഴതാകിയ ദുഃഖദമാ-
യുള്ള കുണ്ഠകളൊക്കയും വെട്ടപ്പായി,

ഉ.ന.ന

പുതിയതു വൃത്തികലന്നതു-
മായ; ങ്ങിനെ തൃപ്തനായിതു മനുഷ്യൻ.

* * * * *

നാലാമത്തതു മാർഗ്ഗം!;
വലുതായി സ്പഷ്ടമായശേഷക്കം

പോംകാവും വിധമായതു
നില്പുണ്ടരികത്തെളുപ്പമുള്ളൊന്നായ്,
വരമഷ്ടാംഗം മാർഗ്ഗം;
നേക്കുതു ചെല്ലുന്നു ശാന്തിരക്ഷകളിൽ,

കേൾ! അവയുടെ മഞ്ഞുകൾതൻ
നാലിടവും പൊന്നുപൂച്ചണിക്കാർകൾ
അളകാലങ്കൃതമാക്കിട്ടു-
മാസ്സോദരിമാർകളാം ശിഖകളിങ്കൽ

എത്താനുണ്ടനവധി വഴി;-
യാപ്പരലോകം പുറപ്പെട്ടന്നേടം
കുത്തനെയായോ ചാഞ്ഞോ
ചെരുവുള്ളതിലൂടെയേറുവോൻ ചെൽവൂം.

കെല്പുള്ള കാലുകൾ കൊട്ടം

കാററത്തീയുള്ളോരു മാൎഗ്ഗമതിവിഷമം,
അത്യുന്നത,മാപൽക്കര-
മ, ചലത്തിൻ മാറിടം, കടന്നേയ്ക്കാം;

കെല്പില്ലാത്തവ താന്നൊരു
പാറയിൽനിന്നിട്ടു പാറമേലെയ്ക്കായ്
പേൎത്തു വളഞ്ഞു തിരിഞ്ഞും
പോകേണമിടയ്ക്കു വിശ്രമം പൂണ്ടും.

അങ്ങിനെ, ശാന്തിയാലെയ്ക്കു-
ത്തിയ്ക്കുന്നഷ്ടാംഗമായ് ട്ടും മാൎഗ്ഗം;
അതു താനും പൊങ്ങിയുമു-
ള്ളയരങ്ങളിലൂടവെ ഗമിയ്ക്കുന്നു;

ആശു ഗമിപ്പു കരുത്തു-
ള്ളാത്മാവബലം വഴിയ്ക്കു തങ്ങുന്നു;
ഏവരുമെത്തിച്ചേരും
വെയിലേററൊളിയുന്ന മഞ്ഞുനിരതന്മേൽ;

നല്ലോരൊന്നാമത്തെ-
പ്പടവു 'ശരിയ്ക്കുള്ളതാം പ്രമാണം'താൻ:
ധൎമ്മത്തിൽബ്ഭയമോടേ
പ്പോകുക, ദുഷ്കൎമ്മമൊക്കയുമൊഴിച്ചും,

വ.ജ.വ്യ

നരനുടെ വിധിയെ രചിക്കും
കർമ്മത്തിൽ ശ്രദ്ധ ഗാഢമായ്‌വെച്ചും,
ഇന്ദ്രിയതതിയുടെ മേലു-
ള്ളധികാരം വിട്ടുപോയിടാതേയും.

രണ്ടാമത്തതു 'ശരിയാ-
മുദ്ദേശം': ജീവനുള്ളവയിലെല്ലാം
നന്മ നിനയ്ക്ക, നൃശംസത
ദുരയരിശമിവയ്ക്കിടം കൊടുക്കാതെ;

നിങ്ങളുടെ ജീവിതം മൃദു-
വാകുമിളംതെന്നൽപോലെയാവട്ടെ.
മൂന്നാമത്തതു 'ശരിയാം
സംവാദം': കാത്തുകൊൾക ചുണ്ടുകളെ,

രാജാവകത്തെഴുന്നര-
മനവാതിൽക്കല്ലാണവരാരെന്ന വിധം;
തന്തിരുമുമ്പാകേനി-
ന്നെത്തുന്നവയായ സർവ്വവാക്കുകളും

ശാന്തങ്ങൾ ഭംഗിയുള്ളവ
മര്യാദാഢ്യങ്ങളെന്നിരിക്കേണം.
നാലാമത്തതു 'ശരിയാം
ശീലം': തെറ്റൊന്നു തീർപ്പതായീട്ടോ,

ഗുണമൊന്നു വളൎന്നിടുവാൻ
പററിയതോ ആക കൎമ്മമോരോന്നും.
സ്ഫടികമണിക്കൂട്ടത്തിൽ-
ക്കൂടേ കാണുന്ന വെള്ളിനൂൽപോലെ

സൽക്കൎമ്മങ്ങളിലൂടേ
കാണുംമാറാകണം നിങ്ങളുൾപ്രേമം.
നാലുണ്ടധികോന്നതവഴി,
യത്തു ലൌകികമുക്തന്നേ കടക്കാവൂ;

‘ശരിയാം ശുദ്ധി’ ‘ശരിസ്മൃതി’
‘ശരിയാമേകതാ’മാ‘സ്സമാധി ശരി’.
ഇവൽ മുളച്ചാച്ചിറകു-
ള്ളാത്മാവേ, നീയിനാന്തികേ ചെൽവാൻ

ചിറകു പരത്തീടൊല്ലാ,
താന്നാകാശം മനോഹരംതന്നെ;
സാധാരണനിലകൾ വില-
ത്തില്ലാത്തവ കണ്ടറിഞ്ഞവയുമല്ലോ:

ബലമുള്ളവ മാത്രം ത-
ന്റേതായ് ത്താൻതാൻ ചമച്ച കൂട വിടും;
ഭാൎയ്യയുടേയും പുത്ര-
ന്റേയും പ്രേമം മഹാശല്യ,മറിയും ഞാൻ;

## എട്ടാം സർഗ്ഗം

സ്നേഹിതരും, ശുഭമാകും
ജന്മത്തിൻ സൌഹൃദാനധർമ്മങ്ങൾ
വിളയും നിങ്ങടെ ജീവിത-
ലീലകളും, സൌഖ്യദങ്ങളാകുന്നു.

ആജ്ഞനിതന്നാധികൾ, കള-
വെന്നാലും, നല്ലാപ്പിൽ നാട്ടിയവ.
ജീവിക്കണമെന്നുള്ളോർ
ജീവിക്കുകയീ ക്രമങ്ങളിൽ തന്നെ;

തങ്കക്കോണിപ്പടികളെ
നിർമ്മിപ്പിൻ നിങ്ങൾതൻ ബലക്കരവാൽ;
ആ സ്വപ്നക്കാഴ്ചകളൊടു
കൂടി പ്രതിവാസരം വസിക്കുകയാൽ!

ഏറെക്കൌതുകമേകും
സത്യങ്ങളിലെക്കുയർന്നുകൊണ്ടാലും.
അങ്ങിനെ നിങ്ങളണഞ്ഞിടു-
മേറെ സ്വച്ഛങ്ങളാമുയർച്ചകളിൽ;

കാണുമെല്ലപ്പം കൂട്ടം
കേററങ്ങൾ, കനം കുറഞ്ഞ പാപഭരം—
ആ വഴി ചേർന്നാൽ—ലിന്ദ്രിയ-
ബന്ധം പൊടിപ്പതിന്നു വൻകൈതിയും.

ആ വകയാമാരംഭം
ചേന്ന പുമാൻ തൊട്ടിതാദ്യമാം പടിയെട്ട്
അവനറിയാമഷ്ടാംഗം
മാൎഗ്ഗം, ശ്രേഷ്ഠങ്ങളായ സത്യങ്ങൾ.

തെല്ലല്ലെന്നാൽ വളരെ-
ക്കാൽവെപ്പുകളാലെയാത്തരം മനുജർ
കയറിച്ചെന്നിടമാന-
ന്ദാത്മകമാകുന്ന നിർവൃതിപദത്തിൽ

ശങ്കകൾ, മിത്ഥ്യാഭ്രാന്തിക-
ളാദ്യതരമാത്സൎയ്യ,മിവയിൽനിന്നെല്ലാം
സ്വാതന്ത്ര്യം നേടി മനോ-
വാഞ്ഛകളെല്ലാറ്റുക്കു കീഴടക്കിയവൻ,

ആചാൎയ്യന്മാരേയും
ഗ്രന്ഥങ്ങളെയും ത്യജിച്ചു പോയൊരവൻ,
രണ്ടാം പടിമേൽ നില്പോർ,
പിന്നീടൊരു ജന്മമേ ജനിക്കുള്ളൂ.

എന്നാകിലും കിടപ്പു-
ണ്ടല്ലോ മൂന്നാമതായ പടിപിമ്പും,
ഇവിടെ മഹത്താം ജീവൻ
പാപങ്ങൾ കളഞ്ഞു ശുദ്ധമാകുന്നു.

## എട്ടാം സർഗ്ഗം

സംപൂർണ്ണശാന്തിയൊടവൻ
സ്നേഹിയ്ക്കാൻ പോന്നു സർവ്വജീവിയെയും,
ജീവിതമവനൊടുങ്ങീ,
ജീവൻതൻ ബന്ധനാലയമുടഞ്ഞു.

എന്നല്ല ജീവനോടേ
കണ്ടുംകൊണ്ടും കടപ്പത്തുണ്ടു ചിലർ
നിശ്ചയമായും ദിവ്യ-
ന്മാരുടെ നാലാമതായ പടിയൂടെ—

പരമോൽകൃഷ്ടപദത്തിൽ-
'ബുദ്ധന്മാർ' — അവരകന്മഷാത്മാക്കൾ.
നോക്കൂ! പടയാളികൾ വ-
ല്ലവരും കൊന്നുള്ള ശത്രുനിരപോലെ

ഇപ്പടികളിലൊക്കെയുമായ്
ചത്തുകിടക്കുന്നു പാതകം പത്തും.
തങ്കൽ സ്നേഹം, തെററിയ
വിശ്വാസം, ശങ്ക, യിപ്പോൾ മൂന്നായി,

രണ്ടുണ്ടവയ്ക്കു പുറമേ
വിഷയങ്ങളിലിച്ഛയീർഷ്യയെന്നേവം.
അറിവയഞ്ചിനെ വെന്നു
പിന്നിട്ടു നാലിൽ മൂന്നു പടികളവർ.

എന്നാകിലും കിടപ്പൂ
മീണ്ടും ഭൂലോക വാസതാൽപ്പര്യ്യം,
സ്വർഗ്ഗത്തിൽക്കാംക്ഷിതവും
വ്യാമോഹം, ഗർവ്വ്,മാത്മസംസ്തുതിയും.

ആ മഞ്ഞണിയും കൊടുമുടി-
തന്മേലതിരററ വാനൊഴിഞ്ഞൊന്നും,
തന്നുടെയുപരിസ്ഥാന-
ത്തില്ലാതായ് നിന്നിടുന്നൊരാൾ പോലെ

ഇപ്പാപങ്ങൾ നശിച്ചാ
മർത്ത്യൻ നിർവാണപക്കിലെത്തുന്നു
അവനിൽദ്ദേവകളവരുടെ
കീഴ്നിലകളിൽ നിന്നസൂയ വെയ്ക്കുന്നു.

അവനെയിളക്കാൻ കഴിയാ
നാശമടഞ്ഞുള്ള മൂവുലകുകൾക്കും.
അവനെസ്സംബന്ധിയ്ക്കു-
ന്നെല്ലാജ്ജന്മവുമെടുത്തൊടുക്കിയവൻ;

മൃത്യു മുഴക്കെയ്യുത്തു;
കർമ്മം പുതുതായ് ഗൃഹങ്ങൾ നിർമ്മിയ്ക്കാ.
ഒന്നും തിരഞ്ഞിടാതേ
സമ്പാദിയ്ക്കുന്നതുണ്ടു സകലമവൻ;

തന്നെയുപേക്ഷിയ്ക്കുകയാൽ
'ഞാ'നെന്ന[illegible]ായ്പ്പോയ് പ്രപഞ്ചമൊട്ടുക്കും.
നിർവാണം ലയമേററിട്ട-
മെന്നായാരെങ്കിലും പഠിപ്പിയ്ക്കിൽ

അങ്ങിനെയുള്ളവരോടര-
ചെയ്യിൻ ഭോഷ്ക്കാണു ചൊൽവതവരെന്നായ്.
നിർവാണം നില നിന്നിട്ട-
മെന്നായാരെങ്കിലും പഠിപ്പിയ്ക്കിൽ

അങ്ങിനെയുള്ളവരോടര-
ചെയ്യിൻ ഭോഷ്ക്കാണു ചൊൽവതവരെന്നായ്.
അത്തു ദൃഢമറിയുന്നീലവർ,
തൽജ്ജീർണ്ണവിളക്കിനൊക്കെയപ്പുറമായ്,

മിന്നുന്നതാഴ പ്രകാശം,
നിർജ്ജീവം, കാലശ്ശൂന്യ,മാനന്ദം.
ആ മാർഗ്ഗത്തിൽച്ചേരുവി-
നീ!—ഷ്യസ്സു സമാനമായൊരഴലില്ല,

കാമസമം വേദനയി-
ല്ലി,ല്ലിന്ദ്രിയതുല്യമായ വഞ്ചനയും!
ആ മാർഗ്ഗത്തിൽച്ചേരുവി-
ന്നാ!—ളുടെ കാലരിമ ചേർന്ന കററത്തെ

ഇട്ട ചവിട്ടിപ്പോകുവ-
തവനാ വഴിയേ നടന്നു പോയല്ലോ!
ആ മാർഗ്ഗത്തിൽച്ചേരുവി-
ന!—വിടെദ്ദാഹങ്ങളൊക്കെയും തീരാൻ

ഉതകുന്നവയാം ചോലക-
ളുയരെപ്പൊങ്ങുന്നതുണ്ടു സുഖദങ്ങൾ!
അവിടെശ്ശാശ്വതസുമനിര,
സന്തോഷത്താലെ മാർഗ്ഗമെല്ലാടം

രത്നക്കമ്പിളിയാകും
വിരിപ്പിനെ വിരിച്ചുകൊണ്ടു വിരിയുന്നു!
വേഗം കൂടുന്ന മണി-
ക്കൂറുകൾ തിങ്ങുന്നിതങ്ങു രമ്യങ്ങൾ!

* * * * * *

രത്നങ്ങളിലും വലുതാം
നിധി ധർമ്മം, തേനിലേറെ മധുരം താൻ
അതിനുടെ മധുരിമ, യുപമാ-
തീതങ്ങളതിന്റെയായ സൌഖ്യങ്ങൾ.

അതുവിധമാർജ്ജിപ്പിപ്പാൻ
ശരിയായിക്കേൾപ്പിനഞ്ചു നിയമങ്ങൾ:—

വ. രാ. ജ

## എട്ടാം സർഗ്ഗം

കൊല്ലാതിരിപ്പിൻ —ദയയോൎത്തു —തീരെ
നികൃഷ്ടമായുള്ളൊരു ജീവിതത്തെ;
കൊല്ലുന്നതിൻ മൂലമണച്ചിടായ്വിൻ-
അതിന്നൊഴിഞ്ഞുദ്ഗതിക്കു വിഘ്നം.

കൊടുക്കുവിൻ കൈകളുഴച്ചു, വാങ്ങി-
ക്കൊണ്ടാലു;മെന്നാലൊരുവങ്കൽനിന്നും
അവൻെറയൊന്നും ദുരയാൽബ്ബലത്താൽ-
ച്ചതിയ്ക്കലാലോ തന്നതാക്കിടായ്വിൻ.

ഭോഷ്ക്കാം വിധം സാക്ഷി പറഞ്ഞിടായ്വിൻ!
ദുഷിച്ചിടായ്വിൻ! കളവോതിടായ്വിൻ!
മനസ്സിലുള്ളൊരു വിശുദ്ധിതൻെറ
സല്ലാപമാകുന്നിതു സത്യവാക്യം.

ബുദ്ധിയ്ക്കു കേടേകുവതാം മരുന്നും
മദ്യങ്ങളും നിങ്ങളൊഴിച്ചുകൊൾവിൻ!
തെളിഞ്ഞ ചിത്തത്തിനു വേണ്ടതില്ല
സോമദ്രവം, ശുദ്ധിപെടുന്നുടൽക്കും.

തൊട്ടീടൊലാ തന്നയൽവക്കകാരൻ-
തൻ ധൎമ്മദാരങ്ങളെ നിങ്ങളെന്നും;
ഔചിത്യവും ന്യായവുമററു ചെയ്തു-
പ്പോയിട്ടൊലാ ദൈഹികപാതകത്തെ.

---

ഏവം പിതാവു മാതാവു മക്കൾ കൂട്ടർ സുഹൃത്തുകൾ
ഇവരോടുള്ള മുറകളരുൾചെയ്തീടിനാൻ ഗുരു;
പഠിപ്പിച്ചാൻ പററിനില്ക്കും ഹൃഷീകനിഗളങ്ങളെ
ക്ഷണാൽ മുറിപ്പാൻ വയ്യാത്തോരു—ൽകൃഷ്ടതരവീഥിയിൽ
നടക്കുവാൻ കാലുകൾക്കു ശക്തിയില്ലാത്തൊരാളുകൾ—
എമ്മട്ടു ശുദ്ധിവിനയക്ഷമാഭൂതാനുകമ്പകൾ
ചേർത്തും തങ്ങളൊടൊപ്പംതാൻ ജീവിയ്ക്കും സകലത്തെയും
സ്നേഹിച്ചു,മഷ്ടാംഗമാർഗ്ഗാദിമസത്യപദങ്ങളും
ധർമ്മകർമ്മങ്ങളുമനുഷ്ഠിച്ചു പാപവിമുക്തമായ്
ഭാവികാലം കഴിപ്പാനേല്ക്കുണ്ടും ജീവിതരീതിയെ.
ദുഃഖം പ്രാഗ്ദുഷ്കൃതഫലം, സുഖമോ നല്ലതിൻ ഫലം;
എന്നില്ലെത്രയ്ക്കു തങ്കാര്യം തള്ളിസ്സാഹായ്യമന്യനായ്
ചെയ്യും ഗൃഹസ്ഥനത്രയ്ക്കു പുനർജ്ജന്മത്തിലായവൻ
ഏററം സുഖാഢ്യനാകുന്നിതത്രയ്ക്കുൽകൃഷ്ടരൂപനായ്.
ഈമട്ടു ചൊല്ലിനാനസ്സൽദ്ദേവൻ; 'രാജഗൃഹാ'ന്തരെ
മുളന്തോപ്പിൽപ്പുരം മുൻപു നടന്നന്നത്തെ മട്ടുതാൻ:
എന്തെന്നാലൊരുനാൾ കാലത്തങ്ങദ്ദേഹം നടക്കവെ
കണ്ടാൻ 'സിംഗാല'നെന്നോതും ഗൃഹസ്ഥനെയൊരുത്തനെ,
അപ്പോൾ കുളികഴിച്ചിട്ടു നഗ്നമായ ശിരസ്സിനാൽ
ഭൂമിയേയും വിണ്ണിനെയും നാലു ദിക്കുകളേയുമേ
സ്വയം വന്ദിപ്പതായിട്ടും രണ്ടു കയ്യുകൾകൊണ്ടുമേ
ചുകന്നതും വെള്ളയുമാമരി തൂകുന്നതായിയും.
ദേവൻ ചോദിച്ചിതെന്തിന്നീ മട്ടു വന്ദിപ്പു സോദര?
അവൻ ചൊന്നാൻ, "മഹാത്മാവേ, പ്രഭാതസമയങ്ങളിൽ

പ്രവൃത്തി തുടരും മുമ്പു മേലേ വാനിങ്കൽനിന്നിതാ,
കീഴേ ഭൂമികിൽനിന്നും, വന്നടിച്ചും കാററിൽനിന്നുമേ,
ദോഷം നീക്കും വഴിയിതെന്നായ് പഠിപ്പിച്ചു പൂൎവ്വികർ".
അനന്തരം ചൊല്ലിനാൻ വിശപൂജ്യൻ, "ത്തുകൊല്ലു നെല്ലൂരി
എല്ലാററിലും സമൎപ്പിച്ചു സ്നേഹകൎമ്മവിചിന്തകൾ—
കിഴക്കോട്ടൊത്തു, വെളിവുണ്ടാക്കും മാതാപിതാക്കളിൽ;
തെക്കോട്ടൊത്തു, മഹാശ്ലാ സമ്മാനം ചേൎക്കും ഗുരുക്കളിൽ;
പടിഞ്ഞാട്ടൊത്തു, സുഖസൽപ്രേമക്കൊടി ലസിപ്പതായ്
നാളെല്ലാം തീൎന്നുഃപോകുന്ന, പത്നിയിൽ പുത്രർതങ്ങളിൽ;
വടക്കപോലിഷ്ടരിലും ചാൎച്ചക്കാരിലുമാരിലും.
താഴെയെല്ലാററിലും താന്ന ജന്തുവൎഗ്ഗത്തിൽ, മേലെയോ
ഋഷിമാരിൽദേവകളിൽപ്പുണ്യവാന്മാർപിതൃക്കളിൽ;
ഏവമിയാൽത്തടഞ്ഞിടാം ദോഷമെല്ലാം, മിതിൻ വിധം
പ്രധാനമാറുവശവും രക്ഷയിൽത്തന്നെ നിൎത്തിടാം.

എന്നാൽ മഞ്ഞത്തുകിലുടുത്തുള്ള തൻ കൂറുകാരൊടായ്
ഉണ്ണന്നെന്നും കഴുകുകൾപോലേ, പുച്ഛരസത്തൊടെ
ജീവിതത്തിൽ താന്ന മൈതാനങ്ങൾ വിട്ടുപരിസ്ഥലെ
സൂൎയ്യങ്കലെത്തുവായ് പറന്നുപോയീട്ടുമവരോടവൻ
ചൊല്ലീടിനാനൊരു മുനി, മുമ്മാൎഗ്ഗം പത്തുശീലവും
മൂന്നു ചിന്തകളും നേരേ ധരിച്ചീടേണ്ടതിൻ വഴി,
മനസ്സിൻ നിലയാറ,ഞ്ചു ശക്തി, വിജ്ഞാനരീതികൾ
ശുദ്ധിസ്സുള്ളെട്ടു നമ്മാൎഗ്ഗ;മുദ്ധി,യാമട്ടുപേക്ഷയും,
പുണ്യാത്മാവിന്നമൃതിലും സ്വാദു കൂടുന്ന ഭക്ഷണം

യാതൊന്നാണൊ, മഹത്താകും ധ്യാനത്തിൻ സമ്പ്രദായവും,
ജ്ഞാനങ്ങളും,, മികവെഴും മൂന്നു രക്ഷാസ്പദങ്ങളും.
പിന്നേയും തൻ ജനതയെപ്പഠിപ്പിച്ചീടിനാനവർ
എമ്മട്ടു താമസിക്കേണ്ണമെന്നും; മെമ്മട്ടിലായവർ
പ്രേമശ്രീബന്ധനമൊഴിഞ്ഞോരായ് വാഴേണമെന്നതും.
എന്തു ഭക്ഷിക്കുക, കുടിക്കുക കൊണ്ടുനടക്കുക—
മൂന്നു സാമാന്യവസ്ത്രങ്ങൾ ചുരൽ മൂടാത്ത മാതിരി
ധരിക്കപ്പെട്ടതായ്ത്തുന്നിച്ചേർത്തതാം മഞ്ഞളാടകൾ—
കരക്കച്ച, കിഴിമുണ്ടൊ,രു തോർത്തിവ—യെന്നതും.

ഏവം ധർമ്മം പഠിപ്പിച്ചുകൊണ്ടവൻ രാവിലൊക്കയും
പ്രസംഗിച്ചാ,നന്നുറക്കം പററിയില്ലേതു കണ്ണിലും—
എന്തെന്നാൽക്കേട്ട പേർ നില്ക്കാത്തോഷത്താൽത്തുഷ്ടിനേടിനാർ.
രാജാവുമായതവസാനിച്ചപ്പോൾത്തൻ നൃപാസനാൽ
എണീററു പാദുകയഴിച്ചാത്മപുത്രൻെറ മുന്നിലായ്
താണു വന്ദിച്ചു, ചുംബിച്ചു തന്നാടയുടെ തുമ്പിനെ.
ചൊല്ലിനാൻ, “മകനേ, എന്നെക്കൂടെയും കൊണ്ടുപോകണേ,
നിൻ കൂട്ടത്തിൽത്തുലോം താന്നാളായി നിസ്സാരനായിയും.”
അന്നേരം പൂർണ്ണസുഖമോടാ ‘യശോധര’യോമലാൾ
ഉറക്കെച്ചൊല്ലിനാൾ, “ദേവ! ‘രാഹുല’നായ്ക്കൊടുക്കണേ
തദ്ധർമ്മരാജ്യനിധി തൽപ്പൈതൃകദ്രവ്യമായ്ബ് ഭവാൻ.”
ആ മൂന്നു പേരുമീവണ്ണം ധർമ്മമാർഗ്ഗത്തിലേറിനാർ.

...മളിൽഗ്ഗുരുവിന്നുള്ളാ സ്നേഹത്താലവിടത്തെമേൽ
മേറുന്നൊരീയെവൻറയെഴുത്തിങ്ങവസാനമായ്.
താന്നറികയാൽ ...റച്ചിങ്ങു പറഞ്ഞു ഞാൻ,
... ശാന്തിമാർഗ്ഗങ്ങളെയും പററിയിങ്ങിനെ.
...ുത്തങ്ങൊണ്ടു ചെന്നിട്ടു, കാണിച്ചാനവിടന്നിവ
...നാരാജ്യസ്ഥരായ് നാനാഭാഷക്കാരാം ജനങ്ങളെ.
...ിയെട്ടയതൻ പ്രൌഢവിസ്തൃത്താൽ വെന്നു, നമ്മുടെ
ഏഷ്യ്യ'യ്ക്കായ് നൽകിനാനിന്നും ചാരുവാം ജ്ഞാനദീപ്തിയെ.
വദ ഗ്രന്ഥങ്ങളിൽച്ചൊല്ലിയിട്ടുണ്ടിതുകളൊക്കെയും—
...ങ്ങവൻ പാർത്തു, ഗവ്വേറുമേതെല്ലാം ചക്രവർത്തികൾ
...ാത്തിച്ചു തഡപാശമൃതം ശിലാഗഹ്വരപംക്തിമേൽ,
...മ്മട്ടു പരിപൂർണ്ണായുസ്സാന്നിട്ടു മൃതിയേററുപോയ്
...ല്ലാം സാധിച്ചതിനുമേൽ സാധാരണമനുഷ്യരിൽ
...ളെന്ന വിധം 'ബുദ്ധൻ', മഹാനായ 'തഥാഗതൻ';
...നല്ലതിൻ പിമ്പു പെരുത്തായിരം ലക്ഷമാളുകൾ
...ൻ പൂകിയൊരാശ്ശാന്തി വാഴും നിർവാണഭൂമിയിൽ
...ുന്ന മാർഗ്ഗത്തിന്നെയിമ്മട്ടു പിന്നിട്ടുപോയിനാർ.

അഹോ! ദേവ! മഹാത്മാവേ! ഹാഹാ! മോക്ഷ
ക്ഷമിക്കൂ സാരമില്ലാത്തീ ഗ്രന്ഥം, നിസ്സാരബുദ്ധിയ
അത്യുന്നതം ഭവൽസ്നേഹമള്ളന്നീടുകകാരണം
ഇവിടുത്തോടപരാധത്തെച്ചെയ്യുന്നു നിശ്ചയം.
ഹാ! നാഥ! ഹേ, സോദര! ഹേ, നേതാവേ! ധൎമ്മ
ശരണംകൊൾവു ഞാൻ നിന്റെ തിരുനാമത്തിൽ
ശരണംകൊൾവു ഞാൻ നിന്റെ പുണ്യധൎമ്മാഗമങ്ങളി
ശരണംകൊൾവു ഞാൻ നിശ്ശേഷപ്പെട്ടത്തിയ ഗണത്തിൽ
മഞ്ഞുതുള്ളിയിതാ, തണ്ടാരിന്മേൽ— ഇന്നിയുദിക്കുക,
മഹാനാകും സൂൎയ്യദേവ! പൊന്തിച്ചരുൾകയെന്നിതൾ;
എന്നൊച്ചേത്താലുമലയിൽ: പ്രഭാതമിത, വന്നുപോയ്!
മഞ്ഞിൻ തുള്ളി വിളങ്ങീട്ടമല ചേൎന്നു ലയിച്ചുപോയ്.—

896

സമാപ്തം.

23 FEB 1949

MUL
037473